തഫ്സീർ മുയസ്സർ

ജുസ്അ് 30

ക്രോഡീകരണം

അബ്ദുൽ മുഹ്സിൻ ഐദീദ്

غَفَرَ اللَّـهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ

مكتبة أهل السنة
ahlussunna books

അഹ്ലുസ്സുന്ന ബുക്സ്

കോഴിക്കോട് -1

مكتبة أهل السنة
ahlussunna books

Thafseer Muyassar

Abdul Muhsin Aydeed

3rd Edition: 2025 May

ahlussunna books
Jawahar Building
Near Mathrubhumi, 2nd Railway Gate
K P Keshavamenon Road
Kozhikode - 1

Mob+ Whatsapp: 09947192018
Web: **www.ahlussunnabooks.org**
e-mail: ahlussunnabooks@gmail.com
FB: www.fb.com/ahlussunnabooks

Cover Design: Naseef Rafi

Price: ₹ 400

@all rights reserved

പ്രസാധകക്കുറിപ്പ്

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ഖുർആനും തിരുസുന്നത്തും വരച്ചുകാണിച്ചതും, സച്ചരിതരായ പൂർവ്വികർ (സലഫുസ്സ്വാലിഹുകൾ) സഞ്ചരിച്ചതുമായ സത്യത്തിന്റെ പാതയാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅഃ. നരകത്തിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനുമുള്ള ഒരേഒരു മാർഗം ആ വഴിയിലൂടെ ജീവിക്കുക എന്നതാണ്.

പ്രസ്തുത ബാധ്യത ഓർമിപ്പിക്കുന്നതും അതിലേക്കുള്ള മാർഗം എളുപ്പമാക്കുന്നതുമായ പഠനാർഹമായ പുസ്തകങ്ങൾ യാതൊരുവിധ കക്ഷിത്വങ്ങളുമില്ലാതെ -പ്രമാണങ്ങളോട് മാത്രം കൂറുപുലർത്തി- അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുക എന്നതാണ് അഹ്‌ലുസ്സുന്ന ബുക്സിന്റെ ലക്ഷ്യം إن شاء الله. അതിന്റെ ഭാഗമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ ഖുർആൻ തഫ്സീറും الحمد لله.

അല്ലാഹുവിന്റെ കലാമിനെ സാധാരണക്കാർക്ക് എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന ഈ തഫ്സീർ ഗ്രന്ഥം വലിപ്പത്തിൽ ചെറുതാണെങ്കിലും ഓരോ ആയത്തുകളുടേയും അർത്ഥവും അവയുടെ അവതരണ പശ്ചാത്തലം ഉൾപ്പടെ സംക്ഷിപ്ത വ്യാഖ്യാനവും, അതോടൊപ്പം ഓരോ ആയത്തുകളിൽ നിന്നും ലഭിക്കുന്ന പാഠങ്ങളും ഉദ്ധരിച്ചുകൊണ്ട് സമ്പന്നമാക്കിയിട്ടുണ്ട്.

മാത്രമല്ല, വിശ്വപ്രസിദ്ധങ്ങളായ തഫ്സീർ സഅ്ദി, തഫ്സീർ മുയസ്സർ അടക്കമുള്ള ആറോളം ഖുർആൻ തഫ്സീറുകളെ അവലംബിച്ചുകൊണ്ട് എഴുതപ്പെട്ടതാണിത് എന്നത് ഇതിന്റെ ആധികാരികതയെ അറിയിക്കുന്നു. കൂടാതെ, പേരിനെ (തഫ്സീർ മുയസ്സർ) അന്വർത്ഥമാക്കും വിധം ലളിതവും സുവ്യക്തവുമായ ശൈലിയാണ് ഇതിൽ അവലംബിച്ചിട്ടുള്ളത് എന്നത് ഇതിന്റെ മറ്റൊരു എടുത്തുപറയത്തക്ക പ്രത്യേകതയാണ്.

വായനക്കാരുടെ സൗകര്യം പരിഗണിച്ചുകൊണ്ട് ഈ ഒന്നാം ഭാഗത്തിൽ മുപ്പതാം ജുസ്അ് (അമ്മ ജുസ്അ്) മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി ഭാഗങ്ങൾ താമസംവിനാ അൽപാൽപമായി പുറത്തിറക്കാനുള്ള തീവ്ര ശ്രമത്തിലാണ്. അതിന്റെ രണ്ടാം ഭാഗം (ജുസ്അ് 29) ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നുണ്ട്. ബാക്കി ഭാഗങ്ങൾ കൂടി എളുപ്പത്തിൽ പുറത്തിറക്കാൻ രചയിതാവിന് അല്ലാഹു തൗഫീഖ് നൽകട്ടെ!

നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ പ്രതി ഈ തഫ്സീറിന്റെ മൂന്നാം പതിപ്പാണ്. ഒന്നും രണ്ടും പതിപ്പുകൾക്ക് ആവേശകരമായ സ്വീകരണമാണ് വായനക്കാർ നൽകിയത്. അത് വേണ്ടരൂപത്തിൽ ഉപയോഗിച്ചവർക്കെല്ലാം അല്ലാഹു മഹത്തായ പ്രതിഫലം നൽകട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു. കഴിഞ്ഞ പതിപ്പിൽ വന്ന ചില്ലറ അക്ഷരത്തെറ്റുകളും ചില സാങ്കേതിക തകരാറുകളും തിരുത്തിക്കൊണ്ടാണ് ഈ പതിപ്പ് പ്രസിദ്ധീകരിക്കുന്നത് എന്നുകൂടി വായനക്കാരെ അറിയിക്കുന്നു.

ഏതായാലും മലയാളത്തിൽ വേറിട്ടു നിൽക്കുന്ന ഈ തഫ്സീർ ഗ്രന്ഥം ഖുർആൻ പഠിതാക്കൾക്കും പ്രബോധകർക്കും സാധാരണക്കാർക്കുമെല്ലാം ഒരുപോലെ പ്രയോജനപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ മഹത്തായ സംരംഭത്തിന് മുന്നിട്ടുവരികയും അതിന്റെ പ്രസാധനം അഹ്‌ലുസ്സുന്ന ബുക്സിനെ ഏൽപിക്കുകയും ചെയ്ത സയ്യിദ് അബ്ദുൽ മുഹ്സിൻ ഐദീദിനോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും അർഹമായ പ്രതിഫലത്തിന് സർവ്വശക്തനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാരുണ്യവാനായ ഞങ്ങളുടെ റബ്ബേ, മലയാളികളായ സാധാരണക്കാർക്ക് നിന്റെ കലാമിനെ അടുത്തറിയാനും അതവരുടെ ഇഹപര ജീവിതത്തെ അത് സ്വാധീനിക്കാനും ഈ തഫ്സീർ നീയൊരു കാരണമാക്കേണമേ.. എന്നെന്നും അവശേഷിക്കുന്ന ഒരു സൽപ്രവർത്തനമായി ഞങ്ങളിൽ നിന്നും നീ ഇത് സ്വീകരിക്കുകയും ചെയ്യേണമേ!

മാനേജർ

അഹ്‌ലുസ്സുന്ന ബുക്സ്

ٱقۡرَأۡ بِٱسۡمِ رَبِّكَ ٱلَّذِى خَلَقَ ١

خَلَقَ ٱلۡإِنسَٰنَ مِنۡ عَلَقٍ ٢

ٱقۡرَأۡ وَرَبُّكَ ٱلۡأَكۡرَمُ ٣

ٱلَّذِى عَلَّمَ بِٱلۡقَلَمِ ٤

عَلَّمَ ٱلۡإِنسَٰنَ مَا لَمۡ يَعۡلَمۡ ٥

സൃഷ്ടിച്ചവനായ നിന്റെ റബ്ബിന്റെ
നാമത്തിൽ വായിക്കുക.
മനുഷ്യനെ അവൻ ഒരു രക്തക്കട്ടയിൽ
നിന്ന് സൃഷ്ടിച്ചിരിക്കുന്നു.
നീ വായിക്കുക! നിന്റെ റബ്ബ്
ഏറ്റവും വലിയ ഔദാര്യവാനാകുന്നു.
പേന കൊണ്ട് പഠിപ്പിച്ചവൻ.
മനുഷ്യന് അറിയാത്തത്
അവൻ പഠിപ്പിച്ചിരിക്കുന്നു.

(അലഖ്: 1-5)

ഉള്ളടക്കം

ആമുഖം.....11
വായനക്ക് മുൻപ്.....16
78.സൂറ.നബഅ്.....25
79.സൂറ.നാസിആത്.....41
80.സൂറ.അബസ.....57
81.സൂറ.തക്വീർ.....71
82.സൂറ.ഇൻഫിത്വാർ.....83
83.സൂറ.മുത്വഫ്ഫിഫീൻ.....91
84.സൂറ.ഇൻശിഖാഖ്.....105
85.സൂറ.ബുറൂജ്.....115
86.സൂറ. ത്വാരിഖ്.....126
87.സൂറ.അഅ്ലാ.....133
88. സൂറ. ഗാശിയഃ.....144
89. സൂറ. ഫജ്ർ.....153
90.സൂറ.ബലദ്.....165
91. സൂറ. ശംസ്.....174
92. സൂറ. ലൈൽ.....180
93. സൂറ. ദ്വുഹാ.....191
94. സൂറ. ശർഹ്.....198

ഉള്ളടക്കം

95.സൂറ.തീൻ......203
96.സൂറ.അലഖ്......208
97.സൂറ.ഖദ്ർ......221
98.സൂറ.ബയ്യിനഃ......225
99.സൂറ.സൽസലഃ......233
100.സൂറ.ആദിയാത്ത്......238
101. സൂറ. ഖാരിഅഃ......243
102. സൂറ. തകാഥുർ......246
103.സൂറ.അസ്വ്ർ......250
104. സൂറ. ഹുമസഃ......252
105.സൂറ.ഫീൽ......255
106. സൂറ. ഖുറൈശ്......258
107. സൂറ. മാഊൻ......261
108. സൂറ. കൗഥർ......264
109.സൂറ.കാഫിറൂൻ......268
110. സൂറ. നസ്വ്ർ......271
111. സൂറ. മസദ്......275
112. സൂറ. ഇഖ്‌ലാസ്......279
113. സൂറ. ഫലഖ്......282
114. സൂറ. നാസ്......286

ഖുർആൻ തഫ്സീർ

ക്രോഡീകരണം

അബ്ദുൽ മുഹ്സിൻ ഐദീദ്

غَفَرَ اللَّـهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ الْمُسْلِمِينَ

ആമുഖം

الحَمْدُ لِلَّـهِ، نَحْمَدُهُ، وَنَسْتَعِينُهُ وَنَسْتَغْفِرُهُ وَنَعُوذُ بِاللَّـهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّـهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللَّـهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّـهِ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِى تَسَآءَلُونَ بِهِۦ وَٱلْأَرْحَامَ ۚ إِنَّ ٱللَّهَ كَانَ عَلَيْكُمْ رَقِيبًا ﴿١﴾

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧٠﴾ يُصْلِحْ لَكُمْ أَعْمَٰلَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾

أَمَّا بَعْدُ؛

സർവ്വ സ്തുതികളും അല്ലാഹുവിന് മാത്രമാകുന്നു; തന്റെ ദാസന് മേൽ ഹലാൽ ഹറാമുകളെ (അനുവദനീയവും നിഷിദ്ധവും) വേർതിരിക്കുന്ന വിശുദ്ധ ഖുർആൻ -ഫുർഖാൻ (الفُرْقَـانُ)- അവതരിപ്പിച്ചവനാണ് നമ്മുടെ റബ്ബ്. സൗഭാഗ്യവാന്മാരെയും ദൗർഭാഗ്യവാന്മാരെയും, സത്യത്തെയും അസത്യത്തെയും അവൻ അതിലൂടെ വേർതിരിച്ചിരിക്കുന്നു.

സർവ്വ ജനങ്ങൾക്കുമുള്ള മാർഗദർശനമായി -ഹുദാ (الهُـدَى)- അവൻ ഈ ഗ്രന്ഥത്തെ നിശ്ചയിച്ചു. നിഷേധത്തിന്റെയും തിന്മകളുടെയും അജ്ഞതയുടെയും വഴികേടിൽ നിന്ന് അതവരെ വിശ്വാ

സത്തിന്റെയും ധർമ്മനിഷ്ഠയുടെയും വിജ്ഞാനത്തിന്റെയും വെളിച്ചത്തിലേക്ക് നയിക്കുന്നു.

ദേഹേഛകളുടെയും ആശയക്കുഴപ്പങ്ങളുടെയും രോഗങ്ങൾക്കുള്ള ശമനൗഷധവുമാണ് -ശിഫാഅ് (الشِّفَاءُ)- ഈ ഗ്രന്ഥം. അതോടൊപ്പം ശരീരത്തെ ബാധിക്കുന്ന രോഗങ്ങൾക്കും വേദനകൾക്കും പ്രയാസങ്ങൾക്കും കൂടി ഖുർആൻ ശമനം നൽകുന്നു.

സംശയത്തിനോ അവ്യക്തതക്കോ യാതൊരിടവുമില്ലാത്ത ഗ്രന്ഥമാണിത് എന്ന് അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നു. കാരണം അതിലെ വൃത്താന്തങ്ങളും, വിധിവിലക്കുകളും മഹത്തരമായ സത്യം മാത്രമാണ് ഉൾക്കൊള്ളുന്നത്.

എണ്ണമില്ലാത്ത നന്മകളുടെയും സമൃദ്ധമായ വിജ്ഞാനത്തിന്റെയും മനോഹരമായ രഹസ്യങ്ങളുടെയും ഉന്നതമായ ലക്ഷ്യങ്ങളുടെയും സ്രോതസ്സ് കൂടിയാണ് അനുഗ്രഹീതമായ -കിതാബുൻ മുബാറക് (كِتَابٌ مُبَارَكٌ)- ഈ ഗ്രന്ഥം. ഖുർആനിൽ നിന്ന് സന്മാർഗം അന്വേഷിക്കുകയും, അതിനെ പിൻപറ്റുകയും ചെയ്യുക എന്നത് ഇഹലോകത്തും പരലോകത്തും നേടാൻ കഴിയുന്ന ഏതൊരു അനുഗ്രഹത്തിന്റെയും സൗഭാഗ്യത്തിന്റെയും മൂലകാരണമാകുന്നു.

മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുകയും, അവയിലെ ആശയങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന മുഹൈമിൻ (الْمُهَيْمِنُ) ആണ് ഖുർആൻ. ഖുർആൻ എന്തിനെല്ലാം സാക്ഷ്യം നിന്നുവോ; അതെല്ലാം സത്യമാണ്. എന്തിനെയെല്ലാം ഖുർആൻ തള്ളിക്കളഞ്ഞുവോ; അതെല്ലാം അസത്യവും നിരർത്ഥകവുമാണ്.

സൂക്ഷ്മജ്ഞാനിയും അതീവയുക്തിമാനുമായ അല്ലാഹു ഇറക്കിയ ഗ്രന്ഥമാണിത്. അതിനാൽ സത്യവും യാഥാർത്ഥ്യവുമല്ലാതെ ഈ ഗ്രന്ഥത്തിലൂടെ വന്നിട്ടില്ല. ഇതിലെ കൽപ്പനകൾ മുഴുവൻ നീതിപൂർണ്ണവും നന്മ നിറഞ്ഞതും ഉപകാരപ്രദവുമല്ലാതെയില്ല. ഈ ഗ്രന്ഥം വിലക്കിയതെല്ലാം ഇഹലോകത്തും പരലോകത്തും ഉപദ്രവകരമായ കാര്യങ്ങൾ മാത്രമാണ്.

അല്ലാഹു പറയുന്നു:

إِنَّآ أَنزَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٢﴾

"നിങ്ങൾ ഗ്രഹിക്കുന്നതിന് വേണ്ടി അത് അറബിഭാഷയിൽ വായിക്കപ്പെടുന്ന ഖുർആനായി നാം അവതരിപ്പിച്ചിരിക്കുന്നു." (യൂസുഫ്: 2)

ഖുർആൻ അറബി ഭാഷയിൽ അല്ലാഹു അവതരിപ്പിച്ചത് നാം അത് ഗ്രഹിക്കുന്നതിനും ചിന്തിച്ചു മനസ്സിലാക്കുന്നതിനുമാണ്. വിശുദ്ധ ഖുർആനിനെ കുറിച്ച് ഉറ്റാലോചിക്കാനും, അതിലുള്ള ഉള്ളടക്കം ചിന്താവിധേയമാക്കാനും, അതിലെ വിജ്ഞാനങ്ങൾ കണ്ടെത്താനും അവൻ നമ്മോട് കൽപ്പിച്ചിരിക്കുന്നു. കാരണം ഖുർആനിനെ കുറിച്ച് ചിന്തിക്കുക എന്നതാണ് എല്ലാ നന്മകളുടെയും താക്കോൽ.

ഖുർആനിനെ കുറിച്ച് ചിന്തിക്കേണ്ടതിന്റെ പ്രാധാന്യവും ആവശ്യകതയും ഈ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. ഖുർആൻ പഠിക്കുന്നതിനും, ഏറ്റവും ശരിയായ രൂപത്തിൽ അതിന്റെ ആശയം മനസ്സിലാക്കുന്നതിനും ഓരോ വ്യക്തിയും തന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക ലോകത്തെ പണ്ഡിതന്മാരാകട്ടെ, വിശുദ്ധ ഖുർആൻ വിശദീകരിച്ചു കൊണ്ട് ധാരാളക്കണക്കിന് വ്യാഖ്യാനഗ്രന്ഥങ്ങൾ -തഫ്സീറുകൾ- രചിച്ചിട്ടുണ്ട്. അവയിൽ സുദീർഘമായതും വളരെ ചുരുക്കരൂപത്തിലുള്ളതുമുണ്ട്. വിശുദ്ധ ഖുർആനിന്റെ വ്യത്യസ്ത മേഖലകളെ പരിഗണിച്ചു കൊണ്ടുള്ള അനേകം ഗ്രന്ഥങ്ങൾ ഈ രൂപത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. [1]

ഖുർആനിലെ ആയത്തുകളുടെ വിശദമായ വ്യാഖ്യാനങ്ങളും അർത്ഥോദ്ദേശങ്ങളും മനസ്സിലാക്കണമെങ്കിൽ അറബിഭാഷയിൽ പരിജ്ഞാനമുണ്ടാവുക എന്നത് നിർബന്ധമാണ്. അതോടൊപ്പം ഇസ്‌ലാമിലെ വ്യത്യസ്ത വിജ്ഞാനീയങ്ങളിലും കുറവല്ലാത്ത അറിവ് അവൻ നേടിയെടുക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ, അല്ലാഹുവിന്റെ ഗ്രന്ഥം അതിന്റെ മനോഹാരിത മനസ്സിലാക്കി ആസ്വദിക്കാൻ കഴിയണമെങ്കിൽ അവതരിച്ച ഭാഷയിൽ തന്നെ അത് അറിയാൻ ശ്രമിക്കണം.

എന്നാൽ അനേകം പേർ -വ്യത്യസ്ത കാരണങ്ങളാൽ- ഖുർആ

1 തഫ്സീറുസ്സഅ്ദിയുടെ ആമുഖത്തിൽ നിന്ന്.

നിന്റെ ഭാഷയിൽ നിന്ന് അകന്നു പോയിരിക്കുന്നു. ഖുർആനിന്റെ ആശയോദ്ദേശം മനസ്സിലാക്കുന്നതിനായി പലരും അവലംബിക്കുന്നത് കേവല പരിഭാഷകളാണ്. എന്നാൽ ഖുർആനിന്റെ കേവല പരിഭാഷകൾ ചിലരെയെങ്കിലും തെറ്റായ വ്യാഖ്യാനങ്ങളിലേക്കും ധാരണകളിലേക്കും കൊണ്ടെത്തിക്കാറുണ്ട്.

ഖുർആനാകട്ടെ, കേവല ഭാഷാഗ്രന്ഥമല്ല. ഖുർആനിലെ ആയത്തുകളുടെ അവതരണപശ്ചാത്തലവും, പ്രയോഗങ്ങളിലെ സൂചനകളും, മതവിധികൾ വിശദീകരിക്കാൻ സ്വീകരിക്കപ്പെട്ട രീതികളും മനസ്സിലാക്കാൻ കേവല അറബിപരിജ്ഞാനം മതിയാവുകയില്ല. ഇതു കൊണ്ടാണ് വിശുദ്ധ ഖുർആൻ വിശദീകരിക്കുന്ന ഗ്രന്ഥങ്ങളുടെ ആവശ്യമുണ്ടാകുന്നത്.

പ്രിയപ്പെട്ട സഹോദരാ!

നിങ്ങളുടെ കയ്യിലുള്ള ഗ്രന്ഥം ഈ ആവശ്യം മുന്നിൽ കണ്ടുകൊണ്ട് എഴുതപ്പെട്ടതാണ്. ഖുർആനിന്റെ ആയത്തുകളുടെ അർത്ഥവും, അതോടൊപ്പം അവയുടെ പ്രാഥമികമായ ഉദ്ദേശവും വിശദീകരണവും, അവയിൽ നിന്ന് മനസ്സിലാക്കാവുന്ന ചില പ്രധാനപാഠങ്ങളും, പ്രസ്തുത ആയത്തുകൾ അവതരിച്ച സാഹചര്യങ്ങളും ഈ ഗ്രന്ഥത്തിൽ ചുരുക്കി വിവരിച്ചിരിക്കുന്നു. അതോടൊപ്പം ഓരോ സൂറത്തുകളുടെയും തുടക്കത്തിൽ പ്രസ്തുത അദ്ധ്യായവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങളും ചേർത്തിരിക്കുന്നു.

ഇതൊരു വിശാലവും വിശദവുമായ തഫ്സീർ ഗ്രന്ഥമല്ല. മറിച്ച്, ഖുർആനിന്റെ പ്രാഥമിക ഉദ്ദേശം മനസ്സിലാക്കാൻ സഹായിക്കുക എന്നതാണ് ഈ തഫ്സീറിന്റെ പിന്നിലുള്ള ഉദ്ദേശം. അതാകട്ടെ, തഫ്സീർ പഠനത്തിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയുമാണ്.

ഈ ഗ്രന്ഥം അടിസ്ഥാനപരമായി ഒരു വിവർത്തനമാണ്. വിവർത്തകന്റേതായി ഈ പുസ്തകത്തിൽ പ്രത്യേകിച്ചൊന്നുമില്ല എന്നതിനാൽ ഇതൊരു സ്വതന്ത്ര രചനയല്ല. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക ഗ്രന്ഥം തുടക്കം മുതൽ അവസാനം വരെ വിവർത്തനം നടത്തുകയല്ല ചെയ്തിട്ടുള്ളത് എന്നതിനാൽ പൂർണ്ണമായും വിവർത്തനവുമല്ല. മറിച്ച്, വ്യത്യസ്ത ഗ്രന്ഥങ്ങൾ അവലംബിച്ചതിന് ശേഷം അവയിലെ വിവരങ്ങൾ ക്രോഡീകരിക്കുകയും ശേഷം വിവർ

ത്തനം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ഖുർആനിലെ അവസാനത്തെ ജുസ്അ് മാത്രമാണ് തുടക്കത്തിൽ പ്രസിദ്ധീകരിക്കുന്നത്. മറ്റു ജുസ്ഉകൾ വഴിയെ പ്രസിദ്ധീകരിക്കുന്നതാണ് -ഇൻശാ അല്ലാഹ്-.

തെറ്റുകളിൽ നിന്ന് മുക്തമായി ഒരു ഗ്രന്ഥവുമില്ല -ലോകങ്ങളുടെ റബ്ബായ അല്ലാഹുവിന്റെ സംസാരമാകുന്ന ഖുർആനല്ലാതെ-. വായനക്കിടയിൽ ശ്രദ്ധയിൽ പെടുന്ന ചെറുതോ വലുതോ ആയ ഏതൊരു അബദ്ധവും പ്രിയപ്പെട്ട വായനക്കാർ ചൂണ്ടിക്കാണിക്കാൻ മറക്കരുത്! തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും, അവ തിരുത്തപ്പെടുകയും ചെയ്യുമ്പോഴാണല്ലോ ഏതൊരു ഗ്രന്ഥവും കൂടുതൽ മെച്ചപ്പെട്ടതാകുന്നത്?! അല്ലാഹു നിങ്ങളുടെ സഹായത്തിന് അവന്റെ ഉന്നതമായ സ്വർഗം പ്രതിഫലമായി നൽകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഈ മാർഗത്തിൽ സഹായമായി നിലകൊണ്ട അനേകം പേരുണ്ട് -നിർദേശങ്ങളും തിരുത്തുകളും നൽകി, വിലപ്പെട്ട സമയം മാറ്റിവെച്ചവർ, പ്രോത്സാഹനം നൽകിയവർ, പ്രാർത്ഥിച്ചവർ...-. റഹ്മാനും റഹീമുമായവനേ! അവർക്ക് മേൽ നിന്റെ കാരുണ്യം വർഷിക്കുകയും, അവരുടെ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്യേണമേ!

ദീനീ പഠനത്തിന്റെ വഴിയിലേക്ക് നയിച്ച അല്ലാഹുവിന് സർവ്വസ്തുതിയും. ലോകങ്ങളുടെ റബ്ബായവനേ! നിന്റെ ദീനിൽ നിലകൊള്ളുന്ന മുസ്‌ലിമായി എന്നെ നീ മരിപ്പിക്കേണമേ! എന്റെ തെറ്റുകളും കുറവുകളും നീ എനിക്ക് പൊറുത്തു നൽകേണമേ!

رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾ رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ ٱلْحِسَابُ ﴿٤١﴾

- അബ്ദുൽ മുഹ്സിൻ ഐദീദ്

വായനക്ക് മുൻപ്...

ഖുർആൻ വിശദീകരിച്ചു കൊണ്ട് എഴുതപ്പെട്ട വ്യത്യസ്ത ഗ്രന്ഥങ്ങൾ ഈ പുസ്തകത്തിന്റെ ക്രോഡീകരണത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥങ്ങളെ കുറിച്ചും, അവയുടെ വിവർത്തനത്തിൽ സ്വീകരിച്ച രീതിയെ കുറിച്ചും ഒരു ചുരുക്ക വിവരണം താഴെ നൽകാം.

1- വിശുദ്ധ ഖുർആൻ മലയാള വിശദീകരണം:

ചെറിയമുണ്ടം അബ്ദുൽ ഖാദിർ മദനിയും ﷺ, കുഞ്ഞിമുഹമ്മദ് പറപ്പൂരും (ഹഫി) രചിച്ച ഖുർആൻ വിവർത്തനമാണ് ആയത്തുകളുടെ ആശയവിവർത്തനമായി നൽകിയിട്ടുള്ളത്. എന്നാൽ തഫ്സീറായി അവലംബിച്ച ഗ്രന്ഥത്തിലെ അഭിപ്രായങ്ങൾക്ക് അനുയോജ്യമായ മാറ്റങ്ങൾ ചിലയിടങ്ങളിൽ നൽകിയിട്ടുണ്ട്.

2- അൽ മുഖ്തസ്വർ:

അൽ മുഖ്തസ്വർ ഫീ തഫ്സീരിൽ ഖുർആനിൽ കരീം (الْمُخْتَصَرُ فِي تَفْسِيرِ الْقُرْآنِ الْكَرِيمِ) എന്ന ഖുർആൻ വിശദീകരണ ഗ്രന്ഥമാണ് നമ്മുടെ ഈ പുസ്തകത്തിന്റെ പ്രധാന അവലംബം. സഊദി അറേബ്യയിലുള്ള 'മർകസു തഫ്സീർ ലിദ്ദിറാസാതിൽ ഖുർആനിയ്യഃ' പുറത്തിറക്കിയ ഈ ഗ്രന്ഥം വ്യത്യസ്ത പണ്ഡിതന്മാരുടെ സഹകരണത്തോടെ രചിക്കപ്പെട്ടതാണ്. അനേകം പരിശോധനകൾക്കും കൂട്ടായ പരിശ്രമങ്ങൾക്കും ശേഷമാണ് ഈ ഗ്രന്ഥം പുറത്തിറങ്ങിയത്.

ഖുർആൻ വിജ്ഞാനീയങ്ങളിൽ അനേകം സേവനങ്ങൾ അർപ്പിച്ച ശൈഖ് മുസാഇദ് അത്ത്വയ്യാർ, അഖീദഃ വിജ്ഞാനീയങ്ങളിൽ പ്രാവീണ്യമുള്ള ശൈഖ് അബ്ദുൽ അസീസ് അൽ-അൻഖരീ എന്നിവർ തഫ്സീറിന്റെ പരിശോധന നിർവ്വഹിച്ച അനേകരിൽ ചിലരാണ്.

സഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തി ശൈഖ് അബ്ദുൽ അസീസ് ബ്നു അബ്ദില്ലാഹ് ആലുശ്ശൈഖ് ഈ ഗ്രന്ഥത്തെ പ്രശംസിച്ചു കൊണ്ട് ഇപ്രകാരം എഴുതി: "അൽ മുഖ്തസ്വർ എന്ന ഈ ഖുർആൻ വിശദീകരണ ഗ്രന്ഥം ലളിതമായ ഭാഷയും ശരിയായ മൻഹജും ഉൾക്കൊള്ളുന്ന, എല്ലാ തരം ഖുർആൻ വായനക്കാർക്കും അനുയോജ്യമായ.., മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ യോജിച്ച ഗ്രന്ഥമാണ്."

'തഫ്സീർ' എന്ന തലക്കെട്ടിന് കീഴിൽ നൽകിയിട്ടുള്ളത് അൽ-മുഖ്തസ്വറിൽ നിന്നുള്ള നേർവിവർത്തനമാണ്. സാധ്യമാകുവോളം പദാനുപദ വിവർത്തനമാണ് ഇവിടെ നൽകിയിട്ടുള്ളത്. 'ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ' എന്ന തലക്കെട്ടിന് താഴെ നൽകുന്ന, അവലംബകൃതി സൂചിപ്പിക്കാത്ത ഭാഗങ്ങളും മുഖ്തസ്വറിൽ നിന്നുള്ളതാണ്.

3- തയ്സീറുൽ കരീം.

ശൈഖ് അബ്ദു റഹ്മാൻ ബ്നു നാസ്വിർ അസ്സഅ്ദി -ﷺ- രചിച്ച 'തയ്സീറുൽ കരീമിറഹ്മാൻ ഫീ തഫ്സീരി കലാമിൽ മന്നാൻ' (تَيْسِيرُ الكَرِيمِ الرَّحْمَنِ فِي تَفْسِيرِ كَلَامِ المَنَّانِ) എന്ന ഗ്രന്ഥത്തിൽ നിന്ന് ചില ഭാഗങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രചിച്ച പണ്ഡിതന്റെ മനോഹരമായ ശൈലി കൊണ്ടും, ഉള്ളടക്കത്തിന്റെ ആഴം കൊണ്ടും വേറിട്ടു നിൽക്കുന്ന തഫ്സീറുകളിലൊന്നാണ് പ്രസിദ്ധമായ ഈ തഫ്സീർ ഗ്രന്ഥം.

'ആയത്തുകളിൽ നിന്നുള്ള പാഠങ്ങൾ' എന്നതിന് കീഴെ 'സഅ്ദി' എന്ന് ബ്രാക്കറ്റിൽ നൽകിയിട്ടുള്ള ഭാഗങ്ങൾ ഈ ഗ്രന്ഥത്തിൽ നിന്നാണ് എടുത്തിട്ടുള്ളത്. സ്വതന്ത്രമായ ഭാഷയിൽ തഫ്സീറിൽ നിന്നുള്ള ആശയം -പദാനുപദ വിവർത്തനത്തിന് ശ്രമിക്കാതെ- എഴുതുകയാണ് ഇവിടങ്ങളിൽ ചെയ്തിട്ടുള്ളത്.

4- അൽ മുയസ്സർ.

അൽ മുഖ്തസ്വർ എന്ന തഫ്സീറിനോട് ഏറെ സമാനതയുള്ള ഗ്രന്ഥമാണ് അത്തഫ്സീറുൽ മുയസ്സർ (التَّفْسِيرُ المُيَسَّرُ). ഖുർആനിലെ ആയത്തുകളുടെ പ്രാഥമിക ഉദ്ദേശം വിവരിക്കുന്ന ഗ്രന്ഥമാണ്

ഈ പുസ്തകവും. സഊദി അറേബ്യയിലെ മതകാര്യ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുറത്തിറങ്ങിയ ഈ പുസ്തകവും വ്യത്യസ്ത പണ്ഡിതന്മാരുടെ കൂട്ടായ പരിശ്രമത്തിൽ പുറത്തിറങ്ങിയതാണ്.

'സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്' എന്ന ഭാഗം തഫ്സീറുൽ മുയസ്സർ അവലംബിച്ചു കൊണ്ടാണ് എഴുതിയിട്ടുള്ളത്. ആശയവിവർത്തനമാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്.

5- അത്തഫ്സീറുൽ മൗദ്വൂഈ.

സൂറത്തുകളുടെ ആമുഖത്തിൽ നൽകിയിട്ടുള്ള ചെറിയ വിവരണം 'അത്തഫ്സീറുൽ മൗദ്വൂഈ ലി സുവരിൽ ഖുർആനിൽ കരീം' (التَّفْسِيرُ المَوْضُوعِيُّ لِسُوَرِ القُرْآنِ الكَرِيمِ) എന്ന ഗ്രന്ഥം അവലംബിച്ചു കൊണ്ടാണ് എഴുതിയിട്ടുള്ളത്. പത്ത് വാല്യങ്ങളിലായി പുറത്തിറങ്ങിയ ഈ ഗ്രന്ഥം വ്യത്യസ്ത പണ്ഡിതന്മാരുടെ കൂട്ടായ രചനയാണ്.

6- അൽ ഇസ്തീആബ്.

ശൈഖ് സലീം അൽ ഹിലാലീ, ശൈഖ് മുഹമ്മദ് മൂസാ ആലു നസ്വ്ർ എന്നിവർ ചേർന്ന് രചിച്ച ഗ്രന്ഥമാണ് 'അൽ ഇസ്തീആബ് ഫീ ബയാനിൽ അസ്ബാബ്' (الاسْتِيعَابُ فِي بَيَانِ الأَسْبَابِ) എന്ന ഗ്രന്ഥം. ഖുർആനിലെ ആയത്തുകളുടെ അവതരണപശ്ചാത്തലമായി വന്ന ഹദീഥുകൾ മുഴുവൻ ക്രോഡീകരിക്കപ്പെട്ട ഈ പുസ്തകമാണ് 'ആയത്തുകളുടെ അവതരണപശ്ചാത്തലം' എന്നതിന് കീഴിൽ നൽകിയ ഹദീഥുകൾക്ക് അവലംബമാക്കിയിട്ടുള്ളത്.

ഗ്രന്ഥകാരന്മാർ സ്വീകാര്യവും പ്രബലവുമായ സ്വഹീഹായ ഹദീഥുകളും ദുർബലവും സ്ഥിരപ്പെടാത്തതുമായ ദ്വഈഫായ ഹദീഥുകളും മൂലഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശേഷം ഓരോ ഹദീഥുകളും സ്വീകാര്യമാണോ എന്ന വിശദമായ ചർച്ചയും, അവരുടെ നിരീക്ഷണവും നൽകിയിട്ടുണ്ട്.

എന്നാൽ അവർ സ്വഹീഹാണെന്ന് വിലയിരുത്തിയ ഹദീഥുകൾ മാത്രമേ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഒരേ ആശയം ഉൾക്കൊള്ളുന്ന വ്യത്യസ്ത ഹദീഥുകൾ ഉണ്ടെങ്കിൽ അവയിൽ തിരഞ്ഞെടുത്ത ഏതെങ്കിലും ഒരു നിവേദനം മാത്രമേ വിവർത്തനം ചെയ്തിട്ടുള്ളൂ.

മൂന്നാം പതിപ്പ് മുതൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ:

തഫ്സീർ മുയസ്സറിന്റെ മൂന്നാമത്തെ പതിപ്പ് മുതൽ ക്രോഡീകരണത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 27 -ാമത്തെ ജുസ്അ് മുതൽ പുറത്തിറങ്ങുന്ന ഓരോ ജുസ്ഇന്റെയും ആദ്യത്തെ പതിപ്പുകളിലും ഈ മാറ്റങ്ങൾ ബാധകമാണ്. അവ ഇപ്രകാരമാണ്:

1- അൽ-മുഖ്തസ്വർ.

1- അൽമുഖ്തസ്വർ എന്ന ഗ്രന്ഥം ആയത്തുകളുടെ പ്രാഥമിക ആശയം മനസ്സിലാക്കാൻ സഹായിക്കുന്ന, വളരെ ചുരുങ്ങിയ വാക്കുകളിൽ രചിക്കപ്പെട്ട ഒരു തഫ്സീറാണ്. വിശ്വാസപരമോ കർമ്മപരമോ ആയ ചില പരാമർശങ്ങൾ വിശദീകരണങ്ങൾ ഏതുമില്ലാതെയാണ് ചിലപ്പോൾ മുഖ്തസ്വറിൽ പരാമർശിച്ചു പോയിട്ടുള്ളത്. [1] മലയാള വായനക്കാർക്ക് ചിലപ്പോൾ അപരിചിതമായേക്കാവുന്ന അത്തരം വിഷയങ്ങൾ ചിലപ്പോൾ സന്ദർഭം പോലെ വിശദീകരിച്ചിട്ടുണ്ട്. വായനയുടെ എളുപ്പത്തിന് വേണ്ടി അത് അടിക്കുറിപ്പിന്റെ ഭാഗമാക്കിയിട്ടില്ല.

2- 'ആയത്തുകളിൽ നിന്നുള്ള ചില പാഠങ്ങൾ' എന്ന ഭാഗത്തിൽ മുഖ്തസ്വറിൽ നിന്നുള്ള പാഠങ്ങൾ പുതിയ പതിപ്പുകളിൽ ഒഴിവാക്കിയിട്ടുണ്ട്. 'തഫ്സീർ സഅ്ദി'യിൽ നിന്ന് നൽകിയിട്ടുള്ള പാഠങ്ങളുടെ ആവർത്തനമായി ചിലപ്പോൾ അവ മാറുന്നതിനാലാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

2- അൽ- മുയസ്സർ.

'അൽ-മുയസ്സർ' എന്ന തഫ്സീറിൽ നിന്നുള്ള ഭാഗങ്ങൾ കൂടി പ്രധാന തഫ്സീറിനോടൊപ്പം ചേർത്തിട്ടുണ്ട്. അഖീദാപരമായ വി

---

1 ഉദാഹരണത്തിന്, ഇസ്ലാമിലെ പരലോകവിശ്വാസത്തിൽ പെട്ടതാണ് ഇസ്റാഫീൽ എന്ന മലക്ക് കാഹളത്തിൽ ഊതുമെന്ന കാര്യം. കാഹളത്തിൽ രണ്ട് തവണയാണ് മലക്ക് ഊതുക; ഒന്ന് അന്ത്യനാൾ സംഭവിക്കുന്നതിനും, രണ്ടാമത്തേത് പുനരുത്ഥാനത്തിനും. എന്നാൽ തഫ്സീറിൽ ഈ കാര്യം വിവരിക്കാതെ 'ഒന്നാമത്തെയോ രണ്ടാമത്തെയോ കാഹളമൂത്ത്' എന്നു മാത്രമേ ചിലയിടങ്ങളിൽ പറഞ്ഞിട്ടുള്ളൂ. ഇതു പോലുള്ള സന്ദർഭങ്ങളിൽ അവയുടെ ഉദ്ദേശ്യം വിശദമായി നൽകിയിട്ടുണ്ട്.

ഷയങ്ങളിലും, ചില വിശദീകരണങ്ങളിലും ഈ തഫ്സീറിൽ കാണപ്പെടുന്ന വിശദീകരണങ്ങൾ ഏറെ പ്രയോജനകരമാണ് എന്നതിനാലാണ് ഈ രീതി സ്വീകരിച്ചിട്ടുള്ളത്. ഒരു നിലക്ക് പറഞ്ഞാൽ 'മുഖ്തസ്വർ', 'മുയസ്സർ' എന്നീ രണ്ട് തഫ്സീറുകളുടെ സമന്വയമാണ് പുതിയ പതിപ്പുകളിൽ നൽകിയിട്ടുള്ളത്.

3- അൽ-ഇസ്തീആബ്.

പഴയ പതിപ്പുകളിൽ ആയത്തുകളുടെ അവതരണ പശ്ചാത്തലമായി പറയപ്പെട്ട ഹദീഥിന്റെ പരമ്പരയിൽ ചെറിയ ദുർബലതകൾ മാത്രമാണ് ഉള്ളത് എങ്കിലും അവ നൽകാറില്ലായിരുന്നു. എന്നാൽ പുതിയ പതിപ്പിൽ ചെറിയ ദുർബലതയുള്ള ഹദീഥുകൾ നൽകിയിട്ടുണ്ട്; ആയത്തിന്റെ വിശദീകരണം മനസ്സിലാക്കാൻ ഏറെ സഹായിക്കുന്ന ഹദീഥുകളാണ് അവയെങ്കിൽ പ്രത്യേകിച്ചും.

താബിഈങ്ങളിൽ പെട്ട വിശ്വസ്തനായ ഒരാൾ സ്വഹാബിയുടെ പേര് പരാമർശിക്കാതെ നബി -ﷺ- യിൽ നിന്ന് നിവേദനം ചെയ്യുന്ന 'മുർസലാ'യ നിവേദനങ്ങൾ പോലുള്ളവയാണ് ചെറിയ ദുർബലത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം ഹദീഥുകൾ തഫ്സീറിൽ പരിഗണിക്കപ്പെടുന്ന സന്ദർഭങ്ങൾ പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. 'ഉസ്വൂലുത്തഫ്സീറി'ന്റെ ഗ്രന്ഥങ്ങളിൽ അവ വിവരിക്കപ്പെട്ടിട്ടുണ്ട്.

4- അൽ-ഇൽമാം.

കർമ്മപരമായ പാഠങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധ ഖുർആനിലെ ആയത്തുകൾ (آيَاتُ الأَحْكَامِ) പ്രത്യേകം തിരഞ്ഞെടുത്ത് വിശദീകരിക്കുക എന്ന രീതി പഴയകാല മുഫസ്സിറുകൾ മുതൽ നിലവിലുള്ളതാണ്. ശൈഖ് ഇബ്നു ഉഥൈമീൻ ഈ രൂപത്തിൽ രചിച്ച ഗ്രന്ഥമാണ് 'അൽ- ഇൽമാം' (الإِلْمَامُ بِبَعْضِ آيَاتِ الأَحْكَامِ تَفْسِيرًا وَاسْتِنْبَاطًا).

ഈ ഗ്രന്ഥത്തിൽ നിന്നുള്ള പാഠങ്ങൾ കൂടി പുതിയ പതിപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശൈഖ് സഅ്ദിയുടെ തഫ്സീറിൽ പരാമർശിക്കപ്പെട്ട പാഠങ്ങൾ ഇബ്നു ഉഥൈമീൻ ആവർത്തിച്ചുണ്ടെങ്കിൽ അവ ഒഴിവാക്കുകയും, വളരെ പ്രധാനപ്പെട്ടത് എന്ന് മനസ്സിലാകുന്ന പാഠങ്ങൾ മാത്രം ഉൾപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ഓഗസ്റ്റ്
30

സൂറ. നബഅ് سُورَةُ النَّبَأ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 40.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- നബഅ് (النَّبَـأ): സൂറത്തിന്റെ രണ്ടാമത്തെ ആയത്തിൽ നബഅ് എന്ന പദം പരാമർശിക്കപ്പെട്ടിരിക്കുന്നു. വാർത്ത, വൃത്താന്തം എന്നിങ്ങനെയെല്ലാം അർത്ഥമുള്ള പദമാണത്.

2- അമ്മഃ (عَـمَّ): സൂറത്ത് ആരംഭിക്കുന്നത് ഈ പദം കൊണ്ടാണ്. 'എന്തിനെ കുറിച്ച്' എന്ന് അർത്ഥം നൽകാവുന്ന, ചോദ്യരൂപത്തിലുള്ള വാചകമാണത്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുന്നബഅ്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അന്ത്യനാൾ, പുനരുത്ഥാനം, പ്രതിഫലനാൾ എന്നിവ ചർച്ച ചെയ്യുകയും, പുനരുത്ഥാനത്തെ നിഷേധിക്കുന്നവരുടെ അവസ്ഥ തുറന്നു കാട്ടുകയും, അവർക്ക് താക്കീത് നൽകുകയും ചെയ്യുന്നു. സൃഷ്ടികളെ മരണശേഷം പുനരുജ്ജീവിപ്പിക്കാൻ അല്ലാഹു ശക്തിയുള്ളവനാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

* അന്ത്യനാളിലെ ഭീകരത വരച്ചു കാട്ടുകയും, (അല്ലാഹുവിനെ) നിഷേധിച്ചവർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ശിക്ഷയും വിശ്വസിച്ചവർക്ക് ഒരുക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ചും ഈ സൂറത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ശിക്ഷയെ കുറിച്ചുള്ള താക്കീതുകളും, പ്രതിഫലത്തെ കുറിച്ചുള്ള സന്തോഷവാർത്തകളും ഒരുമിക്കുന്ന ഖുർആനിക രീതി ഈ സൂറത്തിലും കാണാം.

ആയത്തുകൾ 1-5

عَمَّ يَتَسَآءَلُونَ ١

(1) എന്തിനെപ്പറ്റിയാണ് അവർ പരസ്പരം ചോദിച്ചു കൊണ്ടിരിക്കുന്നത്?

عَنِ ٱلنَّبَإِ ٱلْعَظِيمِ ٢

(2) ആ മഹത്തായ വൃത്താന്തത്തെപ്പറ്റി.

ٱلَّذِى هُمْ فِيهِ مُخْتَلِفُونَ ٣

(3) അവർ ഏതൊരു കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിലായി കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി.

كَلَّا سَيَعْلَمُونَ ٤

(4) നിസ്സംശയം; അവർ വഴിയെ അറിഞ്ഞു കൊള്ളും.

ثُمَّ كَلَّا سَيَعْلَمُونَ ٥

(5) വീണ്ടും നിസ്സംശയം; അവർ വഴിയെ അറിഞ്ഞു കൊള്ളും.

തഫ്സീർ

(1) അല്ലാഹു അവന്റെ റസൂലിനെ -ﷺ- നിയോഗിച്ചതിന് ശേഷം മക്കയിലെ ഖുറൈശികളിൽ പെട്ട ബഹുദൈവാരാധകർ എന്തിനെ കുറിച്ചാണ് പരസ്പരം ചോദിച്ചു കൊണ്ടേയിരിക്കുന്നത്?

(2) ഗൗരവതരമായ ആ വൃത്താന്തത്തെ കുറിച്ചാകുന്നു അവർ ചർച്ച ചെയ്യുന്നത്; പുനരുത്ഥാനത്തെ കുറിച്ചുള്ള താക്കീതുകൾ ഉൾക്കൊള്ളുന്ന, അവരുടെ റസൂലിന്റെ മേൽ അവതരിച്ച ഈ ഖുർആനാകുന്ന മഹാവൃത്താന്തം.

(3) ഖുർആനിനെ എന്തു വിശേഷിപ്പിക്കണം എന്ന അവരുടെ ചർച്ച വ്യത്യസ്ത അഭിപ്രായങ്ങളിലാണ് എത്തിച്ചേർന്നിരിക്കുന്നത്. ഇതിനെ സിഹ്റെന്നോ (മാരണം) കവിതയെന്നോ ജോത്സ്യമെന്നോ പഴമക്കാരുടെ പുരാണമെന്നോ വിശേഷിപ്പിക്കേണ്ടത്?

(4-5) എന്നാൽ അവർ ജൽപ്പിക്കുന്നത് പോലെയല്ല കാര്യം. ഖുർആനിനെ കളവാക്കിയ ഇക്കൂട്ടർ തങ്ങളുടെ നിഷേധത്തിന്റെ പര്യവസാനം എന്താണെന്ന് അറിയുക തന്നെ ചെയ്യും. ഖിയാമത്ത് നാളിൽ അല്ലാഹു അവരെ എന്തു ചെയ്യുമെന്നത് അപ്പോൾ അവർക്ക്

വ്യക്തമായി ബോധ്യപ്പെടുകയും ചെയ്യുന്നതാണ്.

പിന്നീട് അവർക്ക് അക്കാര്യം ഉറപ്പാവുകയും ചെയ്യും. മുഹമ്മദ് നബി -ﷺ- തങ്ങളെ ക്ഷണിച്ച കാര്യം സത്യമായിരുന്നുവെന്നും, വിശുദ്ധ ഖുർആൻ അല്ലാഹുവിൽ നിന്നുള്ളതാണെന്നും, പുനരുത്ഥാനം യാഥാർത്ഥ്യമാണെന്നും സംശയലേശമന്യേ അവർ അറിയുന്നതാണ്.

ആയത്തുകൾ 6-11

(6) ഭൂമിയെ നാം ഒരു വിരിപ്പാക്കിയില്ലേ?	أَلَمْ نَجْعَلِ ٱلْأَرْضَ مِهَٰدًا ۝٦
(7) പർവ്വതങ്ങളെ ആണികളാക്കുകയും (ചെയ്തില്ലേ?)	وَٱلْجِبَالَ أَوْتَادًا ۝٧
(8) നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു.	وَخَلَقْنَٰكُمْ أَزْوَٰجًا ۝٨
(9) നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു.	وَجَعَلْنَا نَوْمَكُمْ سُبَاتًا ۝٩
(10) രാത്രിയെ നാം ഒരു വസ്ത്രമാക്കിയിരിക്കുന്നു.	وَجَعَلْنَا ٱلَّيْلَ لِبَاسًا ۝١٠
(11) പകലിനെ നാം ജീവസന്ധാരണ വേളയാക്കുകയും ചെയ്തിരിക്കുന്നു.	وَجَعَلْنَا ٱلنَّهَارَ مَعَاشًا ۝١١

തഫ്സീർ

(6) അവർക്ക് സ്വസ്ഥമായി വസിക്കാൻ യോജ്യമായ നിലയിൽ, ഭൂമിയെ ഒരു വിരിപ്പ് പോലെ നാം ഒരുക്കി കൊടുത്തില്ലേ?

(7) ഭൂമി ഇളകി പോകാതിരിക്കുന്നതിനായി നാം അതിന് മുകളിൽ ആണികളെ പോലെ നിലകൊള്ളുന്ന പർവ്വതങ്ങളെ നിശ്ചയിച്ചില്ലേ?

(8) ജനങ്ങളേ! സ്ത്രീകളും പുരുഷന്മാരുമായി, വ്യത്യസ്ത വർഗങ്ങളായി നിങ്ങളെ നാം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു.

(9) ജോലിത്തിരക്കുകളിൽ നിന്നൊരു വിശ്രമമായി നിങ്ങളുടെ ഉറക്കത്തെ നാം നിശ്ചയിച്ചിരിക്കുന്നു. അതിലൂടെ നിങ്ങളുടെ ശരീരങ്ങൾക്ക് വിശ്രമവും ആശ്വാസവും ലഭിക്കുന്നു.

(10) രാത്രിയെ അതിന്റെ ഇരുട്ട് കൊണ്ട് നിങ്ങൾക്കൊരു മറയായി നാം നിശ്ചയിച്ചിരിക്കുന്നു; ന്യൂനതകൾ മറക്കുന്ന നിങ്ങളുടെ വസ്ത്രം പോലെ അത് നിങ്ങൾക്ക് മറയൊരുക്കുന്നു.

(11) പകലിനെ നാം സമ്പാദിക്കാനും ഉപജീവനം അന്വേഷിക്കാനുമുള്ള വേദിയാക്കിയിരിക്കുന്നു.

ആയത്തുകൾ 12-16

(12) നിങ്ങൾക്ക് മീതെ ബലിഷ്ഠമായ ഏഴു ആകാശങ്ങൾ നാം നിർമ്മിച്ചിരിക്കുന്നു.	وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا ١٢
(13) കത്തിജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.	وَجَعَلْنَا سِرَاجًا وَهَّاجًا ١٣
(14) കാർമേഘങ്ങളിൽ നിന്ന് കുത്തിയൊഴുകുന്ന വെള്ളം നാം ഇറക്കുകയും ചെയ്തു.	وَأَنزَلْنَا مِنَ ٱلْمُعْصِرَاتِ مَآءً ثَجَّاجًا ١٤
(15-16) അതു മുഖേന ധാന്യവും സസ്യവും, ഇടതൂർന്ന തോട്ടങ്ങളും നാം പുറത്തു കൊണ്ടു വരാൻ വേണ്ടി.	لِّنُخْرِجَ بِهِۦ حَبًّا وَنَبَاتًا ١٥ وَجَنَّاتٍ أَلْفَافًا ١٦

തഫ്സീർ

(12) നിങ്ങൾക്ക് മുകളിൽ -കൃത്യതയോടെ നിർമ്മിക്കപ്പെട്ട- ശക്തമായ ഏഴു ആകാശങ്ങളും നാം നിർമ്മിച്ചിരിക്കുന്നു. അവയിൽ യാതൊരു വിടവുകളുമില്ല.

(13) സൂര്യനെ നാം ശക്തമായി ജ്വലിക്കുകയും പ്രകാശം ചൊരി

യുകയും ചെയ്യുന്ന വിളക്കാക്കിയിരിക്കുന്നു.

(14) മഴ പെയ്യാറായ കാർമേഘങ്ങളിൽ നിന്ന് കുത്തിച്ചൊരിയുന്ന വെള്ളം ധാരാളമായി നാം ഇറക്കിത്തന്നിരിക്കുന്നു.

(15) അത് മുഖേന വ്യത്യസ്തങ്ങളായ ധാന്യങ്ങളും സസ്യങ്ങളും നാം പുറത്തു കൊണ്ടു വരുന്നതിന് വേണ്ടി. അതിൽ നിന്ന് ജനങ്ങൾ അവരുടെ ഭക്ഷണം കണ്ടെത്തുകയും, മൃഗങ്ങൾക്ക് അവയുടെ മേച്ചിൽപുറങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

(16) അത് (മഴവെള്ളം) മുഖേന ശാഖകൾ ഇടകലർന്നു നിൽക്കുന്ന, തിങ്ങിയ തോട്ടങ്ങളും നാം പുറത്തു കൊണ്ടു വരുന്നു.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 8)** മനുഷ്യർക്ക് അവരിൽ നിന്ന് തന്നെ ഇണകളെ നിശ്ചയിച്ചു എന്നതിലെ അനുഗ്രഹം എത്രവലുതാണെന്ന് നോക്കൂ! പരസ്പരം സമാധാനമേകാനും, അവർക്കിടയിൽ സ്നേഹവും കാരുണ്യവും ഉടലെടുക്കാനും, സന്താനങ്ങളുണ്ടാകാനുമെല്ലാം അത് കാരണമാകുന്നു. അതോടൊപ്പം, ലൈംഗികതയിലൂടെയുള്ള ആസ്വാദനം എന്ന അനുഗ്രഹവും ലഭിക്കുന്നു. (സഅ്ദി: 906)

» **(ആയത്ത്: 9)** രാത്രി അല്ലാഹുവിന്റെ എത്ര വലിയ അനുഗ്രഹമാണെന്ന് നോക്കൂ! മനുഷ്യരുടെ ജോലികളും തിരക്കുകളും നിലക്കാതെ തുടർന്നിരുന്നെങ്കിൽ അവരുടെ ശരീരത്തിന് അത് എന്തുവലിയ പ്രയാസം സൃഷ്ടിക്കുമായിരുന്നു. എന്നാൽ മനുഷ്യരെയെല്ലാം രാത്രി കൊണ്ടും ഉറക്കം കൊണ്ടും അല്ലാഹു പൊതിയുന്നു. അതിലൂടെ അവർക്ക് ഉപദ്രവകരമായേക്കാവുന്ന ചലനങ്ങൾ നിലക്കുകയും, പ്രയോജനകരമായ വിശ്രമം ലഭിക്കുകയും ചെയ്യുന്നു. (സഅ്ദി: 906)

» **(ആയത്ത്: 12-16)** ആകാശത്തിന്റെ ശക്തമായ നിർമ്മിതിയും അതിന്റെ കെട്ടുറപ്പും നോക്കൂ. അല്ലാഹു അവന്റെ ശക്തി കൊണ്ട് അതിനെ പിടിച്ചു നിർത്തുകയും, ഭൂമിയുടെ മേൽക്കൂരയായി അതിനെ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. എത്ര വലിയ അനുഗ്രഹമാണത്!

ആകാശത്തിന്റെ സൃഷ്ടിപ്പിലെ അനുഗ്രഹങ്ങളിൽ പെട്ടതാണ് സൂര്യനും, അകാശത്ത് നിന്നു പെയ്യുന്ന മഴയും. സൂര്യനിലൂടെ അല്ലാഹു അവർക്ക് വെളിച്ചമേകുകയും ചൂടുപകരുകയും ചെയ്യുന്നു. മഴയിലൂടെ അവർക്ക് വെള്ളവും, അതു മുഖേന ഭക്ഷണവും നൽകുന്നു. (സഅ്ദി: 906)

» **(ആയത്ത്: 6-16)** മനുഷ്യർക്ക് അല്ലാഹു ചെയ്തു നൽകിയ അനുഗ്രഹങ്ങൾ ഈ വചനങ്ങളിൽ എടുത്തുപറഞ്ഞിരിക്കുന്നു. എണ്ണിക്കണക്കാനോ, വിലമതിക്കാനോ സാധിക്കാത്ത ഈ അനുഗ്രഹങ്ങളെല്ലാം നിങ്ങൾക്ക് ചെയ്തു തന്ന അല്ലാഹുവിനെ എങ്ങനെയാണ് നിങ്ങൾ നിഷേധിക്കുക?! അവൻ അറിയിച്ചു തന്ന പുനരുത്ഥാനത്തെയും പരലോകവിചാരണയെയും എങ്ങനെയാണ് നിങ്ങൾ നിഷേധിക്കുക?! അതുമല്ലെങ്കിൽ, അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അവനെ ധിക്കരിക്കാൻ വേണ്ടി എങ്ങനെയാണ് നിങ്ങൾ ഉപയോഗപ്പെടുത്തുക?! (സഅ്ദി: 906)\1

ആയത്തുകൾ 17-20

(17) തീർച്ചയായും 'യൗമുൽ ഫസ്വ്ലിന്റെ' [1] സമയം നിർണയിക്കപ്പെട്ടതായിരിക്കുന്നു.	إِنَّ يَوْمَ ٱلْفَصْلِ كَانَ مِيقَـٰتًا ﴿١٧﴾
(18) അതായത് കാഹളത്തിൽ ഊതപ്പെടുകയും, നിങ്ങൾ കൂട്ടംകൂട്ടമായി വന്നെത്തുകയും ചെയ്യുന്ന ദിവസം.	يَوْمَ يُنفَخُ فِى ٱلصُّورِ فَتَأْتُونَ أَفْوَاجًا ﴿١٨﴾
(19) ആകാശം തുറക്കപ്പെടും; (അന്നേ ദിവസം) അത് പല കവാടങ്ങളായിരിക്കും.	وَفُتِحَتِ ٱلسَّمَآءُ فَكَانَتْ أَبْوَٰبًا ﴿١٩﴾

1 "പരലോകത്തിന്റെ പേരുകളിലൊന്നാണ് 'യൗമുൽ ഫസ്വ്-ൽ'; വിധിനിർണ്ണയത്തിന്റെ ദിവസം എന്നർത്ഥം. ജനങ്ങൾക്കിടയിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളിൽ അല്ലാഹു വിധി പറയുന്ന ദിനമാണത്." (ഉഥൈമീൻ: 25)

(20) പർവ്വതങ്ങൾ സഞ്ചരിപ്പിക്കപ്പെടും; അവ മരീചിക പോലെ ആയിത്തീരുകയും ചെയ്യും.

وَسُيِّرَتِ ٱلْجِبَالُ فَكَانَتْ سَرَابًا ﴿٢٠﴾

തഫ്സീർ

ഇതിന് മുൻപുള്ള ആയത്തുകളിൽ അല്ലാഹുവിന്റെ അപാരമായ ശക്തി ബോധ്യപ്പെടുത്തുന്ന സൃഷ്ടിപ്പുകളെ കുറിച്ചാണ് അവൻ വിവരിച്ചത്. അതിന് ശേഷം പുനരുത്ഥാനത്തെ കുറിച്ചും പരലോകത്തെ കുറിച്ചും അല്ലാഹു വിവരിക്കുന്നു. മുൻപ് പറഞ്ഞ അനുഗ്രഹങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളവൻ മരിച്ചവരെ പുനരുജ്ജീവിപ്പിക്കാനും അവരെ വിചാരണ ചെയ്യാനും കഴിവുള്ളവനാണ് എന്ന ഓർമ്മപ്പെടുത്തൽ അതിലുണ്ട്.

(17) തീർച്ചയായും സൃഷ്ടികൾക്കിടയിൽ വിധി നിർണ്ണയിക്കപ്പെടുന്ന പുനരുത്ഥാന ദിവസത്തിന്റെ സമയം ആദ്യകാലക്കാർക്കും പിൽക്കാലക്കാർക്കും ഒരു പോലെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു; ഒരിക്കലും (നിശ്ചയിക്കപ്പെട്ടതിൽ നിന്ന്) അത് വ്യത്യാസപ്പെടുന്നതല്ല.

(18) മനുഷ്യരുടെ ഉയിർത്തെഴുന്നേൽപ്പിനും പുനരുജ്ജീവിതത്തിനും തുടക്കം കുറിച്ചു കൊണ്ട് മലക്ക് രണ്ടാമതും കാഹളത്തിൽ ഊതുന്നു ദിവസമാണത്. അന്നേ ദിവസം -ജനങ്ങളേ!- നിങ്ങളെല്ലാം കൂട്ടംകൂട്ടമായി, ഓരോ ജനതയും തങ്ങളുടെ നേതാവിനോടൊപ്പം വന്നെത്തുന്നതാണ്.

(19) അന്നേ ദിവസം ആകാശം തുറക്കപ്പെടും; തുറന്നിടപ്പെട്ട വാതിലുകൾ പോലെ അനേകം വിടവുകൾ അതിലുണ്ടായിരിക്കും. ധാരാളക്കണക്കായ മലക്കുകളുടെ ആഗമനം കാരണത്താലാണ് അത് തുറക്കപ്പെട്ടിരിക്കുന്നത്.

(20) ഉറപ്പോടെ നിലകൊണ്ടിരുന്ന പർവ്വതങ്ങൾ അന്നേ ദിവസം വീശിയെറിയപ്പെടുന്നതാണ്; അവ വിതറിയ ധൂളികളാക്കപ്പെടുകയും, ഒരു മരീചിക പോലെ ആയിത്തീരുകയും ചെയ്യും.

ആയത്തുകൾ 21-30

إِنَّ جَهَنَّمَ كَانَتْ مِرْصَادًا ﴿٢١﴾

(21) തീർച്ചയായും ‘ജഹന്നം’ (നരകാഗ്നി) പതിയിരിക്കുന്ന സ്ഥലമാകുന്നു

لِّلطَّٰغِينَ مَـَٔابًا ﴿٢٢﴾

(22) അതിരുകവിഞ്ഞവർക്ക് മടങ്ങിച്ചെല്ലാനുള്ള സ്ഥലമാണത്.

لَّٰبِثِينَ فِيهَآ أَحْقَابًا ﴿٢٣﴾

(23) യുഗങ്ങളോളം അവർ അതിൽ താമസിക്കുന്നവരായിരിക്കും.

لَّا يَذُوقُونَ فِيهَا
بَرْدًا وَلَا شَرَابًا ﴿٢٤﴾

(24) കുളിർമയോ കുടിനീരോ അവർ അവിടെ ആസ്വദിക്കുകയില്ല.

إِلَّا حَمِيمًا وَغَسَّاقًا ﴿٢٥﴾

(25) കൊടുംചൂടുള്ള വെള്ളമോ ‘ഗസ്സാഖോ’ അല്ലാതെ.

جَزَآءً وِفَاقًا ﴿٢٦﴾

(26) (അവരുടെ പ്രവർത്തനങ്ങൾക്ക്) അനുയോജ്യമായ പ്രതിഫലമത്രെ അത്.

إِنَّهُمْ كَانُواْ لَا يَرْجُونَ
حِسَابًا ﴿٢٧﴾

(27) തീർച്ചയായും അവർ യാതൊരു വിചാരണയും പ്രതീക്ഷിക്കുന്നില്ലായിരുന്നു.

وَكَذَّبُواْ بِـَٔايَٰتِنَا كِذَّابًا ﴿٢٨﴾

(28) നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ തീർത്തും നിഷേധിച്ചു തള്ളുകയും ചെയ്തു.

وَكُلَّ شَيْءٍ أَحْصَيْنَٰهُ
كِتَٰبًا ﴿٢٩﴾

(29) എല്ലാ കാര്യവും നാം എഴുതി തിട്ടപ്പെടുത്തിയിരിക്കുന്നു.

فَذُوقُواْ فَلَن نَّزِيدَكُمۡ إِلَّا عَذَابًا ﴿٣٠﴾

(30) അതിനാൽ നിങ്ങൾ (ശിക്ഷ) ആസ്വദിച്ചു കൊള്ളുക. തീർച്ചയായും നാം നിങ്ങൾക്ക് ശിക്ഷയല്ലാതൊന്നും വർദ്ധിപ്പിച്ചു തരികയില്ല.

തഫ്സീർ

(21) ഉയിർത്തെഴുന്നേൽപ്പിന്റെ ആ നാളിൽ നരകം പതിയിരിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നതാകുന്നു; (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവർക്ക് വേണ്ടിയാണ് അത് കാത്തുകാത്തിരിക്കുന്നത്.

(22-23) നരകം അതിക്രമികൾക്ക് മടങ്ങിച്ചെല്ലാനുള്ള സങ്കേതമായിരിക്കും. അവരതിൽ അവസാനമില്ലാതെ കാലങ്ങളോളം വസിക്കുന്നവരായിരിക്കും.

(24) കത്തിജ്വലിക്കുന്ന നരകത്തിന്റെ ചൂടിൽ നിന്ന് തണുപ്പ് നൽകുന്ന കുളിർമ്മയുള്ള കാറ്റോ, ആസ്വദിക്കാൻ കഴിയുന്ന എന്തെങ്കിലുമൊരു പാനീയമോ അവർക്കവിടെ ലഭിക്കുകയില്ല.

(25) ചുട്ടുതിളക്കുന്ന വെള്ളമോ, നരകക്കാരുടെ ചലങ്ങളിൽ നിന്നൊലിക്കുന്ന 'ഗസ്സാഖോ' അല്ലാതെ അവർ അവിടെ രുചിക്കുകയില്ല.

(26) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) അവർ നിഷേധിച്ചതിനും, വഴികേട് സ്വീകരിച്ചതിനുമുള്ള യോജിച്ച പ്രതിഫലമത്രെ അത്. ഇഹലോകത്ത് അവർ ചെയ്തു വെച്ചതിന് അനുയോജ്യമായ പ്രതിഫലം!

(27) ദുനിയാവിൽ ജീവിക്കുമ്പോൾ മരണശേഷം അല്ലാഹു തങ്ങളെ വിചാരണ ചെയ്യാനുണ്ട് എന്ന കാര്യം അവർ ഭയപ്പെട്ടിരുന്നേയില്ല. കാരണം മരണശേഷമുള്ള ഒരു ജീവിതത്തിൽ അവർക്ക് വിശ്വാസമേയുണ്ടായിരുന്നില്ല. ആ ഭയം അവർക്കുണ്ടായിരുന്നെങ്കിൽ അവർ അല്ലാഹുവിൽ വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു.

(28) നമ്മുടെ റസൂലിന്റെ മേൽ അവതരിപ്പിക്കപ്പെട്ട ദൃഷ്ടാന്തങ്ങ

ളെ അവർ അങ്ങേയറ്റം നിഷേധിച്ചു തള്ളുകയും ചെയ്തു.

(29) അവരുടെ എല്ലാ പ്രവർത്തനങ്ങളെയും നാം ക്ലിപ്തപ്പെടുത്തുകയും എണ്ണിത്തിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങളുടെ ഏടുകളിൽ അവയെല്ലാം രേഖപ്പെടുത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

(30) അതിനാൽ നിങ്ങൾ (ശിക്ഷ) ആസ്വദിച്ചു കൊള്ളുക. തീർച്ചയായും നാം നിങ്ങളുടെ ശിക്ഷകൾക്ക് മേൽ ശിക്ഷയല്ലാതെ മറ്റൊന്നും വർദ്ധിപ്പിക്കുന്നതല്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 17-21)** കാഹളത്തിൽ ഊതപ്പെടുന്നതോടെ ആ ദിവസം ഉണ്ടാകുന്ന ഞെട്ടിക്കുന്ന സംഭവങ്ങൾക്കും ആകുലതകൾക്കും കണക്കില്ല. കുട്ടികൾ പോലും നരച്ചു പോകുന്ന, ഹൃദയങ്ങളെ പിടിച്ചു കുലുക്കുന്ന കാഴ്ച്ചകളായിരിക്കും അവ. ആ ഭീകരമായ ദിവസത്തിൽ പർവ്വതങ്ങൾ സഞ്ചരിക്കപ്പെടുകയും, ആകാശം തുറന്നിടപ്പെടുകയും, ധിക്കാരികൾക്കായി ഒരുക്കി വെക്കപ്പെട്ട നരകം ആളിക്കത്തിക്കപ്പെടുകയും ചെയ്യുന്നതാണ്. (സഅ്ദി: 906)

» **(ആയത്ത്: 24-25)** മുഖങ്ങൾ പൊള്ളിച്ചു കളയുകയും ആമാശയങ്ങളെ തകർക്കുകയും ചെയ്യുന്ന ചൂടുള്ള വെള്ളമാണ് നരകക്കാർക്ക് നൽകപ്പെടുക. അതോടൊപ്പം, 'ഗസ്സാഖ്' എന്ന അങ്ങേയറ്റം ചീഞ്ഞളിഞ്ഞതും, വൃത്തികെട്ട രുചിയുള്ളതുമായ പാനീയവും അവർക്ക് നൽകപ്പെടും. (സഅ്ദി: 906)

» **(ആയത്ത്: 26-28)** നരകത്തിലെ കഠിനമായ ശിക്ഷകൾ നിഷേധികളുടെ പ്രവർത്തനങ്ങൾക്ക് യോജിച്ചവ മാത്രമായിരിക്കും. അല്ലാഹു അവരോട് തരിമ്പു പോലും അതിക്രമം കാണിച്ചിട്ടില്ല. മറിച്ച്, അവർ തന്നെയാണ് സ്വന്തങ്ങളോട് അതിക്രമം പ്രവർത്തിച്ചത്. ഇക്കാര്യം ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് നരകത്തിലെ ശിക്ഷ വിവരിച്ചതിന് ശേഷം അവരുടെ തിന്മകളും ധിക്കാരവും അല്ലാഹു ഉടനടി ഓർമ്മപ്പെടുത്തിയത്. (സഅ്ദി: 906)

» **(ആയത്ത്: 29)** ചെറുതും വലുതുമായ എല്ലാ നന്മകളും തിന്മകളും അല്ലാഹു 'ലൗഹുൽ മഹ്ഫൂദ്വ്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെ

ടുത്തിയിരിക്കുന്നു. അതിനാൽ തങ്ങൾ ചെയ്തിട്ടില്ലാത്ത തിന്മ കളുടെ പേരിൽ അല്ലാഹു തങ്ങളെ ശിക്ഷിച്ചു എന്നോ, തങ്ങളു ടെ നന്മകളിൽ ഏതെങ്കിലും അല്ലാഹു അവഗണിച്ചു കളഞ്ഞു വെന്നോ നരകാവകാശികൾ ധരിക്കേണ്ടതില്ല. അവരുടെ പ്രവർ ത്തനങ്ങളിൽ അണുമണിത്തൂക്കം വലുപ്പമുള്ള യാതൊന്നും വിസ്മൃതിയിൽ പെട്ടുപോവുകയില്ല. (സഅ്ദി: 906)

» **(ആയത്ത്: 30)** നരകത്തിൽ പ്രവേശിച്ച നിഷേധികളുടെ ശിക്ഷ വർദ്ധിച്ചു കൊണ്ടേയിരിക്കുന്നതാണ് എന്നറിയിക്കുന്ന ആയ ത്ത് നരകശിക്ഷയെ കുറിച്ച് അറിയിക്കുന്ന ഏറ്റവും ശക്തമായ ആയത്താണ്. അല്ലാഹു നരകത്തിൽ നിന്ന് നമ്മെ കാത്തുര ക്ഷിക്കട്ടെ. (സഅ്ദി: 906)

ആയത്തുകൾ 31-36

إِنَّ لِلْمُتَّقِينَ مَفَازًا ﴿٣١﴾

(31) തീർച്ചയായും സൂക്ഷ്മത (തഖ്‌വ) പാലിച്ചവർക്ക് വിജയമുണ്ട്.

حَدَآئِقَ وَأَعْنَٰبًا ﴿٣٢﴾ وَكَوَاعِبَ أَتْرَابًا ﴿٣٣﴾ وَكَأْسًا دِهَاقًا ﴿٣٤﴾

(32-34) അതായത് (സ്വർഗത്തിലെ) പൂന്തോട്ടങ്ങളും മുന്തിരികളും, തുടുത്ത മാറിടമുള്ള സമപ്രായക്കാരായ തരുണികളും, നിറഞ്ഞ പാനപാത്രങ്ങളും.

لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا ﴿٣٥﴾

(35) അവിടെ അനാവശ്യമായ ഒരു വാക്കോ വ്യാജവാർത്തയോ അവർ കേൾക്കുകയില്ല.

جَزَآءً مِّن رَّبِّكَ عَطَآءً حِسَابًا ﴿٣٦﴾

(36) (അത്) നിന്റെ റബ്ബിൽ നിന്നുള്ള ഒരു പ്രതിഫലവും, കണക്കൊത്ത ഒരു സമ്മാനവുമാകുന്നു.

തഫ്സീർ

(31) അല്ലാഹുവിന്റെ കൽപ്പനകൾ നിറവേറ്റിക്കൊണ്ടും അവൻ വിലക്കിയവ ഉപേക്ഷിച്ചു കൊണ്ടും തങ്ങളുടെ രക്ഷിതാവിനെ സൂ

ക്ഷിക്കുകയും അവനെ ഭയക്കുകയും, സൽകർമ്മങ്ങളും നന്മകളും പ്രവർത്തിക്കുകയും ചെയ്തവർക്ക് അവർ തേടിക്കൊണ്ടിരിക്കുന്ന വിജയത്തിന്റെ സ്ഥാനമുണ്ട്. സുഖാനുഗ്രഹങ്ങളുടെ സ്വർഗമാകുന്നു അത്.

(32-34) തോട്ടങ്ങളും മുന്തിരികളും, സമപ്രായക്കാരായ, തുടുത്ത മാറിടമുള്ള തരുണീമണികളും, മദ്യത്തിന്റെ നിറഞ്ഞ കോപ്പകളും അവർക്കുണ്ടായിരിക്കും.

(35) സ്വർഗത്തിൽ നിരർത്ഥകമായ ഒരു വാക്കോ, കളവോ അവർ കേൾക്കുകയില്ല. അവർ പരസ്പരം കളവ് പറയുകയുമില്ല.

(36) ഇതെല്ലാം അല്ലാഹു അവർക്ക് അനുഗ്രഹമായി നൽകിയതിൽ പെട്ടതാകുന്നു. അല്ലാഹു നൽകുന്ന മതിയായ സമ്മാനമത്രെ അത്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 32)** സ്വർഗത്തിലെ തോട്ടങ്ങൾ വ്യതസ്ത തരത്തിലുള്ള ഫലവർഗങ്ങളാൽ പൂത്തുലഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളാൽ സമൃദ്ധമായിരിക്കും. അവക്കിടയിലൂടെ അരുവികൾ പൊട്ടിയൊഴുകുന്നു. ഈ തോട്ടങ്ങളിൽ മുന്തിരിയെ കുറിച്ച് പ്രത്യേകം പരാമർശിച്ചത് അതിന്റെ ശ്രേഷ്ഠത കാരണത്താലും, സ്വർഗീയാരാമങ്ങളിൽ അവക്കുള്ള ആധിക്യം കാരണത്താലുമാണ്. (സഅ്ദി: 907)

» **(ആയത്ത്: 33)** സ്വർഗസ്ത്രീകളെ കുറിച്ച് രണ്ട് വിശേഷണങ്ങളാണ് ഈ വചനങ്ങളിൽ വന്നത്. ഒന്ന്; 'കവാഇബ്' (كَوَاعِبُ) എന്നതാണ്; തുടുത്ത മാറിടമുള്ളവർ എന്നർത്ഥം. സ്വർഗസ്ത്രീകളുടെ യുവത്വവും ഉന്മേഷവും തുടിപ്പും സൂചിപ്പിക്കുന്നതിനാണ് ഈ വിശേഷണം. രണ്ട്; 'അത്റാബ്' (أَتْرَابٌ) എന്നതാണ്; അവർ സമപ്രായക്കാരായിരിക്കും എന്നർത്ഥം. കാരണം സമപ്രായക്കാരായ സ്ത്രീകൾ പരസ്പരം കൂട്ടുകാരികളെ പോലെ ഇടപഴകുന്നവരായിരിക്കും. യുവത്വം ഏറ്റവും ശക്തമായ മുപ്പത്തിമൂന്ന് വയസ്സായിരിക്കും അവരുടെ പ്രായം (എന്ന് ഹദീഥുകളിലുണ്ട്). (സഅ്ദി: 907)

» **(ആയത്ത്: 36)** അല്ലാഹു അവനിൽ വിശ്വസിച്ചവർക്ക് നൽകുന്ന പ്രതിഫലം അവന്റെ പക്കൽ നിന്നുള്ള നന്മയും ഔദാര്യവും മാത്രമാകുന്നു. സ്വർഗം നേടിയെടുക്കാൻ കാരണമായ പ്രവർ

ത്തനങ്ങളിലേക്ക് അവരെ നയിച്ചത് അല്ലാഹു തന്നെയാണ്. അവരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലമായി സ്വർഗത്തെ നിശ്ചയിച്ചതും അവൻ തന്നെ. (സഅ്ദി: 907)

ആയത്തുകൾ 37-40

رَّبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾

(37) ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളതിന്റെയും റബ്ബും റഹ്മാനുമായുള്ളവന്റെ (സമ്മാനം.) അവനുമായി (അനുവാദമില്ലാതെ) സംഭാഷണത്തിൽ ഏർപ്പെടാൻ അവർക്കു സാധിക്കുകയില്ല.

يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾

(38) 'റൂഹും' (ജിബ്രീൽ) മലക്കുകളും അണിയായി നിൽക്കുന്ന ദിവസം. റഹ്മാനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല.

ذَٰلِكَ ٱلْيَوْمُ ٱلْحَقُّ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴿٣٩﴾

(39) അതത്രെ 'യൗമുൽ ഹഖ്'. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്നെങ്കിൽ തന്റെ റബ്ബിലേക്കുള്ള മടക്കത്തിന്റെ മാർഗം അവൻ സ്വീകരിക്കട്ടെ.

إِنَّآ أَنذَرْنَٰكُمْ عَذَابًا قَرِيبًا يَوْمَ يَنظُرُ ٱلْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ ٱلْكَافِرُ يَٰلَيْتَنِى كُنتُ تُرَٰبًۢا ﴿٤٠﴾

(40) ആസന്നമായ ഒരു ശിക്ഷയെ പറ്റി തീർച്ചയായും നിങ്ങൾക്ക് നാം മുന്നറിയിപ്പ് നൽകിയിരിക്കുന്നു. മനുഷ്യൻ തന്റെ കൈകൾ ചെയ്തുകൂട്ടിയ പ്രവർത്തനങ്ങൾ നോക്കിക്കാണുകയും, 'ആഹ്! ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് (അല്ലാഹുവിനെയും റസൂലിനെയും പരലോകത്തെയും) നിഷേധിച്ചവൻ പറയുകയും ചെയ്യുന്ന ദിവസം.

തഫ്സീർ

(37) (മുൻവചനങ്ങളിൽ പറയപ്പെട്ട, സ്വർഗക്കാർക്ക് നൽകപ്പെടാനിരിക്കുന്ന) ഈ പ്രതിഫലവും അനുഗ്രഹങ്ങളുമെല്ലാം ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളതിന്റെയും റബ്ബും [1], അതിവിശാലമായ കാരുണ്യമുള്ളവനുമായ (റഹ്മാനായ) അല്ലാഹുവിൽ നിന്നുള്ള പ്രതിഫലവും സമ്മാനവുമാണ്.

ഭൂമിയിലും ആകാശങ്ങളിലുമുള്ള ഒരു സൃഷ്ടിക്കും അല്ലാഹു അനുമതി നൽകിയാലല്ലാതെ, അവൻ അനുമതി നൽകിയ വിഷയമല്ലാതെ (അന്ത്യനാളിൽ) അവനോട് ചോദിക്കാൻ സാധിക്കുന്നതല്ല.

---

1 'അർ-റബ്ബ്' (الـرَّبُّ) എന്നത് അല്ലാഹുവിന്റെ മഹത്തരമായ നാമങ്ങളിൽ പെട്ടതാണ്. പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിക്കുകയും ഉടമപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നവനാണ് 'റബ്ബ്'. ഒരു കേവല വാക്കർത്ഥത്തിൽ ഒതുക്കാവുന്ന ഒരു നാമമല്ല എന്നതിനാൽ ഈ തഫ്സീറിൽ വിവർത്തനം നൽകാതെ, 'റബ്ബ്' എന്നു തന്നെ പ്രയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. അല്ലാഹുവിന്റെ റുബൂബിയ്യത്ത് (രക്ഷാകർതൃത്വം) എന്ന വിശേഷണം അറിയിക്കുന്ന നാമമാണ് റബ്ബ്. പടിപടിയായി വളർത്തികൊണ്ടുവരികയും, ഓരോ ഘട്ടത്തിലും ആവശ്യമായവ നൽകുകയും സംവിധാനിക്കുകയും ചെയ്യുക എന്നതാണ് രക്ഷാകർതൃത്വം എന്നത് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

(38) ജിബ്രീലും മലക്കുകളും അണിയണിയായി നിൽക്കുന്ന ആ ദിവസം. അതിവിശാലമായ കാരുണ്യമുള്ളവനായ (റഹ്മാനായ) അല്ലാഹു അനുമതി നൽകിയവർക്കല്ലാതെ -അല്ലാഹുവിന്റെ ഏകത്വം അറിയിക്കുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക് പോലുള്ള നേരായവാക്ക് പറഞ്ഞവർക്കുമല്ലാതെ-, ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടിയും ശുപാർശ പറയാൻ സംസാരിക്കുകയില്ല.

(39) നിങ്ങൾക്ക് വിശദീകരിച്ചു നൽകപ്പെട്ട ഈ ദിനം; സംഭവിക്കുമെന്നതിൽ ഒരു സംശയവുമില്ലാത്ത ദിനമത്രെ അത്. അതിനാൽ അന്നേദിവസം അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ ആരെങ്കിലും ഉദ്ദേശിക്കുന്നെങ്കിൽ അവൻ തന്റെ രക്ഷിതാവിനെ തൃപ്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ചെയ്തു കൊണ്ട് അതിലേക്കുള്ള മാർഗം കണ്ടെത്തി കൊള്ളട്ടെ.

(40) ഹേ ജനങ്ങളേ! അടുത്തു തന്നെ സംഭവിക്കാനിരിക്കുന്ന അന്ത്യനാളിനെ കുറിച്ചും, ശിക്ഷയെ കുറിച്ചും നാം നിങ്ങൾക്ക് താക്കീത് നൽകിയിരിക്കുന്നു. അന്നേ ദിവസം മനുഷ്യൻ താൻ പ്രവർത്തിച്ച ഓരോ നന്മയും, ചെയ്തുവെച്ച എല്ലാഓരോ തിന്മയും നോക്കിക്കാണും.

മൃഗങ്ങളോട് 'നിങ്ങൾ മണ്ണായിക്കൊള്ളുക' എന്ന് പറയപ്പെടുമ്പോൾ വിചാരണയുടെ ഭീതി സഹിക്കവയ്യാതെ -ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടിരുന്നെങ്കിലെന്ന ആശയോടെ- അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും നിഷേധിച്ചവർ അന്നേ ദിവസം പറയും: ‘മണ്ണായി തീർന്ന ഈ മൃഗങ്ങളെ പോലെ ഞാനും മണ്ണായി മാറിയിരുന്നെങ്കിൽ; ഞാൻ ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ടിരുന്നില്ലെങ്കിൽ (എത്ര നന്നായിരുന്നു)..!’

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 37)** സൃഷ്ടികളെല്ലാം അന്ത്യനാളിൽ നിശബ്ദമായിരിക്കും. അവരിലൊരാൾ പോലും അന്ന് ഒരക്ഷരവും ഉരിയാടുന്നതല്ല. അല്ലാഹുവിന്റെ ശക്തിയും പ്രതാപവും സർവ്വാധികാരവും പ്രകടമാക്കുന്ന കാര്യമാണത്. (സഅ്ദി: 907)

» **(ആയത്ത്: 39)** അന്ത്യനാളിന് നൽകപ്പെട്ട പേരുകളിലൊന്നാണ് 'യൗമുൽ ഹഖ്'. കാരണം ആ ദിവസം ഒരാൾക്ക് സംസാരി

ക്കാൻ കഴിയണമെങ്കിൽ -ഈ ആയത്തുകളിൽ വിവരിക്കപ്പെട്ടത് പോലെ- രണ്ട് നിബന്ധനകൾ പാലിക്കപ്പെട്ടിരിക്കണം.

ഒന്ന്; അല്ലാഹു അവന് അനുമതി നൽകണം. രണ്ട്; അവൻ സത്യം പറഞ്ഞവനായിരിക്കണം. കാരണം 'യൗമുൽ ഹഖിന്റെ' ദിവസത്തിൽ സത്യമല്ലാത്ത -ഹഖല്ലാത്ത- യാതൊന്നും നിലനിൽക്കില്ല. കളവുകൾ ഒരു പ്രയോജനവും ചെയ്യാത്ത ഒരു ദിനം തന്നെയാകുന്നു അത്! (സഅ്ദി: 907)

» **(ആയത്ത്: 40)** ഈ അദ്ധ്യായത്തിലെ വചനങ്ങളിൽ അല്ലാഹു മനുഷ്യർക്ക് സ്വർഗത്തെ കുറിച്ച് പ്രതീക്ഷകൾ നൽകുകയും, നരകത്തെ കുറിച്ച് താക്കീത് നൽകുകയും ചെയ്തിരിക്കുന്നു. അവനെ ആഗ്രഹിപ്പിക്കുകയും ഭീതിയിലാഴ്ത്തുകയും ചെയ്യുന്ന വിവരണങ്ങൾ ഈ വചനങ്ങളിൽ വന്നിരിക്കുന്നു. ശേഷം അന്ത്യനാളിൽ താൻ പ്രവർത്തിച്ച കാര്യങ്ങൾ മനുഷ്യൻ വീക്ഷിക്കുന്നതാണെന്ന് അവൻ അറിയിക്കുകയും ചെയ്തിരിക്കുന്നു.

മടങ്ങാനിരിക്കുന്ന ഈ പരലോകത്തെ കുറിച്ച് ഭയപ്പെടുകയും, അതിന്റെ കാര്യം ആകുലപ്പെടുത്തുകയും ചെയ്യുന്നവർ തന്റെ ഈ ദുനിയാവിലെ ജീവിതത്തെ കുറിച്ച് ഒരു പരിശോധന നടത്തട്ടെ. അല്ലാഹു പറഞ്ഞതു പോലെ:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَلْتَنظُرْ نَفْسٌ مَّا قَدَّمَتْ لِغَدٍ

“(ഇസ്ലാമിൽ) വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ.” (ഹശ്ർ: 18)

ആത്മപരിശോധനയിൽ ആർക്കെങ്കിലും തന്റെ ജീവിതത്തിൽ നന്മയാണ് കണ്ടെത്താൻ കഴിയുന്നത് എങ്കിൽ അവൻ തന്റെ റബ്ബിനെ സ്തുതിക്കട്ടെ. ആർക്കെങ്കിലും മറ്റു വല്ലതുമാണ് കാണാൻ കഴിയുന്നതെങ്കിൽ അവൻ സ്വന്തത്തെയല്ലാതെ മറ്റാരെയും പഴിക്കേണ്ടതില്ല! (സഅ്ദി: 907)

സൂറ. നാസിആത്ത്

سُورَةُ النَّازِعَاتِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 46.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- നാസിആത്ത് (النَّازِعَاتُ): സൂറത്തിന്റെ ആരംഭം നാസിആത്ത് എന്ന പദം കൊണ്ടാണ്. മനുഷ്യരുടെ ആത്മാവുകളെ ഊരിയെടുക്കുന്ന മലക്കുകളെ ഉദ്ദേശിച്ചു കൊണ്ടാണ് ഈ പദം അവിടെ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

2- ത്വാമ്മ (الطَّامَّةُ): സൂറത്തിലെ 34 ാമത്തെ ആയത്തിൽ ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഭീതി കൊണ്ട് വലയം ചെയ്യുന്ന പരലോകത്തെ ഉദ്ദേശിച്ചു കൊണ്ടാണ് ഈ പദം അവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറ. നാസിആത്ത്. ഇതല്ലാതെ പ്രത്യേകമായ ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മരണശേഷമുള്ള പുനരുത്ഥാനവും, പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്ന പ്രതിഫലനാളും ഉണ്ടെന്ന കാര്യം ശപഥങ്ങളിലൂടെ ഊന്നിപ്പറഞ്ഞു കൊണ്ട് സ്ഥാപിക്കുന്നു.

* മരണശേഷം ഇനിയൊരു ജീവിതം ഉണ്ടാകില്ലെന്ന ബഹുദൈവാരാധകരുടെ വാദത്തെയും, അതിന് തെളിവായി അവർ കൊണ്ടുവരുന്ന ആശയക്കുഴപ്പങ്ങളെയും ദുരീകരിക്കുന്നു.

* അന്ത്യനാളിന്റെ ഭീതിനിറഞ്ഞ സ്ഥിതിഗതികളും, അന്നേ ദിവസം ജനങ്ങളുടെ അവസ്ഥ എന്തായിരിക്കുമെന്നതും വിവരിക്കുന്നു.

ആയത്തുകൾ 1-14

(1) ഇറങ്ങിച്ചെന്ന് ഊരിയെടുക്കുന്നവ തന്നെയാണ് സത്യം.	وَٱلنَّٰزِعَٰتِ غَرۡقٗا ﴿١﴾
(2) സൗമ്യതയോടെ പുറത്തെടുക്കുന്നവ തന്നെയാണ് സത്യം.	وَٱلنَّٰشِطَٰتِ نَشۡطٗا ﴿٢﴾
(3) ഒഴുകി വരുന്നവ തന്നെയാണ് സത്യം.	وَٱلسَّٰبِحَٰتِ سَبۡحٗا ﴿٣﴾
(4) എന്നിട്ടു മുന്നോട്ടു കുതിച്ചു പോകുന്നവ തന്നെയാണ് സത്യം.	فَٱلسَّٰبِقَٰتِ سَبۡقٗا ﴿٤﴾
(5) കാര്യം നിയന്ത്രിക്കുന്നവയും തന്നെയാണ് സത്യം.	فَٱلۡمُدَبِّرَٰتِ أَمۡرٗا ﴿٥﴾
(6) ആ നടുക്കുന്ന സംഭവം നടുക്കമുണ്ടാക്കുന്ന ദിവസം.	يَوۡمَ تَرۡجُفُ ٱلرَّاجِفَةُ ﴿٦﴾
(7) അതിനെ തുടർന്ന് അതിന്റെ പിന്നാലെ മറ്റൊന്നും.	تَتۡبَعُهَا ٱلرَّادِفَةُ ﴿٧﴾
(8) ചില ഹൃദയങ്ങൾ അന്നു വിറച്ചു കൊണ്ടിരിക്കും.	قُلُوبٞ يَوۡمَئِذٖ وَاجِفَةٌ ﴿٨﴾
(9) അവയുടെ കണ്ണുകൾ അന്ന് കീഴ്പോട്ടു താഴ്ന്നിരിക്കും.	أَبۡصَٰرُهَا خَٰشِعَةٞ ﴿٩﴾
(10) അവർ പറയുന്നു: നാം (നമ്മുടെ) മുൻസ്ഥിതിയിലേക്ക് മടക്കപ്പെടുന്നവരാണോ?	يَقُولُونَ أَءِنَّا لَمَرۡدُودُونَ فِي ٱلۡحَافِرَةِ ﴿١٠﴾
(11) നാം ജീർണ്ണിച്ച എല്ലുകളായി കഴിഞ്ഞാലും (നമുക്ക് മടക്കമോ?)	أَءِذَا كُنَّا عِظَٰمٗا نَّخِرَةٗ ﴿١١﴾

قَالُوا۟ تِلْكَ إِذًا كَرَّةٌ خَاسِرَةٌ ﴿١٢﴾

(12) അവർ പറഞ്ഞു: അങ്ങനെയാണെങ്കിൽ നഷ്ടകരമായ ഒരു മടക്കമായിരിക്കും അത്.

فَإِنَّمَا هِىَ زَجْرَةٌ وَٰحِدَةٌ ﴿١٣﴾

(13) അത് ഒരേയൊരു ഘോരശബ്ദം മാത്രമായിരിക്കും.

فَإِذَا هُم بِٱلسَّاهِرَةِ ﴿١٤﴾

(14) അപ്പോഴതാ അവർ ഭൂമുഖത്ത് എത്തിക്കഴിഞ്ഞു.

തഫ്സീർ

(1) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവരുടെ ആത്മാവുകളെ കാഠിന്യത്തോടെയും പരുഷതയോടെയും ഊരിയെടുക്കുന്ന മലക്കുകളെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(2) (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും വിശ്വസിച്ചവരായ) മുഅ്മിനീങ്ങളുടെ ആത്മാവുകളെ എളുപ്പത്തിലും സൗമ്യമായും ഊരിയെടുക്കുന്ന മലക്കുകളെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(3) ആകാശത്ത് നിന്നു ഭൂമിയിലേക്ക് അല്ലാഹുവിന്റെ കൽപ്പനയുമായി ഒഴുകിവരുകയും, ആകാശത്തിലേക്ക് തിരിച്ചു കയറിപ്പോവുകയും ചെയ്യുന്ന മലക്കുകളെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(4) അല്ലാഹുവിന്റെ കൽപന നിറവേറ്റാൻ മുന്നോട്ട് കുതിക്കുകയും, അത് ഉടനടി നടപ്പിലാക്കാൻ മത്സരിക്കുകയും ചെയ്യുന്ന മലക്കുകളിൽ ചിലരെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(5) അല്ലാഹു പ്രപഞ്ചത്തിൽ നടപ്പിലാക്കാൻ ഏൽപ്പിച്ച അവന്റെ കൽപ്പനകൾ നിറവേറ്റുന്ന മലക്കുകളെ കൊണ്ട് അവൻ സത്യം ചെയ്തിരിക്കുന്നു. മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ ഏൽപ്പിക്കപ്പെട്ട മലക്കുകൾ ഉദാഹരണം.

ശ്രദ്ധിക്കുക: അല്ലാഹു സർവ്വതിന്റെയും സ്രഷ്ടാവാണ്. അവൻ

താൻ ഉദ്ദേശിക്കുന്ന തന്റെ സൃഷ്ടികളെ കൊണ്ട് സത്യം ചെയ്യുന്നതാണ്. എന്നാൽ സൃഷ്ടികൾ അവരുടെ സ്രഷ്ടാവായ അല്ലാഹുവിന്റെ പേരിൽ മാത്രമേ ശപഥം ചെയ്യാൻ പാടുള്ളൂ. ആരെങ്കിലും സൃഷ്ടികളെ കൊണ്ട് ശപഥം ചെയ്താൽ അവൻ ശിർക്ക് പ്രവർത്തിച്ചിരിക്കുന്നു.

ഒന്നു മുതൽ അഞ്ചു വരെയുള്ള വചനങ്ങളിൽ അല്ലാഹു ആവർത്തിച്ചു ശപഥം ചെയ്തിരിക്കുന്നത് അന്ത്യനാളിൽ എല്ലാ മനുഷ്യരെയും അവൻ വിചാരണക്കായും പ്രതിഫലം നൽകുന്നതിനായും ഉയർത്തെഴുന്നേൽപ്പിക്കുന്നതാണ് എന്ന കാര്യം ഊന്നിപ്പറയുന്നതിന് വേണ്ടിയാണ്.

(6) ഒന്നാമതായി കാഹളത്തിൽ ഊതപ്പെടുമ്പോൾ ഭൂമി നടുങ്ങി വിറക്കുന്ന ആ ദിവസം. കാഹളത്തിൽ ആദ്യം ഊതപ്പെടുന്നതോടെ ഏവരും മരിക്കുന്നതാണ്.

(7) ഒന്നാമത്തെ കാഹളമൂത്തിനെ പിന്തുടർന്നു കൊണ്ട് രണ്ടാമതും കാഹളത്തിൽ ഊതപ്പെടും. രണ്ടാമതുള്ള കാഹളമൂത്തോടെ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും.

(8) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ച മനുഷ്യരുടെ ഹൃദയങ്ങൾ അന്നേ ദിവസം ഭയത്താൽ വിറച്ചു കൊണ്ടിരിക്കുന്നതാണ്.

(9) കൺമുന്നിൽ കാണുന്ന കാഴ്ച്ചകളുടെ ഭീകരതയും, (തങ്ങൾ ചെയ്തു വെച്ച പ്രവർത്തനങ്ങൾ ഓർത്തു കൊണ്ടുള്ള) അപമാനത്താലും അവരുടെ കണ്ണുകൾ താഴ്ന്നിരിക്കും.

(10) ഭൂമിയിൽ ജീവിക്കുമ്പോൾ അവർ പറയാറുണ്ടായിരുന്നു: നമ്മുടെ മരണശേഷം പഴയ സ്ഥിതിയിലേക്ക് -ഭൂമിയിൽ ജീവനുള്ളവരായി- നാം തിരിച്ചു മടക്കപ്പെടുമെന്നോ?!

(11) നുരുമ്പിയ, പൊള്ളയായ എല്ലുകളായി മാറിയതിന് ശേഷവും (ജീവിതത്തിലേക്ക്) ഒരു മടക്കമുണ്ടാകുമെന്നോ?!

(12) അവർ പറഞ്ഞു: (ജീവിതത്തിലേക്ക്) വീണ്ടും നാം മടങ്ങിപ്പോവുകയാണെങ്കിൽ നഷ്ടം നിറഞ്ഞ, പരാജിതമായ ഒരു മടക്കം തന്നെയായിരിക്കും അത്.

(13) പുനരുത്ഥാനത്തിന്റെ കാര്യം (അല്ലാഹുവിന്) വളരെ നിസ്സാരമാണ്. കാഹളത്തിൽ ഊതാൻ ഏൽപ്പിക്കപ്പെട്ട മലക്ക് ഒരു തവണ

അതിൽ ഊതേണ്ട താമസം മാത്രമേ അതിന് വേണ്ടതായുള്ളൂ.

(14) അതോടെ ഭൂമിക്കടിയിൽ മരിച്ചു കിടന്നിരുന്നവരെല്ലാം അതിന് മുകളിൽ ജീവനുള്ളവരായി ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-5)** മലക്കുകളെ കൊണ്ടും അവർ അല്ലാഹുവിന് കീഴൊതുങ്ങുന്നതിന്റെ രൂപം വിവരിച്ചു കൊണ്ടുമുള്ള ഈ ശപഥങ്ങളുടെ പിന്നിലെ ഉദ്ദേശ്യം രണ്ടാലൊരു കാര്യമായിരിക്കാം.

ഒന്നല്ലെങ്കിൽ, പുനരുത്ഥനവും പ്രതിഫലനാളും സത്യമാണ് എന്ന വസ്തുത ഊന്നിയൂന്നി പറയുക എന്നതായിരിക്കാം ഈ ശപഥങ്ങളുടെ പിന്നിലെ ഉദ്ദേശ്യം. ശേഷമുള്ള ആയത്തുകളിൽ ഈ വിഷയമാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത് എന്നത് ഈ അഭിപ്രായത്തിന് പിൻബലം നൽകുന്നുമുണ്ട്.

രണ്ടാമതൊരു സാധ്യത, ഈ ശപഥം കൊണ്ട് ഉദ്ദേശിക്കുന്നത് അതിൽ പരമാർശിക്കപ്പെട്ട മലക്കുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഊന്നിപ്പറയുക എന്നത് തന്നെയാണ്. മലക്കുകളിലുള്ള വിശ്വാസം ഈമാനിന്റെ ആറ് സ്തംഭങ്ങളിൽ പെട്ടതു കൂടിയാണ് എന്ന കാര്യവും ഓർക്കുക. (സഅ്ദി: 908)

» **(ആയത്ത്: 5)** ആകാശഭൂമികളിലെ അനേകം കാര്യങ്ങൾ നിയന്ത്രിക്കാൻ അല്ലാഹു മലക്കുകളെ ഏൽപ്പിച്ചിരിക്കുന്നു. മഴ പെയ്യിക്കുന്നതിനും, ചെടികളും വൃക്ഷങ്ങളും മുളപ്പിക്കുന്നതിനും, കാറ്റ് നിയന്ത്രിക്കുന്നതിനും, സമുദ്രത്തിന്റെയും ഗർഭസ്ഥശിശുക്കളുടെയും സ്വർഗനരകങ്ങളുടെയുമെല്ലാം കാര്യങ്ങൾ ഏൽപ്പിക്കപ്പെട്ട മലക്കുകളുണ്ട്. (സഅ്ദി: 908)

ആയത്തുകൾ 15-26

هَلۡ أَتَىٰكَ حَدِيثُ مُوسَىٰٓ ١٥

(15) മൂസാ നബിയുടെ വർത്തമാനം താങ്കൾക്ക് വന്നെത്തിയോ?

إِذۡ نَادَىٰهُ رَبُّهُۥ بِٱلۡوَادِ ٱلۡمُقَدَّسِ طُوًى ١٦

(16) ത്വുവാ എന്ന പരിശുദ്ധ താഴ്വരയിൽ വെച്ച് അദ്ദേഹത്തിന്റെ റബ്ബ് അദ്ദേഹത്തെ വിളിച്ച സന്ദർഭം:

(17) നീ ഫിർഔനിന്റെ അടുത്തേക്കു പോകുക. തീർച്ചയായും അവൻ അതിരുകവിഞ്ഞിരിക്കുന്നു.

ٱذۡهَبۡ إِلَىٰ فِرۡعَوۡنَ
إِنَّهُۥ طَغَىٰ ١٧

(18) എന്നിട്ട് ചോദിക്കുക: നീ പരിശുദ്ധി പ്രാപിക്കാൻ തയ്യാറുണ്ടോ?

فَقُلۡ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ١٨

(19) നിന്റെ റബ്ബിലേക്ക് നിനക്ക് ഞാൻ മാർഗദർശനം നൽകാം; അങ്ങനെ നിനക്ക് അവനോട് ഭയഭക്തിയുള്ളവനാകാം.

وَأَهۡدِيَكَ إِلَىٰ رَبِّكَ
فَتَخۡشَىٰ ١٩

(20) അങ്ങനെ അദ്ദേഹം (മൂസാ) അവന്ന് ആ മഹത്തായ ദൃഷ്ടാന്തം കാണിച്ചുകൊടുത്തു.

فَأَرَىٰهُ ٱلۡأٓيَةَ ٱلۡكُبۡرَىٰ ٢٠

(21) അപ്പോൾ അവൻ നിഷേധിച്ചു തള്ളുകയും ധിക്കരിക്കുകയും ചെയ്തു.

فَكَذَّبَ وَعَصَىٰ ٢١

(22) പിന്നെ, അവൻ എതിർ ശ്രമങ്ങൾ നടത്തുവാനായി പിന്തിരിഞ്ഞു പോയി.

ثُمَّ أَدۡبَرَ يَسۡعَىٰ ٢٢

(23-24) അങ്ങനെ അവൻ (തന്റെ ആളുകളെ) ഒരുമിച്ചു കൂട്ടി വിളംബരം നടത്തിക്കൊണ്ട് പറഞ്ഞു: “ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു.”

فَحَشَرَ فَنَادَىٰ ٢٣
فَقَالَ أَنَا۠ رَبُّكُمُ ٱلۡأَعۡلَىٰ ٢٤

(25) അപ്പോൾ പരലോകത്തിലെയും ഇഹലോകത്തിലെയും ശിക്ഷക്കായി അല്ലാഹു അവനെ പിടികൂടി.

فَأَخَذَهُ ٱللَّهُ نَكَالَ
ٱلۡأٓخِرَةِ وَٱلۡأُولَىٰٓ ٢٥

(26) തീർച്ചയായും അതിൽ ഭയപ്പെടുന്നവർക്ക് ഒരു ഗുണപാഠമുണ്ട്.

إِنَّ فِي ذَٰلِكَ لَعِبۡرَةٗ
لِّمَن يَخۡشَىٰٓ ٢٦

തഫ്സീർ

(15) അല്ലാഹുവിന്റെ റസൂലേ! മൂസയുടെ വർത്തമാനം താങ്കൾക്ക് വന്നെത്തിയോ; അദ്ദേഹത്തിന്റെ രക്ഷിതാവായ അല്ലാഹുവുമായി ഉണ്ടായതും, ശത്രുവായ ഫിർഔനുമായി സംഭവിച്ചതും?

(16) മൂസായെ അദ്ദേഹത്തിന്റെ രക്ഷിതാവ് പരിശുദ്ധമായ ത്വുവാ താഴ്‌വരയിൽ വെച്ച് വിളിച്ച സന്ദർഭം.

(17) അല്ലാഹു മൂസായോട് സംസാരിച്ച കാര്യങ്ങളിൽ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: നീ ഫിർഔനിന്റെ അടുക്കൽ ചെല്ലുക. അവൻ അതിക്രമം പ്രവർത്തിക്കുന്നതിലും അഹങ്കാരം നടിക്കുന്നതിലും വളരെ അതിരു കവിഞ്ഞിരിക്കുന്നു.

(18) നീ അവനോട് ചോദിക്കുക: 'ഹേ ഫിർഔൻ! നീ (അല്ലാഹുവിനെ) നിഷേധിക്കുന്നതും, തിന്മകൾ പ്രവർത്തിക്കുന്നതും വെടിഞ്ഞ് പരിശുദ്ധി പ്രാപിക്കാൻ തയ്യാറുണ്ടോ?'

(19) 'നിന്നെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്ത നിന്റെ രക്ഷിതാവിലേക്ക് ഞാൻ നിനക്ക് വഴി കാണിച്ചു തരാം. അങ്ങനെ നീ അവനോട് ഭയഭക്തിയുള്ളവനായി തീരുകയും, അല്ലാഹുവിന് തൃപ്തികരമായത് പ്രവർത്തിക്കുകയും, അവന് കോപമുണ്ടാക്കുന്നതിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുമോ?' എന്നും അവനോട് ചോദിക്കുക.

(20) അങ്ങനെ മൂസാ -ﷺ- താൻ അല്ലാഹുവിൽ നിന്നുള്ള ദൂതനാണ് എന്ന് തെളിയിക്കുന്ന മഹത്തരമായ ആ ദൃഷ്ടാന്തം ഫിർഔന് കാണിച്ചു കൊടുത്തു. തന്റെ വസ്ത്രത്തിനുള്ളിൽ കൈ പ്രവേശിപ്പിച്ച ശേഷം പുറത്തെടുത്താൽ അത് പ്രകാശിക്കുമെന്നതും, അദ്ദേഹത്തിന്റെ കയ്യിലുള്ള വടി താഴെയിട്ടാൽ സർപ്പമാകുമെന്നതുമായിരുന്നു ആ ദൃഷ്ടാന്തങ്ങൾ.

(21) എന്നാൽ ഫിർഔൻ ആ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും, അല്ലാഹുവിന്റെ ദൂതനായ മൂസാ -ﷺ- യെ നിഷേധിക്കുകയും കളവാക്കുകയും മാത്രമാണുണ്ടായത്.

(22) മൂസാ -ﷺ- കൊണ്ടു വന്നതിൽ വിശ്വസിക്കുന്നതിൽ നിന്ന് അവൻ തിരിഞ്ഞു കളഞ്ഞു.

(23-24) മൂസാ -ﷺ- യെ പരാജയപ്പെടുത്തുന്നതിനായി തന്റെ സൈന്യത്തെ ഒരുമിച്ചു കൂട്ടുന്നതിനായി ഫിർഔൻ മടങ്ങിപ്പോയി. തന്റെ രാജ്യത്തുള്ള ജനങ്ങളെയെല്ലാം വിളിച്ചു കൂട്ടിക്കൊണ്ട് അവൻ ഇപ്രകാരം പറയുകയും ചെയ്തു: "ഞാനാകുന്നു ഉന്നതനായ നിങ്ങളുടെ രക്ഷിതാവ്. എനിക്ക് മുകളിൽ ഒരു രക്ഷിതാവുമില്ല. എന്നെയല്ലാതെ മറ്റാരെയും നിങ്ങൾ അനുസരിക്കേണ്ടതുമില്ല."

(25) അപ്പോൾ അല്ലാഹു അവനെ പിടികൂടുകയും, അവനോട് പ്രതികാരനടപടി സ്വീകരിക്കുകയും ചെയ്തു. ഇഹലോകത്ത് അവനുള്ള ശിക്ഷയായി അല്ലാഹു അവനെ മുക്കിനശിപ്പിച്ചു. പരലോകത്ത് ഏറ്റവും കഠിനമായ ശിക്ഷയിൽ അല്ലാഹു അവനെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.

(26) ഇരുലോകത്തും ഫിർഔന് നാം നൽകിയ ഈ ശിക്ഷയിൽ അല്ലാഹുവിനെ ഭയക്കുന്നവർക്ക് തീർച്ചയായും ഗുണപാഠങ്ങളുണ്ട്. ഉപദേശങ്ങൾ ഫലപ്പെടുക അത്തരക്കാർക്ക് തന്നെയാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 17-20)** ഫിർഔനിനോട് സംസാരിക്കുമ്പോൾ സൗമ്യത പാലിക്കണമെന്ന് മൂസാ -ﷺ- യോട് അല്ലാഹു കൽപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്ന പ്രബോധകന്മാർ തങ്ങളുടെ കേൾവിക്കാരോട് സൗമ്യത പാലിക്കുകയും, മനോഹരമായ വിധത്തിൽ സംസാരിക്കുകയും ചെയ്യേണ്ടതുണ്ട് എന്ന് അതിൽ നിന്ന് മനസ്സിലാക്കാം.

» **(ആയത്ത്: 26)** ദൃഷ്ടാന്തങ്ങൾ പ്രയോജനപ്പെടുക അല്ലാഹുവിനെ ഭയക്കുന്നവന് മാത്രമാണ്. ഫിർഔന് ബാധിച്ച ശിക്ഷയുടെ ചരിത്രം അറിയുമ്പോൾ, അത്യുന്നതനും രാജാധിരാജനുമായ അല്ലാഹുവിനോട് എതിരിട്ടു നിൽക്കുകയും, ധിക്കാരവും അഹങ്കാരവും പുലർത്തുകയും ചെയ്ത ഏതൊരുവനും ഇഹലോകത്തും പരലോകത്തും അല്ലാഹുവിന്റെ ശിക്ഷ വന്നെത്തുന്നതാണ് എന്ന് അല്ലാഹുവിനെ ഭയമുള്ളവൻ മനസ്സിലാക്കും. എന്നാൽ അല്ലാഹുവിനെ കുറിച്ചുള്ള ഭയം ഹൃദയത്തിൽ നിന്ന് അകന്നു പോയവന് എല്ലാ ദൃഷ്ടാന്തങ്ങളും വന്നെത്തിയാലും അവൻ വിശ്വസിക്കുകയില്ല. (സഅ്ദി: 909)

ആയത്തുകൾ 27-33

ءَأَنتُمْ أَشَدُّ خَلْقًا أَمِ ٱلسَّمَآءُ ۚ بَنَىٰهَا ﴿٢٧﴾

(27) നിങ്ങളാണോ സൃഷ്ടിക്കപ്പെടാൻ കൂടുതൽ പ്രയാസമുള്ളവർ. അതല്ല; ആകാശമാണോ? അതിനെ അവൻ നിർമ്മിച്ചിരിക്കുന്നു.

رَفَعَ سَمْكَهَا فَسَوَّىٰهَا ﴿٢٨﴾

(28) അതിന്റെ വിതാനം അവൻ ഉയർത്തുകയും, അതിനെ അവൻ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

وَأَغْطَشَ لَيْلَهَا وَأَخْرَجَ ضُحَىٰهَا ﴿٢٩﴾

(29) അതിലെ രാത്രിയെ അവൻ ഇരുട്ടാക്കുകയും, അതിലെ പകലിനെ അവൻ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

وَٱلْأَرْضَ بَعْدَ ذَٰلِكَ دَحَىٰهَآ ﴿٣٠﴾

(30) അതിനു ശേഷം ഭൂമിയെ അവൻ വികസിപ്പിച്ചിരിക്കുന്നു.

أَخْرَجَ مِنْهَا مَآءَهَا وَمَرْعَىٰهَا ﴿٣١﴾

(31) ഭൂമിയിൽ നിന്ന് അതിലെ വെള്ളവും സസ്യജാലങ്ങളും അവൻ പുറത്തു കൊണ്ടുവരികയും ചെയ്തിരിക്കുന്നു.

وَٱلْجِبَالَ أَرْسَىٰهَا ﴿٣٢﴾

(32) പർവ്വതങ്ങളെ അവൻ ഉറപ്പിച്ചു നിർത്തുകയും ചെയ്തിരിക്കുന്നു.

مَتَٰعًا لَّكُمْ وَلِأَنْعَٰمِكُمْ ﴿٣٣﴾

(33) നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്.

തഫ്സീർ

(27) പുനരുത്ഥാനത്തെ നിഷേധിക്കുന്നവരേ! മരണശേഷം നിങ്ങളെ ഒരാവർത്തി കൂടെ സൃഷ്ടിക്കുക എന്നതാണോ അതല്ല, ആകാശങ്ങളെ സൃഷ്ടിക്കുക എന്നതാണോ നിങ്ങളുടെ കണക്കിൽ കൂടുതൽ പ്രയാസകരം?! ആകാശത്തെയാകട്ടെ, അവൻ സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു.

(28) ആകാശങ്ങളുടെ വിതാനം അവൻ ഉന്നതിയിൽ ഉയർത്തുകയും, അവയെ സമമായി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഒരു വിടവോ പഴുതോ ന്യൂനതയോ അതിലില്ല.

(29) സൂര്യൻ അസ്തമിക്കുമ്പോൾ ആകാശത്തിലെ രാത്രിയെ അവൻ ഇരുട്ടുള്ളതാക്കുകയും, സൂര്യൻ ഉദിച്ചുയർന്നാൽ അതിലെ പ്രകാശത്തെ തെളിച്ചമുള്ളതും ആക്കിയിരിക്കുന്നു.

(30) ആകാശങ്ങളെ സൃഷ്ടിച്ചതിന് ശേഷം ഭൂമിയെ അവൻ നിരപ്പാക്കിയിരിക്കുന്നു. അതിൽ പ്രയോജനകരമായ കാര്യങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

(31) ഭൂമിയിൽ നിന്ന് ഒഴുകുന്ന ഉറവകളായി അതിലെ വെള്ളം അല്ലാഹു പുറത്തു കൊണ്ടു വരികയും, കന്നുകാലികൾക്ക് ഭക്ഷിക്കാനായി അവൻ സസ്യങ്ങളെ മുളപ്പിക്കുകയും ചെയ്തു.

(32) പർവ്വതങ്ങളെ അവൻ ഭൂമിക്ക് മുകളിൽ ഉറച്ചു നിൽക്കുന്നവയാക്കിയിരിക്കുന്നു. ഭൂമിയെ സംബന്ധിച്ചിടത്തോളം അവ ആണികൾ പോലെയാകുന്നു.

(33) ജനങ്ങളേ! ഇതെല്ലാം നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപകാരത്തിനായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഇവയെല്ലാം സൃഷ്ടിച്ചവന് അവയെ ഒരിക്കൽ കൂടി സൃഷ്ടിക്കുക എന്നത് അസാധ്യമാകില്ല.

അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം, ഇവയെ സൃഷ്ടിക്കുന്നതിനേക്കാൾ എത്രയോ നിസ്സാരമാണ് നിങ്ങളെ അന്ത്യനാളിൽ പുനരുജ്ജീവിപ്പിക്കുക എന്നത്! അവന് എല്ലാ കാര്യവും അതീവ നിസ്സാരവും യാതൊരു പ്രയാസവുമില്ലാത്തതുമാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 27-33)** ഭീമാകാരങ്ങളായ ആകാശങ്ങളെയും അതിലുള്ള നക്ഷത്രങ്ങളെയും ഗോളങ്ങളെയും, മനോഹരമായ ഭൂമിയെയും അതിൽ മനുഷ്യരുടെ ജീവന് വേണ്ടതും അവർക്ക് പ്രയോജനകരമായതുമെല്ലാം സൃഷ്ടിച്ചവൻ മനുഷ്യരെ തീർച്ചയായും പുനരുജ്ജീവിപ്പിക്കുക തന്നെ ചെയ്യുന്നതാണ്. അവരുടെ പ്രവർത്തനങ്ങൾക്ക് അവൻ പ്രതിഫലം നൽകുന്നതുമാണ്. (സഅ്ദി: 909)

» **(ആയത്ത്: 27-30)** ആകാശങ്ങളുടെ സൃഷ്ടിപ്പിന് ശേഷമാണ് ഭൂമിയെ നിരപ്പാക്കിയത് എന്ന് ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ ആകാശങ്ങൾക്ക് മുൻപ് ഭൂമിയെ സൃഷ്ടിച്ചിട്ടുണ്ട്. (നിരപ്പാക്കുക എന്നത് മാത്രമാണ് ആകാശങ്ങളുടെ സൃഷ്ടിപ്പിന് ശേഷം സംഭവിച്ചത് എന്നർത്ഥം). ഇക്കാര്യം മറ്റൊരിടത്ത് അല്ലാഹു സൂറ. ഫുസ്സിലത്ത് 9-10 വരെയുള്ള വചനങ്ങളിൽ വിവരിച്ചിട്ടുണ്ട്. (സഅ്ദി: 909)

ആയത്തുകൾ 34-41

فَإِذَا جَاءَتِ ٱلطَّآمَّةُ ٱلْكُبْرَىٰ ﴿٣٤﴾

(34) എന്നാൽ ആ മഹാ വിപത്ത് വരുന്ന സന്ദർഭം.

يَوْمَ يَتَذَكَّرُ ٱلْإِنسَٰنُ مَا سَعَىٰ ﴿٣٥﴾

(35) അതായതു മനുഷ്യൻ താൻ അദ്ധ്വാനിച്ചു വെച്ചതിനെപ്പറ്റി ഓർമ്മിക്കുന്ന ദിവസം.

وَبُرِّزَتِ ٱلْجَحِيمُ لِمَن يَرَىٰ ﴿٣٦﴾

(36) കാണുന്നവർക്ക് വേണ്ടി നരകം വെളിവാക്കപ്പെടും.

فَأَمَّا مَن طَغَىٰ ﴿٣٧﴾

وَءَاثَرَ ٱلْحَيَوٰةَ ٱلدُّنْيَا ﴿٣٨﴾

فَإِنَّ ٱلْجَحِيمَ هِىَ ٱلْمَأْوَىٰ ﴿٣٩﴾

(37-39) എന്നാൽ ആരാണോ അതിരുകവിയുകയും, ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തത്... (അവന്ന്) നരകം തന്നെയാണ് സങ്കേതം.

وَأَمَّا مَنۡ خَافَ مَقَامَ رَبِّهِۦ
وَنَهَى ٱلنَّفۡسَ عَنِ ٱلۡهَوَىٰ ٤٠
فَإِنَّ ٱلۡجَنَّةَ هِيَ ٱلۡمَأۡوَىٰ ٤١

(40-41) എന്നാൽ ഏതൊരാൾ തന്റെ റബ്ബിന്റെ മുൻപിൽ നിൽക്കേണ്ടി വരുമെന്നതിനെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ; സ്വർഗം തന്നെയായിരിക്കും അവന്റെ സങ്കേതം.

തഫ്സീർ

(34) എന്നാൽ ഭയാനകത കൊണ്ട് സർവ്വതിനെയും മൂടുന്ന വിധത്തിൽ രണ്ടാമത്തെ കാഹളമൂത്ത് വരികയും, ഏറ്റവും കഠിനമായ അന്ത്യനാൾ സംഭവിക്കുകയും ചെയ്താൽ...

(35) അന്നേ ദിവസം മനുഷ്യൻ മുൻപ് ചെയ്തു വെച്ച ഓരോ പ്രവർത്തനവും -നന്മകളും തിന്മകളുമെല്ലാം- അവന്റെ മുൻപിൽ കാണിക്കപ്പെടുന്നതാണ്. അപ്പോൾ അവയെല്ലാം അവൻ ഓർക്കുകയും, താൻ അതെല്ലാം ചെയ്തിട്ടുണ്ട് എന്ന് ഏറ്റുപറയുകയും ചെയ്യും.

(36) നരകം കൊണ്ടുവരപ്പെടുകയും, കാണുന്നവർക്ക് വേണ്ടി കൺമുന്നിൽ അത് പ്രദർശിക്കപ്പെടുകയും ചെയ്യും.

(37-39) എന്നാൽ ആരെങ്കിലും വഴികേടിൽ പ്രവേശിച്ചു കൊണ്ട് അതിരുകവിയുകയും, അല്ലാഹുവിന്റെ കൽപ്പനകൾക്ക് മുൻപിൽ ധിക്കാരം പ്രവർത്തിക്കുകയും, നശ്വരമായ ഇഹലോക ജീവിതത്തിന് ശാശ്വതമായ പാരത്രിക ജീവിതത്തേക്കാൾ പ്രാധാന്യം നൽകുകയും ചെയ്തുവോ... തീർച്ചയായും നരകം തന്നെയാണ് അവന് മടങ്ങിച്ചെല്ലാനുള്ള അവന്റെ വാസസ്ഥലം.

(40-41) എന്നാൽ ആരെങ്കിലും തന്റെ രക്ഷിതാവിന്റെ മുൻപിൽ നിൽക്കേണ്ടി വരുന്നതിനെ ഭയക്കുകയും, സ്വന്തം ആത്മാവിനെ അല്ലാഹു നിഷിദ്ധമാക്കിയ തന്നിഷ്ടങ്ങൾ പിൻപറ്റുന്നതിൽ നിന്ന് പിടിച്ചു വെക്കുകയും ചെയ്തുവോ; അവന് മടങ്ങിപ്പോകാനുള്ള സങ്കേതം സ്വർഗമാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 34)** അന്ത്യനാൾ സംഭവിച്ചു കഴിഞ്ഞാൽ അതിനേക്കാൾ പ്രയാസകരമായ മറ്റൊന്നും അപ്പോൾ ഉണ്ടാവുകയില്ല. എല്ലാ പ്രയാസങ്ങളും അതിന് മുൻപിൽ നിസ്സാരമായിത്തീരും. മാതാപിതാക്കൾ മക്കളെ കുറിച്ച് അശ്രദ്ധയിലാകുന്ന, കൂട്ടുകാരും പ്രിയപ്പെട്ടവരും പരസ്പരം ശ്രദ്ധിക്കാത്ത സന്ദർഭമായിരിക്കും അത്. (സഅ്ദി: 910)

» **(ആയത്ത്: 35)** അന്ത്യനാൾ സംഭവിച്ചാൽ മനുഷ്യർ ഇഹലോകത്ത് താൻ ചെയ്ത പ്രവർത്തനങ്ങൾ -നന്മയും തിന്മയുമെല്ലാം- ഓർക്കും. ഒരു അണുമണിത്തൂക്കം നന്മയെങ്കിലും അധികമായി ചെയ്തിരുന്നെങ്കിൽ എന്നായിരിക്കും അപ്പോൾ അവന്റെ ആഗ്രഹം. ഒരു അണുമണിത്തൂക്കം തിന്മയാണെങ്കിൽ പോലും, അത് താൻ ചെയ്തു പോയല്ലോ എന്നത് അവനെ കഠിനമായ ദുഃഖത്തിലും വ്യഥയിലും ആഴ്ത്തിക്കളയും.

ആ നേരമാണ് അവന് ബോധ്യപ്പെടുക: തന്റെ ലാഭനഷ്ടങ്ങളുടെയെല്ലാം മാനദണ്ഡം ഇഹലോകത്ത് താൻ പരിശ്രമിക്കുകയും ചെയ്തുകൂട്ടുകയുമുണ്ടായ പ്രവർത്തനങ്ങളായിരുന്നു എന്ന്... ഐഹിക ജീവിതത്തിൽ ചെയ്ത നന്മകളല്ലാത്ത മറ്റെല്ലാ ബന്ധങ്ങളും ആ നേരം അവനെ വിട്ടുപിരിയുകയായി. (സഅ്ദി: 910)

» **(ആയത്ത്: 37-38)** ഇഹലോകത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നവർ അതിന്റെ വിഹിതങ്ങളിലും ആസ്വാദനങ്ങളിലും മുങ്ങിക്കുളിച്ചവരായിരിക്കും. പരലോകത്തെ അവർ മറക്കുകയും, അതിന് വേണ്ടിയുള്ള പ്രവർത്തനം അവർ വിസ്മരിക്കുകയും ചെയ്തിരിക്കും. (സഅ്ദി: 910)

» **(ആയത്ത്: 40)** അല്ലാഹുവിന്റെ മുൻപിൽ നിൽക്കുകയും, അവൻ നീതിപൂർവ്വം പ്രതിഫലം നൽകുകയും ചെയ്യുന്ന വേളയെ ഭയക്കുന്നവന്റെ ഹൃദയത്തിൽ അത് സ്വാധീനം ചെലുത്തുന്നതാണ്. അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിന്ന് തന്നെ തടഞ്ഞുവെക്കുന്ന ദേഹേഛകളിൽ നിന്ന് സ്വന്തത്തെ പിടിച്ചു വെക്കാൻ അതവനെ പ്രേരിപ്പിക്കും. അല്ലാഹുവിന്റെ റസൂൽ -ﷺ- കൊണ്ടുവന്നതിന് അനുയോജ്യമായിരിക്കും അവന്റെ ഇഷ്ടങ്ങൾ. (സഅ്ദി: 910)

ആയത്തുകൾ 42-46

يَسۡـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرۡسَىٰهَا ﴿٤٢﴾

(42) അന്ത്യസമയത്തെപ്പറ്റി, അതെപ്പോഴാണ് സംഭവിക്കുക എന്ന് അവർ താങ്കളോട് ചോദിക്കുന്നു.

فِيمَ أَنتَ مِن ذِكۡرَىٰهَآ ﴿٤٣﴾

(43) (നബിയേ!) താങ്കൾക്ക് അതിനെ കുറിച്ച് ഒന്നും അറിയുകയില്ല.

إِلَىٰ رَبِّكَ مُنتَهَىٰهَآ ﴿٤٤﴾

(44) താങ്കളുടെ റബ്ബിങ്കലാണ് (അതിനെ കുറിച്ചുള്ള അറിവിന്റെ) അവസാനം.

إِنَّمَآ أَنتَ مُنذِرُ مَن يَخۡشَىٰهَا ﴿٤٥﴾

(45) അതിനെ ഭയപ്പെടുന്നവർക്ക് ഒരു താക്കീതുകാരൻ മാത്രമാണ് താങ്കൾ.

كَأَنَّهُمۡ يَوۡمَ يَرَوۡنَهَا لَمۡ يَلۡبَثُوٓاْ إِلَّا عَشِيَّةً أَوۡ ضُحَىٰهَا ﴿٤٦﴾

(46) അത് അവർ കാണുന്ന ദിവസം ഒരു വൈകുന്നേരമോ ഒരു പ്രഭാതത്തിലോ അല്ലാതെ അവർ (ഭൂമിയിൽ) കഴിച്ചുകൂട്ടിയിട്ടില്ലാത്ത പോലെയായിരിക്കും (അവർക്ക് തോന്നുക.)

തഫ്സീർ

(42) അല്ലാഹുവിന്റെ റസൂലേ! പുനരുത്ഥാനത്തെ നിഷേധിക്കുന്ന ഇക്കൂട്ടർ 'എന്നാണ് അന്ത്യനാൾ സംഭവിക്കുക?' എന്ന് താങ്കളോട് ചോദിക്കുന്നു.

(43) അവരോട് അതെന്നാണ് എന്നു പറയാനുള്ള ഒരു അറിവും താങ്കളുടെ പക്കലില്ല തന്നെ. അത് താങ്കൾക്ക് ആവശ്യമുള്ള കാര്യത്തിൽ പെട്ടതുമല്ല. അന്ത്യനാളിന് വേണ്ടി തയ്യാറെടുക്കുക എന്നത് മാത്രമാണ് താങ്കൾ ചെയ്യേണ്ടത്.

(44) താങ്കളുടെ രക്ഷിതാവിങ്കൽ മാത്രമാണ് അന്ത്യനാളിനെ കുറിച്ചുള്ള അറിവ് ഉള്ളത്.

(45) അന്ത്യനാളിനെ ഭയപ്പെടുന്നവർക്ക് താക്കീത് നൽകുന്നവൻ മാത്രമാണ് താങ്കൾ; കാരണം അവർക്ക് മാത്രമേ താങ്കളുടെ താക്കീത് ഫലം ചെയ്യുകയുള്ളൂ.

(46) അന്ത്യനാളിന് അവർ സാക്ഷിയാകുന്ന ദിവസം; തങ്ങൾ ഇഹലോകത്ത് ഒരു സായാഹ്നമോ ഒരു പ്രഭാതമോ മാത്രമേ കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്നത് പോലെയായിരിക്കും (അവർക്ക് തോന്നുക).

43-44 ആയത്തുകളുടെ അവതരണപശ്ചാത്തലം:

عَنْ عَائِشَةَ رَضِيَ اللَّـهُ عَنْهَا قَالَتْ: لَمْ يَزَلِ النَّبِيُّ -ﷺ- يُسْأَلُ عَنِ السَّاعَةِ؛ حَتَّى أَنْزَلَ اللَّـهُ عَزَّ وَجَلَّ: فِيمَ أَنتَ مِن ذِكْرَىٰهَآ ﴿٤٣﴾ إِلَىٰ رَبِّكَ مُنتَهَىٰهَآ ﴿٤٤﴾

ആഇശ -- നിവേദനം: നബി -- യോട് അന്ത്യനാളിനെ കുറിച്ച് ധാരാളമായി ചോദിക്കപ്പെടാറുണ്ടായിരുന്നു. അങ്ങനെയിരിക്കെ അല്ലാഹു ഈ ആയത്തുകൾ അവതരിപ്പിച്ചു:

فِيمَ أَنتَ مِن ذِكْرَىٰهَآ ﴿٤٣﴾ إِلَىٰ رَبِّكَ مُنتَهَىٰهَآ ﴿٤٤﴾

"താങ്കൾക്ക് അതിനെ (അന്ത്യനാൾ എന്നാണെന്നതിനെ) കുറിച്ച് ഒന്നും അറിയുകയില്ല. താങ്കളുടെ റബ്ബിങ്കലാണ് (അതിനെ കുറിച്ചുള്ള അറിവിന്റെ) അവസാനം." (നാസിആത്: 43-44) [1]

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 43)** അന്ത്യനാളിന്റെ സമയം അറിയുന്നതിൽ ന ബി -- ക്കോ, അതിനെ കുറിച്ച് ചോദിക്കുന്നവർക്കോ പ്രത്യേകിച്ച് യാതൊരു ഉപകാരവുമില്ല. ഈ അറിവ് നേടുന്നതിൽ ഐഹികമോ പാരത്രികമോ ആയ യാതൊരു ഉപകാരവുമില്ലാത്തത് കൊണ്ട് അല്ലാഹു അക്കാര്യം സൃഷ്ടികളിൽ നിന്നും മറച്ചു വെച്ചിരിക്കുന്നു. യഥാർത്ഥത്തിൽ, അതിന്റെ സമയം അറിയാതിരിക്കുക എന്നതാണ് അവർക്ക് നല്ലത്. മറ്റൊരു വചനത്തിലും അല്ലാഹു ഇക്കാര്യം ഓർമ്മപ്പെടുത്തിയിരിക്കുന്നു:

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ رَبِّى ۖ لَا يُجَلِّيهَا

1 തഫ്സീറുത്വബരി: 30/31, മുസ്നദുൽ ബസ്സാർ: 2279, അൽ-ഇസ്തീആബ്: 3/493.

لِوَقْتِهَآ إِلَّا هُوَ ۚ ثَقُلَتْ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ يَسْـَٔلُونَكَ كَأَنَّكَ حَفِىٌّ عَنْهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ

"അന്ത്യസമയത്തെപ്പറ്റി അവർ താങ്കളോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുന്നത് അവൻ മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചതായിരിക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങൾക്കു വരുകയില്ല. താങ്കൾ അതിനെപ്പറ്റി ചുഴിഞ്ഞന്വേഷിച്ചു മനസ്സിലാക്കിയവനാണെന്ന മട്ടിൽ അവർ താങ്കളോട് ചോദിക്കുന്നു. പറയുക: അതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാണ്. പക്ഷെ അധികമാളുകളും (കാര്യം) മനസ്സിലാക്കുന്നില്ല." (അഅ്റാഫ്: 187) (സഅ്ദി: 910)

» **(ആയത്ത്: 45)** നബി -ﷺ- യുടെ താക്കീതുകൾ പ്രയോജനപ്പെടുക അന്ത്യനാൾ വന്നെത്തുമെന്നും, തന്റെ റബ്ബിന്റെ മുൻപിൽ നിൽക്കേണ്ടി വരുമെന്നതും ഭയക്കുന്നവർക്ക് മാത്രമാണ്. അവരെ സംബന്ധിച്ചിടത്തോളം പരലോകത്തിന് വേണ്ടി തയ്യാറെടുക്കുക എന്നതും, അതിന് വേണ്ടി പ്രവർത്തിക്കുക എന്നതും മാത്രമാണ് അവരുടെ പ്രധാനചിന്ത. എന്നാൽ അന്ത്യനാളിൽ വിശ്വസിക്കാത്തവനാകട്ടെ; ഇസ്ലാമിന്റെ താക്കീതുകൾ അവൻ പരിഗണിക്കുകയോ, താൻ ചെയ്തു കൊണ്ടിരിക്കുന്ന ധിക്കാരങ്ങൾ അവൻ കാര്യമാക്കുന്നതോ ഇല്ല. (സഅ്ദി: 910)

സൂറത്തു അബസ

سُورَةُ عَبَسَ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 42.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- അബസ (عَبَسَ): മുഖം ചുളിച്ചു എന്നർത്ഥം. സൂറത്ത് ആരംഭിക്കുന്നത് ഈ പദത്തോടു കൂടിയാണ്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തു അബസ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണകാരണം:

عَنْ عَائِشَةَ قَالَتْ: أُنْزِلَ: «**عَبَسَ وَتَوَلَّى**» فِي ابْنِ أُمِّ مَكْتُومٍ الأَعْمَى، أَتَى رَسُولَ اللَّـهِ -ﷺ- فَجَعَلَ يَقُولُ: يَا رَسُولَ اللَّـهِ أَرْشِدْنِي، وَعِنْدَ رَسُولِ اللَّـهِ -ﷺ- رَجُلٌ مِنْ عُظَمَاءِ الْمُشْرِكِينَ، فَجَعَلَ رَسُولُ اللَّـهِ -ﷺ- يُعْرِضُ عَنْهُ وَيُقْبِلُ عَلَى الآخَرِ، وَيَقُولُ: «**أَتَرَى بِمَا أَقُولُ بَأْسًا؟**» فَيَقُولُ: لَا، فَفِي هَذَا أُنْزِلَ.

ആഇശ -رضي الله عنها- നിവേദനം: 'അബസ' സൂറത്ത് അവതരിച്ചത് അന്ധനായ ഇബ്നു ഉമ്മി മക്തൂം -رضي الله عنه- എന്ന വ്യക്തിയുടെ വിഷയത്തിലാണ്. അദ്ദേഹം നബി -ﷺ- യുടെ അടുക്കൽ വരികയും, 'അല്ലാഹുവിന്റെ റസൂലേ! എനിക്ക് വഴികാണിച്ചു നൽകൂ' എന്നിങ്ങനെ പറയുകയും ചെയ്തു; ആ സന്ദർഭത്തിൽ നബി -ﷺ- യുടെ അരികിൽ മുശ്രിക്കുകളിലെ നേതാക്കന്മാരിൽ പെട്ട ഒരാളുണ്ടായിരുന്നു.

(അയാൾ ഇസ്ലാം സ്വീകരിക്കണമെന്ന താൽപര്യത്താൽ) നബി -ﷺ- ഇബ്നു ഉമ്മി മക്തൂമിൽ നിന്ന് തിരിഞ്ഞു കളയുകയും, മുശ്രിക്കുകളിൽ പെട്ട വ്യക്തിയിൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്തു. 'ഞാൻ പറയുന്നതിൽ താങ്കൾ എന്തെങ്കിലും തെറ്റു കാണുന്നുണ്ടോ?' എന്ന് നബി -ﷺ- അയാളോട് ചോദിക്കുകയും, അയാൾ അതിന് മറുപടിയായി 'ഇല്ല' എന്നു പറയുകയും ചെയ്യുകയായിരുന്നു അപ്പോൾ. (തിർമിദി: 3331,

അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

ഈ സംഭവത്തിന് ശേഷം നബി -ﷺ- ഇബ്നു ഉമ്മി മക്തൂമിനെ -رضي الله عنه- പ്രത്യേകമായി ആദരിക്കാറുണ്ടായിരുന്നു എന്ന് ഹദീഥുകളിൽ സ്ഥിരപ്പെട്ടതായി കാണാം.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* രണ്ട് നന്മകൾ മുൻപിൽ വരുമ്പോൾ അതിലൊന്നിന് മുൻഗണന നൽകേണ്ട ഏറ്റവും ശരിയായ രൂപം ഏതാണെന്ന് അല്ലാഹു അവന്റെ ദൂതനെ -ﷺ- പഠിപ്പിക്കുന്നു. ഖുറൈശികളിലെ നേതാക്കന്മാരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കവെ, അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം -رضي الله عنه- എന്ന സ്വഹാബി നബി -ﷺ- യുടെ അരികിൽ ചില കാര്യങ്ങൾ ചോദിച്ചറിയാൻ വന്ന സംഭവം വിവരിക്കുന്നതിൽ ഈ ഓർമ്മപ്പെടുത്തൽ കാണാം.

അല്ലാഹുവിൽ വിശ്വസിച്ചവരെ ആദരിക്കണമെന്ന പാഠവും അതിലുണ്ട്. അതോടൊപ്പം, ഇസ്ലാമിന്റെ സന്മാർഗത്തെ അവഗണിച്ചു തള്ളിക്കളയുന്ന ബഹുദൈവാരാധകരും, ഇസ്ലാമിക അദ്ധ്യാപനങ്ങളിലേക്ക് താൽപ്പര്യത്തോടെയും അനുസരണയോടെയും വന്നെത്തുന്ന മുസ്ലിംകളും തമ്മിലുള്ള അന്തരം എന്താണെന്ന സൂചനയും വായിച്ചെടുക്കാം.

* അല്ലാഹുവിന്റെ അനേകമനേകം അനുഗ്രഹങ്ങൾ ലഭിച്ചിട്ടും മനുഷ്യൻ നിഷേധിയായി തുടരുന്നതിന്റെ ഗൗരവം ഓർമ്മപ്പെടുത്തുന്നു. ഭൂമിയുടെ മുകളിൽ ജീവിക്കാനുള്ള സൗകര്യങ്ങൾ അല്ലാഹു എളുപ്പമാക്കി തന്നതിനെ കുറിച്ച് വിവരിച്ചു കൊണ്ട് ഈ പ്രപഞ്ചത്തിൽ അല്ലാഹുവിന്റെ ശക്തിയുടെ തെളിവുകളായി നിലകൊള്ളുന്ന അടയാളങ്ങളും അവൻ വിവരിക്കുന്നു.

* മനുഷ്യന്റെ സൃഷ്ടിപ്പും, വരണ്ട ഭൂമിയിൽ ചെടികൾ മുളക്കുന്നതും പുനരുത്ഥാനം സാധ്യമാണെന്നതിനുള്ള തെളിവുകളാണെന്ന് അല്ലാഹു ബോധ്യപ്പെടുത്തുന്നു.

* അന്ത്യനാൾ സംഭവിക്കുമെന്ന താക്കീതും, പരലോകദിനത്തിലെ ഭീതിയുടെ സന്ദർഭങ്ങളും, അന്നേ ദിവസം അല്ലാഹുവിൽ വിശ്വസിച്ചവരുടെയും അവനെ നിഷേധിച്ചവരുടെയും സ്ഥിതിഗതികളും വിവരിക്കുന്നു.

ആയത്തുകൾ 1-10

عَبَسَ وَتَوَلَّىٰٓ ١

(1) അദ്ദേഹം മുഖം ചുളിക്കുകയും, തിരിഞ്ഞു കളയുകയും ചെയ്തു.

أَن جَآءَهُ ٱلْأَعْمَىٰ ٢

(2) അദ്ദേഹത്തിന്റെ (നബിയുടെ) അടുത്ത് ആ അന്ധൻ വന്നതിനാൽ.

وَمَا يُدْرِيكَ لَعَلَّهُۥ يَزَّكَّىٰٓ ٣

(3) (നബിയേ,) താങ്കൾക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരു വേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ?

أَوْ يَذَّكَّرُ فَتَنفَعَهُ ٱلذِّكْرَىٰٓ ٤

(4) അല്ലെങ്കിൽ (താങ്കളുടെ) ഉപദേശം സ്വീകരിക്കുകയും, ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ?

أَمَّا مَنِ ٱسْتَغْنَىٰ ٥

فَأَنتَ لَهُۥ تَصَدَّىٰ ٦

(5-6) എന്നാൽ സ്വയം പര്യാപ്തത നടിച്ചവനാകട്ടെ; താങ്കൾ അവന്റെ നേരെ ശ്രദ്ധതിരിക്കുന്നു.

وَمَا عَلَيْكَ أَلَّا يَزَّكَّىٰ ٧

(7) അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ താങ്കൾക്കെന്താണ് കുറ്റം?

وَأَمَّا مَن جَآءَكَ يَسْعَىٰ ٨ وَهُوَ
يَخْشَىٰ ٩ فَأَنتَ عَنْهُ تَلَهَّىٰ ١٠

(8-10) എന്നാൽ താങ്കളുടെ അടുക്കൽ ഓടിവന്നവനാകട്ടെ, (അല്ലാഹുവെ) അവൻ ഭയപ്പെടുകയും ചെയ്യുന്നു. താങ്കളാകട്ടെ; അവന്റെ കാര്യത്തിൽ അശ്രദ്ധ പുലർത്തുന്നു.

തഫ്സീർ

(1) നബി -ﷺ- യുടെ മുഖം മാറുകയും, അവിടുന്ന് മുഖം ചുളിക്കുകയും തിരിഞ്ഞു കളയുകയും ചെയ്തു.

(2) അന്ധനായിരുന്ന അബ്ദുല്ലാഹി ബ്നു ഉമ്മി മക്തൂം ഉപദേശം ആരാഞ്ഞു കൊണ്ട് വന്നതിനാൽ; അദ്ദേഹം വന്നെത്തുമ്പോൾ ഖുറൈശികളിൽ പെട്ട ബഹുദൈവാരാധകരുടെ നേതാക്കന്മാരുമായി, അവർ ഇസ്‌ലാം സ്വീകരിക്കുമെന്ന പ്രതീക്ഷയിൽ നബി -ﷺ- സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു.

(3-4) അല്ലാഹുവിന്റെ റസൂലേ! താങ്കൾക്ക് എന്തറിയാം?! ആ അന്ധന്റെ യഥാർത്ഥ സ്ഥിതിയെ കുറിച്ച് താങ്കൾക്ക് എന്തെങ്കിലും അറിവുണ്ടോ?! ഒരു വേള, ആ അന്ധനായ മനുഷ്യൻ അയാളുടെ ചോദ്യത്തിനുള്ള ഉത്തരം കേട്ടുകഴിഞ്ഞാൽ തിന്മകളിൽ നിന്ന് ശുദ്ധി പ്രാപിച്ചേക്കാം... അല്ലെങ്കിൽ താങ്കളുടെ ഉപദേശങ്ങൾ കേൾക്കുകയും, അതിൽ നിന്ന് കൂടുതൽ ഗുണപാഠം ഉൾക്കൊള്ളുകയും, അത് അദ്ദേഹത്തിന് പ്രയോജനപ്പെടുകയും ചെയ്തേക്കാം.

(5-6) എന്നാൽ താങ്കളുടെ മാർഗത്തിന് -ഇസ്‌ലാം സ്വീകരിക്കുന്നതിന്- പകരമായി തന്റെ കയ്യിലുള്ള സമ്പാദ്യം കൊണ്ട് ധന്യത നടിച്ചവന്റെ കാര്യത്തിലാകട്ടെ; താങ്കൾ അവന് മുഖം നൽകുകയും, അവനിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും, അവന്റെ വാക്കുകൾക്ക് ചെവി കൊടുക്കുകയും ചെയ്യുന്നു.

(7) തന്റെ തിന്മകളിൽ നിന്നും നിഷേധത്തിൽ നിന്നും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങിക്കൊണ്ട് അവൻ സ്വയം പരിശുദ്ധി പ്രാപിച്ചിട്ടില്ലെങ്കിൽ താങ്കൾക്കെന്താണ് ബാധിക്കാനുള്ളത്?

(8-9) എന്നാൽ താങ്കളെ കാണണമെന്ന ആഗ്രഹത്തോടെ, നന്മ അന്വേഷിച്ചു കൊണ്ട് താൽപര്യത്തോടെ വന്ന അന്ധനായ ആ മനുഷ്യൻ; അയാൾ തന്റെ രക്ഷിതാവിനെ ഭയക്കുന്നുണ്ട്. മതവിഷയങ്ങൾ നബി -ﷺ- യോട് ചോദിച്ചറിയുന്നതിൽ തന്റെ പക്കൽ വല്ല കുറവും സംഭവിച്ചേക്കുമോ എന്ന് അദ്ദേഹം ആശങ്കപ്പെടുന്നുണ്ട്.

(10) മുശ്‌രിക്കുകളിലെ നേതാക്കന്മാരെ പരിഗണിച്ചു കൊണ്ട് താങ്കൾ അദ്ദേഹത്തിൽ നിന്ന് തിരിഞ്ഞു കളയുകയും, അവരുടെ കാര്യത്തിൽ വ്യാപൃതനാവുകയും ചെയ്യുന്നു.

വിശദീകരണം

"അബ്ദുല്ലാഹി ബ്നു ഉമ്മി മക്തൂമിൽ നിന്ന് തിരിഞ്ഞു കളയുമ്പോൾ രണ്ട് കാര്യങ്ങളാണ് നബി -ﷺ- പരിഗണിച്ചത്.

ഒന്ന്: തന്റെ വാക്ക് ശ്രവിക്കുന്ന മക്കയിലെ പ്രമാണിമാർ ഇസ്‌ലാം സ്വീകരിച്ചിരുന്നെങ്കിൽ എന്ന പ്രതീക്ഷ. നേതാക്കന്മാർ സ്വീകരിക്കുന്ന മാർഗം അവരുടെ അനുയായികളും പിൻപറ്റാൻ അത് കാരണമാകുമല്ലോ?

രണ്ട്: മക്കയിലെ പ്രമാണിമാരുടെ കണ്ണിൽ വളരെ തരംതാഴ്ന്ന വ്യക്തിയായി കണക്കാക്കപ്പെടുന്ന ഒരു അന്ധനെ ഈ സന്ദർഭത്തിൽ പരിഗണിക്കുന്നത് അവർ നബി -ﷺ- യുടെ വാക്കിന് വില നൽകാതിരിക്കാൻ കാരണമാകുമോ എന്ന ചിന്ത.

അല്ലാഹുവിന്റെ റസൂൽ -ﷺ- ഒരിക്കലും അന്ധനായ ഒരു വ്യക്തിയെ തരംതാഴ്ത്തി കൊണ്ട് ചെയ്തതല്ല ഇക്കാര്യം. ജനങ്ങളെല്ലാം അവിടുത്തേക്ക് ഒരേ പോലെയായിരുന്നു. അല്ല! ഇസ്‌ലാമിനോട് താൽപര്യം കാണിക്കുന്നവർക്കായിരുന്നു അവിടുന്ന് കൂടുതൽ ശ്രദ്ധ നൽകിയിരുന്നത്. എന്നാൽ ഇസ്‌ലാമിന്റെ സത്യപ്രബോധനം ജനങ്ങൾക്കിടയിൽ വ്യാപിക്കണമെന്ന ആഗ്രഹം മാത്രമേ അവിടുത്തെ മനസ്സിൽ ഉണ്ടായിരുന്നുള്ളൂ." (ഉഥൈമീൻ: 59-60)

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-6)** വളരെ വലിയ ഒരു പാഠമാണ് ഈ വചനങ്ങളിലൂടെ അല്ലാഹു അറിയിക്കുന്നത്. റസൂലുകൾ നിയോഗിക്കപ്പെട്ടതിന് പിന്നിലുള്ള ഉദ്ദേശ്യവും, പ്രബോധകരുടെ പ്രബോധനത്തിന്റെ ലക്ഷ്യവും, ഉൽബോധകരുടെ ഉൽബോധനങ്ങളുടെ പിറകിലെ പ്രേരകവും അതിൽ നിന്ന് വ്യക്തമാണ്.

നിന്റെ അരികിൽ ആവശ്യക്കാരനായി വന്നെത്തിയ ഒരാളെ പരിഗണിക്കുക എന്നതാണ് ഏറ്റവും അനുയോജ്യവും നിർബന്ധവുമായിട്ടുള്ളത്. എന്നാൽ നന്മകളിൽ താൽപ്പര്യം പ്രകടിപ്പിക്കാത്ത, സ്വയം ധന്യത നടിക്കുകയും, ചോദ്യങ്ങളോ സംശയങ്ങളോ ആരായാതിരിക്കുകയും ചെയ്യുന്ന ഒരാളെ -അവനേക്കാൾ പ്രധാനപ്പെട്ടവരെ മാറ്റിനിർത്തി കൊണ്ട്- ശ്രദ്ധിക്കേണ്ടതില്ല.

കാരണം അവൻ ജീവിതവിശുദ്ധി പാലിക്കുന്നില്ല എന്നതിന് നിനക്ക് യാതൊരു തെറ്റുമില്ല. അവൻ ചെയ്യുന്ന തിന്മകളുടെ പേരിൽ നാളെ നീ വിചാരണ ചെയ്യപ്പെടുന്നതുമല്ല. (സഅ്ദി: 911)

» **(ആയത്ത്: 1-10)** അബ്ദുല്ലാഹി ബ്നു ഉമ്മി മക്തൂമിന്റെ വിഷയത്തിൽ നബി -ﷺ- യെ ആക്ഷേപിച്ചു കൊണ്ടുള്ള വചനങ്ങൾ ഖുർആനിൽ അവതരിക്കപ്പെട്ടു എന്നത് ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്നുള്ളതാണെന്നതിന് തെളിവാണ്.

» **(ആയത്ത്: 1-10)** ഇസ്‌ലാമിക മതനിയമങ്ങളിൽ പരാമർശിക്കപ്പെട്ട അടിസ്ഥാനങ്ങളിലൊന്ന് ഈ ആയത്തുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. "സാധ്യത മാത്രമുള്ള ഒരു കാര്യത്തിനായി ഉറപ്പുള്ള ഒരു കാര്യം ഉപേക്ഷിക്കരുത്. ഉറപ്പായും സാധ്യമായ നന്മകൾ സംശയകരമായ നന്മകൾക്ക് വേണ്ടിയും ഉപേക്ഷിക്കരുത്." (സഅ്ദി: 911)

ആയത്തുകൾ 11-16

كَلَّآ إِنَّهَا تَذْكِرَةٌ ﴿١١﴾

(11) നിസ്സംശയം ഇത് (ഖുർആൻ) ഒരു ഉൽബോധനമാകുന്നു; തീർച്ച.

فَمَن شَآءَ ذَكَرَهُۥ ﴿١٢﴾

(12) ആരെങ്കിലും ഉദ്ദേശിക്കുന്നെങ്കിൽ അത് ഓർത്തു കൊള്ളട്ടെ.

فِى صُحُفٍ مُّكَرَّمَةٍ ﴿١٣﴾

(13) ആദരണീയമായ ചില ഏടുകളിലാണത്.

مَّرْفُوعَةٍ مُّطَهَّرَةٍۭ ﴿١٤﴾

(14) ഔന്നത്യം നൽകപ്പെട്ടതും പരിശുദ്ധമാക്കപ്പെട്ടതുമായ (ഏടുകളിൽ).

بِأَيْدِى سَفَرَةٍ ﴿١٥﴾
كِرَامٍۭ بَرَرَةٍ ﴿١٦﴾

(15-16) മാന്യന്മാരും പുണ്യവാന്മാരും ആയിട്ടുള്ള, ചില സന്ദേശവാഹകരുടെ കൈകളിലാണത്.

തഫ്സീർ

(11) നബിയേ! താങ്കൾ പ്രവർത്തിച്ചതു പോലെയല്ല കാര്യം! ഈ അദ്ധ്യായവും ഇതിൽ അടങ്ങിയിട്ടുള്ള സന്മാർഗവും താങ്കൾക്കും, ഉപദേശങ്ങൾ സ്വീകരിക്കാൻ തയ്യാറുള്ള ഏതൊരാൾക്കും ഒരു ഓർമ്മപ്പെടുത്തൽ മാത്രമാണ്.

(12) ആരെങ്കിലും അല്ലാഹുവിനെ സ്മരിക്കാനും, അല്ലാഹുവിൽ നിന്നുള്ള സന്ദേശമായ ഖുർആനിക ഉപദേശങ്ങളിൽ നിന്ന് ഗുണ പാഠം ഉൾക്കൊള്ളാനും ആഗ്രഹിക്കുന്നെങ്കിൽ അവൻ അപ്രകാരം ചെയ്തു കൊള്ളട്ടെ.

(13) ഈ ഖുർആൻ മലക്കുകളുടെ അടുക്കൽ, ആദരണീയമായ ചില ഏടുകളിലാണ് ഉള്ളത്.

(14) ഉന്നതമായ ഒരിടത്ത് ഔന്നത്യമുള്ള നിലയിൽ, ഒരു മാലിന്യ മോ മ്ലേഛതയോ ബാധിക്കാതെ പരിശുദ്ധിയുമുള്ളതായി കൊണ്ട്.

(15) അല്ലാഹുവിനും അവന്റെ സൃഷ്ടികൾക്കുമിടയിലെ ദൂതന്മാ രായ, മലക്കുകളിലെ സന്ദേശവാഹകരായ ചിലരുടെ കൈകളിലാണ് അതുള്ളത്.

(16) അല്ലാഹുവിങ്കൽ ആദരണീയരായിട്ടുള്ള, ധാരാളം നന്മകളും സൽകർമ്മങ്ങളും പ്രവർത്തിക്കുന്നവരായ, ഏറ്റവും നല്ല പ്രവർത്ത നങ്ങളും സ്വഭാവഗുണങ്ങളും ഉള്ളവരായ മലക്കുകളുടെ കയ്യിലാണ് ഖുർആൻ ഉള്ളത്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 11-16)** വിശുദ്ധ ഖുർആൻ ഉന്നതമായ ഏടുകളിൽ നിശ്ചയിച്ചു എന്നതും, മാന്യരായ മലക്കുകളുടെ കൈകളിൽ വെ ച്ചു എന്നതുമെല്ലാം വിശുദ്ധ ഖുർആനിന് അല്ലാഹു നൽകിയ സംരക്ഷണത്തിന്റെ ഭാഗമാണ്. പിശാചുക്കൾക്ക് ഇതിലേക്ക് എത്തിപ്പെടാൻ യാതൊരു വഴിയും അവൻ നിശ്ചയിച്ചില്ല. ഖുർ ആനിൽ വിശ്വസിക്കാനും അതിനെ സ്വീകരിക്കാനും പ്രേരിപ്പി ക്കേണ്ട കാര്യങ്ങളാണ് ഇതെല്ലാമെങ്കിലും ചില മനുഷ്യർ നിഷേ ധമല്ലാതെ സ്വീകരിക്കാൻ തയ്യാറാകുന്നില്ല (എന്നത് എത്ര കഠിന മാണ്)! (സഅ്ദി: 911)

ആയത്തുകൾ 17-23

قُتِلَ ٱلْإِنسَٰنُ مَآ أَكْفَرَهُۥ ﴿١٧﴾

(17) മനുഷ്യൻ നാശമടയട്ടെ. എത്ര കടുത്ത നിഷേധിയാണവൻ?

مِنۡ أَيِّ شَيۡءٍ خَلَقَهُۥ ﴿١٨﴾	(18) ഏതൊരു വസ്തുവിൽ നിന്നാണ് അല്ലാഹു അവനെ സൃഷ്ടിച്ചത്?
مِن نُّطۡفَةٍ خَلَقَهُۥ فَقَدَّرَهُۥ ﴿١٩﴾	(19) ഒരു ബീജത്തിൽ നിന്ന് അവനെ സൃഷ്ടിക്കുകയും, എന്നിട്ട് അവനെ (ഘട്ടംഘട്ടമായി) പരുവപ്പെടുത്തുകയും ചെയ്തു.
ثُمَّ ٱلسَّبِيلَ يَسَّرَهُۥ ﴿٢٠﴾	(20) പിന്നീട് (ഭൂമിയിലേക്കുള്ള) മാർഗം; അതവൻ എളുപ്പമാക്കുകയും ചെയ്തു.
ثُمَّ أَمَاتَهُۥ فَأَقۡبَرَهُۥ ﴿٢١﴾	(21) അനന്തരം അവനെ മരിപ്പിക്കുകയും, ഖബ്റിൽ മറയ്ക്കുകയും ചെയ്തു.
ثُمَّ إِذَا شَآءَ أَنشَرَهُۥ ﴿٢٢﴾	(22) പിന്നീട് ഉദ്ദേശിക്കുമ്പോൾ അല്ലാഹു അവനെ ഉയിർത്തെഴുന്നേൽപ്പിക്കുന്നതാണ്.
كَلَّا لَمَّا يَقۡضِ مَآ أَمَرَهُۥ ﴿٢٣﴾	(23) നിസ്സംശയം, അവനോട് അല്ലാഹു കൽപ്പിച്ചത് അവൻ നിർവ്വഹിച്ചില്ല.

തഫ്സീർ

(17) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ച മനുഷ്യൻ ശപിക്കപ്പെട്ടിരിക്കുന്നു. എത്ര കടുത്ത നിഷേധമാണ് അവൻ അല്ലാഹുവിനോട് വെച്ചുപുലർത്തുന്നത്!

(18) ഭൂമിയിൽ ഇപ്രകാരം അഹങ്കാരം നടിക്കാനും, അല്ലാഹുവിനെ നിഷേധിക്കാനും മാത്രം എന്താണ് അവനുള്ളത്?! അല്ലാഹു അവനെ എന്തൊരു വസ്തുവിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് അവൻ കാണുന്നില്ലേ?!

(19) ഒരൽപ്പം ദ്രാവകത്തിൽ നിന്ന് -സ്രവിക്കുന്ന ഇന്ദ്രിയത്തുള്ളിയിൽ നിന്ന്- അവനെ അല്ലാഹു പടച്ചിരിക്കുന്നു. എന്നിട്ട് ഘട്ടംഘട്ടമായി അവന്റെ സൃഷ്ടിപ്പിനെ നിർണ്ണയിക്കുകയും ചെയ്തു.

(20) ആ ഘട്ടങ്ങൾക്ക് ശേഷം മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് പുറത്തു കടക്കാനുള്ള വഴി അവന് അല്ലാഹു എളുപ്പമാക്കി കൊ

ടുക്കുകയും ചെയ്തു. നന്മയുടെയും തിന്മയുടെയും മാർഗങ്ങൾ അവന് അല്ലാഹു വിവരിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു.

(21) ഭൂമിയിൽ ജീവിക്കാനുള്ള ആയുസ്സ് നിശ്ചയിച്ചു നൽകിയതിന് ശേഷം, (അവധിയെത്തിയപ്പോൾ) അവനെ അല്ലാഹു മരിപ്പിച്ചു. പുനരുജ്ജീവിപ്പിക്കപ്പെടുന്നത് വരെ കഴിയാനുള്ള ഖബ്റും അവനായി നിശ്ചയിച്ചു.

(22) ശേഷം അല്ലാഹു ഉദ്ദേശിച്ചാൽ, അവന്റെ പ്രവർത്തനങ്ങളെ വിചാരണ ചെയ്യുന്നതിനും അവക്ക് പ്രതിഫലം നൽകുന്നതിനുമായി അവനെ അല്ലാഹു ഉയർത്തെഴുന്നേൽപ്പിക്കുന്നതാണ്.

(23) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ച മനുഷ്യൻ പറയുന്നതു പോലെയോ പ്രവർത്തിക്കുന്നത് പോലെയോ അല്ല വസ്തുത. എന്റെ രക്ഷിതാവിനോട് എനിക്കുള്ള ബാധ്യതയെല്ലാം ഞാൻ നിറവേറ്റി കഴിഞ്ഞിരിക്കുന്നു എന്ന അവന്റെ ധാരണ അബദ്ധമാണ്.

അല്ലാഹുവിന്റെ കൽപ്പനകൾ അവൻ പ്രാവർത്തികമാക്കിയിട്ടില്ല. അല്ലാഹു അവനോട് വിശ്വസിക്കാനും പ്രവർത്തിക്കാനും കൽപ്പിച്ച കാര്യങ്ങളൊന്നും അവൻ നിറവേറ്റിയിട്ടുമില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 17)** അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അങ്ങേയറ്റം നിഷേധിക്കുകയും, സത്യത്തോട് അതീവ ശത്രുത പുലർത്തുകയും ചെയ്യുന്നവരാണ് മനുഷ്യരിൽ ചിലർ.

എന്നാൽ അവനാകട്ടെ, എന്താണ് അവനെ പറ്റി പറയാനുള്ളത്?

ഏറ്റവും ദുർബലമായ ഒന്നിൽ നിന്നാണ് അവന്റെ സൃഷ്ടിപ്പിന്റെ തുടക്കം; ഇന്ദ്രിയത്തുള്ളികളിൽ നിന്നാണ് അവൻ സൃഷ്ടിക്കപ്പെട്ടത്. പിന്നീട് അല്ലാഹു അവന്റെ സൃഷ്ടിപ്പിനെ ക്രമീകരിക്കുകയും, അവനെ ഒത്ത ഒരു മനുഷ്യനായി രൂപപ്പെടുത്തുകയും, അവന്റെ ശരീരവും മനസ്സും ദൃഢമാക്കുകയും ചെയ്തു.

പിന്നീട് ഐഹികവും പാരത്രികവുമായ വഴികൾ അല്ലാഹുവാണ് അവന് എളുപ്പമാക്കി നൽകിയത്. മരണശേഷം മറമാടപ്പെടാനുള്ള വഴി തുറന്നു നൽകിക്കൊണ്ട് അവനെ ആദരിച്ചതും

അല്ലാഹു തന്നെ; മൃഗങ്ങളെ പോലെ ഭൂമിക്ക് മുകളിൽ ചീഞ്ഞ ളിഞ്ഞ ശരീരമായി അവൻ ഉപേക്ഷിക്കപ്പെട്ടില്ല.

ചുരുക്കത്തിൽ മനുഷ്യന്റെ സർവ്വ നിയന്ത്രണവും അല്ലാഹുവി ന്റെ പക്കലാണുള്ളത്. അതിലൊന്നും അല്ലാഹുവിന് ഒരു പങ്കു കാരനുമില്ല. ഇതെല്ലാമുണ്ടായിട്ടും മനുഷ്യർ അല്ലാഹുവിന്റെ ക ൽപ്പനകൾ നിറവേറ്റുകയോ, അവൻ നിർബന്ധമാക്കിയ കാര്യ ങ്ങൾ പ്രാവർത്തികമാക്കുകയോ ചെയ്യുന്നില്ല! (സഅ്ദി: 911)

» **(ആയത്ത്: 17-23)** ഈ ആയത്തുകളിൽ നിന്ന് മനസ്സിലാക്കാ വുന്ന ചില പാഠങ്ങൾ:

1- മരണശേഷമുള്ള പുനരുത്ഥാനത്തെ നിഷേധിക്കുക എന്നത് ഇസ്ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന കടുത്ത നിഷേധവും കുഫ്റുമാണ്. കാരണം ഈ വിശ്വാസത്തിലൂടെ അവൻ അല്ലാഹുവിന്റെ വാക്കുകളെ കളവാക്കുകയും, അല്ലാ ഹുവിന്റെ ശക്തിയെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്.

2- പുനരുത്ഥാനത്തെ നിഷേധിക്കുന്നവൻ അങ്ങേയറ്റം നശിച്ച വനും, ശപിക്കപ്പെട്ടവനുമാണ്.

3- ഒരു ബീജകണത്തിൽ നിന്ന് മനുഷ്യരെ അല്ലാഹു സൃഷ്ടിക്കുക യും, പിന്നീട് അവനെ ഒരു പൂർണ്ണനായ മനുഷ്യനായി രൂപപ്പെടു ത്തുകയും ചെയ്തു എന്നത് സൃഷ്ടികളെ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹു കഴിവുള്ളവനാണ് എന്നതിനുള്ള തെളിവാണ്.

4- മയ്യിത്ത് (മൃതദേഹം) മറവു ചെയ്യുക എന്നത് അല്ലാഹു പ്രപ ഞ്ചത്തിൽ നിശ്ചയിച്ച ക്രമത്തിൽ പെട്ടതും, അവന്റെ മതപര മായ നിയമങ്ങളിൽ പെട്ടതുമാണ്.

5- മയ്യിത്ത് വേഗത്തിൽ മറവ് ചെയ്യുക എന്നത് ഇസ്ലാമിക മ ര്യാദയിൽ പെട്ടതാണ്. (കാരണം മൃതദേഹം മറവു ചെയ്യപ്പെടുക എന്നത് അതിനോടുള്ള ആദരവിൽ പെട്ടതാണ്. ആദരവുകൾ ധൃതിയിൽ നേടിയെടുക്കുകയാണല്ലോ വേണ്ടത്?!) (ഇൽമാം / ഇ ബ്നു ഉഥൈമീൻ: 210)

ആയത്തുകൾ 24-32

فَلْيَنظُرِ ٱلْإِنسَٰنُ إِلَىٰ طَعَامِهِۦٓ ﴿٢٤﴾

(24) എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ച് നോക്കട്ടെ.

أَنَّا صَبَبْنَا ٱلْمَآءَ صَبًّا ﴿٢٥﴾ ثُمَّ شَقَقْنَا ٱلْأَرْضَ شَقًّا ﴿٢٦﴾ فَأَنۢبَتْنَا فِيهَا حَبًّا ﴿٢٧﴾

(25-27) നാം ശക്തിയായി മഴവെള്ളം ചൊരിഞ്ഞുകൊടുക്കുകയും, ശേഷം നാം ഭൂമിയെ പിളർത്തുകയും, പിന്നീട് അതിൽ നാം ധാന്യം മുളപ്പിക്കുകയും ചെയ്തു.

وَعِنَبًا وَقَضْبًا ﴿٢٨﴾ وَزَيْتُونًا وَنَخْلًا ﴿٢٩﴾ وَحَدَآئِقَ غُلْبًا ﴿٣٠﴾ وَفَٰكِهَةً وَأَبًّا ﴿٣١﴾

(28-31) മുന്തിരിയും പച്ചക്കറികളും, ഒലീവും ഈന്തപ്പനയും, ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും പഴവർഗവും പുല്ലും (നാം അതിൽ വളർത്തി കൊണ്ടുവന്നു).

مَّتَٰعًا لَّكُمْ وَلِأَنْعَٰمِكُمْ ﴿٣٢﴾

(32) നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട് (നാം അവയെ മുളപ്പിച്ചിരിക്കുന്നു).

തഫ്സീർ

(24) അല്ലാഹുവിനെ നിഷേധിക്കുന്ന മനുഷ്യൻ താൻ കഴിക്കുന്ന ഭക്ഷണം നോക്കിക്കാണുകയും, അതിനെ കുറിച്ച് ഉറ്റാലോചിക്കുകയും ചെയ്യട്ടെ. അവന്റെ ജീവിതത്തെ നിലനിർത്തുന്ന ഈ ഭക്ഷണം എങ്ങനെയാണ് അല്ലാഹു സൃഷ്ടിച്ചത് എന്ന കാര്യം അവൻ ആലോചിക്കട്ടെ!

(25) അതിന്റെ ഉത്ഭവം ആകാശത്ത് നിന്ന് നാം ശക്തിയായി ചൊരിഞ്ഞ മഴയിൽ നിന്നാണ്.

(26) പിന്നീട് നാം ഭൂമിയെ പിളർത്തുകയും, സസ്യങ്ങൾ മുളക്കുന്നതിനായി അത് വിണ്ടുകീറുകയും ചെയ്തു.

(27-29) അങ്ങനെ നാം അതിൽ ഗോതമ്പും ചോളവും പോലുള്ള ധാന്യങ്ങൾ മുളപ്പിച്ചു. മുന്തിരിയും നാം പുറത്തു കൊണ്ടുവന്നു. നിങ്ങളുടെ കന്നുകാലികൾക്ക് ഭക്ഷണമായി പച്ചക്കറികളും, അതിന് പുറമെ ഒലീവും ഈന്തപ്പനയും മുളപ്പിച്ചു.

(30-31) ധാരാളം വൃക്ഷങ്ങൾ ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും, പഴവർഗങ്ങളും, നിങ്ങളുടെ കന്നുകാലികൾക്ക് മേയാനുള്ള ഭക്ഷണവും അവിടെ നാം മുളപ്പിച്ചു.

(32) നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും അവ ഉപകരിക്കുന്നതിന് വേണ്ടിയാണ് (അല്ലാഹു ഇവയെല്ലാം സംവിധാനിച്ചത്).

ആയത്തുകൾ 33-37

فَإِذَا جَآءَتِ ٱلصَّآخَّةُ ﴿٣٣﴾

(33) എന്നാൽ ചെകിടടിപ്പിക്കുന്ന ആ ശബ്ദം (അസ്സ്വാഖഃ) വന്നെത്തിയാൽ...

يَوْمَ يَفِرُّ ٱلْمَرْءُ مِنْ أَخِيهِ ﴿٣٤﴾ وَأُمِّهِۦ وَأَبِيهِ ﴿٣٥﴾ وَصَٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾

(34-36) അതായത് മനുഷ്യൻ തന്റെ സഹോദരനെ വിട്ട് ഓടിപ്പോകുന്ന ദിവസം. തന്റെ മാതാവിനെയും പിതാവിനെയും, ഭാര്യയെയും മക്കളെയും (വിട്ട് ഓടിപ്പോകുന്ന ദിവസം).

لِكُلِّ ٱمْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴿٣٧﴾

(37) അവരിൽപ്പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര വിഷയം അന്ന് ഉണ്ടായിരിക്കും.

തഫ്സീർ

(33) എന്നാൽ ഉച്ചത്തിലുള്ള ആ അട്ടഹാസം വന്നു കഴിഞ്ഞാൽ; ഭയവിഹ്വലതയാൽ കേൾവിശക്തിയെ തകർത്തു കളയുന്ന

ശബ്ദമായിരിക്കും അത്. മനുഷ്യർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതിന് വേണ്ടി കാഹളത്തിൽ രണ്ടാമത് ഊതപ്പെടുമ്പോഴാണത്.

(34-36) ആ ദിവസത്തിന്റെ കഠിനമായ ഭയം കാരണത്താൽ മനുഷ്യൻ തന്റെ സഹോദരനിൽ നിന്ന് ഓടിയകലുന്നതാണ്. തന്റെ മാതാവിൽ നിന്നും പിതാവിൽ നിന്നും തന്റെ ഭാര്യയിൽ നിന്നും, മക്കളിൽ നിന്നും അവൻ ഓടിയകലും.

(37) ഓരോ മനുഷ്യനും തന്റെ സ്വന്തം കാര്യം തന്നെ ചിന്തിക്കുവാൻ വേണ്ടുവോളമുണ്ടായിരിക്കും. അതിനാൽ തനിക്ക് പുറമെ ഒരാളെക്കുറിച്ചും ചിന്തിക്കാൻ അവന് കഴിയുന്നതല്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 33-37)** അന്ത്യനാളിൽ ഓരോ മനുഷ്യനും തന്റെ കാര്യം തന്നെ മതിയാകുവോളമുണ്ടായിരിക്കും. സ്വയം രക്ഷപ്പെടുക എന്നതായിരിക്കും അവന്റെ പ്രഥമലക്ഷ്യം. അതിനാൽ മറ്റൊന്നിലേക്കും മറ്റൊരാളിലേക്കും അവൻ ശ്രദ്ധ കൊടുക്കുന്നതല്ല. സൃഷ്ടികളെല്ലാം രണ്ടു വിഭാഗമായി വേർതിരിയുന്ന ദിനമായിരിക്കും അത്. ചിലർ സൗഭാഗ്യവാന്മാരും, മറ്റു ചിലർ ദൗർഭാഗ്യവാന്മാരുമായി അന്ന് വേർതിരിയും. (സഅ്ദി: 911)

ആയത്തുകൾ 38-42

(38) അന്ന് ചില മുഖങ്ങൾ പ്രസന്നതയുള്ളവയായിരിക്കും.	وُجُوهٌ يَوْمَئِذٍ مُّسْفِرَةٌ ﴿٣٨﴾
(39) ചിരിക്കുന്നവയും സന്തോഷം കൊള്ളുന്നവയും.	ضَاحِكَةٌ مُّسْتَبْشِرَةٌ ﴿٣٩﴾
(40) വേറെ ചില മുഖങ്ങളാകട്ടെ അന്ന് പൊടി പുരണ്ടിരിക്കും.	وَوُجُوهٌ يَوْمَئِذٍ عَلَيْهَا غَبَرَةٌ ﴿٤٠﴾
(41) അവയെ കൂരിരുട്ട് മൂടിയിരിക്കും.	تَرْهَقُهَا قَتَرَةٌ ﴿٤١﴾

أُوْلَٰٓئِكَ هُمُ ٱلْكَفَرَةُ ٱلْفَجَرَةُ ﴿٤٢﴾

(42) അക്കൂട്ടരാകുന്നു (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവരും അധർമ്മകാരികളുമായിട്ടുള്ളവർ.

തഫ്സീർ

(38) സൗഭാഗ്യവാന്മാരുടെ മുഖങ്ങൾ അന്നേ ദിവസം പ്രകാശിക്കുന്നതായിരിക്കും.

(39) അല്ലാഹു അവക്ക് വേണ്ടി അവന്റെ കാരുണ്യത്തിൽ നിന്ന് ഒരുക്കി വെച്ചിട്ടുള്ള അനുഗ്രഹങ്ങൾ കാരണത്താൽ അവ ചിരിയും സന്തോഷവും നിറഞ്ഞു നിൽക്കുന്നതായിരിക്കും.

(40-41) ദൗർഭാഗ്യവാന്മാരുടെ മുഖങ്ങൾ അന്നേ ദിവസം പൊടി പുരണ്ടതായിരിക്കും. അവയെ ഇരുട്ട് മൂടിയിരിക്കും.

(42) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിക്കുകയും, അല്ലാഹുവിന്റെ വചനങ്ങളെ കളവാക്കുകയും, അതോടൊപ്പം മ്ലേഛവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തവരാണ് ഈ പറയപ്പെട്ടവർ.

സൂറത്തുത്തക്‌വീർ

سُورَةُ التَّكْوِيرِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 29.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- തക്‌വീർ (التَّكْوِيـرُ): സൂറത്തിന്റെ ആദ്യത്തിൽ 'കുവ്വിറത്ത്' (كُـوِّرَتْ) എന്ന പദം പരാമർശിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ക്രിയാനാമമാണ് തക്‌വീർ. സൂര്യൻ കൂടിച്ചേരുകയും, അതിന്റെ വെളിച്ചം ഇല്ലാതെയാവുകയും ചെയ്യുന്ന സന്ദർഭത്തെയാണ് ഈ വാക്ക് കൊണ്ട് വിവരിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**مَنْ سَرَّهُ أَنْ يَنْظُرَ إِلَى يَوْمِ الْقِيَامَةِ كَأَنَّهُ رَأْيُ عَيْنٍ**» فَلْيَقْرَأْ: إِذَا الشَّمْسُ كُوِّرَتْ، وَإِذَا السَّمَاءُ انْفَطَرَتْ، وَإِذَا السَّمَاءُ انْشَقَّتْ.

ഇബ്നു ഉമർ -﵁- നിവേദനം: നബി -ﷺ- പറഞ്ഞു: "ആർക്കെങ്കിലും പരലോകദിനം കണ്ണിൽ കാണുന്നത് പോലെ വീക്ഷിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അവൻ സൂറ. തക്‌വീർ, സൂറ. ഇൻഫിത്വാർ, സൂറ. ഇൻശിഖാഖ് എന്നിവ പാരായണം ചെയ്യട്ടെ." (തിർമിദി: 3333, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അന്ത്യനാളിൽ സംഭവിക്കുന്ന ഭീതി നിറഞ്ഞ സംഭവങ്ങളുടെ ചിത്രീകരണം ഈ സൂറത്ത് ഉൾക്കൊള്ളുന്നു.

* ലോകം അവസാനിക്കുന്നതിന് തൊട്ടുമുൻപായി പ്രപഞ്ചത്തിൽ സംഭവിക്കാനിരിക്കുന്ന -സൂര്യനും നക്ഷത്രങ്ങൾക്കും പർവ്വതത്തിനും സമുദ്രങ്ങൾക്കും ഭൂമിക്കും ഉണ്ടാകുന്ന- മാറ്റങ്ങൾ വിവരിക്കുകയും, അന്നേ ദിവസത്തെ ഭയാനകത കാരണത്താൽ അവയെല്ലാം മാറിമറിയുന്നതാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

* സ്രഷ്ടാവിൽ നിന്നുള്ള സന്ദേശമായ വഹ്‌യിനെ കുറിച്ച് ഈ സൂറത്തിൽ ചർച്ച ചെയ്യപ്പെടുന്നു.

* അല്ലാഹുവിന്റെ സന്ദേശവുമായി വന്നെത്തുന്ന മലക്കിനെ കുറിച്ചും, അത് സ്വീകരിക്കുന്ന മുഹമ്മദ് നബി -ﷺ- യെ കുറിച്ചും, ഖുർആനിനുള്ള മഹത്വത്തെ കുറിച്ചും വിവരിക്കുന്നതിനൊപ്പം ഈ സന്ദേശത്തെ കുറിച്ചും നബി -ﷺ- യെ കുറിച്ചും ബഹുദൈവാരാധകർ ഉന്നയിച്ച ജൽപ്പനങ്ങളുടെ നിരർത്ഥകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

ആയത്തുകൾ 1-14

(1) സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമ്പോൾ.	إِذَا ٱلشَّمۡسُ كُوِّرَتۡ ١
(2) നക്ഷത്രങ്ങൾ ഉതിർന്നു വീഴുമ്പോൾ.	وَإِذَا ٱلنُّجُومُ ٱنكَدَرَتۡ ٢
(3) പർവ്വതങ്ങൾ സഞ്ചരിപ്പിക്കപ്പെടുമ്പോൾ.	وَإِذَا ٱلۡجِبَالُ سُيِّرَتۡ ٣
(4) പൂർണ്ണഗർഭിണികളായ ഒട്ടകങ്ങൾ അവഗണിക്കപ്പെടുമ്പോൾ.	وَإِذَا ٱلۡعِشَارُ عُطِّلَتۡ ٤
(5) വന്യമൃഗങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ.	وَإِذَا ٱلۡوُحُوشُ حُشِرَتۡ ٥
(6) സമുദ്രങ്ങൾ ആളിക്കത്തിക്കപ്പെടുമ്പോൾ.	وَإِذَا ٱلۡبِحَارُ سُجِّرَتۡ ٦
(7) ആത്മാവുകൾ കൂട്ടിയിണക്കപ്പെടുമ്പോൾ.	وَإِذَا ٱلنُّفُوسُ زُوِّجَتۡ ٧
(8-9) (ജീവനോടെ) കുഴിച്ചു മൂടപ്പെട്ട പെൺകുട്ടിയോട് 'അവൾ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത്' എന്ന് ചോദിക്കപ്പെടുമ്പോൾ.	وَإِذَا ٱلۡمَوۡءُۥدَةُ سُئِلَتۡ ٨ بِأَيِّ ذَنۢبٖ قُتِلَتۡ ٩

وَإِذَا ٱلصُّحُفُ نُشِرَتْ ﴿١٠﴾

(12) (കർമ്മങ്ങളുടെ) ഏടുകൾ തുറന്നുവെക്കപ്പെടുമ്പോൾ.

وَإِذَا ٱلسَّمَآءُ كُشِطَتْ ﴿١١﴾

(11) ഉപരിലോകം മറനീക്കി കാണിക്കപ്പെടുമ്പോൾ.

وَإِذَا ٱلْجَحِيمُ سُعِّرَتْ ﴿١٢﴾

(12) ജ്വലിക്കുന്ന നരകാഗ്നി ആളിക്കത്തിക്കപ്പെടുമ്പോൾ.

وَإِذَا ٱلْجَنَّةُ أُزْلِفَتْ ﴿١٣﴾

(13) സ്വർഗം അടുത്തു കൊണ്ടുവരപ്പെടുമ്പോൾ.

عَلِمَتْ نَفْسٌ
مَّآ أَحْضَرَتْ ﴿١٤﴾

(14) ഓരോ വ്യക്തിയും താൻ തയ്യാറാക്കി കൊണ്ടുവന്നിട്ടുള്ളത് എന്തെന്ന് അറിയുന്നതാണ്.

തഫ്സീർ

(1) സൂര്യന്റെ പിണ്ഡം കൂടിച്ചേരുകയും, അതിന്റെ പ്രകാശം ഇല്ലാതാവുകയും ചെയ്താൽ.

(2) നക്ഷത്രങ്ങൾ ഉതിർന്നു വീഴുകയും, അതിന്റെ പ്രകാശം തുടച്ചു നീക്കപ്പെടുകയും ചെയ്താൽ.

(3) പർവ്വതങ്ങൾ അതിന്റെ സ്ഥാനങ്ങളിൽ നിന്ന് സഞ്ചരിക്കപ്പെടുകയും, അങ്ങനെ അവ ചിതറിത്തെറിച്ച ധൂളികളാവുകയും ചെയ്താൽ.

(4) ഗർഭിണികളായ ഒട്ടകങ്ങളെ അതിന്റെ ഉടമകൾ ഉപേക്ഷിക്കുകയും അവ അവഗണിക്കപ്പെടുകയും ചെയ്താൽ; അറബികളുടെ സമ്പത്തിൽ ഏറ്റവും വിലപിടിപ്പുള്ളവയായിരുന്നു ഗർഭിണികളായ ഒട്ടകങ്ങൾ.

(5) വന്യമൃഗങ്ങൾ മനുഷ്യരോടൊപ്പം ഒരേ സ്ഥലത്ത് ഒരുമിച്ചു കൂട്ടപ്പെടുകയും, അവ കൂടിക്കലരുകയും ചെയ്താൽ.

(6) സമുദ്രങ്ങൾ ആളിക്കത്തിക്കപ്പെടുകയും, അവ അഗ്നിയായി മാറുകയും ചെയ്താൽ.

(7) ആത്മാവുകൾ സമാനമായവയോട് ചേർക്കപ്പെട്ടാൽ; അങ്ങനെ തെമ്മാടികൾ തെമ്മാടികളോടും, സൽകർമ്മികൾ സൽകർമ്മികളോടും ചേർക്കപ്പെടും.

(8-9) ജീവനോടെ കുഴിച്ചു മൂടപ്പെട്ട പെൺകുട്ടിയോട് "നിന്നെ കൊലപ്പെടുത്തിയവർ എന്തു തെറ്റിന്റെ പേരിലാണ് നിന്നെ കൊലപ്പെടുത്തിയത്?!" എന്ന് അല്ലാഹു ചോദിച്ചാൽ. ഈ ചോദ്യം കുട്ടിയെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും, അവളുടെ പിതാവിന് ഭയാനകരവുമായിരിക്കും.

(10) ഓരോരുത്തർക്കും തങ്ങൾ ചെയ്തു വെച്ചത് വായിക്കാൻ കഴിയും വിധം അവരുടെ പ്രവർത്തനങ്ങളുടെ ഏടുകൾ തുറന്നു വെക്കപ്പെടുകയും ചെയ്താൽ.

(11) ആടിന്റെ തൊലി ഉരിഞ്ഞു നീക്കപ്പെടുന്നത് പോലെ ആകാശം എടുത്തു മാറ്റപ്പെടുകയും, അതിന്റെ സ്ഥാനത്ത് നിന്ന് നീക്കപ്പെടുകയും ചെയ്താൽ.

(12-13) നരകം ആളിക്കത്തിക്കപ്പെട്ടാൽ. സൂക്ഷ്മത പാലിച്ചവർക്കായി സ്വർഗം അടുത്തു കൊണ്ടു വരപ്പെട്ടാൽ.

(14) ഇതെല്ലാം സംഭവിച്ചാൽ... ഓരോ വ്യക്തിയും താൻ അന്നേ ദിവസത്തിനായി ചെയ്തു വെച്ച പ്രവർത്തനങ്ങൾ -അതിലെ നന്മയും തിന്മയുമെല്ലാം- എന്താണെന്ന് അറിയുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-14)** അന്ത്യനാളിന് അല്ലാഹു നൽകിയിട്ടുള്ള ഈ വിശേഷണങ്ങൾ മനസ്സുകളെ ഭീതിയിലാഴ്ത്താൻ പര്യാപ്തമാണ്. ഹൃദയാന്തരാളങ്ങളെ വിറകൊള്ളിക്കുന്ന ഈ വിവരണം അന്നേ ദിവസത്തേക്കായി തയ്യാറെടുക്കാൻ ബുദ്ധിയുള്ളവരെ പ്രേരിപ്പിക്കുന്നു. അല്ലാഹുവിങ്കൽ ആക്ഷേപത്തിന് കാരണമാകുന്ന എന്തൊരു കാര്യവും ഉപേക്ഷിക്കാൻ മാത്രമുള്ള ശക്തമായ താക്കീതുകളാണ് ഈ വചനങ്ങളിൽ ഉള്ളത്.

'ആരെങ്കിലും തന്റെ കണ്ണുകൊണ്ട് അന്ത്യനാൾ നോക്കിക്കാണുന്നത് പോലെ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സൂറത്തുത്തക്‌വീർ ആലോചനയോടെ പാരായണം ചെയ്യട്ടെ' എന്ന്

സലഫുകളിൽ ചിലർ പറഞ്ഞത് വെറുതെയല്ല! (സഅ്ദി: 911)

» **(ആയത്ത്: 4)** ഖുർആൻ അവതരിക്കുന്ന കാലഘട്ടത്തിൽ അറബികളുടെ സമ്പത്തിൽ ഏറ്റവും വിലപിടിപ്പുള്ളവയായിരുന്നു ഗർഭിണികളായ ഒട്ടകങ്ങൾ. എന്നാൽ ഈ അർത്ഥത്തിൽ ഉൾപ്പെടാവുന്ന, വിലപിടിപ്പുള്ള എല്ലാ സമ്പത്തും ഇതിന്റെ ഉദ്ദേശത്തിൽ പെട്ടതാണ്.

അന്ത്യനാൾ സംഭവിക്കുന്നതോടെ മനുഷ്യർ തങ്ങളുടെ വിലപിടിപ്പുള്ള സമ്പാദ്യങ്ങളെയെല്ലാം ഉപേക്ഷിക്കുന്നതാണ്. ഇന്നലെ വരെ അവയെ പരിചരിക്കുകയും, എല്ലാ സമയവും അതിന്റെ പിറകിൽ ഓടുകയും ചെയ്തിരിക്കുന്നവർക്ക് അന്ത്യനാളിന്റെ ആരംഭത്തോടെ വന്നെത്തുന്ന ഭീകരത അവയെല്ലാം മറപ്പിച്ചു കളയുന്ന വിധത്തിലുള്ളതായിരിക്കും. (സഅ്ദി: 911)

» **(ആയത്ത്: 5)** വന്യമൃഗങ്ങൾ അന്ത്യനാളിൽ ഒരുമിച്ചു കൂട്ടപ്പെടുകയും, അവക്കിടയിൽ പരസ്പരം നീതിനടപ്പാക്കപ്പെടുകയും ചെയ്യും. കൊമ്പില്ലാത്ത മൃഗങ്ങൾക്ക് കൊമ്പുള്ളവയിൽ നിന്ന് പ്രതികാരമെടുക്കാൻ സാധിക്കും. അല്ലാഹുവിന്റെ പരിപൂർണ്ണമായ നീതി മനുഷ്യരെല്ലാം വീക്ഷിക്കുന്നതാണ്. അതിന് ശേഷം മൃഗങ്ങൾ മണ്ണായി മാറ്റപ്പെടുന്നതാണ്. (സഅ്ദി: 911)

» **(ആയത്ത്: 7)** ഓരോ വ്യക്തിയും അവന് യോജിച്ചവരുമായി ചേർക്കപ്പെടും; നന്മയുള്ളവർ അവർക്ക് യോജിച്ചവരോടൊപ്പം. അധർമ്മികൾ അവർക്ക് യോജിച്ചവരോടുമൊപ്പം. മുഅ്മിനീങ്ങൾക്കുള്ള ഇണ ഹൂറുൽ ഈനുകളിൽ പെട്ട സ്വർഗസ്ത്രീകളായിരിക്കും. നിഷേധികൾക്ക് കൂട്ടായി നൽകപ്പെടുക പിശാചുക്കളെയുമായിരിക്കും. (സഅ്ദി: 912)

» **(ആയത്ത്: 8-9)** ജാഹിലിയ്യഃ കാലഘട്ടത്തിലെ വിവരദോഷികൾ ദാരിദ്ര്യം വന്നേക്കാം എന്ന ഒരേയൊരു കാരണം പറഞ്ഞു കൊണ്ട് തങ്ങളുടെ പെൺമക്കളെ ജീവനോടെ കുഴിച്ചു മൂടുമായിരുന്നു. കുഴിച്ചു മൂടപ്പെട്ട പെൺകുട്ടി ചോദ്യം ചെയ്യപ്പെടുമെന്നാണ് അല്ലാഹു അറിയിച്ചത്. എങ്കിൽ കുഴിച്ചു മൂടിയവന്റെ അന്ത്യനാളിലെ അവസ്ഥ എന്തായിരിക്കും?!

ആയത്തുകൾ 15-25

فَلَآ أُقۡسِمُ بِٱلۡخُنَّسِ ١٥

(15) മറഞ്ഞിരിക്കുന്നവ കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

ٱلۡجَوَارِ ٱلۡكُنَّسِ ١٦

(16) സഞ്ചരിച്ചു കൊണ്ടിരിക്കുന്നതും, അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നതുമായ (നക്ഷത്രങ്ങൾ കൊണ്ട്).

وَٱلَّيۡلِ إِذَا عَسۡعَسَ ١٧

(17) രാത്രി നീങ്ങുമ്പോൾ അതു തന്നെ സത്യം.

وَٱلصُّبۡحِ إِذَا تَنَفَّسَ ١٨

(18) പ്രഭാതം പ്രകാശമാനമാകുമ്പോൾ അതു കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു.

إِنَّهُۥ لَقَوۡلُ رَسُولٖ كَرِيمٖ ١٩

(19) തീർച്ചയായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കാകുന്നു.

ذِي قُوَّةٍ عِندَ ذِي ٱلۡعَرۡشِ مَكِينٖ ٢٠

(20) ശക്തിയുള്ളവനായ (ഒരു മലക്കിന്റെ); സിംഹാസനാരോഹിതനായ അല്ലാഹുവിങ്കൽ ഉയർന്ന സ്ഥാനമുള്ളവന്റെ (വാക്ക്).

مُّطَاعٖ ثَمَّ أَمِينٖ ٢١

(21) അനുസരിക്കപ്പെടുന്നവനും വിശ്വസ്തനുമായ (ജിബ്‌രീലിന്റെ).

وَمَا صَاحِبُكُم بِمَجۡنُونٖ ٢٢

(22) നിങ്ങളുടെ കൂട്ടുകാരൻ (മുഹമ്മദ് നബി -ﷺ-) ഒരു ഭ്രാന്തനല്ല തന്നെ.

وَلَقَدۡ رَءَاهُ بِٱلۡأُفُقِ ٱلۡمُبِينِ ٢٣

(23) തീർച്ചയായും അദ്ദേഹത്തെ (ജിബ്‌രീൽ എന്ന ദൂതനെ) പ്രത്യക്ഷമായ മണ്ഡലത്തിൽ വെച്ച് അദ്ദേഹം കണ്ടിട്ടുണ്ട്.

وَمَا هُوَ عَلَى ٱلۡغَيۡبِ بِضَنِينٖ ﴿٢٤﴾

(24) അദൃശ്യവാർത്തയുടെ കാര്യത്തിൽ പിശുക്ക് കാണിക്കുന്നവനുമല്ല അദ്ദേഹം.

وَمَا هُوَ بِقَوۡلِ شَيۡطَٰنٖ رَّجِيمٖ ﴿٢٥﴾

(25) ഇത് (ഖുർആൻ) ആട്ടിയകറ്റപ്പെട്ട ഒരു പിശാചിന്റെ വാക്കുമല്ല.

فَأَيۡنَ تَذۡهَبُونَ ﴿٢٦﴾

(26) അപ്പോൾ എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്?

إِنۡ هُوَ إِلَّا ذِكۡرٞ لِّلۡعَٰلَمِينَ ﴿٢٧﴾

(27) ഇത് ലോകർക്ക് വേണ്ടിയുള്ള ഒരു ഉദ്ബോധനമല്ലാതെ മറ്റൊന്നുമല്ല.

لِمَن شَآءَ مِنكُمۡ أَن يَسۡتَقِيمَ ﴿٢٨﴾

(28) അതായത് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് നേരെ നിലകൊള്ളാൻ ഉദ്ദേശിച്ചവർക്ക് വേണ്ടി.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ ﴿٢٩﴾

(29) ലോകങ്ങളുടെ റബ്ബായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.

തഫ്സീർ

(15) രാത്രി തിളക്കത്തോടെ പ്രകാശിക്കുന്നതിന് മുൻപ്, പകൽ നേരം മറഞ്ഞിരിക്കുന്ന നക്ഷത്രങ്ങളെ കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു.

(16) പുലരി വിരിയുന്നതോടെ -മാൻ മരങ്ങൾക്കിടയിൽ പ്രവേശിക്കുന്നത് പോലെ- ആകാശത്ത് മറഞ്ഞു പോകുന്ന, നിശ്ചയിക്കപ്പെട്ട ഭ്രമണപഥങ്ങളിലൂടെ സഞ്ചരിക്കുന്ന നക്ഷത്രങ്ങൾ (കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു).

(17) രാത്രിയുടെ ആദ്യഭാഗം മുന്നിട്ടു വരുമ്പോൾ അതിനെ കൊ

ണ്ടും, അതിന്റെ അവസാനഭാഗം പിന്നിട്ടു പോകുമ്പോൾ അതിനെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(18) പ്രഭാതം അതിന്റെ പ്രകാശം പരത്തുമ്പോൾ ആ സമയത്തെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(19) തീർച്ചയായും മുഹമ്മദ് നബി-ﷺ-യുടെ മേൽ അവതരിക്കപ്പെട്ട ഈ ഖുർആൻ, വിശ്വസ്തനായ ഒരു മലക് അവിടുത്തേക്ക് എത്തിച്ചു കൊടുത്ത അല്ലാഹുവിന്റെ സംസാരം തന്നെയാകുന്നു. ഈ ദൗത്യം അല്ലാഹു വിശ്വസിച്ചേൽപ്പിച്ച ജിബ്‌രീൽ എന്ന മലക്കാകുന്നു വിശ്വസ്തനായ ആ ദൂതൻ.

(20) കൽപ്പിക്കപ്പെട്ട ഏതൊരു കാര്യവും നിറവേറ്റാൻ മാത്രം ശക്തിയുള്ളവനും, സിംഹാസനത്തിന്റെ രക്ഷിതാവായ അല്ലാഹുവിങ്കൽ മഹത്തരമായ സ്ഥാനവുമുള്ള (ജിബ്‌രീലിന്റെ).

(21) ആകാശലോകത്തുള്ളവർ അദ്ദേഹത്തെ അനുസരിക്കുന്നു; അല്ലാഹുവിൽ നിന്ന് എത്തിച്ചു നൽകുന്ന സന്ദേശത്തിന്റെ കാര്യത്തിൽ അദ്ദേഹം വിശ്വസ്തനുമാണ്.

(22) (മക്കയിലെ ബഹുദൈവാരാധകരേ!) ബുദ്ധിവൈഭവവും വിശ്വസ്തതയും സത്യസന്ധതയുമുള്ളവനാണ് എന്ന് നിങ്ങൾക്ക് നേരിട്ടറിയാവുന്ന -നിങ്ങളോടൊപ്പമുള്ളവരായ- മുഹമ്മദ് നബി -ﷺ- നിങ്ങൾ ജൽപ്പിക്കുന്നത് പോലെ ഒരു ഭ്രാന്തനല്ല.

(23) തീർച്ചയായും നിങ്ങളുടെ കൂട്ടുകാരൻ (മുഹമ്മദ് നബി -ﷺ-) പ്രത്യക്ഷമായ ആകാശചക്രവാളത്തിൽ ജിബ്‌രീലിനെ അദ്ദേഹത്തിന്റെ ശരിയായ രൂപത്തിൽ കണ്ടിട്ടുണ്ട്. മക്കയിലെ കിഴക്ക് ഭാഗത്ത്, ഹിറാ ഗുഹയിൽ വെച്ച് നബി -ﷺ- ആദ്യമായി ജിബ്‌രീലിനെ കണ്ട സന്ദർഭമാണ് ഇവിടെ ഉദ്ദേശ്യം.

(24) നിങ്ങളോട് പിശുക്ക് കാണിക്കുന്നവനല്ല നിങ്ങളുടെ കൂട്ടുകാരനായ (മുഹമ്മദ് -ﷺ-); നിങ്ങൾക്ക് എത്തിച്ചു നൽകാൻ ഏൽപ്പിക്കപ്പെട്ട കാര്യം എത്തിക്കുന്നതിൽ യാതൊരു പിശുക്കും അദ്ദേഹത്തിനില്ല. ജോത്സ്യന്മാർ ചെയ്യാറുള്ളത് പോലെ, അദ്ദേഹം (നിങ്ങളിൽ നിന്ന്) പ്രതിഫലം വാങ്ങുന്നുമില്ല.

(25) ഈ ഖുർആൻ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് ആട്ടിയകറ്റപ്പെട്ട പിശാചിന്റെ വാക്കുമല്ല. മറിച്ച്, അല്ലാഹുവിന്റെ സംസാ

രവും അവനിൽ നിന്നുള്ള സന്ദേശവും മാത്രമാണിത്.

(26) ഈ തെളിവുകളെല്ലാം ദർശിച്ച ശേഷവും അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ട ഈ ഖുർആനിനെ നിഷേധിക്കാൻ നിങ്ങളുടെ ബുദ്ധി നിങ്ങളെ ഇനിയെങ്ങോട്ടാണ് നയിക്കുന്നത്?! അതിനായി ഏതു വഴിയാണ് ഇനി നിങ്ങൾ സ്വീകരിക്കുന്നത്?

(27) ഖുർആൻ ജിന്നുകൾക്കും മനുഷ്യർക്കും ഒരു ഓർമ്മപ്പെടുത്തലും ഉപദേശവുമല്ലാതെ മറ്റൊന്നുമല്ല.

(28) നിങ്ങളിൽ നിന്ന് സത്യത്തിന്റെ പാതയിൽ ഉറച്ചു നിൽക്കാൻ ഉദ്ദേശിക്കുന്നവർക്ക്.

(29) നിങ്ങൾ (സത്യപാതയിൽ) നേരെ നിലകൊള്ളാനോ, അല്ലാതെയാകാനോ ഉദ്ദേശിക്കുകയില്ല; സർവ്വ സൃഷ്ടികളുടെയും രക്ഷിതാവായ അല്ലാഹു അപ്രകാരം ഉദ്ദേശിച്ചിട്ടല്ലാതെ.

ആകാശത്തിലെ ദൂതനും, ഭൂമിയിലെ ദൂതനും!

വിശുദ്ധ ഖുർആനിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നതിനായി അല്ലാഹു ഈ ഗ്രന്ഥം എത്തിച്ചു നൽകിയ ദൂതന്മാരുടെ ശ്രേഷ്ഠതകൾ വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഈ സംസാരം ആകാശലോകത്ത് നിന്ന് എത്തിച്ചു നൽകിയ മലക്കുകളിൽ പെട്ട ദൂതനായ ജിബ്‌രീലിനും -ﷺ-, ഭൂമിയിലെ മനുഷ്യർക്ക് ഈ സന്ദേശം എത്തിച്ചു നൽകിയ മനുഷ്യരിലെ ദൂതരായ മുഹമ്മദ് നബി -ﷺ- ക്കും അല്ലാഹു നൽകിയ വിശേഷണങ്ങളിൽ നിന്ന് ഇക്കാര്യം മനസ്സിലാക്കാൻ കഴിയും.

ജിബ്‌രീൽ -ﷺ- ന്റെ വിശേഷണങ്ങൾ ഇപ്രകാരമാണ്:

1- മാന്യനായ ദൂതൻ (رَسُولٌ كَرِيمٌ): അദ്ദേഹത്തിന്റെ മാന്യമായ സ്വഭാവത്തെയും, സ്തുത്യർഹമായ അനേകം വിശേഷണങ്ങളെയും പരിഗണിച്ചു കൊണ്ടാണ് ഈ വിശേഷണം അദ്ദേഹത്തിന് നൽകപ്പെട്ടത്. മലക്കുകളിൽ ഏറ്റവും ശ്രേഷ്ഠതയുള്ളവരും, അല്ലാഹുവിങ്കൽ ഏറ്റവും ഉന്നതമായ പദവിയുള്ളവരും ജിബ്‌രീലാണ്.

2- ശക്തിയുള്ളവൻ (ذِي قُوَّةٍ): അല്ലാഹു കൽപ്പിച്ച ഏതു കാര്യവും നടപ്പിലാക്കാൻ അദ്ദേഹത്തിന് ശക്തിയുണ്ട്; ലൂത്വ് നബി -ﷺ- ന്റെ ജനതയുടെ നാട് ഒന്നടങ്കം മറിച്ചിട്ടത് ജിബ്‌രീലായിരുന്നു എന്ന

ത് അദ്ദേഹത്തിന്റെ ശക്തിയുടെ ഒരു ഉദാഹരണമാണ്.

3- അല്ലാഹുവിങ്കൽ സ്ഥാനമുള്ളവൻ (عِنْدَ ذِي الْعَرْشِ مَكِينٌ): അദ്ദേഹത്തിന്റെ ഉന്നതമായ പദവിയും, മറ്റെല്ലാ മലക്കുകൾക്കും മേൽ അദ്ദേഹത്തിനുള്ള സ്ഥാനവും ബോധ്യപ്പെടുത്തുന്ന വിശേഷണമാണിത്.

4- അനുസരിക്കപ്പെടുന്നവൻ (مُطَاعٍ): ഉന്നതരായ മലക്കുകളുടെ സൈന്യം ഒന്നടങ്കം അദ്ദേഹത്തെ അനുസരിക്കുന്നു. അദ്ദേഹത്തിന്റെ കൽപ്പനകൾ അവർ ഉടനടി നടപ്പിലാക്കുന്നു.

5- വിശ്വസ്തൻ (أَمِينٌ): കൽപ്പിക്കപ്പെട്ട കാര്യം -യാതൊന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ- അദ്ദേഹം നടപ്പിലാക്കുന്നു. തനിക്ക് നിശ്ചയിക്കപ്പെട്ട പരിധിക്കപ്പുറത്തേക്ക് അദ്ദേഹം ഒരിക്കലും അതിക്രമിച്ചു കടക്കുകയില്ല.

നബി -ﷺ- യുടെ വിശേഷണങ്ങൾ ഇപ്രകാരമാണ്:

1- നിങ്ങളുടെ കൂട്ടുകാരൻ (صَاحِبُكُمْ): നബി -ﷺ- അവർക്ക് പരിചിതനായ ഒരാളായിരുന്നു; അവിടുന്ന് ഒരിക്കലും അപരിചിതനായിരുന്നില്ല. നബി -ﷺ- യുടെ ജീവിതത്തിലെ സത്യസന്ധതയും നന്മയും അവർക്ക് കൺമുന്നിൽ ബോധ്യമുള്ളതായിരുന്നു.

2- ബുദ്ധിയുള്ളവർ: നബി -ﷺ- യെ കുറിച്ച് ശത്രുക്കൾ പറഞ്ഞു പരത്തിയത് അവിടുന്ന് ഭ്രാന്തുള്ളവനാണ് എന്നതായിരുന്നു. എന്നാൽ അവിടുന്ന് ജനങ്ങളിൽ ഏറ്റവും പരിപൂർണ്ണമായ ബുദ്ധിയുള്ളവരും, അവരിൽ ഏറ്റവും തെളിഞ്ഞ വീക്ഷണമുള്ളവരും, സത്യസന്ധമായ സംഭാഷണത്തിന്റെ ഉടമയുമായിരുന്നു.

3- ഉദാരതയുള്ളവർ: അല്ലാഹു എത്തിച്ചു നൽകാൻ ഏൽപ്പിച്ച സന്ദേശത്തിന്റെ കാര്യത്തിൽ യാതൊന്നും അവിടുന്ന് കൂട്ടുകയോ കുറക്കുകയോ മറച്ചു വെക്കുകയോ ചെയ്തിട്ടില്ല. മറിച്ച് ആകാശഭൂമികളിലുള്ളവരുടെ അടുക്കലെല്ലാം അവിടുന്ന് അങ്ങേയറ്റം സത്യസന്ധനും അൽഅമീനുമാണ്. (അവലംബം: സഅ്ദി: 912)

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 19-21)** ജിബ്രീൽ-عليه السلام-ന്റെ മഹത്വം അല്ലാഹു എടുത്തു പറഞ്ഞത് ഖുർആനിന്റെ ശ്രേഷ്ഠത ബോധ്യപ്പെടുത്തുന്ന

തിനാണ്. ഇത്രയെല്ലാം മഹോന്നതമായ ഗുണങ്ങളുള്ള ഒരു ദൂതന്റെ പക്കലാണ് അല്ലാഹു ഖുർആനിന്റെ സന്ദേശം ഏൽപ്പിച്ചത്. രാജാക്കന്മാർ അവരുടെ ഏറ്റവും അടുപ്പമുള്ളവരെ ദൂതന്മാരായി നിയോഗിക്കാറുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്കും, ഏറ്റവും ഗൗരവപ്പെട്ട സന്ദേശങ്ങൾക്കുമാണല്ലോ? (സഅ്ദി: 913)

» **(ആയത്ത്: 22-24)** അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു നൽകുന്നതിൽ യാതൊന്നും നബി -ﷺ- കൂട്ടുകയോ കുറക്കുകയോ ചെയ്തില്ല... ധനികനും ദരിദ്രനും, നേതാവിനും അനുയായിക്കും, പുരുഷനും സ്ത്രീക്കും, പട്ടണവാസിക്കും ഗ്രാമീണനും ഒരു പോലെ അവിടുന്ന് തന്റെ സന്ദേശം -യാതൊരു പിശുക്കുമില്ലാതെ- എത്തിച്ചു നൽകി. അവിടുന്ന് നിയോഗിക്കപ്പെട്ടത് ഏറ്റവും നിരക്ഷരരായ ഒരു സമൂഹത്തിലേക്കായിരുന്നു. എന്നാൽ നബി -ﷺ- വിടപറയുമ്പോൾ അവർ സാത്വികരായ പണ്ഡിതന്മാരും, ബുദ്ധികൂർമ്മതയുള്ള നേതാക്കളുമായി തീർന്നിരുന്നു. അല്ല! സർവ്വ വിജ്ഞാനങ്ങളിലും അവർ ഏറ്റവും മുൻപന്തിയിലുള്ളവരായി തീർന്നു. അവർ അദ്ധ്യാപകരും, അവർക്ക് ശേഷം വന്നവരിലെ ഏറ്റവും വലിയവരെല്ലാം അവരുടെ ശിഷ്യന്മാരും മാത്രമായി തീർന്നു! (സഅ്ദി: 913)

» **(ആയത്ത്: 22-24)** അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു നൽകുന്നതിൽ യാതൊന്നും നബി -ﷺ- കൂട്ടുകയോ കുറക്കുകയോ ചെയ്തില്ല... ധനികനും ദരിദ്രനും, നേതാവിനും അനുയായിക്കും, പുരുഷനും സ്ത്രീക്കും, പട്ടണവാസിക്കും ഗ്രാമീണനും ഒരു പോലെ അവിടുന്ന് തന്റെ സന്ദേശം -യാതൊരു പിശുക്കുമില്ലാതെ- എത്തിച്ചു നൽകി.

» **(ആയത്ത്: 25-26)** 'വിശുദ്ധ ഖുർആൻ പിശാചിന്റെ വാക്കുകളിൽ പെട്ടതാണെന്ന്' ശത്രുക്കളിൽ ചിലർ ആരോപിക്കുന്നു. എന്നാൽ അത്ഭുതം തന്നെ; എങ്ങനെയാണ് ഒരാൾക്ക് അപ്രകാരം ചിന്തിക്കാൻ സാധിക്കുന്നത്?! അവരുടെ ബുദ്ധി എവിടെയാണ് മറഞ്ഞകന്നു പോയിരിക്കുന്നത്?!

എല്ലാ സത്യങ്ങളുടെയും പരമോന്നതിയിൽ നിൽക്കുന്ന ഈ യാ

ഥാർത്ഥ്യത്തെ എങ്ങനെയാണ് നിങ്ങൾ കളവുകളുടെ കൂട്ടത്തിലേക്ക് ചേർത്തിപ്പറയുന്നത്?! എങ്ങനെയാണ് ഏറ്റവും നിന്ദ്യവും അനർത്ഥകരവുമായ ഒന്നിലേക്ക് അതിനെ നിങ്ങൾക്ക് കൂട്ടിവെക്കാൻ സാധിക്കുന്നത്?!

എന്നാൽ വിശുദ്ധ ഖുർആൻ ലോകർക്കുള്ള ഉൽബോധനം മാത്രമാകുന്നു; അവരെ തങ്ങളുടെ റബ്ബിനെ കുറിച്ച് ഓർമ്മപ്പെടുത്തുകയും, അവന്റെ വിശേഷണങ്ങൾ അവർക്ക് വിവരിച്ചു നൽകുകയും, അല്ലാഹുവിന്റെ വിധിവിലക്കുകൾ ബോധ്യപ്പെടുത്തി നൽകുകയും ചെയ്യുന്ന... അല്ലാഹുവിന്റെ പ്രാപഞ്ചിക നടപടിക്രമങ്ങളെ കുറിച്ചും, മതപരമായ വിധിവിലക്കുകളെ കുറിച്ചും, പരലോകത്തുള്ള വിധിന്യായത്തെ കുറിച്ചും അവരെ അറിയിക്കുന്ന... ഇരുലോകങ്ങളിലെയും നന്മകൾ അവർക്ക് നേടിക്കൊടുക്കുന്ന ഉൽബോധനമല്ലാതെ മറ്റൊന്നമല്ല അത്! (സഅ്ദി: 912)

» **(ആയത്ത്: 29)** അല്ലാഹുവിന്റെ ഉദ്ദേശം പൂർണ്ണമായും നടപ്പിലാകുന്നതാണ്. അതിന് ഒന്നും എതിരാവുകയോ തടസ്സം സൃഷ്ടിക്കുകയോ ചെയ്യുകയില്ല. അല്ലാഹുവിന്റെ വിധിയെ നിഷേധിക്കുന്ന ഖദരിയ്യാക്കൾക്കും, മനുഷ്യർക്ക് യാതൊരു ഉദ്ദേശമോ തിരഞ്ഞെടുപ്പോ ഇല്ലെന്ന് വാദിക്കുന്ന ജബരിയ്യാക്കൾക്കും ഒരു പോലെ മറുപടി നൽകുന്നു ഇതു പോലുള്ള ആയത്തുകൾ. (സഅ്ദി: 914)

സൂറത്തുൽ ഇൻഫിത്വാർ

سُورَةُ الانفِطَار

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 19.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഇൻഫിത്വാർ (الانْفِطَارُ): സൂറത്തിന്റെ ആദ്യത്തിൽ 'ഇൻഫത്വറത്' (انْفَطَـرَتْ) എന്ന പദം പരാമർശിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ക്രിയാനാമമാണ് ഇൻഫിത്വാർ. അന്ത്യനാളിൽ ആകാശം പൊട്ടിക്കീറുന്നതിനെ കുറിച്ചാണ് അവിടെ വിവരിക്കപ്പെടുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**مَنْ سَرَّهُ أَنْ يَنْظُرَ إِلَى يَوْمِ الْقِيَامَةِ كَأَنَّهُ رَأْيُ عَيْنٍ**» فَلْيَقْرَأْ: إِذَا الشَّمْسُ كُوِّرَتْ، وَإِذَا السَّمَاءُ انْفَطَرَتْ، وَإِذَا السَّمَاءُ انْشَقَّتْ.

ഇബ്നു ഉമർ -رَضِيَ اللَّهُ عَنْهُمَا- നിവേദനം: നബി -ﷺ- പറഞ്ഞു: "ആർക്കെങ്കിലും പരലോകദിനം കണ്ണിൽ കാണുന്നത് പോലെ വീക്ഷിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അവൻ സൂറ. തക്‌വീർ, സൂറ. ഇൻഫിത്വാർ, സൂറ. ഇൻശിഖാഖ് എന്നിവ പാരായണം ചെയ്യട്ടെ." (തിർമിദി: 3333, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അന്ത്യനാൾ സംഭവിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും, അതിന് ശേഷം വരുന്ന വിചാരണയുടെയും പ്രതിഫലത്തിന്റെയും ഘട്ടങ്ങളെ കുറിച്ചും വിവരിക്കുന്നു ഈ സൂറത്ത്.

* പരലോകത്ത് ജനങ്ങൾ രണ്ട് വിഭാഗമായി -സൽകർമ്മികളും ദുഷ്കർമ്മികളുമായി- വേർതിരിയുന്നതിനെ കുറിച്ചും, ഓരോ വിഭാഗത്തിന്റെയും പര്യവസാനത്തെ കുറിച്ചും വിവരിക്കുന്നു.

* തന്റെ റബ്ബിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുന്ന മനുഷ്യരുടെ ചെയ്തികളെ ശക്തമായി എതിർക്കുന്നു ഈ സൂറത്തിലെ ആയത്തുകൾ.

* അല്ലാഹുവിനെ ഏകനാക്കുന്നതിൽ നിന്ന് അശ്രദ്ധയോടെ തിരിഞ്ഞു കളയുന്ന ബഹുദൈവാരാധകരെ തൊട്ടുണർത്തുകയും,

അന്ത്യനാൾ സംഭവിക്കുമെന്നറിയിക്കുന്ന തെളിവുകളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നതോടൊപ്പം അവരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന മലക്കുകളുടെ സാന്നിധ്യത്തെ കുറിച്ച് അവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ആയത്തുകൾ 1-8

إِذَا ٱلسَّمَآءُ ٱنفَطَرَتۡ ١	(1) ആകാശം പൊട്ടിപ്പിളരുമ്പോൾ.
وَإِذَا ٱلۡكَوَاكِبُ ٱنتَثَرَتۡ ٢	(2) നക്ഷത്രങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ.
وَإِذَا ٱلۡبِحَارُ فُجِّرَتۡ ٣	(3) സമുദ്രങ്ങൾ പൊട്ടി ഒഴുക്കപ്പെടുമ്പോൾ.
وَإِذَا ٱلۡقُبُورُ بُعۡثِرَتۡ ٤	(4) ഖബ്റുകൾ ഇളക്കിമറിക്കപ്പെടുമ്പോൾ;
عَلِمَتۡ نَفۡسٞ مَّا قَدَّمَتۡ وَأَخَّرَتۡ ٥	(5) ഓരോ വ്യക്തിയും താൻ മുൻകൂട്ടി ചെയ്തതും പിന്നോട്ട് മാറ്റിവെച്ചതും എന്താണെന്ന് അറിയുന്നതാണ്.
يَٰٓأَيُّهَا ٱلۡإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلۡكَرِيمِ ٦	(6) മനുഷ്യാ! ഉദാരനായ നിന്റെ റബ്ബിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചു കളഞ്ഞതെന്താണ്?
ٱلَّذِي خَلَقَكَ فَسَوَّىٰكَ فَعَدَلَكَ ٧	(7) നിന്നെ സൃഷ്ടിക്കുകയും സംവിധാനിക്കുകയും ശരിയായ അ വസ്ഥയിലാക്കുകയും ചെയ്തവനത്രെ അവൻ.
فِيٓ أَيِّ صُورَةٖ مَّا شَآءَ رَكَّبَكَ ٨	(8) താൻ ഉദ്ദേശിച്ച രൂപത്തിൽ നിന്നെ രൂപപ്പെടുത്തിയവൻ.

തഫ്സീർ

(1) മലക്കുകൾ ആകാശത്ത് നിന്ന് ഇറങ്ങി വരുന്നത് കാരണത്താൽ അത് പൊട്ടിപ്പിളരുകയും, അതിന്റെ കെട്ടുറപ്പിന് ഇളക്കം സംഭവിക്കുകയും ചെയ്താൽ.

(2) നക്ഷത്രങ്ങൾ ചിന്നിച്ചിതറിയ നിലയിൽ ഉതിർന്നു വീണാൽ.

(3) സമുദ്രങ്ങൾ തുടരെത്തുടരെ തുറന്നു വിടപ്പെടുകയും, അങ്ങനെ അവ കൂടിക്കലരുകയും ചെയ്താൽ.

(4) ഖബ്റുകൾക്കുള്ളിൽ കിടക്കുന്നവരെ പുനർജീവിപ്പിക്കുന്നതിനായി അതിലെ മണ്ണ് കീഴ്മേൽ മറിക്കപ്പെടുകയും ചെയ്താൽ.

(5) ആ സന്ദർഭത്തിൽ ഓരോ വ്യക്തിയും താൻ മുൻപ് ചെയ്തു വെച്ച പ്രവർത്തനങ്ങളും, ചെയ്യാതെ പിന്തിച്ച പ്രവർത്തനങ്ങളും അറിയുന്നതാണ്. അവക്കെല്ലാം അവർക്ക് പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്നതാണ്.

(6) (സ്രഷ്ടാവായ) റബ്ബിനെയും, പുനരുത്ഥാനത്തെയും നിഷേധിച്ച മനുഷ്യാ! നിന്നോടുള്ള ഔദാര്യത്താൽ നിനക്ക് അവധി നീട്ടിനൽകുകയും, ഉടനടി നിന്നെ ശിക്ഷിക്കാതെ വിടുകയും ചെയ്ത നിന്റെ റബ്ബിന്റെ കൽപ്പനകളോട് എതിരാകാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്?

ധാരാളമായി നന്മകൾ ചൊരിയുകയും, എല്ലാ സ്തുതികൾക്കും കൃതജ്ഞതക്കും അനുസരണത്തിനും അർഹതയുള്ളവനുമായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ എങ്ങനെയാണ് നീ വഞ്ചനയിൽ അകപ്പെട്ടു പോയത്?!

(7) അവനല്ലയോ ശൂന്യതയിൽ നിന്ന് നിന്നെ സൃഷ്ടിക്കുകയും, എല്ലാ അവയവങ്ങളും സന്തുലിതവും കൃത്യവുമായ നിലയിൽ നിനക്ക് വേണ്ടി സംവിധാനിക്കുകയും ചെയ്തവൻ?!

(8) അല്ലാഹു ഉദ്ദേശിച്ച രൂപത്തിൽ -നിന്റെ ദൗത്യങ്ങൾ നിറവേറ്റാൻ കഴിയുംവിധത്തിൽ- അവൻ നിന്നെ സൃഷ്ടിച്ചിരിക്കുന്നു. ഒരു കഴുതയുടെയോ കുരങ്ങിന്റെയോ നായയുടെയോ മറ്റോ രൂപത്തിൽ നിന്നെ അവൻ സൃഷ്ടിക്കുകയുണ്ടായില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» (ആയത്ത്: 5) അന്ത്യനാൾ സംഭവിക്കുകയും മനുഷ്യരെല്ലാം അല്ലാഹുവിന്റെ മുൻപിൽ വിചാരണക്കായി ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുന്നതോടെ മറകൾ നീങ്ങുകയായി. അതോടെ അവ്യക്തകൾ അവസാനിക്കുകയുമായി. ഓരോ വ്യക്തിയും തന്റെ ലാഭങ്ങളുടെയും നഷ്ടങ്ങളുടെയും കണക്കുകൾ ആ സന്ദർഭത്തിൽ തിരിച്ചറിയും.

അതിക്രമികൾ തങ്ങളുടെ അനീതി നിറഞ്ഞ പ്രവർത്തനങ്ങൾ നോക്കി കാണുകയും, തന്റെ തുലാസുകൾ കനം കുറയുകയും, ചെയ്തുവെച്ച അനീതികൾ തിരിച്ചടിക്കുകയും, പ്രവർത്തിച്ച തിന്മകളെല്ലാം തന്റെ മുൻപിൽ ഒരുമിച്ചു കൂടുകയും ചെയ്യുന്നത് കാണുന്നതോടെ നിരാശയാൽ തങ്ങളുടെ വിരലുകൾ കടിക്കും. അവസാനമില്ലാത്ത ദൗർഭാഗ്യവും നിലക്കാത്ത ശിക്ഷകളുടെ ദിനങ്ങളും തന്നെ ബാധിക്കാൻ പോകുന്നു എന്ന് അതോടെ അവന് ഉറപ്പാകും.

എന്നാൽ അതേ സമയം സൗഭാഗ്യം നേടിപ്പിടിച്ച ചില വിജയികളുമുണ്ട്. അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുകയും, സൽകർമ്മങ്ങൾ മുന്നോട്ടു വെക്കുകയും ചെയ്തവരാണവർ. ഉന്നതമായ വിജയവും, ശാശ്വതമായ അനുഗ്രഹങ്ങളും, നരകശിക്ഷയിൽ നിന്നുള്ള മോചനവും അവർ നേടിപ്പിടിച്ചിരിക്കുന്നു. (സഅ്ദി: 914)

» **(ആയത്ത്: 6)** അല്ലാഹുവിനോടുള്ള ബാധ്യതകളിൽ വീഴ്ച്ച വരുത്തുകയും, അവന് കോപമുള്ളത് പ്രവർത്തിക്കാൻ ധൈര്യം കാണിക്കുകയും ചെയ്തവർക്ക് അല്ലാഹു ഈ വചനങ്ങളിലൂടെ താക്കീത് നൽകുന്നു:

'ഔദാര്യവാനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയത് എന്താണ്? അവന്റെ അവകാശങ്ങളെ നീ അവഗണിക്കുകയാണോ ഉണ്ടായത്? അല്ലെങ്കിൽ അവന്റെ ശിക്ഷയെ നീ തീർത്തും നിസ്സാരമായി കണ്ടിരിക്കുന്നോ?! അതുമല്ലെങ്കിൽ അവന്റെ പ്രതിഫലത്തിൽ നീ വിശ്വസിക്കാതെ പോയോ?!

എന്നാൽ അവനായിരുന്നില്ലേ നിന്നെ സൃഷ്ടിക്കുകയും ഏറ്റവും നല്ല രൂപത്തിൽ നിന്നെ സൃഷ്ടിക്കുകയും ചെയ്തത്? എന്നിരി

ക്കെ, അവന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുകയും, നിന്നോട് അതീവ നന്മ ചെയ്തവന്റെ നന്മകളെ അവഗണിക്കുകയും ചെയ്യുക എന്നത് എങ്ങനെയാണ് നിനക്ക് യോജിക്കുന്ന പ്രവർത്തിയാവുക?! നിന്റെ അജ്ഞതയും അതിക്രമവും ദുഃശാഠ്യവുമല്ലാതെ മറ്റെന്താണ് നിന്നെ ഈ അവസ്ഥയിലേക്ക് കൊണ്ടെത്തിച്ചത്?!' (സഅ്ദി: 914)

ആയത്തുകൾ 9-12

كَلَّا بَلۡ تُكَذِّبُونَ بِٱلدِّينِ ٩

(9) അല്ല; പക്ഷെ, പ്രതിഫല നടപടിയെ നിങ്ങൾ നിഷേധിച്ചു തള്ളുന്നു.

وَإِنَّ عَلَيۡكُمۡ لَحَٰفِظِينَ ١٠ كِرَامٗا كَٰتِبِينَ ١١

(10-11) തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. ആദരണീയരായ ചില എഴുത്തുകാർ.

يَعۡلَمُونَ مَا تَفۡعَلُونَ ١٢

(12) നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.

തഫ്സീർ

(9) വഞ്ചനയിൽ അകപ്പെട്ടു പോയവരേ! നിങ്ങൾ ധരിച്ചത് പോലെയല്ല കാര്യം! അല്ലാഹുവല്ലാത്തവരെ ആരാധിക്കുക എന്ന നിങ്ങളുടെ ഈ പ്രവർത്തി ന്യായമാണെന്ന നിങ്ങളുടെ അവകാശവാദം സത്യമല്ല. മറിച്ച് നിങ്ങൾ പരലോക വിചാരണയേയും പ്രതിഫല നാളിനേയും നിഷേധിക്കുകയും, ആ ദിവസത്തിന് വേണ്ടി പ്രവർത്തിക്കുന്നത് ഉപേക്ഷിക്കുകയുമാണ് ചെയ്യുന്നത്.

(10-11) നിങ്ങളുടെ പ്രവർത്തനങ്ങൾ സൂക്ഷിക്കുന്ന ചില മലക്കുകൾ നിങ്ങൾക്ക് മേലുണ്ട്. അല്ലാഹുവിങ്കൽ ആദരണീയരായ, നിങ്ങളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ ഏൽപ്പിക്കപ്പെട്ട എഴുത്തുകാരായ മലക്കുകൾ.

(12) നിങ്ങൾ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും -നന്മയും തിന്മയും- അവർ അറിയുന്നു. അതവർ രേഖപ്പെടുത്തുകയും ചെയ്യുന്നു.

ആയത്തുകൾ 13-19

إِنَّ ٱلْأَبْرَارَ لَفِى نَعِيمٍ ١٣

(13) തീർച്ചയായും സുകൃതവാന്മാർ സുഖാനുഗ്രഹങ്ങളിൽ തന്നെയായിരിക്കും.

وَإِنَّ ٱلْفُجَّارَ لَفِى جَحِيمٍ ١٤

(14) തീർച്ചയായും ദുർമാർഗികൾ ജ്വലിക്കുന്ന നരകാഗ്നിയിൽ തന്നെയായിരിക്കും.

يَصْلَوْنَهَا يَوْمَ ٱلدِّينِ ١٥

(15) പ്രതിഫലനാളിൽ അവരതിൽ കടന്ന് എരിയുന്നതാണ്.

وَمَا هُمْ عَنْهَا بِغَآئِبِينَ ١٦

(16) അവർക്ക് അതിൽ നിന്ന് മാറി നിൽക്കാനാവില്ല.

وَمَآ أَدْرَىٰكَ مَا يَوْمُ ٱلدِّينِ ١٧

(17) (നബിയേ!) 'യൗമുദ്ദീൻ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

ثُمَّ مَآ أَدْرَىٰكَ مَا يَوْمُ ٱلدِّينِ ١٨

(18) വീണ്ടും; 'യൗമുദ്ദീൻ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ
شَيْـًٔا ۖ وَٱلْأَمْرُ يَوْمَئِذٍ لِّلَّهِ ١٩

(19) ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടി യാതൊന്നും അധീനപ്പെടുത്താനാവാത്ത ഒരു ദിവസം; അന്നേ ദിവസം കൈകാര്യകർത്തൃത്വം അല്ലാഹുവിന്നായിരിക്കും.

തഫ്സീർ

(13) ധാരാളമായി നന്മയും സൽകർമ്മങ്ങളും പ്രവർത്തിക്കുന്നവർ അന്ത്യനാളിൽ എന്നെന്നും നിലനിൽക്കുന്ന അനുഗ്രഹങ്ങളിൽ

തന്നെയായിരിക്കും. അല്ലാഹുവിനോടുള്ള ബാധ്യതകളും, അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള ബാധ്യതകളും അവർ നിറവേറ്റിയിരിക്കുന്നു.

(14) തിന്മകൾ പ്രവർത്തിക്കുകയും, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാധ്യതകളിൽ കുറവു വരുത്തുകയും ചെയ്തവർ കത്തിജ്വലിക്കുന്ന നരകാഗ്നിയിൽ തന്നെയായിരിക്കും.

(15) പ്രതിഫലനാളിൽ അവരതിൽ പ്രവേശിക്കുകയും, അതിന്റെ ചൂടിൽ വെന്തുനീറുകയും ചെയ്യുന്നതാണ്.

(16) അതിൽ നിന്ന് അവർക്ക് ഒരിക്കലും മാറിനിൽക്കാൻ കഴിയില്ല. അതായത്, അവർക്ക് അതിൽ നിന്ന് പുറത്തു കടക്കാനോ മരണം വരിച്ചു കൊണ്ട് ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനോ സാധിക്കുകയില്ല. മറിച്ച് അവരതിൽ ശാശ്വതരായിരിക്കും.

(17) അല്ലാഹുവിന്റെ റസൂലേ! പ്രതിഫലദിവസം എന്നാൽ എന്താണെന്ന് നിനക്കറിയുമോ? വിചാരണയുടെ ആ ദിവസത്തിന്റെ മഹത്വം എന്താണെന്ന് താങ്കൾക്കറിയുമോ?!

(18) വീണ്ടും; പ്രതിഫലദിവസം എന്നാൽ എന്താണെന്ന് നിനക്കറിയുമോ? വിചാരണയുടെ ആ ദിവസത്തിന്റെ മഹത്വം എന്താണെന്ന് താങ്കൾക്കറിയുമോ?!

(19) ഒരാൾക്കും മറ്റൊരാളെ സഹായിക്കാൻ കഴിയാത്ത ദിവസം. എല്ലാ കാര്യങ്ങളുടെയും അധികാരം അന്ന് അല്ലാഹുവിന് മാത്രമായിരിക്കും; അവന് പുറമെ ഒരാൾക്കും അന്ന് അധികാരമുണ്ടായിരിക്കില്ല. അല്ലാഹു അവന്റെ ഉദ്ദേശം പോലെ അന്ന് കാര്യങ്ങൾ നടപ്പിൽ വരുത്തും. ഒരാൾക്കും അവനെ പരാജയപ്പെടുത്താനോ എതിർക്കാനോ സാധ്യമല്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 10-11)** നിങ്ങളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന മലക്കുകളെ അല്ലാഹു നിങ്ങൾക്ക് മേൽ നിശ്ചയിച്ചിരിക്കുന്നു. അവർ നിങ്ങളുടെ പരസ്യമായതും രഹസ്യമായതുമായ പ്രവർത്തനങ്ങൾ അറിയുന്നുണ്ട്. അതിനാൽ ആദരണീയരായ ആ മലക്കുകളെ നിങ്ങൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം നിങ്ങളുടെ പ്രവർത്തന

ങ്ങളെ കുറിച്ച് നിങ്ങൾ സ്വയംതന്നെ വിചാരണ നടത്തുകയും വേണ്ടതുണ്ട്.

» **(ആയത്ത്: 13)** പുണ്യവാന്മാർ (الأَبْرَار) എന്നത് കൊണ്ട് ഉദ്ദേശി ക്കുന്നത് അല്ലാഹുവിനോടുള്ള ബാധ്യതകളും അവന്റെ അടിമ കളോടുള്ള ബാധ്യതകളും നിറവേറ്റുന്ന, ഹൃദയം കൊണ്ടും ശരീ രാവയവങ്ങൾ കൊണ്ടും നന്മകളിൽ തുടർന്നു കൊണ്ടേയിരി ക്കുന്നവരാണ്.

അവർ എപ്പോഴും സുഖാനുഗ്രഹങ്ങളിലാണ്. അവരുടെ ഹൃദയ വും ആത്മാവും ശരീരവും അത് ആസ്വദിച്ചു കൊണ്ടേയിരിക്കു ന്നു. ഇഹലോകത്തും, ഖബർ ജീവിതത്തിലും, പരലോകത്തും അവർ സുഖാനുഗ്രഹങ്ങളിൽ തന്നെയായിരിക്കും.

ഇതു പോലെ, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാധ്യതകളിൽ കുറവ് വരുത്തുകയും, മനസ്സും ശരീരവും ദുശിച്ചു പോവുകയും ചെയ്തവർ; അവർ വേദനയേറിയ ശിക്ഷകളിലായി രിക്കും. ഇഹലോകത്തും, ഖബർ ജീവിതത്തിലും, പരലോകത്തും അവർക്ക് ഇതു തന്നെയായിരിക്കും ലഭിക്കുക. (സഅ്ദി: 914)

സൂറത്തുൽ മുത്വഫ്ഫിഫീൻ

سُورَةُ الْمُطَفِّفِينَ

മദീനയിൽ അവതരിച്ചത്, അല്ലാത്ത അഭിപ്രായങ്ങളുമുണ്ട്.

ആയത്തുകളുടെ എണ്ണം: 36.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- മുത്വഫ്ഫിഫീൻ (المُطَفِّفِينَ): സൂറത്തിന്റെ ആദ്യത്തിൽ മുത്വ ഫ്ഫിഫീൻ എന്ന പദം പരാമർശിക്കപ്പെട്ടിരിക്കുന്നു. അളവിൽ കൃത്രിമം പുലർത്തുന്നവരെ താക്കീത് ചെയ്തു കൊണ്ടാണ് സൂറത്ത് ആരംഭിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ മുത്വഫ്ഫിഫീൻ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണകാരണം:

عَنِ ابْنِ عَبَّاسٍ قَالَ: «لَمَّا قَدِمَ النَّبِيُّ -ﷺ- الْمَدِينَةَ كَانُوا مِنْ أَخْبَثِ النَّاسِ كَيْلًا، فَأَنْزَلَ اللَّـهُ سُبْحَانَهُ «**وَيْلٌ لِلْمُطَفِّفِينَ**» [المطففين: ١] فَأَحْسَنُوا الْكَيْلَ بَعْدَ ذَلِكَ.

അബ്ദുല്ലാഹി ബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- നിവേദനം: നബി -ﷺ- മദീനയിലേക്ക് വന്നെത്തിയപ്പോൾ അവിടെയുള്ളവർ അളവും തൂക്കവും പാലിക്കുന്നതിൽ തീർത്തും മോശക്കാരായിരുന്നു. അങ്ങനെ അല്ലാഹു സൂറ. മുത്വഫ്ഫിഫീൻ അവതരിപ്പിച്ചു. അതിന് ശേഷം അവർ അളവും തൂക്കവും നന്നാക്കി. (ഇബ്നു മാജഃ: 2223, ശൈഖ് അൽബാനി ഹസൻ എന്ന് വിലയിരുത്തി)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അളവിലും തൂക്കത്തിലും കുറവ് വരുത്തുന്നതിൽ നിന്ന് ജനങ്ങളെ താക്കീത് ചെയ്യുകയും, പുനരുത്ഥാനനാളിൽ അവരെ കാത്തിരിക്കുന്ന വിചാരണയുടെ സന്ദർഭവും അവർ തങ്ങളുടെ രക്ഷിതാവിന്റെ മുൻപിൽ നിൽക്കേണ്ടി വരുമെന്നതും ഓർമ്മപ്പെടുത്തി കൊണ്ട് അവരെ ഗുണദോഷിക്കുകയും ചെയ്യുന്നു ഈ സൂറത്ത്.

* പ്രതിഫല നാളിനെയും വിശുദ്ധ ഖുർആനിനെയും നിഷേധി

ക്കുന്ന ദൗർഭാഗ്യവാന്മാരെ കുറിച്ചും, അവർക്ക് പരലോകത്ത് ലഭിക്കുന്ന പ്രതിഫലത്തെ കുറിച്ചും വിവരിക്കുന്നു.

* അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുന്ന പുണ്യവാന്മാരുടെ പരലോകത്തെ സ്ഥിതിയും, അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ ചിലതിന്റെ വിവരണവും.

* നശ്വരമായ ഐഹികജീവിതത്തിൽ രണ്ടു വിഭാഗവും -അധർമ്മികളും പുണ്യവാന്മാരും- എപ്രകാരമാണ് ജീവിച്ചതെന്നും, (അല്ലാഹുവിനെ) നിഷേധിച്ചവർ വിശ്വാസികളെ പരിഹസിച്ചിരുന്നതിനെ കുറിച്ചും, രണ്ടു വിഭാഗത്തിന്റെയും പരലോകത്തുള്ള പര്യവസാനം എപ്രകാരമായിരിക്കുമെന്നും വിവരിക്കുന്നു.

ആയത്തുകൾ 1-6

وَيۡلٞ لِّلۡمُطَفِّفِينَ ١

(1) അളവിൽ കൃത്രിമം കാണിക്കുന്നവർക്ക് മഹാനാശം.

ٱلَّذِينَ إِذَا ٱكۡتَالُواْ
عَلَى ٱلنَّاسِ يَسۡتَوۡفُونَ ٢

(2) അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ അവർ തികച്ചെടുക്കുന്നു.

وَإِذَا كَالُوهُمۡ
أَو وَّزَنُوهُمۡ يُخۡسِرُونَ ٣

(3) (മറ്റുള്ളവർക്ക്) അളന്നു കൊടുക്കുകയോ തൂക്കികൊടുക്കുകയോ ആണെങ്കിൽ കുറവ് വരുത്തുകയും ചെയ്യുന്നു അവർ.

أَلَا يَظُنُّ أُوْلَٰٓئِكَ أَنَّهُم
مَّبۡعُوثُونَ ٤ لِيَوۡمٍ عَظِيمٖ ٥

(4-5) അക്കൂട്ടർ വിചാരിക്കുന്നില്ലേ; തങ്ങൾ -ഭയങ്കരമായ ഒരു ദിവസത്തിനായിട്ട്- ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരാണെന്ന്?

يَوۡمَ يَقُومُ ٱلنَّاسُ
لِرَبِّ ٱلۡعَٰلَمِينَ ٦

(6) അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം.

തഫ്സീർ

(1) അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവർക്ക് മഹാനാശവും നഷ്ടവും ഉണ്ടാകട്ടെ. അവർക്ക് കഠിനമായ ശിക്ഷ ഉണ്ടായിരിക്കുന്നതാണ്.

(2) മറ്റുള്ളവരിൽ നിന്ന് അളന്നു വാങ്ങുമ്പോൾ തങ്ങളുടെ അവകാശം ഒട്ടും കുറവ് വരാതെ നേടിയെടുക്കുന്നവരാണ് അവർ.

(3) അവർ ജനങ്ങൾക്ക് അളന്നു കൊടുക്കുകയാണെങ്കിൽ തൂക്കത്തിലും അളവിലും കുറവ് വരുത്തുകയും ചെയ്യും. നബി -ﷺ- (മക്കയിൽ നിന്ന്) പലായനം ചെയ്ത് മദീനയിലേക്ക് വന്നപ്പോൾ അവിടെയുള്ളവരുടെ സ്ഥിതി ഇപ്രകാരമായിരുന്നു.

(4) ഈ തിന്മ പ്രവർത്തിക്കുന്നവർ തങ്ങൾ അല്ലാഹുവിലേക്ക് ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാണ് എന്നും, തങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിചാരണ ചെയ്യപ്പെടുന്നതാണ് എന്നും ഉറച്ചു വിശ്വസിക്കുന്നില്ലേ?

(5) വിചാരണ ചെയ്യപ്പെടുന്നതിനും, പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതിനും വേണ്ടി പരീക്ഷണവും ഭീകരതയും നിറഞ്ഞു നിൽക്കുന്ന ഭയങ്കരമായ ഒരു ദിവസത്തിൽ (ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്ന് അവർ വിശ്വസിക്കുന്നില്ലേ?!).

(6) സർവ്വരുടെയും റബ്ബായ അല്ലാഹുവിലേക്ക് ജനങ്ങൾ വിചാരണക്കായി എഴുന്നേറ്റ് വരുന്ന ദിവസമായിരിക്കും അത്. അന്ന് അവരെല്ലാം അല്ലാഹുവിന് മുൻപിൽ നിർത്തപ്പെടുകയും, അവരുടെ ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളുടെ കാര്യവും വിചാരണക്ക് വെക്കപ്പെടുകയും ചെയ്യുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** (അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവതിന്റെ ഗൗരവം ഇതാണെങ്കിൽ) ജനങ്ങളുടെ സമ്പത്ത് മോഷ്ടിക്കുകയും കവർന്നെടുക്കുകയും ചെയ്യുന്നവരുടെ കാര്യം എത്ര ഗുരുതരമായിരിക്കും എന്ന് ആലോചിച്ചു നോക്കൂ! അവർ ഇതിനേക്കാൾ വലിയ ശിക്ഷകൾക്ക് അർഹതയുള്ളവരായിരി

ക്കും എന്നതിൽ യാതൊരു സംശയവുമില്ല. അവരും ഈ ശാപ വാക്കുകൾ എന്തു കൊണ്ടും അർഹരാണ്. (സഅ്ദി: 915)

» **(ആയത്ത്: 2-3)** ഒരാൾ തന്റെ അവകാശങ്ങൾ മറ്റുള്ളവരിൽ നിന്ന് പൂർണ്ണമായി എടുക്കാൻ ശ്രദ്ധിക്കാറുള്ളത് പോലെ, തന്റെ പക്കൽ നിന്ന് മറ്റുള്ളവർക്ക് ലഭിക്കേണ്ട അവകാശങ്ങളും ബാധ്യതകളും പൂർണ്ണമായി നൽകാനും ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഈ മഹത്തരമായ വചനം അറിയിക്കുന്നു.

ആയത്തിൽ പരാമർശിക്കപ്പെട്ട ഈ നീതിബോധം കോടതിവ്യവഹാരങ്ങളിലും വാദപ്രതിവാദങ്ങളിലുമെല്ലാം പാലിക്കേണ്ടതാണ്.

തന്റെ അവകാശം നേടിയെടുക്കുന്നതിനായി തെളിവുകൾ മുന്നിൽ വെച്ച് വാദിക്കുന്നത് പോലെ, തന്റെ എതിരാളിക്ക് അനുകൂലമായ -അവന് അറിയാത്ത- വല്ല തെളിവുകളുമുണ്ടെങ്കിൽ അതും വിവരിക്കുക എന്നത് അവന്റെ മേൽ നിർബന്ധമാണ്.

സ്വന്തം തെളിവുകൾ നോക്കുന്നത് പോലെ തന്നെയായിരിക്കണം എതിരാളിയുടെ തെളിവുകളും നോക്കേണ്ടത്. വ്യക്തികളുടെ നീതിബോധവും അനീതിയും വേർതിരിയുന്ന, വിനയവും അഹങ്കാരവും, ബുദ്ധിയും വിവേകവും വേറിട്ടുകാണിക്കുന്ന അവസരങ്ങളാണ് ഇതെല്ലാം. എല്ലാ നന്മകളിലേക്കും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ! (ആമീൻ) (സഅ്ദി: 915)

» **(ആയത്ത്: 4-5)** അന്ത്യനാളിന്റെ ഭയാനകമായ അവസ്ഥ ചിന്തിക്കുന്നത് തിന്മകളിൽ നിന്ന് തടഞ്ഞു നിർത്തുവാൻ സഹായിക്കുന്ന ഏറ്റവും വലിയ പ്രേരകശക്തിയാണ്.

ആയത്തുകൾ 7-17

كَلَّآ إِنَّ كِتَٰبَ ٱلْفُجَّارِ لَفِى سِجِّينٍ ﴿٧﴾

(7) നിസ്സംശയം; ദുർമാർഗികളുടെ രേഖ 'സിജ്ജീനിൽ' തന്നെയായിരിക്കും.

وَمَآ أَدْرَىٰكَ مَا سِجِّينٌ ﴿٨﴾

(8) 'സിജ്ജീൻ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

(9) രേഖപ്പെടുത്തപ്പെട്ട ഒരു ഗ്രന്ഥമാകുന്നു അത്.

(10) അന്നേ ദിവസം നിഷേധിച്ചു തള്ളുന്നവർക്കാകുന്നു നാശം.

(11) പ്രതിഫലദിവസത്തെ നിഷേധിച്ചു തള്ളുന്നവർക്ക്.

(12) (അല്ലാഹു നിശ്ചയിച്ച) അതിർവരമ്പുകൾ ലംഘിച്ചവനും മഹാപാപിയും ആയിട്ടുള്ളവനല്ലാതെ അ തിനെ നിഷേധിച്ചു തള്ളുകയില്ല.

(13) നമ്മുടെ ദൃഷ്ടാന്തങ്ങൾ അവന് ഓതി കേൾപ്പിക്കപ്പെടുകയാണെങ്കിൽ അവൻ പറയും; (ഇതെല്ലാം) പൂർവ്വികരുടെ ഐതിഹ്യങ്ങളാണെന്ന്.

(14) അല്ല! എന്നാൽ, അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് അവരുടെ ഹൃദയങ്ങളിൽ കറയുണ്ടാക്കിയിരിക്കുന്നു.

(15) അല്ല! തീർച്ചയായും അവർ അന്നേ ദിവസം അവരുടെ റബ്ബിൽ നിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു.

(16) പിന്നീടവർ ജ്വലിക്കുന്ന നരകാഗ്നിയിൽ കടന്നെരിയുന്നവരാകുന്നു.

(17) പിന്നീട് പറയപ്പെടും; ഇതാണ് നിങ്ങൾ നിഷേധിച്ചു തള്ളിക്കൊണ്ടിരുന്ന കാര്യം.

كِتَٰبٌ مَّرْقُومٌ ٩

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ١٠

ٱلَّذِينَ يُكَذِّبُونَ بِيَوْمِ ٱلدِّينِ ١١

وَمَا يُكَذِّبُ بِهِۦٓ
إِلَّا كُلُّ مُعْتَدٍ أَثِيمٍ ١٢

إِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا
قَالَ أَسَٰطِيرُ ٱلْأَوَّلِينَ ١٣

كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم
مَّا كَانُوا۟ يَكْسِبُونَ ١٤

كَلَّآ إِنَّهُمْ عَن رَّبِّهِمْ
يَوْمَئِذٍ لَّمَحْجُوبُونَ ١٥

ثُمَّ إِنَّهُمْ لَصَالُوا۟ ٱلْجَحِيمِ ١٦

ثُمَّ يُقَالُ هَٰذَا ٱلَّذِى
كُنتُم بِهِۦ تُكَذِّبُونَ ١٧

തഫ്സീർ

(7) മരണ ശേഷം ഒരു പുനരുജ്ജീവനമുണ്ടാകുകയില്ലെന്ന നിങ്ങളുടെ ധാരണ പോലെയല്ല കാര്യം! (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവരും, കപടവിശ്വാസികളുമാകുന്ന അധർമ്മികളുടെ രേഖ ഭൂമിക്കടിയിൽ അങ്ങേയറ്റം അധമമായാണുള്ളത്.

(8) അല്ലാഹുവിന്റെ റസൂലേ! 'സിജ്ജീൻ' എന്ന ഈ ഇടുക്കം കൊണ്ട് ഉദ്ദേശ്യം എന്താണെന്ന് താങ്കൾക്കറിയുമോ? ശാശ്വതമായ തടവറയും, വേദനയേറിയ ശിക്ഷയുമാണത്.

(9) അവരുടെ ആ രേഖയിലെ എഴുത്ത് ഒരിക്കലും മാഞ്ഞു പോവുകയില്ല. അതിൽ എന്തെങ്കിലും കൂടുകയോ കുറയുകയോ ചെയ്യുകയുമില്ല.

(10-11) (അല്ലാഹുവിനെയും അവന്റെ ദൂതനെയും) കളവാക്കിയവർക്ക് അന്നേ ദിവസം നാശവും നഷ്ടവുമുണ്ടാകട്ടെ. അല്ലാഹു അവന്റെ അടിമകൾ ഇഹലോകത്ത് ചെയ്ത അവരുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്ന പ്രതിഫലദിനത്തെ നിഷേധിക്കുന്നവരാണവർ.

(12) അല്ലാഹുവിന്റെ വിധിവിലക്കുകളെ ലംഘിച്ചവനും, ധാരാളമായി തിന്മകൾ പ്രവർത്തിച്ചവനുമല്ലാതെ ആ ദിവസത്തെ നിഷേധിക്കുകയില്ല.

(13) നമ്മുടെ ദൂതനായ മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിപ്പിക്കപ്പെട്ട ഖുർആനിലെ ആയത്തുകൾ പാരായണം ചെയ്ത് കേൾപ്പിക്കപ്പെട്ടാൽ അവൻ പറയും: ഇത് പഴമക്കാരുടെ പുരാണകഥകളാണ്. ഇതൊന്നും അല്ലാഹുവിൽ നിന്നുള്ളതല്ല.

(14) (അല്ലാഹുവിനെയും അവന്റെ ദൂതനെയും) നിഷേധിച്ച ഇക്കൂട്ടർ ധരിച്ചു വെച്ചതു പോലെയല്ല കാര്യം! വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സംസാരവും, അവനിൽ നിന്ന് തന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- ക്ക് നൽകപ്പെട്ട സന്ദേശവും മാത്രമാണ്.

എന്നാൽ, വിശുദ്ധ ഖുർആൻ സത്യപ്പെടുത്തുന്നതിൽ നിന്ന് അവരെ തടഞ്ഞു വെച്ചത് അവർ ചെയ്തുകൂട്ടിയ തിന്മകളുടെ ആധി

ക്യം തന്നെയാകുന്നു. അത് അവരുടെ ബുദ്ധിയെ കീഴടക്കുകയും, ഹൃദയങ്ങൾക്ക് മറയിടുകയും ചെയ്തിരിക്കുന്നു. അതിനാൽ തങ്ങളുടെ ഹൃദയങ്ങൾ കൊണ്ട് അവർ സത്യം കാണുന്നില്ല.

(15) സംശയമില്ല! അവർ തങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ കാണുന്നതിൽ നിന്ന് അന്ത്യനാളിൽ തടയപ്പെടുന്നതാണ്.

(16) പിന്നെ അവർ നരകത്തിൽ പ്രവേശിക്കുകയും, അതിന്റെ ചൂടിൽ വെന്തുരുകുകയും ചെയ്യുന്നതാണ്.

(17) പിന്നീട് അവരെ ഭയചകിതരാക്കി കൊണ്ട് ഇങ്ങനെ പറയപ്പെടും: ഇഹലോകത്തായിരിക്കെ, നിങ്ങളുടെ ദൂതൻ (ഈ ദിവസത്തെ കുറിച്ച്) അറിയിച്ചു തന്നപ്പോൾ നിങ്ങൾ നിഷേധിച്ചു തള്ളിയ അതേ ശിക്ഷയാണ് നിങ്ങൾ ഇപ്പോൾ കണ്ടുമുട്ടിയിരിക്കുന്നത്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 7-8)** 'സിജ്ജീൻ' എന്നാൽ അധർമ്മികളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥമാണ്. ഇടുങ്ങിയമർന്ന സ്ഥലത്തിനും 'സിജ്ജീൻ' എന്ന പദം പ്രയോഗിക്കാറുണ്ട്; അതിനാൽ ഭൂമിയുടെ ഏറ്റവും താഴെയുള്ള ഏഴാം തട്ടാണ് അത് എന്ന അഭിപ്രായവും ചിലർ പറഞ്ഞിട്ടുണ്ട്. നിഷേധികളും അധർമ്മികളും അവിടെ വന്നടിയുന്നതാണ് എന്നർത്ഥം. (സഅ്ദി: 915)

» **(ആയത്ത്: 15-17)** അല്ലാഹുവിനെ നിഷേധിച്ചവർക്ക് മൂന്നു ശിക്ഷകളുണ്ടെന്ന് ഈ ആയത്തുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു: നരകത്തിൽ പ്രവേശിച്ചു കൊണ്ടുള്ള ശിക്ഷ, അവിടെ കേൾക്കേണ്ടി വരുന്ന ആക്ഷേപങ്ങളും ഭീഷണികളുമാകുന്ന ശിക്ഷ, അല്ലാഹുവിൽ നിന്ന് മറയിടപ്പെടുക എന്ന ശിക്ഷ. അവസാനത്തെ ശിക്ഷയാണ് -അല്ലാഹുവിനെ കാണാൻ കഴിയാതെ പോവുക എന്നതാണ്- അതിൽ ഏറ്റവും കഠിനമായുള്ളത്. (സഅ്ദി: 915)

» **(ആയത്ത്: 10-14)** അന്ത്യനാൾ സംഭവിക്കുന്നതിനുള്ള തെളിവുകൾ വിവരിക്കുന്ന വ്യക്തമായ വചനങ്ങളും തെളിവുകളും അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ തിന്മകളിൽ മുഴുകുകയും അഹങ്കാരത്തിൽ അഭിരമിക്കുകയും ചെയ്യുന്നവൻ ഈ വചനങ്ങൾ കേൾക്കുമ്പോൾ ഇവയെല്ലാം പഴമക്കാരുടെ വിഡ്ഢിത്തരങ്ങളാണെന്ന് പുഛിച്ചു തള്ളുകയാണ് ചെയ്യുക.

എന്തു കൊണ്ടാണ് സത്യം അവന് മുൻപിൽ ഇപ്രകാരം മറയിടപ്പെട്ടത്?! അവന്റെ മുൻചെയ്തികളും ധിക്കാരങ്ങളും തിന്മകളും അവനെ മൂടുകയും, അവന്റെ ഹൃദയത്തിന് മേൽ മറ തീർക്കുകയും ചെയ്തു എന്നതാണ് അതിന്റെ കാരണം! അവന്റെ ധിക്കാരങ്ങൾക്കുള്ള പ്രതിഫലമായി ഇഹലോകത്ത് അല്ലാഹുവിന്റെ വചനങ്ങളിൽ നിന്ന് അവന് മറയിടപ്പെട്ടു; പരലോകത്ത് അല്ലാഹുവിനെ കാണുന്നതിൽ നിന്നും ഇതു പോലെ അവന് മറയിടപ്പെടുന്നതാണ്. (അവലംബം: സഅ്ദി: 915)

» **(ആയത്ത്: 14)** തിന്മകളിൽ നിന്നുള്ള ശക്തമായ താക്കീതാണ് ഈ ആയത്തുകൾ. തെറ്റുകൾ ഹൃദയങ്ങൾക്ക് മേൽ മറ വിരിക്കുകയും, ക്രമേണയായി ഹൃദയത്തെ മൂടിക്കളയുകയും, അങ്ങനെ അതിന്റെ പ്രകാശം കെട്ടുപോവുകയും, അതിലെ ഉൾക്കാഴ്ച്ച നശിച്ചു പോവുകയും ചെയ്യും. പിന്നീട് യാഥാർഥ്യങ്ങൾ അവന് തലതിരിഞ്ഞ നിലയിലാണ് അനുഭവപ്പെടുക. അസത്യത്തെ സത്യമായും, സത്യത്തെ തനിച്ച അസത്യമായും അവൻ മനസ്സിലാക്കിത്തുടങ്ങും. തിന്മകൾക്ക് നൽകപ്പെടുന്ന ശിക്ഷകളിൽ പെട്ടതാണ് മനുഷ്യനുണ്ടാകുന്ന ഈ മാറ്റം. (സഅ്ദി: 915)

» **(ആയത്ത്: 14-15)** അല്ലാഹുവിനെ നിഷേധിച്ചവർക്ക് അവനെ കാണാൻ സാധിക്കാത്ത രൂപത്തിൽ മറയിടപ്പെടുന്നതാണ് എന്ന് പറഞ്ഞതിൽ നിന്ന് അല്ലാഹുവിൽ വിശ്വസിച്ചവർക്ക് അവനെ കാണാൻ കഴിയുമെന്ന് മനസ്സിലാക്കാം.

മുഅ്മിനീങ്ങൾ സ്വർഗത്തിൽ വെച്ച് അല്ലാഹുവിനെ കാണുമെന്നും, മറ്റെല്ലാ ആസ്വാദനങ്ങളേക്കാളും അല്ലാഹുവിനെ നോക്കുക എന്നതായിരിക്കും അവർക്ക് ആനന്ദകരമായിരിക്കുക എന്നതും, അവന്റെ സംസാരം കേൾക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ സന്തോഷഭരിതമാകുമെന്നും, അവനോടുള്ള സാമീപ്യത്താൽ അവർ ആഹ്ളാദിക്കുമെന്നും ഖുർആനിലെ ആയത്തുകളിലും ധാരാളക്കണക്കിന് ഹദീഥുകളിലും സ്ഥിരപ്പെട്ടിട്ടുണ്ട്.

അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ വിശ്വാസപരമായ അടിത്തറകളിൽ രേഖപ്പെടുത്തപ്പെട്ട വിഷയങ്ങളിലൊന്നാണിത്. ഇക്കാര്യം നിഷേധിക്കുക എന്നത് അഹ്ലുൽ ബിദ്അത്തിന്റെ (പുത്തനാചാരക്കാർ) വഴികളിൽ പെട്ടതും. (സഅ്ദി: 915)

ആയത്തുകൾ 18-28

كَلَّآ إِنَّ كِتَٰبَ ٱلْأَبْرَارِ
لَفِى عِلِّيِّينَ ١٨

(18) നിസ്സംശയം; സന്മാർഗികളുടെ രേഖ 'ഇല്ലിയ്യൂനിൽ' തന്നെയായിരിക്കും.

وَمَآ أَدْرَىٰكَ مَا عِلِّيُّونَ ١٩

(19) 'ഇല്ലിയ്യൂൻ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

كِتَٰبٌ مَّرْقُومٌ ٢٠

(20) രേഖപ്പെടുത്തപ്പെട്ട ഒരു ഗ്രന്ഥമത്രെ അത്.

يَشْهَدُهُ ٱلْمُقَرَّبُونَ ٢١

(21) സാമീപ്യം സിദ്ധിച്ച (മലക്കുകൾ) അതിന്റെ അടുക്കൽ സന്നിഹിതരാകുന്നതാണ്.

إِنَّ ٱلْأَبْرَارَ لَفِى نَعِيمٍ ٢٢

(22) തീർച്ചയായും സുകൃതവാന്മാർ സുഖാനുഭവങ്ങളിൽ തന്നെയായിരിക്കും.

عَلَى ٱلْأَرَآئِكِ يَنظُرُونَ ٢٣

(23) സോഫകളിൽ അവർ നോക്കിക്കൊണ്ടിരിക്കും.

تَعْرِفُ فِى وُجُوهِهِمْ
نَضْرَةَ ٱلنَّعِيمِ ٢٤

(24) അവരുടെ മുഖങ്ങളിൽ സുഖാനുഭവത്തിന്റെ തിളക്കം നിനക്കറിയാം.

يُسْقَوْنَ مِن رَّحِيقٍ مَّخْتُومٍ ٢٥

(25) മുദ്രവെക്കപ്പെട്ട ശുദ്ധമായ മദ്യത്തിൽ നിന്ന് അവർക്ക് കുടിക്കാൻ നൽകപ്പെടും.

خِتَٰمُهُۥ مِسْكٌ وَفِى ذَٰلِكَ
فَلْيَتَنَافَسِ ٱلْمُتَنَٰفِسُونَ ٢٦

(26) അതിന്റെ മുദ്ര കസ്തൂരിയായിരിക്കും. മത്സരിക്കുന്നവർ അതിന് വേണ്ടി മത്സരിക്കട്ടെ.

(27) അതിലെ ചേരുവ 'തസ്നീമി'ൽ നിന്നായിരിക്കും.	وَمِزَاجُهُۥ مِن تَسۡنِيمٍ ﴿٢٧﴾
(28) സാമീപ്യം സിദ്ധിച്ചവർ കുടിക്കുന്ന ഒരു ഉറവ് ജലമാകുന്നു അത്.	عَيۡنٗا يَشۡرَبُ بِهَا ٱلۡمُقَرَّبُونَ ﴿٢٨﴾

തഫ്സീർ

(18) മരണശേഷം വിചാരണയോ പ്രതിഫലമോ ഇല്ലെന്ന നിഷേധികളുടെ ധാരണ പോലെയല്ല കാര്യം! തീർച്ചയായും സൽകർമ്മികളുടെ ഗ്രന്ഥം സ്വർഗത്തിലെ ഉന്നതങ്ങളായ സ്ഥാനങ്ങളിൽ -'ഇല്ലിയ്യൂനിൽ'- തന്നെയായിരിക്കും.

(19) അല്ലാഹുവിന്റെ റസൂലേ! 'ഇല്ലിയ്യൂൻ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

(20) അവരുടെ ആ ഗ്രന്ഥം, അതിലെ എഴുത്ത് ഒരിക്കലും മാഞ്ഞു പോവുകയില്ല. അതിൽ എന്തെങ്കിലും കൂടുകയോ കുറയുകയോ ചെയ്യുകയുമില്ല.

(21) ഓരോ ആകാശത്തിലെയും സാമീപ്യം സിദ്ധിച്ച മലക്കുകൾ ഈ ഗ്രന്ഥത്തിന്റെ അടുക്കൽ സന്നിഹിതരായിരിക്കും. അവർക്ക് അതിലുള്ളത് കാണാനും കഴിയും.

(22) സത്യസന്ധത പുലർത്തുകയും, നന്മകൾ പ്രവർത്തിക്കുകയും ചെയ്ത സൽകർമ്മികൾ അന്ത്യനാളിൽ എന്നെന്നും നിലനിൽക്കുന്ന സ്വർഗത്തിലെ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതായിരിക്കും.

(23) അലങ്കരിക്കപ്പെട്ട സോഫകളിൽ ഇരുന്ന് അവർ തങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ നോക്കുന്നതാണ്; അവരുടെ മനസ്സുകളെ പ്രശോഭിതവും സന്തോഷപൂരിതവുമാക്കുന്ന എല്ലാത്തിലേക്കും (അവർ നോക്കിക്കൊണ്ടിരിക്കും).

(24) താങ്കൾ അവരെ കണ്ടാൽ അവരുടെ മുഖങ്ങളിൽ സുഖാനുഭൂതികളുടെ അടയാളം മനോഹരമായി തിളങ്ങുന്നത് കാണാൻ സാധിക്കുന്നതാണ്.

(25) അവരുടെ ഭൃത്യന്മാർ അവർക്കായി മുദ്ര വെക്കപ്പെട്ട പാത്രങ്ങളിൽ നിന്ന് വീഞ്ഞ് പകർന്നു കൊണ്ടിരിക്കും.

(26) ആ വീഞ്ഞ് അവസാനിക്കുന്നത് വരെ അതിൽ നിന്ന് കസ്തൂരിയുടെ പരിമളം പരക്കുന്നതാണ്. അല്ലാഹുവിന് തൃപ്തികരമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിലും, അവന് വെറുപ്പുണ്ടാക്കുന്നവ വെടിയുന്നതിലും മുന്നിലെത്താൻ ശ്രമിച്ചു കൊണ്ട് ഈ മാന്യമായ പ്രതിഫലം നേടിയെടുക്കാൻ വേണ്ടിയത്രെ മത്സരിക്കുന്ന ഏതൊരാളും നിർബന്ധമായും മത്സരിക്കേണ്ടത്.

(27) മുദ്ര വെക്കപ്പെട്ട ഈ പാനീയത്തിൽ 'തസ്നീം' എന്നു പേരുള്ള ഉറവയിൽ നിന്നുള്ള മിശ്രിതം കലർത്തുന്നതാണ്.

(28) 'തസ്നീം' എന്നാൽ സ്വർഗത്തിന്റെ ഏറ്റവും ഉന്നതിയിലുള്ള ഒരു ഉറവയാണ്. അല്ലാഹുവിനോട് ഏറ്റവും സാമീപ്യം സിദ്ധിച്ചവർക്ക് അതിൽ നിന്ന് കലർപ്പില്ലാതെ ശുദ്ധമായി കുടിക്കാൻ നൽകപ്പെടുന്നതാണ്. മറ്റുള്ളവർക്ക് അത് വേറെ പാനീയങ്ങളിൽ കലർത്തിയ രൂപത്തിലും കുടിക്കാൻ ലഭിക്കുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 25-26)** സ്വർഗത്തിലെ പാനീയമായ 'റഹീഖ്' കസ്തൂരി കൊണ്ട് മുദ്ര വെക്കപ്പെട്ടതായിരിക്കും എന്ന വചനം (ഭാഷാപരമായ സാധ്യതകളെ പരിഗണിച്ചു കൊണ്ട്) രണ്ട് രൂപത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

(1) 'റഹീഖ്' എന്ന പാനീയം സൂക്ഷിച്ചു വെക്കപ്പെട്ടിരിക്കുന്ന പാത്രത്തിൽ എന്തെങ്കിലും കലർപ്പ് പ്രവേശിക്കാതിരിക്കുന്നതിന് വേണ്ടി അതിന് മുദ്ര വെക്കപ്പെട്ടിട്ടുണ്ടായിരിക്കും. ആ മുദ്രയാകട്ടെ, കസ്തൂരി കൊണ്ടുള്ളതായിരിക്കും.

(2) റഹീഖ് എന്ന പാനീയം കുടിക്കുമ്പോൾ അതിന്റെ അവസാനം ബാക്കിയുണ്ടായിരിക്കുന്ന കലർപ്പ് കസ്തൂരിയുടേതായിരിക്കും. പാനീയങ്ങളുടെ അവസാനത്തിൽ കാണപ്പെടുന്ന (ചായപ്പൊടി പോലുള്ള) ഇത്തരം കലർപ്പുകൾ ഒഴിച്ചു കളയുക എന്നതാണ് ഇഹലോകത്തുള്ള പതിവ്. സ്വർഗപാനീയങ്ങളിൽ ഈ കലർപ്പ് കസ്തൂരിയുടേതായിരിക്കും. (സഅ്ദി: 916)

» **(ആയത്ത്: 27-28)** തസ്നീം എന്ന ഉറവ സ്വർഗത്തിലെ ഏറ്റവും മുന്തിയ പാനീയമാണ്. ഇത് രണ്ട് വിധത്തിലായിരിക്കും സ്വർഗക്കാർക്ക് നൽകപ്പെടുക.

അല്ലാഹുവിനോട് ഏറ്റവുമധികം സാമീപ്യം നേടിയവർക്ക് ഈ ഉറവയിൽ നിന്ന് ശുദ്ധമായ പാനീയം -യാതൊരു കലർപ്പുമില്ലാതെ- കുടിക്കാൻ സാധിക്കും. സ്വർഗത്തിലെ ഏറ്റവും ഉന്നതപദവിയിലുള്ളവർക്ക് മാത്രമാണ് ഈ അനുഗ്രഹം ഉണ്ടായിരിക്കുക. എന്നാൽ സൽകർമ്മികളായ, മറ്റു സ്വർഗവാസികൾക്ക് 'തസ്നീം' എന്ന ഉറവയിൽ നിന്നുള്ള പാനീയം 'റഹീഖ്' പോലുള്ള മറ്റു പാനീയങ്ങളിൽ കലർത്തിയ നിലയിലാണ് നൽകപ്പെടുക. (സഅ്ദി: 916)

ആയത്തുകൾ 29-36

إِنَّ ٱلَّذِينَ أَجۡرَمُواْ كَانُواْ مِنَ ٱلَّذِينَ ءَامَنُواْ يَضۡحَكُونَ ﴿٢٩﴾

(29) തീർച്ചയായും കുറ്റകൃത്യത്തിൽ ഏർപ്പെട്ടവർ (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും) വിശ്വസിച്ചവരെ കളിയാക്കി ചിരിക്കുമായിരുന്നു.

وَإِذَا مَرُّواْ بِهِمۡ يَتَغَامَزُونَ ﴿٣٠﴾

(30) അവരുടെ മുമ്പിലൂടെ കടന്നു പോകുമ്പോൾ അവർ (നിഷേധികൾ) പരസ്പരം കണ്ണിട്ടു കാണിക്കുമായിരുന്നു.

وَإِذَا ٱنقَلَبُوٓاْ إِلَىٰٓ أَهۡلِهِمُ ٱنقَلَبُواْ فَكِهِينَ ﴿٣١﴾

(31) അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് മടങ്ങുമ്പോൾ രസിച്ചു കൊണ്ട് അവർ മടങ്ങിവരുമായിരുന്നു.

وَإِذَا رَأَوۡهُمۡ قَالُوٓاْ إِنَّ هَٰٓؤُلَآءِ لَضَآلُّونَ ﴿٣٢﴾

(32) അവരെ (മുസ്‌ലിമീങ്ങളെ) കാണുമ്പോൾ, തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണ് എന്ന് ഇവർ (നിഷേധികൾ) പറയുകയും ചെയ്യുമായിരുന്നു.

وَمَآ أُرۡسِلُواْ عَلَيۡهِمۡ حَٰفِظِينَ ﴿٣٣﴾

(33) അവരുടെ (മുസ്‌ലിമീങ്ങളുടെ) മേൽനോട്ടക്കാരായി ഇവർ നിയോഗിക്കപ്പെട്ടിട്ടില്ല താനും.

فَٱلۡيَوۡمَ ٱلَّذِينَ ءَامَنُواْ مِنَ ٱلۡكُفَّارِ يَضۡحَكُونَ ٣٤

(34) എന്നാൽ അന്ന് വിശ്വസിച്ചവർ നിഷേധികളെ കളിയാക്കി ചിരിക്കുന്നതാണ്.

عَلَى ٱلۡأَرَآئِكِ يَنظُرُونَ ٣٥

(35) സോഫകളിൽ അവർ നോക്കിക്കൊണ്ടിരിക്കും.

هَلۡ ثُوِّبَ ٱلۡكُفَّارُ مَا كَانُواْ يَفۡعَلُونَ ٣٦

(36) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവർ ചെയ്തുകൊണ്ടിരുന്നതിന് അവർക്ക് പ്രതിഫലം നൽകപ്പെട്ടുവോ?!

തഫ്സീർ

(29) (അല്ലാഹുവിനെ) നിഷേധിച്ചു കൊണ്ട് അതിക്രമം അഴിച്ചുവിട്ടവർ (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും) വിശ്വസിച്ചിരുന്നവരെ പരിഹസിച്ചു ചിരിക്കുമായിരുന്നു.

(30) (അല്ലാഹുവിൽ) വിശ്വസിച്ചവരുടെ സമീപത്തു കൂടെ നടന്നു പോകുമ്പോൾ അവർ പരിഹസിച്ചു കൊണ്ടും, (വിശ്വാസികളെ) ഇകഴ്ത്തിക്കൊണ്ടും കണ്ണിട്ടു കാണിക്കുമായിരുന്നു.

(31) തങ്ങളുടെ സ്വന്തക്കാരുടെ അടുക്കലേക്ക് മടങ്ങുമ്പോൾ (അല്ലാഹുവിനെ) നിഷേധിച്ചതിലും, (അല്ലാഹുവിലും പരലോകത്തിലും) വിശ്വസിക്കുന്നവരെ പരിഹസിച്ചതിലുമുള്ള ആഹ്ളാദത്തിൽ സന്തോഷവാന്മാരായി അവർ മടങ്ങിപ്പോകുമായിരുന്നു.

(32) മുസ്‌ലിമീങ്ങളെ കണ്ടുകഴിഞ്ഞാൽ അവർ പറയുമായിരുന്നു: തങ്ങളുടെ പിതാക്കന്മാരുടെ മാർഗം ഉപേക്ഷിച്ച ഇക്കൂട്ടർ സത്യപാതയിൽ നിന്ന് വഴി തെറ്റിയവർ തന്നെ. നബി -ﷺ- യെ പിൻപറ്റിയ സ്വഹാബികളെ കണ്ടാൽ മക്കയിലെ മുശ്‌രിക്കുകൾ ഇപ്രകാരം പറയാറുണ്ടായിരുന്നു.

(33) ഇങ്ങനെ മുസ്‌ലിംകളുടെ കാര്യത്തിൽ (വിധി) പറയാൻ മാത്രം അവരുടെ പ്രവർത്തനങ്ങൾ തിട്ടപ്പെടുത്തി വെക്കാൻ ബഹുദൈവാരാധകരെ ഏൽപ്പിച്ചിട്ടൊന്നുമില്ല.

(34) അല്ലാഹുവിൽ വിശ്വസിച്ചവർ നിഷേധികളെ നോക്കി അന്ത്യ നാളിൽ ചിരിക്കുന്നതാണ്; ഇഹലോകത്ത് അവർ ഇവരെ നോക്കി ചിരിച്ചിരുന്നത് പോലെ.

(35) അലങ്കരിക്കപ്പെട്ട സോഫകളിൽ ഇരുന്ന് അല്ലാഹു തങ്ങൾക്കായി ഒരുക്കി വെച്ച ശാശ്വതമായ അനുഗ്രഹങ്ങൾ അവർ നോക്കിക്കൊണ്ടിരിക്കും. അവർക്ക് നൽകപ്പെടുന്ന ആ അനുഗ്രഹങ്ങളിൽ ഏറ്റവും വലുത് തങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്റെ തിരുവദനത്തിലേക്ക് നോക്കുക എന്നതായിരിക്കും.

(36) (അല്ലാഹുവിനെ) നിഷേധിച്ചവർ ഇഹലോകത്ത് ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രതിഫലം തന്നെ നൽകപ്പെട്ടില്ലയോ?! (ഈ ചോദ്യത്തിനുള്ള ഉത്തരം വ്യക്തമാണ്) അതെ! ഏറ്റവും നീതിപൂർവ്വകവും സമ്പൂർണ്ണവുമായ ശിക്ഷ തന്നെ അവർക്ക് പ്രതിഫലമായി നൽകപ്പെട്ടിരിക്കുന്നു; തീർച്ച!

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 29-31)** ബഹുദൈവാരാധകരെ നോക്കൂ; അവർ വിശ്വാസികളെ പരിഹസിക്കുകയും കളിയാക്കി ചിരിക്കുകയും ഇകഴ്ത്തുകയുമെല്ലാം ചെയ്തിരുന്നു. എന്നാൽ ഇതെല്ലാം ചെയ്യുമ്പോഴും അവർ പരിപൂർണ്ണ ആശ്വാസത്തിലായിരുന്നു. അല്ലാഹുവിനോടുള്ള ഭയത്തിന്റെ കണിക പോലും അവരുടെ മനസ്സിൽ മിന്നിമറഞ്ഞില്ല. അതു കൊണ്ടാണ് സുഖലോലുപരായി അവർ തങ്ങളുടെ വീടുകളിലേക്ക് മടങ്ങിച്ചെന്നത്. ഒരാൾ വഞ്ചനയിൽ അകപ്പെടുന്നതിന്റെ ഏറ്റവും കടുത്ത രൂപമാണിത്. (സഅ്ദി: 916)

» **(ആയത്ത്: 36)** അതിക്രമികൾ ഇഹലോകത്ത് വിശ്വാസികളെ പരിഹസിക്കുകയും, അവർ വഴികേടിലാണെന്ന് ആരോപിക്കുകയുമാണ് ചെയ്തിരുന്നത്. പരലോകത്ത് വിശ്വാസികൾ അവരെ നോക്കി ചിരിക്കുകയും, വഴികേടിലായിരുന്നതിന്റെ ഫലമായി അവർ ശിക്ഷയിൽ കടന്നെരിയുന്നത് നോക്കിക്കാണുകയും ചെയ്യുന്നു. അതെ! അവർ ചെയ്ത പ്രവർത്തനങ്ങൾക്ക് അല്ലാഹുവിൽ നിന്നുള്ള -നീതിപൂർണ്ണവും യുക്തവുമായ- ശിക്ഷ നൽകപ്പെട്ടിരിക്കുന്നു! (സഅ്ദി: 916)

സൂറത്തുൽ ഇൻശിഖാഖ്

سُورَةُ الانْشِقَاقِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 25.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഇൻശിഖാഖ് (الانْشِقَاقُ): പൊട്ടിപ്പിളർന്നു എന്നർത്ഥമുള്ള ഇ ൻശഖത്ത് (انْشَقَّتْ) എന്ന പദം ആദ്യത്തെ ആയത്തിൽ വന്നിരിക്കുന്നു. ഇതിന്റെ ക്രിയാനാമമാണ് ഇൻശിഖാഖ് എന്ന വാക്ക്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**مَنْ سَرَّهُ أَنْ يَنْظُرَ إِلَى يَوْمِ القِيَامَةِ كَأَنَّهُ رَأْيُ عَيْنٍ**» فَلْيَقْرَأْ: إِذَا الشَّمْسُ كُوِّرَتْ، وَإِذَا السَّمَاءُ انْفَطَرَتْ، وَإِذَا السَّمَاءُ انْشَقَّتْ.

ഇബ്നു ഉമർ -رضي الله عنهما- നിവേദനം: നബി -ﷺ- പറഞ്ഞു: “ആർക്കെങ്കിലും പരലോകദിനം കണ്ണിൽ കാണുന്നത് പോലെ വീക്ഷിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അവൻ സൂറ. തക്വീർ, സൂറ. ഇൻഫിത്വാർ, സൂറ. ഇൻശിഖാഖ് എന്നിവ പാരായണം ചെയ്യട്ടെ.” (തിർമിദി: 3333, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* പരലോകത്തിലെ കാഴ്ച്ചകൾ വിവരിക്കുന്നു ഈ സൂറത്ത്. അതോടൊപ്പം അന്ത്യനാൾ സംഭവിക്കുന്ന വേളയിൽ ലോകത്ത് സംഭവിക്കുന്ന മാറ്റങ്ങളിലേക്ക് സൂചന നൽകുകയും ചെയ്യുന്നു.

* പരലോകത്ത് സൃഷ്ടികളുടെ അവസ്ഥകളിലുണ്ടാകുന്ന അന്തരം ഓർമ്മപ്പെടുത്തുന്നു. ആദരണീയരും സൗഭാഗ്യവാന്മാരുമായ ഒരു വിഭാഗം തങ്ങളുടെ വലതു കരങ്ങളിൽ അവർ ചെയ്ത പ്രവർത്തനങ്ങളുടെ ഏടുകൾ സ്വീകരിക്കുന്നതാണ്. എന്നാൽ നിന്ദ്യരും ദൗർഭാഗ്യവാന്മാരുമായ മറ്റൊരു വിഭാഗം തങ്ങളുടെ പുറകുവശങ്ങളിലൂടെയാണ് പ്രവർത്തനങ്ങളുടെ ഏടുകൾ ഏറ്റുവാങ്ങുക.

* വിശുദ്ധ ഖുർആനിലെ ദൃഷ്ടാന്തങ്ങൾ ഇത്രയെല്ലാം വ്യക്തമായിട്ടും, അവയിലെ പ്രമാണങ്ങളുടെ പ്രകാശം അതീവശക്തമായിട്ടും

അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാൻ തയ്യാറാകാത്ത ബഹുദൈവാരാധകർക്ക് ശക്തമായ താക്കീത് നൽകുന്നു ഈ സൂറത്ത്. കത്തിജ്വലിക്കുന്ന നരകാഗ്നിയിലെ ശിക്ഷയെ കുറിച്ച് അവർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.

ആയത്തുകൾ 1-5

إِذَا ٱلسَّمَآءُ ٱنشَقَّتْ ﴿١﴾	(1) ആകാശം പൊട്ടിപ്പിളരുമ്പോൾ.
وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٢﴾	(2) അത് അതിന്റെ റബ്ബിന് കീഴ്പെടുകയും ചെയ്യുമ്പോൾ; അങ്ങനെ (കീഴ്പെടാൻ) അത് കടപ്പെട്ടിരിക്കുന്നു താനും.
وَإِذَا ٱلْأَرْضُ مُدَّتْ ﴿٣﴾	(3) ഭൂമി നീട്ടപ്പെടുമ്പോൾ.
وَأَلْقَتْ مَا فِيهَا وَتَخَلَّتْ ﴿٤﴾	(4) (ഭൂമി) അതിലുള്ളത് (പുറത്തേക്ക്) ഇടുകയും, അത് കാലിയായിത്തീരുകയും ചെയ്യുമ്പോൾ.
وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٥﴾	(5) അത് അതിന്റെ റബ്ബിന് കീഴ്പെടുകയും ചെയ്യുമ്പോൾ; അങ്ങനെ (കീഴ്പെടാൻ) അത് കടപ്പെട്ടിരിക്കുന്നുതാനും.

തഫ്സീർ

(1) ആകാശത്ത് നിന്ന് മലക്കുകൾ ഇറങ്ങി വരുന്നത് കാരണത്താൽ അത് പൊട്ടിപ്പിളരുമ്പോൾ.

(2) ആകാശത്തോട് പൊട്ടിപ്പിളരാനുള്ള കൽപ്പന അല്ലാഹു നൽകുന്ന വേളയിൽ, ആകാശം തന്റെ രക്ഷിതാവിന്റെ കൽപ്പന കീഴൊതുക്കത്തോടെ കേൾക്കുകയും ചെയ്താൽ; അങ്ങനെ അല്ലാഹുവിന്റെ കൽപ്പനക്ക് കീഴ്പ്പെടാൻ അത് ബാധ്യതപ്പെട്ടിരിക്കുന്നു താനും.

(3) മാവ് പരത്തപ്പെടുന്നതു പോലെ, പർവ്വതങ്ങളും മറ്റുമെല്ലാം തകർത്തു കൊണ്ട് അല്ലാഹു ഭൂമിയെ നിരപ്പാക്കുകയും ചെയ്താൽ.

(4) ഭൂമി അതിലുള്ള നിധികളും, അതിനുള്ളിൽ മറവു ചെയ്യപ്പെട്ട മൃതദേഹങ്ങളും പുറന്തള്ളുകയും, അവയിൽ നിന്നെല്ലാം മുക്തമാവുകയും ചെയ്താൽ.

(5) തന്റെ രക്ഷിതാവിന്റെ കൽപ്പന ഭൂമി കീഴൊതുക്കത്തോടെ കേൾക്കുകയും ചെയ്താൽ..; അങ്ങനെ അല്ലാഹുവിന്റെ കൽപ്പനക്ക് കീഴ്പ്പെടാൻ അത് ബാധ്യതപ്പെട്ടിരിക്കുന്നു താനും.

ആയത്തുകൾ 6-15

يَٰٓأَيُّهَا ٱلْإِنسَٰنُ إِنَّكَ كَادِحٌ إِلَىٰ رَبِّكَ كَدْحًا فَمُلَٰقِيهِ ﴿٦﴾

(6) ഹേ മനുഷ്യാ! നീ നിന്റെ രക്ഷിതാവിങ്കലേക്ക് കടുത്ത അദ്ധ്വാനം നടത്തി ചെല്ലുന്നവനും അങ്ങനെ നിന്റെ പ്രവർത്തനത്തെ കണ്ടുമുട്ടുന്നവനുമാകുന്നു.

فَأَمَّا مَنْ أُوتِىَ كِتَٰبَهُۥ بِيَمِينِهِۦ ﴿٧﴾

(7) എന്നാൽ (പരലോകത്ത്) ഏതൊരുവന് തന്റെ രേഖ വലതു കൈയ്യിൽ നൽകപ്പെട്ടുവോ;

فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ﴿٨﴾

(8) അവൻ ലഘുവായ വിചാരണയ്ക്ക് (മാത്രം) വിധേയനാകുന്നതാണ്.

وَيَنقَلِبُ إِلَىٰٓ أَهْلِهِۦ مَسْرُورًا ﴿٩﴾

(9) തന്റെ സ്വന്തക്കാരുടെ അടുത്തേക്ക് സന്തോഷവാനായി അവൻ തിരിച്ചുപോകുകയും ചെയ്യും.

وَأَمَّا مَنْ أُوتِىَ كِتَٰبَهُۥ وَرَآءَ ظَهْرِهِۦ ﴿١٠﴾

(10) എന്നാൽ ഏതൊരുവന് തന്റെ രേഖ അവന്റെ മുതുകിന്റെ പിന്നിലൂടെ നൽകപ്പെട്ടുവോ;

فَسَوْفَ يَدْعُوا۟ ثُبُورًا ﴿١١﴾

(11) അവൻ നാശമേ എന്ന് നിലവിളിക്കുന്നതാണ്.

وَيَصۡلَىٰ سَعِيرًا ﴿١٢﴾

(12) ആളിക്കത്തുന്ന നരകാഗ്നിയിൽ അവൻ കടന്നെരിയുകയും ചെയ്യും.

إِنَّهُۥ كَانَ فِيٓ أَهۡلِهِۦ مَسۡرُورًا ﴿١٣﴾

(13) തീർച്ചയായും അവൻ തന്റെ സ്വന്തക്കാർക്കിടയിൽ സന്തോഷത്തോടെ കഴിയുന്നവനായിരുന്നു.

إِنَّهُۥ ظَنَّ أَن لَّن يَحُورَ ﴿١٤﴾

(14) താൻ ഒരിക്കലും മടങ്ങി വരികയേ ഇല്ലെന്ന് അവൻ ധരിച്ചു.

بَلَىٰٓۚ إِنَّ رَبَّهُۥ كَانَ بِهِۦ بَصِيرًا ﴿١٥﴾

(15) അതെ! തീർച്ചയായും അവന്റെ റബ്ബ് അവനെപ്പറ്റി കണ്ടറിയുന്നവനായിരുന്നു.

തഫ്സീർ

(6) മനുഷ്യാ! നീ അല്ലാഹുവിലേക്ക് (എത്തുന്നതു വരെ) പരിശ്രമം നടത്തിക്കൊണ്ടേയിരിക്കുന്നവനാണ്; നന്മയോ തിന്മയോ നന്മയോ തിന്മയോ ആയ പ്രവർത്തനങ്ങൾ നീ ചെയ്തു കൊണ്ടേയിരിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ അന്ത്യനാളിൽ നിന്റെ രക്ഷിതാവായ അല്ലാഹുവിനെ നീ കണ്ടുമുട്ടും; അപ്പോൾ നിന്റെ പ്രവർത്തനങ്ങൾക്ക് അവൻ ഔദാര്യത്തോടെയോ നീതിയോടെയോ പ്രതിഫലം നൽകും. [1]

1 അന്ത്യനാളിലെ അല്ലാഹുവിന്റെ വിധിന്യായം ഔദാര്യത്തോടെയോ നീതിയോടെയോ ആയിരിക്കും. സ്വർഗത്തിൽ പ്രവേശിക്കുന്നവർക്കെല്ലാം അല്ലാഹുവിന്റെ ഔദാര്യമാണ് ലഭിക്കുന്നത്; ആകാശഭൂമികളോളം വിശാലമായ സ്വർഗമെന്ന പ്രതിഫലത്തിന് തുല്ല്യമായ പ്രവർത്തനം കാഴ്ച്ച വെക്കാൻ ഒരു മനുഷ്യനും സാധിക്കുന്നതല്ല. നരകത്തിൽ പ്രവേശിക്കുന്നവരെല്ലാം അല്ലാഹുവിന്റെ നീതിപൂർവ്വമായ വിധി ലഭിച്ചവരാണ്; ഒരാൾ പോലും ഒരണുമണിത്തൂക്കമെങ്കിലും അന്യായം ചെയ്യപ്പെട്ടവരായി നരകത്തിൽ ഉണ്ടാവുകയില്ല.

(7-8) എന്നാൽ ഏതൊരാൾക്ക് തന്റെ പ്രവർത്തനങ്ങളുടെ രേഖ വലതു കയ്യിൽ നൽകപ്പെട്ടുവോ; അവനെ അല്ലാഹു വളരെ എളുപ്പ മുള്ള ഒരു വിചാരണക്ക് വിധേയനാക്കുന്നതാണ്. അല്ലാഹുവിൽ യഥാരൂപത്തിൽ വിശ്വസിച്ചവരുടെ കാര്യമാണിത്.

'എളുപ്പമുള്ള വിചാരണ' എന്നത് കൊണ്ട് ഉദ്ദേശ്യം 'അർദ്വ്' എന്ന താണ്. അതായത്, ഒരാൾ ചെയ്ത തിന്മകൾ അല്ലാഹു അവന് കാ ണിച്ചു കൊടുക്കും; ശേഷം ആ തിന്മകളെല്ലാം അല്ലാഹു അവന് പൊ റുത്തു കൊടുക്കുകയും, അവനെ ശിക്ഷിക്കാതെ വെറുതെ വിടുക യും ചെയ്യും.

(9) അവൻ സ്വർഗക്കാരിൽ പെട്ട തന്റെ സ്വന്തക്കാരുടെ അടുക്ക ലേക്ക് സന്തോഷവാനായി തിരിച്ചു പോകും.

(10-11) എന്നാൽ ഏതൊരുവന് അവന്റെ മുതുകിന് പിന്നിലൂടെ, ഇടതു കയ്യിൽ തന്റെ രേഖ നൽകപ്പെട്ടുവോ; അവൻ 'തനിക്ക് നാശം' എന്ന് വിലപിച്ചു കൊണ്ടിരിക്കും. അല്ലാഹുവിനെ നിഷേധിച്ചവരുടെ കാര്യമാണിത്.

(12) അവൻ നരകാഗ്നിയിൽ പ്രവേശിക്കുകയും, അതിന്റെ ചൂ ടിൽ വെന്തുരുകുകയും ചെയ്യും.

(13) ഇഹലോകത്തായിരിക്കെ, തന്റെ സ്വന്തക്കാരോടൊപ്പം നി ഷേധത്തിലും തിന്മകളിലും മുഴുകി, സന്തോഷതിമിർപ്പിൽ ജീവിച്ചിരു ന്നവനായിരുന്നു അവൻ. വരാനിരിക്കുന്ന പര്യവസാനത്തെ കുറിച്ച് ചിന്തിക്കാതെ, വഞ്ചിതനായി കാലം കഴിച്ചു കൂട്ടുകയായിരുന്നു അ വൻ ആ ദിവസങ്ങളിലെല്ലാം.

(14) തന്റെ മരണത്തിന് ശേഷം ഒരിക്കലും (പരലോക) ജീവിത ത്തിലേക്ക് മടങ്ങേണ്ടി വരികയില്ലെന്ന് അവൻ ധരിച്ചു. തന്നെ പടച്ച വനായ തന്റെ സ്രഷ്ടാവിന്റെ അരികിലേക്ക് ജീവനോടെ മടങ്ങിച്ചെല്ലു ന്ന ഒരു ദിനമുണ്ടാകുമെന്ന് അവൻ കരുതിയതേയില്ല.

(15) അതെ! അവന്റെ രക്ഷിതാവായ അല്ലാഹു അവനെ ആദ്യം സൃഷ്ടിച്ചതു പോലെ ഒരിക്കൽ കൂടി ജീവിതത്തിലേക്ക് മടക്കി കൊ ണ്ടുവരിക തന്നെ ചെയ്യുന്നതാണ്; ശേഷം അവന്റെ പ്രവർത്തനങ്ങ ൾക്കുള്ള പ്രതിഫലം അവനെ രുചിപ്പിക്കുകയും ചെയ്യുന്നതാണ്.

തീർച്ചയായും മനുഷ്യന്റെ ജനനം മുതൽ പുനരുത്ഥാനം വരെ

യുള്ള ഓരോ അവസ്ഥകളെ കുറിച്ചും അല്ലാഹു നന്നായി കണ്ടറിയുന്നവനായിരുന്നു. അവന്റെ യാതൊരു കാര്യവും അല്ലാഹുവിന് അവ്യക്തമായിരുന്നില്ല. അവൻ ചെയ്തുവെച്ചതിനുള്ള പ്രതിഫലം അല്ലാഹു അവന് നൽകുന്നതുമാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 2, 5)** ആകാശവും ഭൂമിയും അതിന്റെ സ്രഷ്ടാവിന്റെ കൽപ്പനക്കായി കാതോർക്കുകയും, അത് ഉടനടി അനുസരിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ ചെയ്യുക എന്നതല്ലാതെ അവക്ക് മറ്റൊരു വഴിയുമില്ല. കാരണം മഹാപ്രതാപിയും രാജാധിരാജനുമായ സർവ്വാധിപതിയുടെ നിയന്ത്രണത്തിന് കീഴിലാണ് അവ. അവന്റെ കൽപ്പനകൾ ധിക്കരിക്കപ്പെടുകയോ, അവന്റെ വിധിക്ക് എതിരുണ്ടാവുകയോ ഇല്ല! (സഅ്ദി: 917)

» **(ആയത്ത്: 3)** അന്ത്യനാൾ സംഭവിച്ചാൽ ഭൂമി വിറപ്പിക്കപ്പെടുകയും, അതിന് മുകളിലുള്ള പർവ്വതങ്ങളെല്ലാം നിരപ്പാക്കപ്പെടുകയും, ഉയർന്നു നിൽക്കുന്ന കെട്ടിടങ്ങളും അടയാളങ്ങളുമെല്ലാം തകർന്നു വീഴുകയും, അങ്ങനെ ഭൂമി നിരപ്പാവുകയും ചെയ്യും. ഭൂമിയെ അല്ലാഹു നീട്ടിപ്പരത്തുകയും, അത് അങ്ങേയറ്റം വിശാലമാവുകയും ചെയ്യും. മഹ്ശറാ വൻസഭയിൽ സർവ്വരെയും ഉൾക്കൊള്ളാനുള്ള വിശാലത അതിനുണ്ടാകുന്നതാണ്. ആ ദിവസത്തിൽ ഭൂമിയിൽ ഒരു കയറ്റിറക്കമോ വളവോ കണ്ടെത്താൻ കഴിയാത്ത വിധം, അത് നിരപ്പായ മൈതാനം പോലെ ആയിത്തീരുന്നതാണ്. (സഅ്ദി: 917)

» **(ആയത്ത്: 4)** കാഹളത്തിൽ ഊതപ്പെടുന്നതോടെ ഖബ്റുകളിൽ നിന്ന് മൃതദേഹങ്ങൾ ഭൂമിക്ക് വെളിയിലേക്ക് വരും. ഭൂമി അതിന്റെ നിധികളെല്ലാം പുറത്തേക്കിടുകയും, ഉയരമുള്ള ഒരു തൂണു പോലെ അത് കാണപ്പെടുകയും ചെയ്യും. മനുഷ്യർ അത് വീക്ഷിക്കുന്നതോടെ ഇഹലോകത്ത് തങ്ങൾ ഇതിന് വേണ്ടി മത്സരിച്ചിരുന്നതോർത്ത് നിരാശപ്പെടുന്നതാണ്. (സഅ്ദി: 917)

» **(ആയത്ത്: 8)** അടിമ ചെയ്ത തിന്മകൾ അവന് മുൻപിൽ കാണിച്ചു കൊടുക്കുകയും, അവയെല്ലാം താൻ ചെയ്തതാണെന്ന് അവൻ അംഗീകരിക്കുകയും ചെയ്യും. അതാണ് ലളിതമായ വിചാരണ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. (തന്റെ തിന്മകൾ

കണ്ടുകഴിഞ്ഞാൽ) അടിമ താൻ നശിച്ചു എന്ന് ധരിക്കും. എന്നാൽ അല്ലാഹു അവനോട് പറയും: "ഈ തിന്മകൾ ഇഹലോകത്ത് ഞാൻ നിനക്കായി മറച്ചു വെച്ചു. ഇന്ന് നിനക്കായി ഞാനത് മറച്ചു വെക്കുന്നു." (സഅ്ദി: 917)

ആയത്തുകൾ 16-25

فَلَآ أُقۡسِمُ بِٱلشَّفَقِ ١٦

(16) അസ്തമയശോഭ കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

وَٱلَّيۡلِ وَمَا وَسَقَ ١٧

(17) രാത്രിയും അത് ഒന്നിച്ചു ചേർക്കുന്നവയും തന്നെ സത്യം.

وَٱلۡقَمَرِ إِذَا ٱتَّسَقَ ١٨

(18) ചന്ദ്രൻ പൂർണ്ണത പ്രാപിക്കുമ്പോൾ അതിനെ കൊണ്ടും (ഞാൻ സത്യം ചെയ്യുന്നു).

لَتَرۡكَبُنَّ طَبَقًا عَن طَبَقٖ ١٩

(19) തീർച്ചയായും നിങ്ങൾ ഘട്ടംഘട്ടമായി കയറിക്കൊണ്ടിരിക്കുന്നതാണ്.

فَمَا لَهُمۡ لَا يُؤۡمِنُونَ ٢٠

(20) എന്നാൽ അവർക്കെന്തുപറ്റി? അവർ വിശ്വസിക്കുന്നില്ല.

وَإِذَا قُرِئَ عَلَيۡهِمُ ٱلۡقُرۡءَانُ
لَا يَسۡجُدُونَۤ۩ ٢١

(21) അവർക്ക് ഖുർആൻ ഓതിക്കൊടുക്കപ്പെട്ടാൽ അവർ സുജൂദ് ചെയ്യുന്നുമില്ല.

بَلِ ٱلَّذِينَ كَفَرُواْ يُكَذِّبُونَ ٢٢

(22) പക്ഷെ (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവർ (സത്യത്തെ) കളവാക്കി തള്ളുകയാണ്.

وَٱللَّهُ أَعۡلَمُ بِمَا يُوعُونَ ٢٣

(23) അവർ മനസ്സുകളിൽ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റി അല്ലാഹു നല്ല വണ്ണം അറിയുന്നവനാകുന്നു.

فَبَشِّرۡهُم بِعَذَابٍ أَلِيمٍ ﴿٢٤﴾

(24) ആകയാൽ (നബിയേ,) നീ അവർക്ക് വേദനയേറിയ ഒരു ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَهُمۡ أَجۡرٌ غَيۡرُ مَمۡنُونِۭ ﴿٢٥﴾

(25) (അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അവർക്ക് മുറിഞ്ഞു പോകാത്ത പ്രതിഫലമുണ്ട്.

തഫ്സീർ

(16) സൂര്യാസ്തമയത്തിന് ശേഷം ചക്രവാളത്തിൽ കാണപ്പെടുന്ന അസ്തമയശോഭ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(17) രാത്രിയെ കൊണ്ടും അത് ഒരുമിച്ചു കൂട്ടുന്നവ -ജീവികളും പ്രാണികളും ഇഴജന്തുക്കളും പോലുള്ളവയെ- കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(18) ചന്ദ്രൻ ഒരുമിച്ചു കൂടുകയും, പൂർണ്ണചന്ദ്രനായി തീരുകയും ചെയ്യുന്ന വേളയെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

അല്ലാഹു അവൻ ഉദ്ദേശിക്കുന്ന സൃഷ്ടികളെ കൊണ്ട് ശപഥം ചെയ്യുന്നു. എന്നാൽ, സൃഷ്ടികൾക്ക് അല്ലാഹുവിന്റെ പേരിൽ മാത്രം ശപഥം ചെയ്യാൻ പാടുള്ളൂ. അല്ലാഹുവല്ലാത്തവരെ കൊണ്ട് ഒരാൾ ശപഥം ചെയ്താൽ അത് ശിർക്കാകുന്നു.

(19) അല്ലയോ ജനങ്ങളേ! നിങ്ങൾ ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയും, വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നു പോവുകയും ചെയ്യുന്നവരാണ്. ബീജത്തിൽ നിന്നും ഭ്രൂണമാവുകയും, അതിൽ നിന്ന് മാംസക്കഷ്ണമായി തീരുകയും ചെയ്യുന്നത് പോലെ. ജീവിതത്തിൽ നിന്ന് മരണത്തിലേക്കും, ശേഷം പുനരുജ്ജീവനത്തിലേക്കും (നിങ്ങൾ സഞ്ചരിച്ചു കൊണ്ടിരിക്കും).

(20) (ഇസ്‌ലാമിനെ) നിഷേധിച്ച ഇക്കൂട്ടർക്കെന്തു പറ്റി? അവർ അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വസിക്കുന്നില്ല. ഈ ദൃഷ്ടാന്ത

ങ്ങളെല്ലാം വ്യക്തമായി വിവരിക്കപ്പെട്ടു കഴിഞ്ഞതിന് ശേഷം ഇസ്ലാമിൽ വിശ്വസിക്കുന്നതിൽ നിന്ന് അവരെ തടയുന്നതെന്താണ്?

(21) എന്തു കൊണ്ടാണ് ഖുർആൻ പാരായണം ചെയ്തു കേൾപ്പിക്കപ്പെട്ടാൽ അവർ അല്ലാഹുവിന് സാഷ്ടാംഘം (സുജൂദ്) ചെയ്യുകയോ, വിശുദ്ധ ഖുർആനിലെ കൽപ്പനകൾക്ക് കീഴൊതുങ്ങുകയോ ചെയ്യാത്തത്?! അവർക്കെന്താണ് സംഭവിച്ചിരിക്കുന്നത്?!

(22) പക്ഷേ (അല്ലാഹുവിനെ) നിഷേധിച്ചവർ അവരുടെ റസൂലായ മുഹമ്മദ് നബി -ﷺ- അവർക്ക് കൊണ്ടു വന്നതിനെ കളവാക്കുകയാണ്. ഇപ്രകാരം സത്യത്തെ കളവാക്കുകയും അതിനോട് എതിരു നിൽക്കുകയും ചെയ്യുക എന്നത് (അല്ലാഹുവിനെയും അവന്റെ ദൂതനെയും) നിഷേധിച്ചവരുടെ സ്ഥിരമാർഗമാണ്.

(23) അവരുടെ ഹൃദയങ്ങൾ മൂടിവെക്കുന്നത് അല്ലാഹു നന്നായി അറിയുന്നവനാകുന്നു; ഖുർആൻ സത്യമാണ് എന്ന വ്യക്തമായി അവർക്ക് ബോധ്യമുണ്ടെങ്കിലും കടുത്ത ധിക്കാരമല്ലാതെ മറ്റൊന്നും അവർ ഉദ്ദേശിക്കുന്നില്ല എന്ന് അവനറിയാം. അവരുടെ പ്രവർത്തനങ്ങളിൽ ഒന്നും തന്നെ അല്ലാഹുവിന് അവ്യക്തമാവുകയില്ല.

(24) അല്ലാഹുവിന്റെ റസൂലേ! അവരെ കാത്തിരിക്കുന്ന വേദന നിറഞ്ഞ ഒരു ശിക്ഷ അല്ലാഹു അവർക്കായി ഒരുക്കി വെച്ചിട്ടുണ്ട് എന്ന 'സന്തോഷവാർത്ത' താങ്കൾ അവരെ അറിയിച്ചു കൊള്ളുക.

(25) അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ; അവർക്ക് ഒരിക്കലും നിലച്ചു പോവുകയോ, കുറവ് സംഭവിക്കുകയോ ചെയ്യാത്ത പ്രതിഫലമായ സ്വർഗമുണ്ട്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

മനുഷ്യൻ വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നു പോകുന്നു. ബീജത്തിൽ നിന്ന് രക്തക്കട്ടയും, അതിൽ നിന്ന് ഭ്രൂണവുമാകുന്നു. പിന്നീട് അവന്റെ മേൽ ആത്മാവ് ഊതപ്പെടുന്നു. ശേഷം കുഞ്ഞായി ജനിച്ചു വീഴുന്നു. ശൈശവം കടക്കുന്നു. വകതിരിവ് വന്നെത്തുന്നു. പിന്നീട് ബാധ്യതകളുള്ള, പ്രായപൂർത്തിയെത്തിയ മനുഷ്യനാകുന്നു. ശേഷം മരണപ്പെടുന്നു. അതു കഴിഞ്ഞ് ഉയിർത്തെഴുന്നേൽപ്പിക്ക

പ്പെടുകയും, അവന്റെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്നു. ഈ വ്യത്യസ്ത ഘട്ടങ്ങളെല്ലാം മനുഷ്യന്റെ ജീവിതത്തിലൂടെ കടന്നു പോകുന്നു.

മനുഷ്യ ജീവിതത്തിൽ മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന ഈ ഘട്ടങ്ങൾ അല്ലാഹുവിന്റെ ഏകത്വം ബോധ്യപ്പെടുത്തുന്ന വ്യക്തമായ തെളിവുകളിൽ പെട്ടതാണ്. അവൻ മാത്രമാണ് യഥാർത്ഥ ആരാധ്യനെന്നും, തന്റെ അടിമകളെ യുക്തിപൂർവ്വം -കാരുണ്യം നിറഞ്ഞ വഴികളിലൂടെ- നിയന്ത്രിച്ചു കൊണ്ടിരിക്കുന്നതും അല്ലാഹുവാണ് എന്നും ഈ അവസ്ഥാന്തരങ്ങൾ അറിയിച്ചു കൊണ്ടിരിക്കുന്നു.

(കാരണം എല്ലാ മനുഷ്യർക്കും ഈ വ്യത്യസ്ത ഘട്ടങ്ങൾ മാറ്റമില്ലാതെ ആവർത്തിച്ചു കൊണ്ടിരിക്കുന്നു എങ്കിൽ അത് നിയന്ത്രിക്കുന്ന ഒരുവനുണ്ടായിരിക്കണമല്ലോ? എല്ലാ മനുഷ്യർക്കും ഈ ഘട്ടങ്ങളെ നിർണ്ണയിക്കുകയും, അവരെ അതിലൂടെ വഴിനടത്തുകയും ചെയ്ത ഒരു നിയന്താവുണ്ടാകണമല്ലോ?! എല്ലാ മനുഷ്യരെയും സംവിധാനിച്ച ആ രക്ഷിതാവിന്റെ ഏകത്വം എങ്ങനെയാണ് ഒരാൾക്ക് അവ്യക്തമായി പോവുക?!)

മനുഷ്യനാകട്ടെ, യാതൊന്നിനും സാധിക്കാത്ത ദുർബലനും, അല്ലാഹുവിലേക്ക് പരിപൂർണ്ണമായും ആശ്രിതനാണെന്നും അതവനെ ബോധ്യപ്പെടുത്തി കൊണ്ടിരിക്കുന്നുണ്ട്. (കാരണം മനുഷ്യന് തന്റെ സ്വന്തം ശരീരത്തിലേക്ക് ക്ഷണിക്കാതെ കടന്നു വരുന്ന വാർദ്ധക്യത്തെയോ മരണത്തെയോ ഒന്നും തടഞ്ഞു വെക്കാൻ കഴിയുന്നില്ല. അവന് എന്തെങ്കിലുമൊരു ശേഷി ഉണ്ടായിരുന്നെങ്കിൽ സ്വന്തം കാര്യമെങ്കിലും അവന് നിയന്ത്രിക്കാൻ കഴിയുമായിരുന്നില്ലേ?!)

എന്നാൽ, ഇതൊക്കെയുണ്ടെങ്കിലും മനുഷ്യരിൽ ബഹുഭൂരിപക്ഷവും വിശ്വസിക്കാൻ തയ്യാറാവുകയോ, വിശുദ്ധ ഖുർആനിന്റെ കൽപ്പനകൾക്ക് കീഴൊതുങ്ങാൻ സമ്മതിക്കുകയോ ചെയ്യില്ല. (സഅ്ദി: 917)

സൂറത്തുൽ ബുറൂജ്

سُورَةُ البُرُوجِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 22.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ബുറൂജ് (البُرُوج): നക്ഷത്രമണ്ഡലങ്ങൾ എന്നർത്ഥമുള്ള ബുറൂജ് എന്ന പദം ആദ്യത്തെ ആയത്തിൽ വന്നിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ബുറൂജ്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിൽ വിശ്വസിച്ചവരെ അവരുടെ മതത്തിന്റെ പേരിൽ പരീക്ഷിക്കുന്നതിനായി അഗ്നിയിലെറിഞ്ഞ് ചുട്ടെരിച്ചവർക്ക് നാശമാണുള്ളതെന്ന് അല്ലാഹു ശപഥം ചെയ്തറിയിക്കുന്നു ഈ അദ്ധ്യായത്തിലൂടെ.

* മക്കയിലെ മുസ്‌ലിമീങ്ങളെ ഉപദ്രവിച്ചിരുന്ന ബഹുദൈവാരാധകരുടെ അവസ്ഥയും സമാനമാണെന്ന ഓർമ്മപ്പെടുത്തൽ ഈ അദ്ധ്യായത്തിലെ ചരിത്രവിവരണത്തിലുണ്ട്.

* മുൻകഴിഞ്ഞ വിശ്വാസികളെ ബാധിച്ച കടുത്ത പരീക്ഷണങ്ങളുടെ ചരിത്രം ഓർമ്മപ്പെടുത്തി കൊണ്ട് വിശ്വാസികളെ ആശ്വസിപ്പിക്കുന്നു ഈ അദ്ധ്യായം.

* അല്ലാഹുവിൽ വിശ്വസിച്ച അവന്റെ ഇഷ്ടദാസന്മാരെ ഉപദ്രവിക്കുന്ന അല്ലാഹുവിന്റെ ശത്രുക്കളിൽ നിന്ന് പ്രതികാരമെടുക്കാൻ അല്ലാഹു പൂർണ്ണശക്തിയുള്ളവനാണെന്ന് ഈ അദ്ധ്യായം ഓർമ്മപ്പെടുത്തുന്നു. അതിനായി ഫിർഔനിന്റെയും ഥമൂദ് ഗോത്രത്തിന്റെയും ചരിത്രം ഉദാഹരിക്കുകയും ചെയ്യുന്നു.

ആയത്തുകൾ 1-9

وَٱلسَّمَآءِ ذَاتِ ٱلْبُرُوجِ ﴿١﴾

(1) നക്ഷത്രമണ്ഡലങ്ങളുള്ള ആകാശം തന്നെയാണ് സത്യം.

وَٱلْيَوْمِ ٱلْمَوْعُودِ ﴿٢﴾

(2) വാഗ്ദാനം ചെയ്യപ്പെട്ട ആ ദിവസം തന്നെയാണ് സത്യം.

وَشَاهِدٍ وَمَشْهُودٍ ﴿٣﴾

(3) സാക്ഷിയും സാക്ഷ്യം വഹിക്കപ്പെടുന്ന കാര്യവും തന്നെയാണ് സത്യം.

قُتِلَ أَصْحَٰبُ ٱلْأُخْدُودِ ﴿٤﴾

(4) ആ കിടങ്ങിന്റെ ആൾക്കാർ നശിച്ചുപോകട്ടെ.

ٱلنَّارِ ذَاتِ ٱلْوَقُودِ ﴿٥﴾

(5) അതായത് വിറകു നിറച്ച തീയുടെ ആൾക്കാർ.

إِذْ هُمْ عَلَيْهَا قُعُودٌ ﴿٦﴾

(6) അവർ അതിന്റെ മേൽ ഇരിക്കുന്നവരായിരുന്ന സന്ദർഭം.

وَهُمْ عَلَىٰ مَا يَفْعَلُونَ
بِٱلْمُؤْمِنِينَ شُهُودٌ ﴿٧﴾

(7) (അല്ലാഹുവിൽ) വിശ്വസിച്ചവരോട് തങ്ങൾ പ്രവർത്തിക്കുന്നതിന് അവർ ദൃക്സാക്ഷികളായിരുന്നു.

وَمَا نَقَمُوا۟ مِنْهُمْ
إِلَّآ أَن يُؤْمِنُوا۟ بِٱللَّهِ
ٱلْعَزِيزِ ٱلْحَمِيدِ ﴿٨﴾

(8) മഹാപ്രതാപിയായ 'അൽഅസീസും', സ്തുത്യർഹനായ 'അൽഹമീദുമായ' അല്ലാഹുവിൽ മാത്രം അവർ വിശ്വസിക്കുന്നു എന്നതല്ലാതെ മറ്റൊന്നും അവർക്കൊരു കുറ്റമായി അക്കൂട്ടർ കണ്ടിരുന്നില്ല.

ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ
وَٱلْأَرْضِ ۚ وَٱللَّهُ عَلَىٰ كُلِّ
شَىْءٍ شَهِيدٌ ﴿٩﴾

(9) ആകാശങ്ങളുടെയും ഭൂമിയുടെയും മേൽ ആധിപത്യം ഉള്ളവനുമായ (അല്ലാഹുവിൽ). അല്ലാഹു എല്ലാകാര്യത്തിനും സാക്ഷിയാകുന്നു.

തഫ്സീർ

(1) സൂര്യന്റെയും ചന്ദ്രന്റെയും മറ്റു നക്ഷത്രഗ്രഹാദികളുടെയും മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ആകാശത്തെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(2) സൃഷ്ടികളെ ഒരുമിച്ചു കൂട്ടുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ഖിയാമത്ത് നാളിനെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(3) സാക്ഷ്യം വഹിക്കുന്നവരും വഹിക്കപ്പെടുന്നവരുമായ എല്ലാവരെക്കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. തങ്ങളുടെ സമൂഹത്തിന്റെ കാര്യത്തിൽ സാക്ഷ്യം വഹിക്കുന്ന നബിമാരും, നബിമാരാൽ സാക്ഷ്യം വഹിക്കപ്പെടുന്ന സമൂഹങ്ങളും ഉദാഹരണം.

അല്ലാഹു അവൻ ഉദ്ദേശിക്കുന്ന സൃഷ്ടികളെ കൊണ്ട് ശപഥം ചെയ്യുന്നു. എന്നാൽ, സൃഷ്ടികൾക്ക് അല്ലാഹുവിന്റെ പേരിൽ മാത്രം ശപഥം ചെയ്യാൻ പാടുള്ളൂ. അല്ലാഹുവല്ലാത്തവരെ കൊണ്ട് ഒരാൾ ശപഥം ചെയ്താൽ അത് ശിർക്കാകുന്നു.

(4) അല്ലാഹുവിൽ വിശ്വസിച്ച മുസ്‌ലിംകളെ പീഢിപ്പിക്കുന്നതിന് വേണ്ടി ഭൂമിയിൽ ഭീമാകാരമായ കിടങ്ങുകൾ കുഴിച്ച (അക്കൂട്ടർ) ശപിക്കപ്പെട്ടിരിക്കുന്നു.

(5) ആ കിടങ്ങിൽ അവർ വിറകുകൾ ഇട്ട് തീ ആളിക്കത്തിക്കുകയും, (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും) വിശ്വസിച്ചവരെ ജീവനോടെ അതിലിട്ട് ചുട്ടെരിക്കുകയും ചെയ്തു.

(6-7) തീ കൊണ്ട് നിറച്ച കിടങ്ങിനരികെ അവർ ഇരുന്നിരുന്ന സന്ദർഭം. (അല്ലാഹുവിൽ) വിശ്വസിച്ചവരെ പീഢനങ്ങളും വേദനയേറിയ മർദ്ദനങ്ങളും ഏൽപ്പിക്കുന്നതിന് അവർ സാക്ഷികളായിരുന്നു. കാരണം അത് കാണുന്നതിനായി അവരവിടെ സന്നിഹിതരാകുമായിരുന്നു.

(8) ആർക്കും പരാജയപ്പെടുത്താൻ സാധ്യമല്ലാത്തവനും (അസീസ്), എല്ലാ നിലക്കും സ്തുത്യർഹനുമായ (ഹമീദ്) അല്ലാഹുവിൽ മാത്രം വിശ്വസിച്ചു എന്നതല്ലാതെ ആ വിശ്വാസികളെ കുറിച്ച് നിഷേധികൾക്ക് ഒരു ആക്ഷേപവുമുണ്ടായിരുന്നില്ല.

(9) ആകാശങ്ങളുടെയും ഭൂമിയുടെയും അധികാരം ഉള്ള ഒരേ യൊരുവനായ അല്ലാഹുവിലാണ് അവർ വിശ്വസിച്ചിരുന്നത്. അവൻ എല്ലാം കാണുന്നവനാണ്; തന്റെ ദാസന്മാരുടെ ഒരു കാര്യവും അവ ന് അവ്യക്തമാവുകയില്ല.

വിശദീകരണം:

'കിടങ്ങിന്റെ ആളുകൾ' (അസ്വ്ഹാബുൽ ഉഖ്ദൂദ്) എന്ന് ആയ ത്തിൽ പറഞ്ഞിരിക്കുന്നത് നിഷേധികളായ ഒരു ജനതയെ കുറിച്ചാ ണ്. (അല്ലാഹുവിലും പരലോകത്തിലും) വിശ്വസിച്ചിരുന്ന ഒരു കൂട്ടമാ ളുകൾ അവർക്കിടയിലുണ്ടായിരുന്നു. അവരെ തങ്ങളുടെ മതത്തി ലേക്ക് കൊണ്ടുവരാൻ ഈ നിഷേധികൾ ശ്രമിച്ചു.

എന്നാൽ വിശ്വാസികൾ അതിന് തയ്യാറായില്ല. അങ്ങനെ അവ ർ ഭൂമിയിൽ കിടങ്ങുകൾ കുഴിക്കുകയും, അതിൽ അഗ്നി ആളിക്ക ത്തിക്കുകയും, ശേഷം വിശ്വാസികളെ ഈ കിടങ്ങിന് മുൻപിൽ കൊ ണ്ടു വരികയും, തങ്ങളുടെ മതം ഉപേക്ഷിക്കാൻ അവരോട് ആവശ്യ പ്പെടുകയും ചെയ്തു.

അവരുടെ ആവശ്യം അംഗീകരിച്ചവരെ വെറുതെ വിടുകയും, വി സമ്മതിച്ചവരെ അവർ അഗ്നിയിലേക്ക് വലിച്ചെറിയുകയും ചെയ്തു. കിടങ്ങുകളിൽ അഗ്നിക്കിരയാക്കപ്പെടുന്ന വിശ്വാസികളെ അവർ നോ ക്കിനിൽക്കുമായിരുന്നു. അല്ലാഹുവിനോടും അവനിൽ വിശ്വസിച്ചവ രോടുള്ള അങ്ങേയറ്റത്തെ യുദ്ധപ്രഖ്യാപനമായിരുന്നു അത്. അക്കാ രണത്താലാണ് അല്ലാഹു അവരെ ശപിക്കുകയും, അവർക്ക് കടുത്ത ശിക്ഷ താക്കീത് നൽകുകയും ചെയ്തത്. (സഅ്ദി: 918)

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-4)** സൂറത്തിന്റെ ആരംഭത്തിൽ ശപഥം ചെയ്ത തിന്റെ പിന്നിലെ ഉദ്ദേശ്യം എന്താണ് എന്നതിൽ രണ്ട് വീക്ഷണ ങ്ങളുണ്ട്.

1- ഈ ശപഥങ്ങളിൽ വിവരിക്കപ്പെട്ട അല്ലാഹുവിന്റെ മഹത്തര മായ ദൃഷ്ടാന്തങ്ങളിലേക്കും, പ്രത്യക്ഷമായ യുക്തിയിലേക്കും, വി ശാലമായ കാരുണ്യത്തിലേക്കും ശ്രദ്ധ ക്ഷണിക്കുക എന്നതാ ണ് ഉദ്ദേശ്യം.

2- ആദ്യത്തെ മൂന്ന് വചനങ്ങളിൽ വന്ന ശപഥത്തിന് ശേഷം 'കിടങ്ങിന്റെ ആളുകൾ'ക്കെതിരെയുള്ള പ്രാർത്ഥനയാണ് അടുത്ത വചനത്തിലുള്ളത്. ഈ പ്രാർത്ഥന ഊന്നിപ്പറയുക എന്നതാണ് ശപഥത്തിന്റെ ഉദ്ദേശ്യം. (സഅ്ദി: 918)

» **(ആയത്ത്: 4-11)** ജീവൻ സംരക്ഷിക്കുന്നതിനേക്കാൾ ഇസ്ലാമിലുള്ള തന്റെ വിശ്വാസം സംരക്ഷിക്കുന്നതിന് പ്രാമുഖ്യം നൽകുക എന്നത് പരലോക വിജയത്തിന്റെ അടയാളമാണ്.

» **(ആയത്ത്: 4-8)** നിഷേധികളുടെ ഹൃദയകാഠിന്യത്തിന്റെയും ക്രൂരതയുടെയും കടുപ്പത്തെ കുറിച്ച് ചിന്തിച്ചു നോക്കുക! അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും അതിനോട് എതിരാവുകയും ചെയ്യുന്നതിനോടൊപ്പം, (അല്ലാഹുവിൽ) വിശ്വസിച്ചവരെ -ഹൃദയങ്ങൾ നുറുങ്ങിപ്പോകുന്ന വിധത്തിലുള്ള- ഏറ്റവും കടുത്ത ശിക്ഷകൾക്ക് വിധേയരാക്കുകയും ചെയ്തിരിക്കുന്നു ഇക്കൂട്ടർ. അതിനെല്ലാം പുറമേ, ഈ ശിക്ഷ കണ്ടുരസിക്കാൻ അവരവിടെ സന്നിഹിതരാവുകയും ചെയ്തിരിക്കുന്നു! (സഅ്ദി: 918)

» **(ആയത്ത്: 9)** അല്ലാഹുവിൽ വിശ്വസിച്ചവർക്കെതിരെ ക്രൂരമായ പീഢനങ്ങൾ അഴിച്ചു വിടുന്നവർ ചിന്തിക്കേണ്ട രണ്ട് കാര്യങ്ങൾ ഈ വചനത്തിലുണ്ട്.

(1) അല്ലാഹുവിനാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും അധികാരമുള്ളത്; ശിക്ഷിക്കുന്നവരും ശിക്ഷിക്കപ്പെടുന്നവരുമെല്ലാം അല്ലാഹുവിന്റെ അടിമകളിൽ പെട്ടവർ മാത്രമാണ്. ഒരാൾക്കും -അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ- മറ്റൊരാൾക്ക് മേലും യാതൊരു അധികാരവുമില്ല. എന്നിരിക്കെ തങ്ങളുടെ ഉടമസ്ഥനായ അല്ലാഹുവിന്റെ ശിക്ഷയെ അവർ ഭയക്കുന്നില്ലേ?!

(2) അല്ലാഹു അവരുടെ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു; അവൻ അവരുടെ പ്രവർത്തനങ്ങളെ വീക്ഷിക്കുന്നു എന്നതും, അവക്കുള്ള പ്രതിഫലം നാളെ അവൻ അവർക്കായി ഒരുക്കി വെച്ചിരിക്കുന്നു എന്നതും ഈ ക്രൂരതയിൽ നിന്ന് അവരെ പിറകോട്ട് നയിക്കാൻ മതിയായതല്ലേ?! (സഅ്ദി: 918)

ആയത്തുകൾ 10-11

إِنَّ ٱلَّذِينَ فَتَنُوا۟ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ثُمَّ لَمْ يَتُوبُوا۟ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ ﴿١٠﴾

(10) (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും) വിശ്വസിച്ച പുരുഷന്മാരെയും സ്ത്രീകളെയും മർദ്ദിക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവരാരോ അവർക്ക് നരകശിക്ഷയുണ്ട്. തീർച്ച. അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുണ്ട്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۚ ذَٰلِكَ ٱلْفَوْزُ ٱلْكَبِيرُ ﴿١١﴾

(11) തീർച്ചയായും (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ; അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്; തീർച്ച. അതത്രെ വലിയ വിജയം.

തഫ്സീർ

(10) അല്ലാഹുവിൽ മാത്രം വിശ്വസിക്കുക എന്നതിൽ നിന്ന് വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും പിന്തിരിപ്പിക്കുന്നതിനായി അവരെ കടുത്ത പീഢനങ്ങൾക്ക് വിധേയരാക്കുകയും, പിന്നീട് തങ്ങളുടെ തിന്മകളിൽ നിന്ന് അല്ലാഹുവിലേക്ക് പശ്ചാത്താപിച്ച് മടങ്ങാതിരിക്കുകയും ചെയ്തവർക്ക് അന്ത്യനാളിൽ നരകശിക്ഷയുണ്ട്; തീർച്ച. അവരെ ചുട്ടുകരിക്കുന്ന നരകാഗ്നി കൊണ്ടുള്ള ശിക്ഷ അവർക്കുണ്ട്; (അല്ലാഹുവിൽ) വിശ്വസിച്ചവരെ അഗ്നിക്കിരയാക്കിയതിനുള്ള പ്രതിഫലമാണത്.

(11) തീർച്ചയായും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് സ്വർഗത്തോപ്പുകളുണ്ട്. അതിലെ കൊട്ടാരങ്ങളുടെയും വൃക്ഷങ്ങളുടെയും താഴ്ഭാഗത്തു

കൂടെ അരുവികൾ ഒഴുകുന്നുണ്ടായിരിക്കും. അവർക്കായി അല്ലാഹു ഒരുക്കി വെച്ച ഈ പ്രതിഫലമാണ് മഹത്തരമായ വിജയം. മറ്റൊരു വിജയവും അതിനോട് അടുത്ത് പോലുമെത്തുകയില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 10)** അല്ലാഹുവിനോട് -ശരിയായ രൂപത്തിൽ- ആത്മാർത്ഥമായി ഖേദിച്ചു മടങ്ങിയാൽ മുൻപുള്ള എല്ലാ തിന്മകളും അതിലൂടെ പൊറുക്കപ്പെടുന്നതാണ്.

» **(ആയത്ത്: 10)** വിശ്വാസികളെ കഠിനമായ ഉപദ്രവങ്ങളേൽപ്പിച്ചവർക്ക് ശിക്ഷ താക്കീത് ചെയ്യുന്നതിനോടൊപ്പം അല്ലാഹു അവരെ നന്മയിലേക്ക് ക്ഷണിക്കുക കൂടി ചെയ്യുന്നു. ('വിശ്വസിച്ച പുരുഷന്മാരെയും സ്ത്രീകളെയും മർദ്ദിക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും' എന്നു പറഞ്ഞതിൽ അവരെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കുന്നതിന്റെ സൂചനയുണ്ട്.

ഹസനുൽ ബസ്വരി -ﷺ- പറഞ്ഞതു പോലെ: അല്ലാഹുവിന്റെ ഔദാര്യവും അങ്ങേയറ്റത്തെ മാന്യതയും നിങ്ങൾ നോക്കൂ! അവർ അവന്റെ ഇഷ്ടദാസന്മാരെ കൊലപ്പെടുത്തിയിരിക്കുന്നു. അവനാകട്ടെ, അവരെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു! (സഅ്ദി: 918)

ആയത്തുകൾ 12-16

(12) തീർച്ചയായും നിന്റെ റബ്ബിന്റെ പിടുത്തം (ശിക്ഷ) കഠിനം തന്നെയാകുന്നു.	إِنَّ بَطْشَ رَبِّكَ لَشَدِيدٌ ﴿١٢﴾
(13) തീർച്ചയായും അവൻ തന്നെയാണ് ആരംഭിക്കുന്നതും ആവർത്തിക്കുന്നതും.	إِنَّهُۥ هُوَ يُبْدِئُ وَيُعِيدُ ﴿١٣﴾
(14) അവൻ ഏറെ പൊറുത്തു നൽകുന്നവനും (ഗഫൂർ), ഏറെ സ്നേഹമുള്ളവനും (വദൂദ്) ആകുന്നു.	وَهُوَ ٱلْغَفُورُ ٱلْوَدُودُ ﴿١٤﴾

ذُو الْعَرْشِ الْمَجِيدُ ﴿١٥﴾

(15) മഹത്തരമായ സിംഹാസനത്തിന്റെ ഉടമയും (ആകുന്നു അവൻ).

فَعَّالٌ لِّمَا يُرِيدُ ﴿١٦﴾

(16) താൻ ഉദ്ദേശിക്കുന്നതെന്തോ അത് തികച്ചും പ്രവർത്തികമാക്കുന്നവനുമാണ് (അല്ലാഹു).

തഫ്സീർ

(12) അല്ലാഹുവിന്റെ റസൂലേ! നിന്റെ രക്ഷിതാവ് അക്രമികളെ പിടികൂടുന്നത് വളരെ ശക്തമായിട്ടായിരിക്കും. ചിലപ്പോൾ കുറച്ച് കാലം അവർക്കവൻ അവധി നൽകിയാൽ പോലും, അവന്റെ ശിക്ഷ കഠിനം തന്നെയായിരിക്കും.

(13) തീർച്ചയായും അല്ലാഹുവാണ് സൃഷ്ടിപ്പും ശിക്ഷയും ആരംഭിക്കുന്നതും, അവ ആവർത്തിക്കുന്നതും.

(14) തന്റെ ദാസന്മാരിൽ നിന്ന് ഖേദത്തോടെ പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ തിന്മകൾ ധാരാളമായി പൊറുത്തു കൊടുക്കുന്നവനും (ഗഫൂർ), സൂക്ഷ്മത പുലർത്തി ജീവിക്കുന്ന തന്റെ ഇഷ്ടദാസന്മാരെ (ഔലിയാക്കളെ) വളരെയധികം സ്നേഹിക്കുന്നവനുമാകുന്നു അല്ലാഹു.

(15) മഹത്തരമായ സിംഹാസനത്തിന്റെ ഉടമയും; അവന്റെ സിംഹാസനം ശ്രേഷ്ഠതയിലും ആദരവിലും അതിന്റെ അങ്ങേയറ്റമെത്തിയിരിക്കുന്നു.

(16) താൻ ഉദ്ദേശിക്കുന്നത് തികച്ചും പ്രവർത്തിക്കുന്നവനത്രെ അവൻ. അവൻ ഉദ്ദേശിക്കുന്ന ഒരു കാര്യവും അവന് അസാധ്യമായില്ല. അതിനാൽ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുകയും, ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നു. അവന്റെ മേൽ നിർബന്ധം ചെലുത്താൻ കഴിയുന്നവരായി ആരുമില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 14)** അല്ലാഹു ഏറെ പൊറുക്കുന്നവനാണ് എന്നറിയിക്കുന്ന 'ഗഫൂർ' എന്ന നാമവും, അല്ലാഹു ഏറെ സ്നേഹിക്കു

ന്നവനാണ് എന്നറിയിക്കുന്ന 'വദൂദ്' എന്ന നാമവും ഒരുമിച്ചു പറഞ്ഞതിൽ മനോഹരമായ ഒരു സൂചനയുണ്ട്.

തെറ്റുകൾ ചെയ്തവർ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങിയാൽ അവൻ അവരുടെ തെറ്റുകൾ പൊറുത്തു കൊടുക്കുന്നതോടൊപ്പം അവരെ സ്നേഹിക്കുക കൂടി ചെയ്യുമെന്ന് അതിൽ നിന്ന് മനസ്സിലാക്കാം. തെറ്റുകൾ ചെയ്തവർക്ക് അല്ലാഹു പൊറുത്തു നൽകിയാൽ പോലും, അവരെ പിന്നീടൊരിക്കലും അവൻ സ്നേഹിക്കുകയില്ല എന്ന ചിലരുടെ വാദത്തിനുള്ള മറുപടി കൂടി അതിലുണ്ട്. (സഅ്ദി: 918)

» **(ആയത്ത്: 14)** 'വദൂദ്' എന്ന നാമം അല്ലാഹുവിന് അവന്റെ അടിമകളോടുള്ള സ്നേഹത്തെ കുറിച്ച് അറിയിക്കുന്നത് പോലെ, അല്ലാഹുവിനോടുള്ള അവന്റെ അടിമകളുടെ സ്നേഹത്തെയും അറിയിക്കുന്നു. അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്ക് അവനോടുള്ള സ്നേഹം മറ്റൊരു സ്നേഹത്തിനും സമാനമോ സദൃശ്യമോ ആയതല്ല. ആരാധനയുടെ അടിത്തറ സ്നേഹമാകുന്നത് അതു കൊണ്ടാണ്. അല്ലാഹുവിനോടുള്ള ഒരടിമയുടെ സ്നേഹം മറ്റെല്ലാ ഇഷ്ടങ്ങളെയും കവച്ചു വെക്കുന്നതാണ്. (സഅ്ദി: 918)

» **(ആയത്ത്: 15)** അല്ലാഹുവിന്റെ സിംഹാസനത്തെ 'മജീദ്' (മഹത്തരം) എന്നാണ് അവൻ വിശേഷിപ്പിച്ചത്. ആകാശങ്ങളെയും ഭൂമിയെയും അല്ലാഹുവിന്റെ പാദപീഠത്തെയും വലയം ചെയ്തിരിക്കുന്നു അവന്റെ സിംഹാസനം. വിശാലമായ ഒരു വിജനപ്രദേശത്ത് കിടക്കുന്ന ഒരു കൈവളയത്തിന്റെ വലുപ്പം മാത്രമേ അല്ലാഹുവിന്റെ സിംഹാസനത്തെ അപേക്ഷിച്ച് അവക്കെല്ലാമുള്ളൂ. (സഅ്ദി: 918)

» **(ആയത്ത്: 16)** ഉദ്ദേശിക്കുന്നതെല്ലാം അല്ലാഹു പ്രവർത്തിക്കുന്നതാണ്; (കാരണം അങ്ങേയറ്റം യുക്തമായതല്ലാതെ അവൻ ഉദ്ദേശിക്കുകയില്ല). എന്തെങ്കിലുമൊരു കാര്യം അവൻ ഉദ്ദേശിച്ചാൽ 'ഉണ്ടാകൂ' എന്ന് പറയേണ്ട താമസമേയുള്ളൂ; അത് ഉണ്ടാകുന്നതാണ്. ഇപ്രകാരം ഉദ്ദേശിക്കുന്നതെല്ലാം ചെയ്യാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല.

സൃഷ്ടികളിൽ ആരാകട്ടെ, അവർ ഒരു കാര്യം ചെയ്യാൻ ഉദ്ദേശി

ച്ചാൽ അത് യാഥാർത്ഥ്യമാക്കാൻ അവർക്ക് സഹായകമായി വർത്തിക്കേണ്ട ചില കാര്യങ്ങളും, അവരുടെ ഉദ്ദേശ്യം നടപ്പിലാക്കുന്നതിൽ നിന്ന് തടസ്സം സൃഷ്ടിക്കുന്ന ചിലതും അവർക്ക് മുൻപിലുണ്ടായിരിക്കും. എന്നാൽ അല്ലാഹുവിന്റെ ഉദ്ദേശ്യം നടപ്പിലാക്കാൻ ഒരു സഹായിയും അവന് വേണ്ടതില്ല. അവന്റെ ഉദ്ദേശ്യത്തെ തടുക്കാനോ പ്രതിരോധിക്കാനോ ഒരാളുമില്ല താനും. (സഅ്ദി: 918)

ആയത്തുകൾ 17-22

هَلۡ أَتَىٰكَ حَدِيثُ ٱلۡجُنُودِ ﴿١٧﴾ فِرۡعَوۡنَ وَثَمُودَ ﴿١٨﴾

(17-18) (നബിയേ!) ആ സൈന്യങ്ങളുടെ വർത്തമാനം താങ്കൾക്ക് വന്നെത്തിയോ? അഥവാ ഫിർഔനിന്റെയും ഥമൂദിന്റെയും (വർത്തമാനം).

بَلِ ٱلَّذِينَ كَفَرُواْ فِي تَكۡذِيبٖ ﴿١٩﴾

(19) അല്ല! (ഇസ്‌ലാമിനെ) നിഷേധിച്ചവർ (സത്യത്തെ) കളവാക്കുന്നതിലാണ് ഏർപ്പെട്ടിട്ടുള്ളത്.

وَٱللَّهُ مِن وَرَآئِهِم مُّحِيطُۢ ﴿٢٠﴾

(20) അല്ലാഹു അവരുടെ പിന്നിലൂടെ (അവരെ) വലയം ചെയ്തുകൊണ്ടിരിക്കുന്നവനാകുന്നു.

بَلۡ هُوَ قُرۡءَانٞ مَّجِيدٞ ﴿٢١﴾ فِي لَوۡحٖ مَّحۡفُوظِۭ ﴿٢٢﴾

(21-22) അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. 'ലൗഹുൽ മഹ്ഫൂദ്വി'ൽ ആണ് അതുള്ളത്.

തഫ്സീർ

(17) അല്ലാഹുവിന്റെ റസൂലേ! സത്യത്തോട് പോരടിക്കുന്നതിനും, അതിൽ നിന്ന് ജനങ്ങളെ അകറ്റുന്നതിനുമായി സജ്ജരായ ആ സൈന്യത്തിന്റെ വാർത്ത താങ്കൾക്ക് വന്നെത്തിയോ?

(18) ഫിർഔനിന്റെയും, സ്വാലിഹ് നബിയുടെ സമൂഹമായ ഥമൂദിന്റെയും വൃത്താന്തം.

(19) മുൻകഴിഞ്ഞ നിഷേധികളായ സമൂഹങ്ങളെ കുറിച്ചോ, അവർക്ക് സംഭവിച്ച നാശത്തെ കുറിച്ചോ ഉള്ള വൃത്താന്തങ്ങൾ അറിയില്ലെന്നത് കൊണ്ടല്ല (അല്ലാഹുവിലും അവന്റെ ദൂതനിലും) അവർ വിശ്വസിക്കാതിരിക്കുന്നത്. മറിച്ച്, അവർ അതിൽ നിന്നൊന്നും ഗുണപാഠം ഉൾക്കൊള്ളാൻ തയ്യാറായില്ല.

തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ദൂതൻ കൊണ്ടു വന്നതിനെ നിഷേധിക്കാൻ തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റുക എന്നതല്ലാത്ത മറ്റൊരു കാരണവും അവർക്കില്ല. അവർക്ക് മുൻപുള്ള നിഷേധികളുടെ അതേ മാർഗം തന്നെയാണ് ഇവരും പിന്തുടർന്നു കൊണ്ടിരിക്കുന്നത്.

(20) അല്ലാഹു അവരുടെ പ്രവർത്തനങ്ങളെ വലയം ചെയ്യുകയും, അവ തിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെയോ, അവരുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലുമൊന്നോ അല്ലാഹു അറിയാതെ പോവുകയില്ല.

(21) (അല്ലാഹുവിനെയും അവന്റെ സംസാരമായ ഖുർആനിനെയും) നിഷേധിച്ചവർ പറയുന്നത് പോലെ ഇത് ഒരു കവിതയോ ഗദ്യകാവ്യമോ അല്ല. മറിച്ച്, മാന്യമായ ഖുർആനാകുന്നു ഇത്.

(22) മാറ്റത്തിരുത്തലുകളിൽ നിന്നും, ഏറ്റക്കുറച്ചിലുകളിൽ നിന്നും സുരക്ഷിതമായ ഒരു ഫലകത്തിലാണ് -ലൗഹുൽ മഹ്ഫൂദ്വിലാണ്- അതുള്ളത്.

സൂറ. ത്വാരിഖ്

سُورَةُ الطَّارِقِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 17.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ത്വാരിഖ് (الطَّارِقُ): രാത്രിയിൽ പ്രത്യക്ഷപ്പെടുന്ന നക്ഷത്രം എന്ന അർത്ഥമുള്ള ത്വാരിഖ് എന്ന പദം ആദ്യത്തെ ആയത്തിൽ വന്നിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ത്വാരിഖ്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* ഓരോ മനുഷ്യനെയും സംരക്ഷിക്കുകയും അവന്റെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്ന മലക്കുകളുണ്ടെന്ന കാര്യം സ്ഥാപിക്കുന്നു.

* ബഹുദൈവാരാധകർ പുനരുത്ഥാനം അസംഭവ്യമാണെന്ന് പറയുന്നതിനുള്ള ഖണ്ഡനവും, മനുഷ്യരുടെ മരണശേഷം അവരെ തിരിച്ചു കൊണ്ടുവരാൻ അല്ലാഹു ശക്തിയുള്ളവനാണെന്നതിനുള്ള തെളിവുകൾ ഓർമ്മപ്പെടുത്തലും. അല്ലാഹുവിന്റെ സൃഷ്ടിപ്പിലെ സൂക്ഷ്മതയും യുക്തിയും ഇതോടൊപ്പം വിവരിക്കുകയും ചെയ്യുന്നു.

* ഖുർആനിന്റെ മഹത്വം ഓർമ്മപ്പെടുത്തുന്നു. വിശുദ്ധ ഖുർആനിലൂടെ അറിയിക്കപ്പെട്ട പുനരുത്ഥാനം യാഥാർത്ഥ്യമാണെന്ന സൂചനയും അതിലുണ്ട്.

* അല്ലാഹുവിൽ വിശ്വസിച്ച മുസ്ലിമീങ്ങളോട് ശത്രുത പുലർത്തുന്ന ബഹുദൈവാരാധകരെ ഭയപ്പെടുത്തുകയും, നബി-ﷺ-ക്ക് സ്ഥൈര്യം നൽകുകയും, അല്ലാഹു അവിടുത്തെ സമീപഭാവിയിൽ തന്നെ സഹായിക്കുന്നതാണെന്ന വാഗ്ദാനവും.

ആയത്തുകൾ 1-8

وَٱلسَّمَآءِ وَٱلطَّارِقِ ۝١	(1) ആകാശവും, 'ത്വാരിഖും' തന്നെ സത്യം.
وَمَآ أَدۡرَىٰكَ مَا ٱلطَّارِقُ ۝٢	(2) 'ത്വാരിഖ്' എന്നാൽ എന്താണെന്ന് നിനക്കറിയുമോ?
ٱلنَّجۡمُ ٱلثَّاقِبُ ۝٣	(3) തുളച്ച് കയറുന്ന നക്ഷത്രമത്രെ അത്.
إِن كُلُّ نَفۡسٖ لَّمَّا عَلَيۡهَا حَافِظٞ ۝٤	(4) തന്റെ കാര്യത്തിൽ ഒരു മേൽനോട്ടക്കാരൻ ഉണ്ടായിക്കൊണ്ടല്ലാതെ യാതൊരാളുമില്ല.
فَلۡيَنظُرِ ٱلۡإِنسَٰنُ مِمَّ خُلِقَ ۝٥	(5) എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്.
خُلِقَ مِن مَّآءٖ دَافِقٖ ۝٦	(6) തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.
يَخۡرُجُ مِنۢ بَيۡنِ ٱلصُّلۡبِ وَٱلتَّرَآئِبِ ۝٧	(7) മുതുകെല്ലിനും, വാരിയെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറത്തു വരുന്നു.
إِنَّهُۥ عَلَىٰ رَجۡعِهِۦ لَقَادِرٞ ۝٨	(8) അവനെ തിരിച്ചുകൊണ്ടു വരാൻ തീർച്ചയായും അല്ലാഹു കഴിവുള്ളവനാകുന്നു.

തഫ്സീർ

(1) ആകാശത്തെ കൊണ്ടും, രാത്രിയിൽ പ്രത്യക്ഷപ്പെടുന്ന 'ത്വാരിഖ്' എന്ന നക്ഷത്രത്തെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(2) അല്ലാഹുവിന്റെ റസൂലേ! 'ത്വാരിഖ്' എന്ന ഈ വലിയ നക്ഷത്രത്തെ കുറിച്ച് -അതിന്റെ പ്രാധാന്യത്തെ കുറിച്ച്- താങ്കൾക്കറിയുമോ? (3) പ്രഭാപൂരിതമായ പ്രകാശം കൊണ്ട് ആകാശത്തിൽ തുളച്ചു കയറുന്ന നക്ഷത്രമത്രെ അത്.

(4) അന്ത്യനാളിൽ വിചാരണ ചെയ്യപ്പെടുന്നതിനായി പ്രവർത്തനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ അല്ലാഹു ഒരു മലക്കിനെ നിശ്ചയിച്ചിട്ടല്ലാതെ ഒരാളുമില്ല.

(5) പുനരുത്ഥാനത്തെ നിഷേധിക്കുന്ന ഏതൊരു മനുഷ്യനും എന്തിൽ നിന്നാണ് അല്ലാഹു തന്നെ സൃഷ്ടിച്ചതെന്ന് ചിന്തിച്ചു നോക്കട്ടെ; അല്ലാഹുവിന്റെ അപാരമായ ശക്തിയും മനുഷ്യന്റെ ദുർബലതയും അവന് അതിൽ നിന്ന് ബോധ്യപ്പെടും. അവനെ ആദ്യം സൃഷ്ടിച്ചതിനേക്കാൾ ഒട്ടുമേ പ്രയാസകരമല്ല ഒരിക്കൽ കൂടി അവനെ തിരിച്ചു കൊണ്ടുവരിക എന്നത് അവന് വ്യക്തമാവുകയും ചെയ്യും.

(6) ഗർഭപാത്രത്തിൽ നിക്ഷേപിക്കപ്പെടുന്ന, തെറിച്ചു വീഴുന്ന ഒരു ദ്രാവകമായ ബീജകണത്തിൽ നിന്നത്രെ അല്ലാഹു അവനെ സൃഷ്ടിച്ചത്.

(7) പുരുഷന്റെ നട്ടെല്ലുകൾക്കും, സ്ത്രീയുടെ നെഞ്ചിലെ എല്ലുകൾക്കും ഇടയിൽ നിന്നാണ് ഈ ദ്രാവകം പുറത്തു വരുന്നത്.

(8) നിസ്സാരമായ ദ്രാവകത്തുള്ളികളിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചവനാണ് അല്ലാഹു എന്നിരിക്കെ, മരണശേഷം മനുഷ്യന്റെ പ്രവർത്തനങ്ങൾ വിചാരണ ചെയ്യുന്നതിനും അവക്ക് പ്രതിഫലം നൽകുന്നതിനുമായി അവനെ പുനർജീവിപ്പിക്കാൻ തീർച്ചയായും അല്ലാഹു കഴിവുള്ളവൻ തന്നെയാണ്.

5 -ാം ആയത്തിന്റെ അവതരണപശ്ചാത്തലം:

ഈ ആയത്തിന്റെ അവതരണപശ്ചാത്തലമായി പറയപ്പെട്ട സംഭവത്തിൽ ചെറിയ ദുർബലതയുണ്ട് എന്ന കാര്യം ശ്രദ്ധിക്കുക.

عَنْ عِكْرِمَةَ فِي قَوْلِهِ: فَلْيَنظُرِ ٱلْإِنسَـٰنُ مِمَّ خُلِقَ ۝٥ ؛ قَالَ: نَزَلَتْ فِي أَبِي الأَشَدَّيْنِ، كَانَ يَقُومُ عَلَى الأَدِيمِ فَيَقُولُ: يَا مَعْشَرَ قُرَيْشٍ! مَنْ أَزَالَنِي عَنْهُ؛ فَلَهُ كَذَا وَكَذَا، وَيَقُولُ: إِنَّ مُحَمَّدًا يَزْعُمُ أَنَّ خَزَنَةَ جَهَنَّمَ تِسْعَةَ عَشَرَ؛ فَأَنَا أَكْفِيكُمْ وَحْدِي عَشَرَةً، وَاكْفُونِي أَنْتُمْ تِسْعَةً.

ഇക്രിമ നിവേദനം: 'എന്നാൽ താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ' എ ന്ന വചനം അബുൽ അശദ്ദയ്നി എന്ന വ്യക്തിയുടെ കാര്യത്തിലാണ് അവതരിച്ചത്. മണ്ണിന് മുകളിൽ നിലയുറപ്പിച്ച ശേഷം അയാൾ പറയാറുണ്ടായിരുന്നു: ഹേ ഖുറൈശീ സമൂഹമേ! എന്നെ ഈ സ്ഥാനത്ത് നിന്ന് നീക്കാൻ ആർക്കെങ്കിലും സാധിക്കുമെങ്കിൽ അവന് ഇത്രയിത്ര പ്രതിഫലം ഞാൻ നൽകാം!

അവൻ പറയുമായിരുന്നു: "മുഹമ്മദ് പറയുന്നത് നരകത്തിന് പത്തൊൻപത് കാവൽക്കാരുണ്ട് എന്നാണ്. അതിൽ പത്തു പേരെ ഞാൻ ഒറ്റക്ക് കൈകാര്യം ചെയ്തോളാം. ബാക്കിയുള്ള ഒൻപത് പേരെ നിങ്ങൾ നോക്കിയാൽ മതി." [1]

അഹങ്കാരത്തോടെ ഇത്തരം പരിഹാസങ്ങളെയ്യുന്ന ഏതൊരു മനുഷ്യനും അനുയോജ്യമായ മറുപടിയാണ് അല്ലാഹു ഈ അദ്ധ്യായത്തിൽ നൽകിയിട്ടുള്ളത്. മനുഷ്യൻ അവന്റെ സൃഷ്ടിപ്പിന്റെ ആരംഭത്തെ കുറിച്ചാലോചിച്ചാൽ, എത്ര ദുർബലവും നിസ്സാരവുമായ വസ്തുവിൽ നിന്നാണ് അവന്റെ സൃഷ്ടിപ്പ് ആരംഭിച്ചിട്ടുള്ളത് എന്ന് അവന് ബോധ്യപ്പെടും. അവന്റെ അഹങ്കാരത്തെയും അഹംഭാവത്തെയും നശിപ്പിക്കാവുന്ന എല്ലാ ഓർമ്മപ്പെടുത്തലുകളും അവനിൽ തന്നെയുണ്ട്!

ആയത്തുകൾ 9-17

(9) രഹസ്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കപ്പെടുന്ന ദിവസം.	يَوۡمَ تُبۡلَى ٱلسَّرَآئِرُ ﴿٩﴾
(10) അപ്പോൾ അവന് (മനുഷ്യന്) യാതൊരു ശക്തിയോ, സഹായിയോ ഉണ്ടായിരിക്കുകയില്ല.	فَمَا لَهُۥ مِن قُوَّةٖ وَلَا نَاصِرٖ ﴿١٠﴾
(11) ആവർത്തിച്ചു മഴ പെയ്യുന്ന ആകാശം തന്നെയാണ് സത്യം.	وَٱلسَّمَآءِ ذَاتِ ٱلرَّجۡعِ ﴿١١﴾

1 ലുബാബുന്നുഖൂൽ / സുയൂത്വി: 228, ദുർറുൽ മൻഥൂർ: 8/474-475, ഹദീഥ് ഇക്രിമഃ എന്ന താബിഇയുടെ വാക്കായതിനാൽ 'മുർസൽ' എന്ന ഗണത്തിലാണ് പെടുക.

وَٱلۡأَرۡضِ ذَاتِ ٱلصَّدۡعِ ١٢

(12) സസ്യലതാദികൾ മുളപ്പിക്കുന്ന ഭൂമിയെക്കൊണ്ടും സത്യം.

إِنَّهُۥ لَقَوۡلٞ فَصۡلٞ ١٣

(13) തീർച്ചയായും ഇത് നിർണായകമായ ഒരു വാക്കാകുന്നു.

وَمَا هُوَ بِٱلۡهَزۡلِ ١٤

(14) ഇതൊരു തമാശയേ അല്ല.

إِنَّهُمۡ يَكِيدُونَ كَيۡدٗا ١٥
وَأَكِيدُ كَيۡدٗا ١٦

(15-16) തീർച്ചയായും അവർ (ധാരാളം) തന്ത്രം പ്രയോഗിച്ചു കൊണ്ടിരിക്കും. ഞാനും (വലിയ) തന്ത്രം പ്രയോഗിക്കും.

فَمَهِّلِ ٱلۡكَٰفِرِينَ
أَمۡهِلۡهُمۡ رُوَيۡدَۢا ١٧

(17) ആകയാൽ (നബിയേ,) താങ്കൾ (അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരലോകത്തെയും) നിഷേധിച്ചവർക്ക് കാലതാമസം നൽകുക. അൽപസമയത്തേക്ക് അവർക്ക് അവധി നൽകിയേക്കുക.

തഫ്സീർ

(9) (രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം; ഹൃദയങ്ങളിൽ ഒളിപ്പിച്ചു വെച്ച ഉദ്ദേശങ്ങളും വിശ്വാസങ്ങളും അന്ന് മറനീക്കി പുറത്തു കൊണ്ടു വരപ്പെടും. അങ്ങനെ അതിലെ നല്ലതും ചീത്തയും വേർതിരിയുകയും ചെയ്യും.

(10) അന്നേ ദിവസം അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് തടുത്തു നിർത്തുന്ന ഒരു ശക്തിയോ, സഹായിക്കുന്ന ഒരു സഹായിയോ മനുഷ്യന് ഉണ്ടായിരിക്കുകയില്ല.

(11) മഴയുള്ള ആകാശത്തെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. മഴ ആകാശത്തിന്റെ ദിശയിൽ നിന്ന് ആവർത്തിച്ചു പെയ്യുന്നത് കൊണ്ടാണ് (മഴയുള്ള ആകാശമെന്ന് പറഞ്ഞത്).

(12) ചെടികളും ഫലങ്ങളും വൃക്ഷങ്ങളും മുളക്കുന്നതിനായി പിളർന്നു മാറുന്ന ഭൂമിയെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. **ശ്രദ്ധിക്കുക:** അല്ലാഹുവല്ലാത്തവരെ കൊണ്ട് ശപഥം ചെയ്യാൻ സൃഷ്ടികൾക്ക് അനുവാദമില്ല. അങ്ങനെ ചെയ്യുന്നത് ശിർക്കിൽ ഉൾപ്പെടുന്ന കാര്യമാണ്.

(13) മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ഖുർആൻ ശരിയെയും തെറ്റിനെയും, സത്യത്തെയും അസത്യത്തെയും വേർതിരിക്കുന്ന ഖണ്ഡിതമായ വാക്ക് തന്നെയാകുന്നു.

(14) ഇത് തമാശയോ അർത്ഥമില്ലാത്ത സംസാരമോ അല്ല. മറിച്ച് പ്രാധാന്യമേറിയതും, സത്യവുമായ സംസാരമത്രെ.

(15) റസൂൽ -ﷺ- തങ്ങൾക്ക് കൊണ്ടു വന്നതിനെ നിഷേധിക്കുന്നവർ അദ്ദേഹത്തിന്റെ പ്രബോധനത്തെ എതിർക്കുന്നതിനും തകർക്കുന്നതിനുമായി ധാരാളം തന്ത്രങ്ങൾ മെനയുക തന്നെ ചെയ്യും. ഇത്തരം കുതന്ത്രങ്ങളിലൂടെ സത്യത്തെ തകർക്കാൻ കഴിയുമെന്നും, അസത്യത്തിന് ബലം നൽകാൻ കഴിയുമെന്നുമാണ് അവർ ധരിച്ചു വെച്ചിരിക്കുന്നത്.

(16) എന്നാൽ, ഇസ്‌ലാമിന്റെ വിജയത്തിനും അസത്യത്തെ തകർക്കുന്നതിനുമായി ഞാനും തന്ത്രം പ്രയോഗിക്കും; നിഷേധികൾക്ക് അത് അനിഷ്ടകരമായിരുന്നാലും ശരി.

(17) അല്ലാഹുവിന്റെ റസൂലേ! (അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരലോകത്തെയും) നിഷേധിച്ച ഇക്കൂട്ടരുടെ കാര്യത്തിൽ താങ്കൾ ധൃതി കൂട്ടേണ്ടതില്ല. അവർക്ക് ശിക്ഷ ഉടനടി വന്നുഭവിക്കാൻ താങ്കൾ ഉദ്ദേശിക്കേണ്ടതുമില്ല.

മറിച്ച്, താങ്കൾ അവർക്ക് ചെറിയൊരു അവധി നൽകുക. അവർക്ക് മേൽ വന്നുഭവിക്കാനിരിക്കുന്ന ശിക്ഷകളും നാശങ്ങളും താങ്കൾ വഴിയെ കാണുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 4)** മനുഷ്യരെയും അവരുടെ നന്മകളും തിന്മകളുമാകുന്ന പ്രവർത്തനങ്ങളെയും മലക്കുകൾ സംരക്ഷിക്കുന്നുണ്ടെന്നും, അവയുടെ അടിസ്ഥാനത്തിൽ മനുഷ്യർ വിചാരണ ചെയ്യപ്പെടുമെന്നതും.

» **(ആയത്ത്: 9)** ഹൃദയങ്ങളിലുള്ളത് പരലോകത്ത് വെളിപ്പെടും. ഹൃദയത്തിലുള്ള നന്മകളുടെയും തിന്മകളുടെയും അടയാളങ്ങൾ അന്ന് മനുഷ്യരുടെ മുഖങ്ങളിൽ പ്രത്യക്ഷപ്പെടുന്നതാണ്. "ചില മുഖങ്ങൾ അന്നേ ദിവസം വെളുക്കുകയും, ചില മുഖങ്ങൾ അന്നേ ദിവസം കറുക്കുകയും ചെയ്യുന്നതാണ്." എന്ന് അല്ലാഹു ഖുർആനിൽ അറിയിച്ചിട്ടുമുണ്ട്.

ഇഹലോകത്തുള്ള സ്ഥിതി ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഇവിടെ കാര്യങ്ങളിൽ പലതും രഹസ്യമായി തുടരും. അവ ജനങ്ങൾക്ക് കാണാൻ കഴിയാതെ മറഞ്ഞിരിക്കുകയും ചെയ്യും. എന്നാൽ അന്ത്യനാളിൽ സച്ചരിതരുടെ നന്മയും, ദുഷ്കർമ്മികളുടെ തിന്മകളും പ്രകടമാവുകയും, കാര്യങ്ങളെല്ലാം പരസ്യമാവുകയും ചെയ്യും. (സഅ്ദി: 919)

» **(ആയത്ത്: 13-14)** വിശുദ്ധ ഖുർആൻ സത്യവും അസത്യവും വേർതിരിക്കുന്ന സുവ്യക്തമായ സംസാരമാണ്. അതൊരിക്കലും ഗൗരവമേതുമില്ലാത്ത തമാശയല്ല. മറിച്ച്, വിശുദ്ധ ഖുർആൻ വ്യത്യസ്ത കക്ഷികളെയും വാദമുഖങ്ങളെയും സത്യത്തിന്റെയും അസത്യത്തിന്റെയും വക്താക്കളായി വേർതിരിക്കുകയും, ജനങ്ങൾക്കിടയിലെ തർക്കങ്ങളിൽ സത്യവിധി പ്രഖ്യാപിക്കുകയും ചെയ്യുന്നു. (സഅ്ദി: 919)

» **(ആയത്ത്: 15-16)** അല്ലാഹുവിന്റെ തന്ത്രത്തിന് മുൻപിൽ (ഇസ്ലാമിനെ) നിഷേധിച്ചവരുടെ തന്ത്രങ്ങൾ തീർത്തും ദുർബലമാണ്. സർവ്വശക്തനും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ തന്ത്രത്തെ പരാജയപ്പെടുത്താൻ അതീവ ദുർബലനും നിസ്സാരവാനുമായ മനുഷ്യനെങ്ങനെ സാധിക്കാനാണ്?! (സഅ്ദി: 919)

സൂറത്തുൽ അഅ്ലാ

سُورَةُ الأَعْلَى

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 19.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- അഅ്ലാ (الأَعْلَى): അല്ലാഹുവിന്റെ പരിപൂർണ്ണമായ ഔന്നത്യം ബോധ്യപ്പെടുത്തുന്ന 'അഅ്ലാ' എന്ന നാമം ഈ അദ്ധ്യായത്തിലെ ആദ്യത്തെ ആയത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.

2- സബ്ബിഹ് (سَبِّحْ): 'നീ പ്രകീർത്തിക്കുക' എന്നാണ് സബ്ബിഹ് എന്ന പദത്തിന്റെ അർത്ഥം. സൂറത്ത് ആരംഭിക്കുന്നത് ഈ പദം കൊണ്ടാണ്. മുഫസ്സിറുകളിൽ ചിലർ സൂറത്തിന്റെ പേരുകളിലൊന്നായി ഇത് എണ്ണിയിട്ടുണ്ട്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنِ النُّعْمَانِ بْنِ بَشِيرٍ أَنَّ رَسُولَ اللَّـهِ -ﷺ- كَانَ يَقْرَأُ فِي الْعِيدَيْنِ وَيَوْمِ الْجُمُعَةِ: بِـ «**سَبِّحِ اسْمَ رَبِّكَ الْأَعْلَى**»، وَ«**هَلْ أَتَاكَ حَدِيثُ الْغَاشِيَةِ**»

നുഅ്മാനു ബ്നു ബശീർ -رَضِيَ اللَّهُ عَنْهُ- നിവേദനം: "നബി -ﷺ- രണ്ട് പെരുന്നാൾ നിസ്കാരങ്ങളിലും, ജുമുഅഃ നിസ്കാരങ്ങളിലും സൂറ. അഅ്ലായും, സൂറ. ഗാശിയയും പാരായണം ചെയ്യാറുണ്ടായിരുന്നു." (അബൂ ദാവൂദ്: 1122, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണ പശ്ചാത്തലം:

സൂറത്തുൽ അഅ്ലായുടെ അവതരണകാരണം എന്നു പറയാവുന്ന ഹദീഥ് അല്ലെങ്കിലും, ഈ അദ്ധ്യായത്തിന്റെ അവതരണ പശ്ചാത്തലം വിവരിക്കുന്ന ഹദീഥ് സ്ഥിരപ്പെട്ടിട്ടുണ്ട്.

عَنِ البَرَاءِ بْنِ عَازِبٍ رَضِيَ اللَّـهُ عَنْهُمَا؛ قَالَ: كَانَ أَوَّلُ مَنْ قَدِمَ عَلَيْنَا مِنْ أَصْحَابِ رَسُولِ اللَّـهِ -ﷺ- مُصْعَبَ بْنَ عُمَيْرٍ وَابْنَ أُمِّ مَكْتُومٍ، ثُمَّ قَدِمَ عَلَيْنَا عَمَّارٌ وَسَعْدٌ وَبِلَالٌ، ثُمَّ قَدِمَ عُثْمَانُ فِي عِشْرِينَ، ثُمَّ قَدِمَ رَسُولُ اللَّـهِ -ﷺ-، فَمَا رَأَيْنَا أَهْلَ المَدِينَةِ فَرِحُوا بِشَيْءٍ؛ فَرَحَهُمْ بِرَسُولِ اللَّـهِ -ﷺ-، فَمَا قَدِمَ حَتَّى نَزَلَتْ: سَبِّحِ ٱسْمَ

رَبِّكَ ٱلْأَعْلَى ۝١ وَسُورَةٌ مِنَ المُفَصَّلِ.

ബറാഅ് ബ്നു ആസിബ് -ﷺ- നിവേദനം: നബി -ﷺ- യുടെ സ്വഹാബികളിൽ നിന്ന് ഞങ്ങൾ (മദീനക്കാരുടെ അടുക്കൽ) ആദ്യമായി വന്നത് മുസ്അബ് ബ്നു ഉമൈർ -ﷺ- വും, അബ്ദുല്ലാഹി ബ്നു ഉമ്മി മക്തൂം -ﷺ- വുമായിരുന്നു. പിന്നീട് അമ്മാറും സഅ്ദും ബിലാലും -ﷺ- വന്നെത്തി. ഇരുപതാമത്തെ ആളായി ഉഥ്മാൻ ബ്നു അഫ്ഫാൻ -ﷺ- (മറ്റു നിവേദനങ്ങളിൽ, ഉമർ ബ്നുൽ ഖത്താബ് -ﷺ- എന്നാണുള്ളത്) വന്നെത്തി.

പിന്നീടാണ് നബി -ﷺ- വരുന്നത്. നബി -ﷺ- വന്നെത്തിയ ദിവസം മദീനക്കാർ സന്തോഷിച്ചത് പോലെ മറ്റൊരു കാര്യത്തിലും അവർ സന്തോഷിച്ചത് ഞങ്ങൾ കണ്ടിട്ടില്ല. നബി -ﷺ- വന്നെത്തി ഏറെയാകും മുൻപേ സൂറത്തുൽ അഅ്ലായും, മുഫസ്സ്വലുകളിൽ പെട്ട മറ്റൊരു അദ്ധ്യായവും അവതരിച്ചു. [1]

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിന്റെ ഏകത്വത്തിലേക്കുള്ള സൂചന. പ്രപഞ്ചത്തെ സൃഷ്ടിച്ചതിലും സൃഷ്ടികളെ ക്രമീകരിച്ചതിലും അവക്ക് മാർഗദർശനം നൽകിയതിലും, മനുഷ്യരുടെ ജീവിതത്തിന് വേണ്ട കാര്യങ്ങൾ ഒരുക്കി വെച്ചതിലുമുള്ള മനോഹാരിത ഓർമ്മപ്പെടുത്തി കൊണ്ടാണ് ഈ സൂറത്തിൽ അക്കാര്യം വിവരിച്ചിട്ടുള്ളത്.

* അല്ലാഹുവിന്റെ സന്ദേശം (വഹ്‌യ്) സ്വീകരിക്കുന്നതിന് നബി -ﷺ- ക്ക് സ്ഥൈര്യവും പിന്തുണയും നൽകുന്നു ഈ അദ്ധ്യായം. അവിടുത്തെ ഹൃദയത്തിൽ അല്ലാഹു ഖുർആനിനെ സ്വരുക്കൂട്ടുന്നതാണെന്നും ഈ അദ്ധ്യായം അറിയിക്കുന്നു.

* വിശുദ്ധ ഖുർആനിന്റെ പ്രകാശം ഉപകാരപ്പെടുന്നതും അതിൽ നിന്ന് ഗുണപാഠം ഉൾക്കൊള്ളുന്നതും പരിശുദ്ധമായ മനസ്സിന്റെ ഉടമകൾ മാത്രമായിരിക്കുമെന്നും, ഇഹലോക ജീവിതത്തിന് പ്രാമുഖ്യം നൽകുന്ന തനിച്ച ദൗർഭാഗ്യവാന്മാരല്ലാതെ അതിൽ നിന്ന് തിരിഞ്ഞു കളയുകയില്ല എന്നും ഈ അദ്ധ്യായം ഓർമ്മപ്പെടുത്തുന്നു.

1 ബുഖാരി: 3924, തഫ്സീർ / നസാഇ: 686, ഇവിടെ നൽകിയിട്ടുള്ളത് നസാഇയുടെ നിവേദനമാണ്.

* മുൻകഴിഞ്ഞ ദൈവദൂതന്മാരുടെ ഗ്രന്ഥങ്ങളിൽ വന്നതിനോട് യോജിക്കുന്ന ആദർശവുമായാണ് നബി -ﷺ- യും വന്നിരിക്കുന്നതെന്ന് ഓർമ്മപ്പെടുത്തുകയും, അതിലൂടെ അല്ലാഹുവിന്റെ റസൂൽ -ﷺ- യെ അവഗണിക്കുന്ന ബഹുദൈവാരാധകരുടെ കാര്യത്തിൽ അവിടുത്തേക്ക് ആശ്വാസം പകരുകയും ചെയ്യുന്നു.

ആയത്തുകൾ 1-5

(1) അത്യുന്നതൻ (അൽ-അഅ്‌ലാ) ആയ നിന്റെ റബ്ബിന്റെ നാമം പ്രകീർത്തിക്കുക.	سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ﴿١﴾
(2) സൃഷ്ടിക്കുകയും, സംവിധാനിക്കുകയും ചെയ്തവനായ (നിന്റെ റബ്ബ്).	ٱلَّذِى خَلَقَ فَسَوَّىٰ ﴿٢﴾
(3) വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവനായ (നിങ്ങളുടെ റബ്ബ്).	وَٱلَّذِى قَدَّرَ فَهَدَىٰ ﴿٣﴾
(4) മേച്ചിൽ പുറങ്ങൾ ഉൽപാദിപ്പിച്ചവനായ (നിന്റെ റബ്ബ്).	وَٱلَّذِىٓ أَخْرَجَ ٱلْمَرْعَىٰ ﴿٤﴾
(5) എന്നിട്ട് അതിനെ അവൻ ഉണങ്ങിക്കരിഞ്ഞ ചവറാക്കിത്തീർത്തു.	فَجَعَلَهُۥ غُثَآءً أَحْوَىٰ ﴿٥﴾

തഫ്സീർ

(1) അല്ലാഹുവിന്റെ അത്യുത്തമമായ നാമം ഉച്ചരിച്ചു കൊണ്ട് അവനെ പരിശുദ്ധപ്പെടുത്തുക; എല്ലാ സൃഷ്ടികൾക്കും മുകളിൽ ഔന്നത്യമുള്ളവനാണ് അവൻ. പങ്കാളികൾ ഉണ്ടാവുക എന്നതിൽ നിന്നും, ന്യൂനതകളോ കുറവുകളോ ഉണ്ടാവുക എന്നതിൽ നിന്നും അല്ലാഹു പരമോന്നതനാണെന്ന കാര്യം സ്മരിച്ചു കൊണ്ടാണ് നീ അവനെ പരിശുദ്ധപ്പെടുത്തേണ്ടത്.

(2) മനുഷ്യനെ ശരിയായ നിലയിൽ സൃഷ്ടിക്കുകയും, അവന്റെ ആകാരം സന്തുലിതമാക്കുകയും ചെയ്തവനാണ് അല്ലാഹു.

(3) സൃഷ്ടികളുടെ ഇനങ്ങളും തരങ്ങളും വിശേഷണങ്ങളും കൃത്യമായി തിട്ടപ്പെടുത്തുകയും ക്രമീകരിക്കുകയും, ഓരോ സൃഷ്ടിയെ

യും അതിന് യോജിച്ചതും ഇണങ്ങുന്നതുമായ വഴിയിലേക്ക് മാർഗ ദർശനം നൽകുകയും ചെയ്തവനാണ് അവൻ.

(4) നിങ്ങളുടെ കന്നുകാലികൾക്ക് മേയാനായുള്ള ഭക്ഷണം ഭൂമിയിൽ നിന്ന് പുറത്തു കൊണ്ടു വന്നവൻ.

(5) അങ്ങനെ പച്ചപ്പും പുതുക്കവുമുണ്ടായിരുന്ന അതിനെ അവൻ മങ്ങിയ കറുപ്പ് നിറമുള്ള, ഉണങ്ങിച്ചിതറിയ ചവറാക്കി മാറ്റി.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** അല്ലാഹുവിന്റെ നാമമായ 'അഅ്ലാ' എന്ന നാമം ഉച്ചരിച്ചു കൊണ്ടുള്ള തസ്ബീഹ് നിർബന്ധമാണ്. (കാരണം അല്ലാഹു ഒരു കാര്യം കൽപ്പിച്ചാൽ അത് നിർബന്ധമാണ് എന്നതാണ് പ്രഥമദൃഷ്ട്യാ മനസ്സിലാക്കേണ്ടത്.)

ഇപ്രകാരം 'സുബ്ഹാന റബ്ബിയൽ അഅ്ലാ' (سُبْحَانَ رَبِّيَ الأَعْلَى) എന്നു പറഞ്ഞു കൊണ്ട് അല്ലാഹുവിനെ സ്തുതിക്കേണ്ട സന്ദർഭം നിസ്കാരത്തിലെ സുജൂദിന്റെ വേളയിലാണ് എന്ന് നബി -ﷺ- യുടെ പ്രവർത്തിയിൽ നിന്ന് മനസ്സിലാക്കാം. നിസ്കാരത്തി ൽ, റുകൂഇന്റെ സന്ദർഭത്തിൽ ഈ ദിക്ർ ചൊല്ലൽ നിർബന്ധമാണ് എന്നതിന് ഈ വചനം തെളിവാണ്. (ഇൽമാം / ഇബ്നു ഉഥൈമീൻ: 107)

» **(ആയത്ത്: 1)** അല്ലാഹു ഏറ്റവും ഔന്നത്യമുള്ളവനാണ്; അവന്റെ അസ്തിത്വം എല്ലാ സൃഷ്ടികൾക്കും മുകളിലാണ്. അവന്റെ വിശേഷണങ്ങളും ഏറ്റവും ഉന്നതമാണ്. (അല്ലാഹുവിന്റെ ഔന്നത്യം അറിയിക്കുന്ന 'അൽ-അഅ്ലാ' എന്ന നാമത്തിൽ നിന്ന് അക്കാര്യം മനസ്സിലാക്കാം.) (ഇൽമാം: 107)

» **(ആയത്ത്: 2)** അല്ലാഹു മാത്രമാണ് സർവ്വതിനെയും സൃഷ്ടിച്ചതും, തന്റെ സൃഷ്ടികളെ ഏറ്റവും കൃത്യമായി ക്രമീകരിച്ചതും. അക്കാര്യത്തിൽ അല്ലാഹു ഏകനാണ്. അവന് യാതൊരു പങ്കുകാരനുമില്ല. (ഇൽമാം: 107)

» **(ആയത്ത്: 2-5)** അല്ലാഹുവിന് സർവ്വജ്ഞാനവും, എല്ലാം ചെയ്യാനുള്ള ശക്തിയും കഴിവും, അങ്ങേയറ്റത്തെ യുക്തിയുമുണ്ട്. കാരണം ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും അതിനെ ഈ രൂപത്തിൽ കൃത്യതപ്പെടുത്തുകയും ചെയ്തവൻ ഈ വി

ശേഷണങ്ങൾ ഉള്ളവനായിരിക്കാതെ തരമില്ല. (ഇൽമാം: 107)

» **(ആയത്ത്: 3)** എല്ലാ സൃഷ്ടികൾക്കും അനുയോജ്യമായതിലേക്ക് നയിച്ചവനാണ് അല്ലാഹു എന്നത് അവന്റെ അപാരമായ കാരുണ്യത്തെ അറിയിക്കുന്നു. (ഇൽമാം: 107)

» **(ആയത്ത്: 4-5)** പച്ചപ്പോടെ വളർന്നു വന്ന മേച്ചിൽപ്പുറങ്ങൾ ഉണങ്ങിവരണ്ടു പോകുന്നത് പോലെ, ഇഹലോകവും അവസാനിക്കുകയും നശിച്ചു പോവുകയും ചെയ്യുന്നതാണ്. (ഇൽമാം: 107)

ആയത്തുകൾ 6-13

(6) താങ്കൾക്ക് നാം ഓതിത്തരാം. പിന്നീട് താങ്കൾ മറന്നുപോകുകയില്ല.	سَنُقْرِئُكَ فَلَا تَنسَىٰٓ ٦
(7) അല്ലാഹു ഉദ്ദേശിച്ചതൊഴികെ; തീർച്ചയായും അവൻ പരസ്യമായതും, രഹസ്യമായിരിക്കുന്നതും അറിയുന്നു.	إِلَّا مَا شَآءَ ٱللَّهُۚ إِنَّهُۥ يَعْلَمُ ٱلْجَهْرَ وَمَا يَخْفَىٰ ٧
(8) ഏറ്റവും എളുപ്പമുള്ളതിലേക്ക് താങ്കൾക്ക് നാം സൗകര്യപ്പെടുത്തുന്നതാണ്.	وَنُيَسِّرُكَ لِلْيُسْرَىٰ ٨
(9) അതിനാൽ ഉപദേശം ഫലപ്പെടുന്നുവെങ്കിൽ താങ്കൾ ഉപദേശിച്ചു കൊള്ളുക.	فَذَكِّرْ إِن نَّفَعَتِ ٱلذِّكْرَىٰ ٩
(10) ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചു കൊള്ളുന്നതാണ്.	سَيَذَّكَّرُ مَن يَخْشَىٰ ١٠
(11) ഏറ്റവും നിർഭാഗ്യവാനായിട്ടുള്ളവൻ അതിനെ (ഉപദേശത്തെ) വിട്ടകന്നു പോകുന്നതാണ്.	وَيَتَجَنَّبُهَا ٱلْأَشْقَى ١١
(12) ഏറ്റവും വലിയ അഗ്നിയിൽ കടന്ന് എരിയുന്നവനത്രെ അവൻ.	ٱلَّذِى يَصْلَى ٱلنَّارَ ٱلْكُبْرَىٰ ١٢

ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ١٣

(13) ശേഷം അവനതിൽ മരിക്കുകയി ല്ല. ജീവിക്കുകയുമില്ല.

തഫ്സീർ

(6) താങ്കൾക്ക് നാം ഖുർആൻ പാരായണം ചെയ്തു തരാം; താങ്കൾ മറന്നു പോകാത്ത നിലയിൽ അത് താങ്കളുടെ ഹൃദയത്തിൽ നാം ഒരുമിപ്പിക്കുന്നതാണ്.

അതിനാൽ ജിബ്‌രീൽ ഖുർആൻ കേൾപ്പിച്ചു തരുമ്പോൾ അദ്ദേഹത്തിന്റെ പാരായണത്തോടൊപ്പം ഓതാൻ താങ്കൾ ധൃതി കാണിക്കേണ്ടതില്ല. ഖുർആൻ മറന്നു പോകാതിരിക്കാൻ വേണ്ടി നബി -ﷺ- അപ്രകാരം ചെയ്യാറുണ്ടായിരുന്നു എന്നതിനാലാണ് ഈ വചനത്തിൽ അല്ലാഹു ഇപ്രകാരം അവിടുത്തെ സമാധാനിപ്പിച്ചത്.

(7) താങ്കൾ മറക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചവയൊഴികെ; (അത് താങ്കൾ മറക്കും). അപ്രകാരം മറന്നു പോകുന്നതിൽ അല്ലാഹുവിന് അവന്റേതായ യുക്തിയും ലക്ഷ്യവുമുണ്ടായിരിക്കുന്നതാണ്. തീർച്ചയായും അല്ലാഹു രഹസ്യവും പരസ്യവുമായ വാക്കുകളും പ്രവർത്തികളുമെല്ലാം അറിയുന്നു. അവന് ഒന്നും തന്നെ അവ്യക്തമാവുന്നതല്ല.

(8) എല്ലാ കാര്യത്തിലും എളുപ്പമുള്ളതിലേക്ക് താങ്കളെ നാം നയിക്കുന്നതാണ്.

- സ്വർഗത്തിൽ പ്രവേശിപ്പിക്കാൻ കാരണമാകുന്ന, അ ല്ലാഹുവിന് തൃപ്തികരമായ സൽകർമ്മങ്ങളും നന്മകളും താങ്കൾക്ക് നാം എളുപ്പമാക്കി തരുന്നതാണ്.

- അല്ലാഹുവിൽ നിന്നുള്ള ഈ സന്ദേശം സ്വീകരിക്കുക എന്ന അതിമഹത്തരമായ ഈ ഉത്തരവാദിത്തത്തിന്റെ ഭാരവും താങ്കൾക്ക് നാം എളുപ്പമുള്ളതാക്കുന്നതാണ്.

- താങ്കളിലൂടെ ജനങ്ങൾക്ക് എത്തിച്ചു നൽകുന്ന ഈ മതം -ഇസ്‌ലാം-; അതിലെ വിധിവിലക്കുകളും നാം പ്രയാസമില്ലാത്ത, സരളമായ രൂപത്തിലാക്കുന്നതാണ്.

(8) അതിനാൽ താങ്കൾക്ക് നാം എളുപ്പമാക്കി തന്നതു പോലെ, അല്ലാഹുവിൽ നിന്നുള്ള സന്ദേശമായ ഈ ഖുർആൻ കൊണ്ട് താങ്കൾ ജനങ്ങളെ ഉപദേശിക്കുകയും ഗുണദോഷിക്കുകയും ചെയ്യുക. അവർക്ക് പ്രയോജനകരമായതിലേക്ക് താങ്കൾ അവർക്ക് വഴികാണിച്ചു കൊടുക്കുകയും ചെയ്യുക.

ഉദ്ബോധനം കേൾക്കുന്നിടത്തോളം അവരെ ഉണർത്തുക. താങ്കളുടെ ഉപദേശം സ്വീകരിക്കും എന്ന് പ്രതീക്ഷിക്കുന്നവരെയാണ് ഉപദേശിക്കേണ്ടത്; ഉപദേശം കേൾക്കുമ്പോൾ ധിക്കാരവും അകൽച്ചയും മാത്രം അധികരിപ്പിക്കുന്നവരെ ഗുണദോഷിച്ചു കൊണ്ട് താങ്കൾ സമയം പാഴാക്കേണ്ടതില്ല.

(9) അല്ലാഹുവിനെ ഭയക്കുന്നവൻ താങ്കളുടെ ഉപദേശത്തിൽ നിന്ന് ഗുണപാഠം ഉൾക്കൊള്ളുന്നതാണ്. കാരണം അത്തരക്കാർക്ക് മാത്രമേ ഉപദേശങ്ങൾ ഉപകാരപ്പെടുകയുള്ളൂ.

(10) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവൻ ഉപദേശങ്ങളിൽ നിന്ന് അകന്നു പോകുന്നതാണ്. അന്ത്യനാളിൽ നരകത്തിൽ പ്രവേശിക്കുന്നതിനാൽ തന്നെ മനുഷ്യരിൽ ഏറ്റവും ദൗർഭാഗ്യവാനും അവനത്രെ.

(11) പരലോകത്ത് ഏറ്റവും ഭീമാകരമായ നരകത്തിൽ പ്രവേശിക്കുകയും, അതിന്റെ ചൂട് എന്നെന്നേക്കുമായി അനുഭവിക്കുകയും ചെയ്യുന്നവനാണ് അവൻ.

(12) ശേഷം അവൻ നരകത്തിൽ ശാശ്വതനായിത്തീരും. മരിക്കുകയും നരകത്തിന്റെ ശിക്ഷയിൽ നിന്ന് ആശ്വസിക്കുകയും ചെയ്യാൻ അവന് കഴിയില്ല. എന്നാൽ അതോടൊപ്പം ആദരണീയമോ നല്ലതോ ആയ ഒരു ജീവിതവും അവനുണ്ടായിരിക്കുകയില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** 'അല്ലാഹുവിനെ പ്രകീർത്തിക്കൂ' എന്ന കൽപ്പനയുമായാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്. അല്ലാഹുവിനെ സ്മരിച്ചു (ദിക്ർ ചെയ്തു) കൊണ്ടും അവനെ ആരാധിച്ചു കൊണ്ടുമുള്ള, അവന്റെ മഹത്വത്തിന് കീഴൊതുങ്ങുകയും പ്രതാപത്തെ അംഗീകരിക്കുകയും ചെയ്തു കൊണ്ടുള്ള പ്രകീർത്തനമാണ് ശരിയായ 'തസ്ബീഹ്'. അല്ലാഹുവിന്റെ അതീവ മഹത്വ

ത്തിന് യോജിക്കുന്ന വിധത്തിലായിരിക്കണം അവന്റെ പ്രകീർത്തനങ്ങൾ. (സഅ്ദി: 920)

» **(ആയത്ത്: 6, 8)** അല്ലാഹു തന്റെ ദാസനും ദൂതനുമായ മുഹമ്മദ് നബി -ﷺ- ക്ക് വലിയ സന്തോഷവാർത്തയാണ് ഈ വചനങ്ങളിലൂടെ നൽകിയിരിക്കുന്നത്.

ഒന്നാമത്തെ സന്തോഷവാർത്ത, അല്ലാഹു പഠിപ്പിച്ചു നൽകുന്നതൊന്നും നബി -ﷺ- മറന്നു പോകുന്നതല്ല എന്നതാണ്; അല്ലാഹുവിന്റെ മഹത്തരമായ ഉദ്ദേശ്യലക്ഷ്യപ്രകാരം എന്തെങ്കിലും കാര്യം നബി -ﷺ- മറക്കണമെന്ന് ഉദ്ദേശിച്ചാൽ അതൊഴികെ മറ്റൊന്നും അവിടുന്ന് മറക്കുന്നതല്ല.

രണ്ടാമത്തെ സന്തോഷവാർത്ത, അവിടുത്തെ എല്ലാ കാര്യങ്ങളും അല്ലാഹു എളുപ്പമാക്കുന്നതാണ് എന്നതാണ്. അതിന്റെ ഭാഗമാണ് അവിടുത്തേക്ക് നൽകിയ മതവും അതിലെ വിധിവിലക്കുകളും അല്ലാഹു വളരെ ലളിതമാക്കി എന്നതും. (സഅ്ദി: 921)

» **(ആയത്ത്: 7)** അല്ലാഹു രഹസ്യവും പരസ്യവും, പ്രകടമായതും ഗോപ്യമായതും അറിയുന്നു; അതു കൊണ്ട് തന്നെ തന്റെ ദാസന്മാർക്ക് അനുയോജ്യമായ വിധിവിലക്കുകൾ ഏതെന്നും അവനാണ് അറിയുക. അതു കൊണ്ടാണ് അവൻ തന്റെ മതത്തിലൂടെ വിധിവിലക്കുകൾ അവതരിപ്പിച്ചതും, അവൻ ഉദ്ദേശിക്കുന്ന നിയമങ്ങൾ നിശ്ചയിച്ചതും. (സഅ്ദി: 920)

» **(ആയത്ത്: 9)** ഉപദേശം സ്വീകരിക്കപ്പെടുന്ന സന്ദർഭങ്ങളിലും, ഉപദേശം കേൾക്കാൻ തയ്യാറാകുന്ന സാഹചര്യങ്ങളിലും മാത്രമേ ഉപദേശിക്കേണ്ടതുള്ളൂ. ഒരാളെ ഗുണദോഷിക്കുന്നതിന്റെ പിന്നിലെ ലക്ഷ്യം പൂർണ്ണമായും നേടാൻ കഴിഞ്ഞാലും, ഭാഗികമായി നേടാൻ കഴിഞ്ഞാലും ഉപദേശം വിജയിച്ചു എന്നു പറയാം. എന്നാൽ ഈ പറഞ്ഞതിന് ഒരു മറുവശം കൂടിയുണ്ട്. ഉപദേശം ഫലപ്പെടുകയില്ലെങ്കിൽ -തിന്മ അധികരിക്കാനോ, ഉള്ള നന്മയും കുറയാനോ മാത്രമേ ഉപദേശം കാരണമാകൂ എങ്കിൽ- ഉപദേശിക്കേണ്ടതില്ല എന്നതാണത്. മറിച്ച്, അത്തരം സന്ദർഭങ്ങളിൽ ഉപദേശിക്കുന്നത് നന്മയല്ല; മറിച്ച് വിലക്കപ്പെടേണ്ട തിന്മയാണ്. (സഅ്ദി: 920)

ആയത്തുകൾ 14-19

قَدْ أَفْلَحَ مَن تَزَكَّىٰ ﴿١٤﴾

(14) തീർച്ചയായും പരിശുദ്ധി നേടിയവൻ വിജയം പ്രാപിച്ചു.

وَذَكَرَ ٱسْمَ رَبِّهِۦ فَصَلَّىٰ ﴿١٥﴾

(15) തന്റെ റബ്ബിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നിസ്കരിക്കുകയും (ചെയ്തവൻ വിജയിച്ചിരിക്കുന്നു).

بَلْ تُؤْثِرُونَ ٱلْحَيَوٰةَ ٱلدُّنْيَا ﴿١٦﴾

(16) പക്ഷെ, നിങ്ങൾ ഐഹിക ജീവിതത്തിന്ന് കൂടുതൽ പ്രാധാന്യം നൽകുന്നു.

وَٱلْءَاخِرَةُ خَيْرٌ وَأَبْقَىٰٓ ﴿١٧﴾

(17) പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും.

إِنَّ هَٰذَا لَفِى ٱلصُّحُفِ ٱلْأُولَىٰ ﴿١٨﴾

(18) തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ ഉണ്ട്.

صُحُفِ إِبْرَٰهِيمَ وَمُوسَىٰ ﴿١٩﴾

(19) അതായത് ഇബ്രാഹീമിന്റെയും മൂസായുടെയും ഏടുകളിൽ.

തഫ്സീർ

(14) ബഹുദൈവാരാധനയിൽ (ശിർക്കിൽ) നിന്നും തിന്മകളിൽ നിന്നും, എല്ല ദുഃസ്വഭാവങ്ങളിൽ നിന്നും അകലം പാലിച്ചു കൊണ്ട് ജീവിതവിശുദ്ധി കാത്തുസൂക്ഷിച്ചവർ തന്റെ ലക്ഷ്യം നേടുകയും, (സ്വർഗം കരസ്ഥമാക്കി കൊണ്ട്) വിജയിക്കുകയും ചെയ്തിരിക്കുന്നു.

(15) (അതോടൊപ്പം) നബി -ﷺ- പഠിപ്പിച്ച വ്യത്യസ്തങ്ങളായ ദിക്റുകൾ കൊണ്ട് തന്റെ രക്ഷിതാവായ അല്ലാഹുവിന്റെ നാമം സ്മരിക്കുകയും അല്ലാഹുവിനെ ഏകനാക്കുകയും അവനോട് പ്രാർത്ഥിക്കുകയും അവന് തൃപ്തികരമായത് പ്രവർത്തിക്കുകയും, അവിടുന്ന് പഠിപ്പിച്ച രൂപത്തിൽ -അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചു കൊണ്ടും, അവന്റെ കൽപ്പന നിറവേറ്റി കൊണ്ടും- കൃത്യസമയങ്ങളിൽ

നിസ്കാരം നിർവ്വഹിക്കുകയും ചെയ്തവൻ (വിജയിച്ചിരിക്കുന്നു).

(16) എന്നാൽ, (മനുഷ്യരേ!) നിങ്ങൾ ഇഹലോകജീവിതത്തിനും അതിന്റെ അലങ്കാരങ്ങൾക്കുമാണ് പരലോക ജീവിതത്തേക്കാളും കൂടുതൽ മുൻഗണന നൽകുന്നത്. എന്നാൽ അവക്ക് രണ്ടിനുമിട യിൽ വളരെ വലിയ അന്തരമുണ്ട് (എന്നത് നിങ്ങൾ അറിഞ്ഞിരു ന്നെങ്കിൽ).

(17) പരലോകമാകുന്നു ഇഹലോകത്തെക്കാളും അതിലുള്ള എ ല്ലാ ആസ്വാദനങ്ങളെക്കാളും വിഭവങ്ങളെക്കാളും നല്ലതും എന്നെ ന്നും നിലനിൽക്കുന്നതും. കാരണം അവിടെയുള്ള സുഖാനുഭൂതി കൾ ഒരിക്കലും നിലച്ചു പോകുന്നതല്ല.

(18) ഈ അദ്ധ്യായത്തിലൂടെ നാം താങ്കൾക്ക് അറിയിച്ചു തന്ന ഈ വിധിവിലക്കുകളും അറിവുകളുമെല്ലാം താങ്കൾക്ക് മുൻപ് അവ തരിപ്പിക്കപ്പെട്ട ഏടുകളിൽ സ്ഥിരപ്പെട്ട വിഷയങ്ങൾ തന്നെയാണ്.

(19) ഇബ്രാഹീമിന്റെയും മൂസായുടെയും -ﷺ- മേൽ അവതരിപ്പി ക്കപ്പെട്ട ഏടുകളിലാണ് അവയുള്ളത്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 14)** 'പരിശുദ്ധി നേടുക' എന്നാൽ തന്റെ സ്വന്തത്തെ ബഹുദൈവാരാധനയിൽ നിന്നും, അതിക്രമങ്ങളിൽ നിന്നും, മോശം സ്വഭാവങ്ങളിൽ നിന്നും ശുദ്ധീകരിക്കലാണ്. അത്തര ക്കാർ വിജയിക്കുകയും, ലാഭം നേടുകയും ചെയ്തിരിക്കുന്നു. (സഅ്ദി: 920)

» **(ആയത്ത്: 14)** ബാഹ്യവും ഗോപ്യവുമായ എല്ലാ മ്ലേഛതകളിൽ നിന്നും മനസ്സിനെ ശുദ്ധീകരിക്കേണ്ടതിന്റെ പ്രാധാന്യം.

» **(ആയത്ത്: 17)** ഇഹലോകത്തേക്കാൾ എല്ലാ അർത്ഥത്തിലും പരലോകമാണ് ഉത്തമമായിട്ടുള്ളത്. കാരണം അത് ശാശ്വതവും, എന്നെന്നും നിലനിൽക്കുന്നതും, പരിശുദ്ധവുമാണ്. അതിനാ ൽ ബുദ്ധിയുള്ള ഒരു വിശ്വാസിയും ഏറ്റവും മുന്തിയതിന് പകരം തീർത്തും തരം താഴ്ന്നത് തിരഞ്ഞെടുക്കുകയില്ല. കുറച്ചു നേര ത്തേക്കുള്ള ആസ്വാദനത്തിന് പകരമായി അനന്തമായ ആശ്വാ സം അവൻ വിറ്റുതുലക്കുകയുമില്ല. (സഅ്ദി: 921)

» **(ആയത്ത്: 18-19)** ഈ അദ്ധ്യായത്തിൽ വിവരിക്കപ്പെട്ട കൽപ്പനകൾ എല്ലാ നബിമാരുടെയും മതനിയമങ്ങളിൽ ഒരു പോലെ നിലകൊള്ളുന്നു. കാരണം ഇഹ-പരലോകങ്ങളിലെ സർവ്വ നന്മകളും ഈ കൽപ്പനകളിലുണ്ട്. എല്ലാ കാലത്തും, എല്ലാ നാട്ടിലും അവ പ്രയോജനകരമായ നന്മകൾ തന്നെ. (സഅ്ദി: 921)

» ആയത്തിൽ നിന്ന് ലഭിക്കുന്ന ചില പാഠങ്ങൾ ഇവയാണ്:

1- വിജയം നേടിപ്പിടിക്കാൻ സഹായിക്കുന്ന മൂന്ന് വിശേഷണങ്ങൾ ആയത്തിൽ പരാമർശിക്കപ്പെടുന്നു; (1) 'തസ്കിയഃ' (ബഹുദൈവാരാധനയും തിന്മകളും ഉപേക്ഷിച്ചു കൊണ്ട് ജീവിത വിശുദ്ധി നേടുക എന്നതാണ് അത് കൊണ്ട് പ്രഥമമായി ഉദ്ദേശിക്കുന്നത്. എന്നാൽ നിർബന്ധ ദാനധർമ്മങ്ങളിൽ പെട്ട ഫിത്വർ സകാത്ത് പോലുള്ളവ നൽകുക എന്നതും ഈ പദത്തിന്റെ പരിധിയിൽ പെടുന്നതാണ്). (2) അല്ലാഹുവിന്റെ നാമം ഉച്ചരിക്കൽ. (3) നിസ്കാരം.

2- മേലെ പറഞ്ഞ മൂന്ന് വിശേഷണങ്ങളും പെരുന്നാളിന്റെ സന്ദർഭത്തിൽ ഒരുമിക്കുന്നു. ഫിത്വർ സകാത്ത്, പെരുന്നാൾ നിസ്കാരത്തിലേക്ക് പോകുന്നതിന് മുൻപ് തക്ബീർ ചൊല്ലിക്കൊണ്ട് അല്ലാഹുവിന്റെ നാമം സ്മരിക്കൽ, പെരുന്നാൾ നിസ്കാരം നിർവ്വഹിക്കൽ എന്നിവയാണവ. (ഇൽമാം / ഇബ്നു ഉഥൈമീൻ: 162)

3- ഫിത്വർ സകാത്ത് നൽകുക എന്നത് ഇസ്ലാമിക അദ്ധ്യാപനങ്ങളിൽ പെട്ടതാണ്. അത് നിർബന്ധമാണെന്ന് നബി -ﷺ- പ്രത്യേകം പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. (ഇൽമാം / ഇബ്നു ഉഥൈമീൻ: 229)

സൂറത്തുൽ ഗാശിയഃ

سُورَةُ الْغَاشِيَةِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 26.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഗാശിയഃ (الغَاشِــيَةُ): ജനങ്ങളെ മുഴുവൻ ഭീതിയാൽ മൂടുന്ന അന്ത്യനാളിനെ 'ഗാശിയഃ' എന്ന് വിശേഷിപ്പിച്ചു കൊണ്ടാണ് ഈ സൂറത്ത് ആരംഭിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنِ النُّعْمَانِ بْنِ بَشِيرٍ أَنَّ رَسُولَ اللَّـهِ -ﷺ- كَانَ يَقْرَأُ فِي الْعِيدَيْنِ وَيَوْمِ الْجُمُعَةِ: بِـ «**سَبِّحِ اسْمَ رَبِّكَ الْأَعْلَى**»، وَ«**هَلْ أَتَاكَ حَدِيثُ الْغَاشِيَةِ**»

നുഅ്മാനു ബ്നു ബശീർ -رَضِيَ اللَّهُ عَنْهُ- നിവേദനം: "നബി -ﷺ- രണ്ട് പെരുന്നാൾ നിസ്കാരങ്ങളിലും, ജുമുഅഃ നിസ്കാരങ്ങളിലും സൂറ. അഅ്ലായും, സൂറ. ഗാശിയയും പാരായണം ചെയ്യാറുണ്ടായിരുന്നു." (അബൂ ദാവൂദ്: 1122, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിനോടും അവന്റെ ദൂതനോടും എതിരിട്ടവർക്ക് ലഭിക്കുന്ന ശിക്ഷകളും, ഇസ്‌ലാമിനെ പിൻപറ്റിയവർക്ക് ലഭിക്കുന്ന പ്രതിഫലങ്ങളും വിവരിച്ചു കൊണ്ട് ഖിയാമത്ത് നാളിന്റെ ഗൗരവം ഓർമ്മപ്പെടുത്തുന്നു.

* അല്ലാഹുവിന്റെ ഏകത്വം വ്യക്തമാക്കുന്ന അവന്റെ മഹത്തരമായ ശക്തിയുടെ തെളിവുകൾ വ്യക്തമാക്കുന്നതിനൊപ്പം ഈ തെളിവുകൾ തങ്ങളുടെ കൺമുന്നിൽ തന്നെയുള്ളതായിട്ടും അവയിൽ നിന്ന് സത്യം കണ്ടെത്താത്തവരെ ആക്ഷേപിക്കുന്നു.

* നബി -ﷺ- യ്ക്ക് അവിടുത്തെ പ്രബോധനത്തിന്റെ വഴിയിൽ സ്ഥൈര്യമേകുന്നു. ബഹുദൈവാരാധകർ അവിടുത്തെ അരികിൽ നിന്ന് തിരിഞ്ഞു കളയുന്നത് കാര്യമാക്കേണ്ടതില്ലെന്നും, അവരുടെ വിചാരണ അല്ലാഹുവിന്റെ പക്കലാണെന്നും ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ആയത്തുകൾ 1-7

هَلْ أَتَىٰكَ حَدِيثُ ٱلْغَٰشِيَةِ ﴿١﴾

(1) (നബിയേ,) ആ മൂടിക്കളയുന്ന സംഭവത്തെ കുറിച്ചുള്ള വർത്തമാനം നിനക്ക് വന്നുകിട്ടിയോ?

وُجُوهٌ يَوْمَئِذٍ خَٰشِعَةٌ ﴿٢﴾

(2) അന്നേ ദിവസം ചില മുഖങ്ങൾ അപമാനിതമായിരിക്കും.

عَامِلَةٌ نَّاصِبَةٌ ﴿٣﴾

(3) (ആ മുഖങ്ങൾ) കഠിനമായി അധ്വാനിച്ച നിലയിലും ക്ഷീണിച്ച അവസ്ഥയിലുമായിരിക്കും.

تَصْلَىٰ نَارًا حَامِيَةً ﴿٤﴾

(4) ചൂടേറിയ അഗ്നിയിൽ അവ പ്രവേശിക്കുന്നതാണ്.

تُسْقَىٰ مِنْ عَيْنٍ ءَانِيَةٍ ﴿٥﴾

(5) ചുട്ടുതിളക്കുന്ന ഒരു ഉറവയിൽ നിന്ന് അവർ കുടിപ്പിക്കപ്പെടുന്നതാണ്.

لَّيْسَ لَهُمْ طَعَامٌ إِلَّا مِن ضَرِيعٍ ﴿٦﴾

(6) 'ദ്വരീഇ'ൽ നിന്നല്ലാതെ അവർക്ക് യാതൊരു ആഹാരവുമില്ല.

لَّا يُسْمِنُ وَلَا يُغْنِى مِن جُوعٍ ﴿٧﴾

(7) അത് പോഷണം നൽകുകയില്ല. വിശപ്പിന് ശമനമുണ്ടാക്കുകയുമില്ല.

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! ജനങ്ങളെ ഭയാനകത കൊണ്ട് മൂടുന്ന ഖിയാമത്ത് നാളിനെ കുറിച്ചുള്ള വർത്തമാനം താങ്കൾക്ക് വന്നെത്തിയോ?

(2) അന്ത്യനാളിൽ മനുഷ്യർ ഒന്നുകിൽ സൗഭാഗ്യവാന്മാരോ അല്ലെങ്കിൽ ദൗർഭാഗ്യവാന്മാരോ ആയിരിക്കും. (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ച ദൗർഭാഗ്യവാന്മാ

രുടെ മുഖങ്ങൾ അന്നേ ദിവസം അപമാനഭാരത്താൽ താഴ്ന്നിരിക്കും.

(3) ചങ്ങലകളിൽ വലിച്ചിഴക്കപ്പെടുകയും, വളയങ്ങളാൽ ബന്ധിക്കപ്പെടുകയും ചെയ്തതിനാൽ (അവരുടെ മുഖങ്ങൾ) പരിക്ഷീണിതവും തളർന്നതുമായിരിക്കും.

(4) ആ മുഖങ്ങൾ ആളിക്കത്തുന്ന നരകാഗ്നിയിൽ പ്രവേശിക്കുകയും, അതിന്റെ ചൂട് അനുഭവിക്കുകയും ചെയ്യുന്നതാണ്.

(5) ചുട്ടുതിളക്കുന്ന വെള്ളത്തിന്റെ ഉറവയിൽ നിന്ന് അവർ കുടിപ്പിക്കപ്പെടുന്നതാണ്.

(6) ഏറ്റവും മോശവും അഴുകിയതുമായ ഭക്ഷണമല്ലാതെ അവർക്ക് ഉണ്ടായിരിക്കുകയില്ല. 'ശിബ്രിഖ്' എന്നു പേരുള്ള ഒരു ചെടിയിൽ നിന്നായിരിക്കും അവർ ഭക്ഷിക്കുക; മുള്ളുകളാൽ നിറഞ്ഞ, ഭൂമിയിൽ പറ്റിക്കിടക്കുന്ന, ഉണക്കം ബാധിച്ചാൽ വിഷമയമായി തീരുന്ന ഒരു ചെടിയാണത്.

(7) അത് ഭക്ഷിക്കുന്നവന് പോഷണം നൽകുകയോ അവന്റെ ശരീരം പുഷ്ടിപ്പെടുത്തുകയോ, അവന്റെ വിശപ്പ് ശമിപ്പിക്കുകയോ പട്ടിണിയുടെ കടുപ്പം കുറക്കുകയോ ഇല്ല.

ആയത്തുകൾ 8-16

(8) അന്ന് ചില മുഖങ്ങൾ പ്രസന്നതയുള്ളവയായിരിക്കും.	وُجُوهٌ يَوْمَئِذٍ نَّاعِمَةٌ ٨
(9) അവ (തങ്ങളുടെ) പ്രയത്നത്തെപ്പറ്റി തൃപ്തിയടഞ്ഞവയുമായിരിക്കും.	لِّسَعْيِهَا رَاضِيَةٌ ٩
(10) ഉന്നതമായ സ്വർഗത്തിൽ.	فِي جَنَّةٍ عَالِيَةٍ ١٠
(11) യാതൊരു നിരർത്ഥകമായ വാക്കും നീ അവിടെ കേൾക്കുകയില്ല.	لَّا تَسْمَعُ فِيهَا لَاغِيَةً ١١

فِيهَا عَيْنٌ جَارِيَةٌ ﴿١٢﴾	(12) അതിൽ ഒഴുകിക്കൊണ്ടിരിക്കുന്ന ഉറവയുണ്ട്.
فِيهَا سُرُرٌ مَّرْفُوعَةٌ ﴿١٣﴾	(13) അതിൽ ഉയർത്തി വെക്കപ്പെട്ട കട്ടിലുകളുണ്ട്.
وَأَكْوَابٌ مَّوْضُوعَةٌ ﴿١٤﴾	(14) തയ്യാറാക്കി വെക്കപ്പെട്ട കോപ്പകളും (അവിടെ ഉണ്ട്).
وَنَمَارِقُ مَصْفُوفَةٌ ﴿١٥﴾	(15) അണിയായി വെക്കപ്പെട്ട തലയണകളും (സ്വർഗത്തിൽ ഉണ്ട്).
وَزَرَابِيُّ مَبْثُوثَةٌ ﴿١٦﴾	(16) വിരിച്ചുവെക്കപ്പെട്ട പരവതാനികളുമുണ്ട്.

തഫ്സീർ

(8) (അല്ലാഹുവിലും അവന്റെ റസൂലിലും പരലോകത്തിലും) വിശ്വസിച്ച സൗഭാഗ്യവാന്മാരുടെ മുഖങ്ങളിൽ അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ കാരണത്താൽ സുഖാനുഭൂതിയും പ്രസന്നതയും സന്തോഷവും പ്രകടമായിരിക്കും.

(9-10) ഇഹലോകത്ത് ചെയ്ത സൽകർമ്മങ്ങൾ കാരണത്താൽ, പരലോകത്ത് അവ തൃപ്തിയടഞ്ഞവയായിരിക്കും. ഉയർന്ന സ്ഥാനവും പദവിയുമുള്ള സ്വർഗത്തിൽ, തങ്ങളുടെ പ്രതിഫലം ഇരട്ടിയിരട്ടിയായി ഒരുക്കി വെക്കപ്പെട്ട നിലയിൽ അവ കണ്ടെത്തുകയും ചെയ്യും.

(11) നിഷിദ്ധമായ ഒരു വാക്കെങ്കിലുമോ, അനർഥമായതോ അനാവശ്യമായതോ ആയ ഒരു സംസാരമോ അവിടെ താങ്കൾ കേൾക്കുകയില്ല.

(12) ആ സ്വർഗത്തിൽ ഒഴുകുന്ന ഉറവകളുണ്ട്; (സ്വർഗവാസികൾ) അത് പൊട്ടിക്കുകയും, അവർ ആഗ്രഹിക്കുന്നത് പോലെ അത് ഉപയോഗിക്കുകയും ചെയ്യും.

(13-14) ആ സ്വർഗത്തിൽ ഉയരമുള്ള കട്ടിലുകളും, കുടിക്കാൻ തയ്യാറാക്കി വെക്കപ്പെട്ട കോപ്പകളുമുണ്ട്.

(15-16) മേൽക്കുമേൽ കൂട്ടിയിട്ട തലയണകളും, പലയിടത്തുമായി വിരിച്ചു വെച്ച അനേകം പരവതാനികളുമുണ്ട്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 3)** "നരകവാസികളുടെ മുഖങ്ങൾ അധ്വാനത്താൽ ക്ഷീണിച്ച നിലയിലായിരിക്കും" എന്ന വചനം രണ്ട് രൂപത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. (1) പരലോകത്ത് ബാധിക്കുന്ന ശിക്ഷകളും ഭയാനകരമായ അനുഭവങ്ങളും കാരണത്താൽ അവ ക്ഷീണിച്ച നിലയിലായിരിക്കും. (2) ഇഹലോകത്ത് ഏറെ സൽകർമ്മങ്ങൾ പ്രവർത്തിച്ചതിനാൽ അവരുടെ മുഖങ്ങൾ ക്ഷീണിച്ച നിലയിലായിരിക്കും; പക്ഷേ അല്ലാഹുവിൽ വിശ്വസിക്കാതെയായിരുന്നു അവരുടെ പ്രവർത്തനങ്ങൾ എന്നതിനാൽ പരലോകത്ത് അവർക്ക് അവ ഉപകാരപ്പെടുന്നതല്ല.

രണ്ടാമത്തെ വിശദീകരണം ആശയപരമായി തെറ്റല്ലെങ്കിലും, ഈ ആയത്തിന്റെ ഉദ്ദേശ്യം അതാണെന്ന് പറയുക സാധ്യമല്ല. കാരണം ഈ വചനത്തിൽ ചർച്ച ചെയ്യപ്പെടുന്നത് അന്ത്യനാളിലെ സംഭവവികാസങ്ങളാണെന്ന് ആയത്തിൽ വന്നിട്ടുള്ള, 'അന്നേ ദിവസം' (يَوْمَئِذٍ) എന്ന വാക്കിൽ നിന്ന് വ്യക്തമാണ്. അന്ത്യനാളിനെ കുറിച്ച് വിവരിക്കപ്പെടുന്നതിനിടയിൽ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളതും. (സഅ്ദി: 921)

» **(സഅ്ദി: 921)** ഭക്ഷണം രണ്ടാലൊരു ലക്ഷ്യത്തിലായിരിക്കും ഒരാൾ കഴിക്കുന്നത്; ഒന്നല്ലെങ്കിൽ വിശപ്പ് മാറുന്നതിന് വേണ്ടി. അതുമല്ലെങ്കിൽ, ശരീരം പുഷ്ടിപ്പെടുത്തുന്നതിന് വേണ്ടി. ഈ രണ്ട് ലക്ഷ്യങ്ങളിൽ യാതൊന്നും നരകത്തിലെ ഭക്ഷണം കൊണ്ട് നേടിയെടുക്കുക സാധ്യമല്ല. അതോടൊപ്പം അങ്ങേയറ്റത്തെ ദുർരുചിയുള്ളതും ചീഞ്ഞതുമായിരിക്കും അവ. അല്ലാഹു നമ്മെ കാക്കട്ടെ! (സഅ്ദി: 921)

» **(ആയത്ത്: 10)** സ്വർഗം ഉന്നതമാണ്; അതിന്റെ സ്ഥാനവും അതിലുള്ള ഭവനങ്ങളും. 'ഇല്ലിയ്യീനി'ന്റെ ഏറ്റവും മുകളിലാണ് സ്വർഗമുള്ളത്. അതിലെ ഭവനങ്ങളും വളരെ ഉയരമുള്ളവയാണ്; അതിലെ മുറികൾ ഒന്നിനു മുകളിൽ മറ്റൊന്നായി സംവിധാനിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു തങ്ങൾക്ക് ഒരുക്കി വെച്ചിട്ടുള്ള ആദ

രവുകളും അനുഗ്രഹങ്ങളും അതിന്റെ മുകളിൽ നിന്നു കൊണ്ട് സ്വർഗവാസികൾ നോക്കിക്കാണുന്നതാണ്. (സഅ്ദി: 921)

» **(ആയത്ത്: 11)** സ്വർഗത്തിൽ രുചികരമായ അനേകം ഫലങ്ങളുണ്ടായിരിക്കും. വളരെ എളുപ്പത്തിൽ ലഭ്യമാകുന്ന തരത്തിലായിരിക്കും അവ ഉണ്ടായിരിക്കുക. ഏതവസ്ഥയിലും അതവർക്ക് ലഭിച്ചു കൊണ്ടേയിരിക്കും. അതിനായി വൃക്ഷങ്ങൾക്ക് മുകളിൽ കയറേണ്ട ആവശ്യമില്ല. (സഅ്ദി: 921)

» **(ആയത്ത്: 12)** സ്വർഗത്തിൽ നിരർത്ഥകമായ -അനാവശ്യമായ- ഒരു വാക്കും കേൾക്കുകയില്ല എന്നാണെങ്കിൽ നിഷിദ്ധമായ വാക്കുകൾ ഒരിക്കലും കേൾക്കുകയില്ല. മറിച്ച്, സ്വർഗവാസികളുടെ സംസാരങ്ങളെല്ലാം ഉപകാരപ്രദവും മനോഹരവുമായിരിക്കും. അല്ലാഹുവിനെ സ്മരിച്ചു കൊണ്ടും, അവൻ അവർക്കായി തുടരെത്തുടരെ നൽകുന്ന അനുഗ്രഹങ്ങളെ കുറിച്ചും അവർ സംസാരിക്കും. പരസ്പരമുള്ള മാന്യമായ മര്യാദകൾ പാലിക്കുന്ന സംസാരങ്ങളും അവർക്കിടയിലുണ്ടാകും. ഇതെല്ലാം ഹൃദയത്തിന് സന്തോഷം പകരുകയും, മനസ്സിന് വിശാലത നൽകുകയും ചെയ്യും. (സഅ്ദി: 921)

ആയത്തുകൾ 17-20

(17) ഒട്ടകത്തിലേക്ക് അവർ നോക്കുന്നില്ലേ? എങ്ങനെയാണത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന്.	أَفَلَا يَنظُرُونَ إِلَى ٱلْإِبِلِ كَيْفَ خُلِقَتْ ﴿١٧﴾
(18) ആകാശത്തിലേക്കും (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നു എന്ന്.	وَإِلَى ٱلسَّمَآءِ كَيْفَ رُفِعَتْ ﴿١٨﴾
(19) പർവ്വതങ്ങളിലേക്കും (അവർ നോക്കുന്നില്ലേ?) അവ എങ്ങനെ നാട്ടി നിർത്തപ്പെട്ടിരിക്കുന്നുവെന്ന്.	وَإِلَى ٱلْجِبَالِ كَيْفَ نُصِبَتْ ﴿١٩﴾

وَإِلَى ٱلْأَرْضِ كَيْفَ سُطِحَتْ ﴿٢٠﴾

(20) ഭൂമിയിലേക്കും (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ പരത്തപ്പെട്ടിരിക്കുന്നുവെന്ന്.

തഫ്സീർ

പരലോകത്ത് സൗഭാഗ്യവാന്മാരുടെയും ദൗർഭാഗ്യവാന്മാരുടെയും സ്ഥിതിവിശേഷങ്ങൾ എന്തായിരിക്കുമെന്ന് വിവരിച്ച ശേഷം (അല്ലാഹുവിനെയും അവന്റെ ദീനായ ഇസ്‌ലാമിനെയും) നിഷേധിച്ചവരുടെ ശ്രദ്ധ മറ്റൊരു കാര്യത്തിലേക്ക് അല്ലാഹു ക്ഷണിക്കുന്നു.

സ്രഷ്ടാവായ അല്ലാഹുവിന്റെ ശക്തിയും, അവന്റെ സൃഷ്ടിപ്പിന്റെ ഭംഗിയും നോക്കിക്കാണുവാനും, അതിലൂടെ (അല്ലാഹുവിലുള്ള) വിശ്വാസത്തിലേക്ക് വന്നണയാനും, അങ്ങനെ സ്വർഗത്തിൽ പ്രവേശിക്കാനും, സൗഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടാനും അല്ലാഹു അവരെ ഗുണദോഷിക്കുന്നു. അവൻ പറയുന്നു:

(17) ചിന്തിച്ചു കൊണ്ടും, ഉറ്റാലോചിച്ചു കൊണ്ടും അവർ ഒട്ടകത്തിലേക്ക് -അത്ഭുതകരമായ അതിന്റെ സൃഷ്ടിപ്പിലേക്ക്- നോക്കുന്നില്ലേ?! എങ്ങനെയാണ് അല്ലാഹു അതിനെ സൃഷ്ടിച്ചിരിക്കുന്നതെന്ന്? എപ്രകാരമാണ് മനുഷ്യർക്കായി അല്ലാഹു അതിനെ കീഴ്പെടുത്തി നൽകിയതെന്ന്?!

(18) ആകാശത്തിലേക്ക് -അതിന്റെ മനോഹരമായ വിതാനത്തിലേക്ക്- അവർ നോക്കുന്നില്ലേ?! എങ്ങനെയാണ് അല്ലാഹു അതിനെ അവർക്ക് മുകളിൽ ഒരു മേൽക്കൂര പോലെ ഉയർത്തിയിരിക്കുന്നതെന്നും, എങ്ങനെയാണ് അതവരുടെ മുകളിലേക്ക് വീഴാതെ നിൽക്കുന്നതെന്നും?

(19) പർവ്വതങ്ങളിലേക്ക് അവർ നോക്കുന്നില്ലേ?! എങ്ങനെയാണ് അല്ലാഹു അതിനെ നാട്ടിനിർത്തുകയും, അതിലൂടെ ഭൂമിയെ ഇളകിമറിയാത്ത വിധം ഉറപ്പിച്ചു നിർത്തുകയും ചെയ്തതെന്ന്?!

(20) ഭൂമിയിലേക്ക് അവർ നോക്കുന്നില്ലേ?! എങ്ങനെയാണ് അവൻ അതിനെ വിതാനിച്ചിരിക്കുന്നതെന്നും, ജനങ്ങൾ സുഖകരമായി വസിക്കാൻ തക്കവണ്ണം അതിനെ ഒരുക്കിയിരിക്കുന്നതെന്നും?!

ആയത്തുകൾ 21-26

فَذَكِّرۡ إِنَّمَآ أَنتَ مُذَكِّرٞ ٢١

(21) അതിനാൽ (നബിയേ,) താങ്കൾ ഉദ്ബോധിപ്പിക്കുക. അങ്ങ് ഒരു ഉദ്ബോധകൻ മാത്രമാകുന്നു.

لَّسۡتَ عَلَيۡهِم بِمُصَيۡطِرٍ ٢٢

(22) താങ്കൾ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല.

إِلَّا مَن تَوَلَّىٰ وَكَفَرَ ٢٣ فَيُعَذِّبُهُ ٱللَّهُ ٱلۡعَذَابَ ٱلۡأَكۡبَرَ ٢٤

(23-24) എന്നാൽ, ആരെങ്കിലും തിരിഞ്ഞു കളയുകയും, അവിശ്വസിക്കുകയും ചെയ്യുന്ന പക്ഷം; അല്ലാഹു അവനെ ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്.

إِنَّ إِلَيۡنَآ إِيَابَهُمۡ ٢٥ ثُمَّ إِنَّ عَلَيۡنَا حِسَابَهُم ٢٦

(25-26) തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ.

തഫ്സീർ

(21) അതിനാൽ -അല്ലാഹുവിന്റെ റസൂലേ!- താങ്കൾ അവരെ ഉപദേശിക്കുക. ഇസ്‌ലാമിൽ നിന്ന് തിരിഞ്ഞു കളയുന്നവരെ അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ച് ഭയപ്പെടുത്തുക. താങ്കൾ ഒരു ഉദ്ബോധകൻ മാത്രമാകുന്നു. അവരെ ഉദ്ബോധിപ്പിക്കുക എന്നത് മാത്രമേ താങ്കൾ ചെയ്യേണ്ടതുള്ളൂ. (ഇസ്‌ലാം) സ്വീകരിക്കാനുള്ള സൗഭാഗ്യം അവർക്ക് നൽകുക എന്ന കാര്യം അല്ലാഹുവിന്റെ കയ്യിൽ മാത്രമാണ്. അതിനാൽ അവരുടെ തുടർച്ചയായ നിരാകരണം താങ്കളെ ദുഃഖിപ്പിക്കേണ്ടതില്ല.

(22) താങ്കൾ അവരുടെ മേൽ അധികാരം ചെലുത്തുന്നവനല്ല; അതിനാൽ അല്ലാഹുവിൽ വിശ്വസിക്കാൻ അവരെ ഭീഷണിപ്പെടുത്തേണ്ടതില്ല. അവരെ നിർബന്ധിച്ചു വിശ്വസിപ്പിക്കാൻ താങ്കൾക്ക്

മേൽ ബാധ്യതയുമില്ല.

(23-24) എന്നാൽ വിശ്വസിക്കാതെ തിരിഞ്ഞു കളയുകയും, അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിഷേധിക്കുകയും ചെയ്തവനെ പരലോകത്ത് അല്ലാഹു ഏറ്റവും ഭീകരമായ ശിക്ഷക്ക് വിധേയനാക്കുന്നതാണ്; നരകത്തിലെ ശാശ്വതവാസമാണ് അവനുള്ള ആ ശിക്ഷ.

(25-26) തീർച്ചയായും നമ്മുടെ അടുക്കലേക്ക് മാത്രമാണ് മരണശേഷം അവർ മടങ്ങാനിരിക്കുന്നത്. പിന്നീട് അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിചാരണ നടത്തുക എന്നതും നമ്മുടെ മേൽ മാത്രമുള്ള കാര്യമാണ്. താങ്കൾക്കോ മറ്റാർക്കെങ്കിലുമോ അതിനുള്ള അവകാശമില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 20)** ഭൂമി ഗോളാകൃതിയിലുള്ള ഒരു ഗ്രഹമാണ് എന്നതിനും, പ്രപഞ്ചം അതിനെ വലയം ചെയ്ത നിലയിലാണ് എന്നതിനും എതിരല്ല ഭൂമിയെ അല്ലാഹു പരത്തിയിരിക്കുന്നു എന്ന വിധത്തിലുള്ള ഖുർആനിലെ പ്രസ്താവനകൾ. ഇസ്ലാമിക പ്രമാണങ്ങളും ബുദ്ധിയും അനുഭവസാക്ഷ്യങ്ങളും ഒരു പോലെ സ്ഥിരപ്പെടുത്തുന്ന കാര്യമാണത്. ഭൂമിയുടെ അധിക മേഖലകളും മനുഷ്യർ കണ്ടെത്തിയിട്ടുള്ള ഈ കാലഘട്ടത്തിൽ ഈ വസ്തുത മനസ്സിലാക്കുക ഏറെ പ്രയാസകരവുമല്ല.

തീർത്തും ചെറിയ ഒരു ഗോളരൂപത്തെ കുറിച്ചാണെങ്കിൽ 'പരത്തപ്പെട്ടു' എന്ന പ്രയോഗം യോജിക്കുകയില്ലായിരുന്നു. കാരണം അതിന്റെ മുകളിൽ പറയപ്പെടാൻ മാത്രമുള്ള ഒരു 'പരപ്പ്' ഉണ്ടാവുകയില്ല. എന്നാൽ വളരെ വിശാലവും വലുതുമായ ഭൂമിയുടെ കാര്യം അങ്ങനെയല്ല. അത് ഒരേ സമയം ഗോളരൂപത്തിലും, അതോടൊപ്പം പരത്തപ്പെട്ട നിലയിലുമാണ്. ഇവ രണ്ടും ഒരിക്കലും പരസ്പര വിരുദ്ധമാണെന്ന് പറയുക സാധ്യമല്ല. (സഅ്ദി: 922-923)

» **(ആയത്ത്: 21-22)** പ്രബോധകന്റെ ബാധ്യത പ്രബോധനം മാത്രമാണ്. അവരെ സന്മാർഗം സ്വീകരിക്കാൻ നിർബന്ധം ചെലുത്തൽ അവന്റെ മേൽ ബാധ്യതയില്ല. കാരണം സന്മാർഗം സ്വീകരിക്കാനുള്ള സൗഭാഗ്യം നൽകുന്നവൻ അല്ലാഹു മാത്രമാണ്.

സൂറത്തുൽ ഫജ്ർ

سُورَةُ الفَجْرِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 30.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഫജ്ർ (الفَجْر): പുലരി എന്ന അർത്ഥമുള്ള 'ഫജ്ർ' എന്ന പദം സൂറത്തിന്റെ ആരംഭത്തിൽ വന്നിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ഫജ്ർ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിൽ നിന്നുള്ള സന്ദേശത്തെ തിരസ്കരിക്കുന്നതിൽ മക്കയിലെ ബഹുദൈവാരാധകർ സ്വീകരിച്ചിരിക്കുന്ന മാർഗം ആദ്-ഥമൂദ് ഗോത്രങ്ങളും ഫിർഔനിന്റെ ജനതയും അടക്കമുള്ള മുൻകഴിഞ്ഞ സമൂഹങ്ങളുടേതിന് സമാനമാണ് എന്ന് വ്യക്തമാക്കുന്നു.

* മുൻപുള്ള സമൂഹങ്ങളുടെ അതിക്രമങ്ങളുടെ ഫലമായി അവരെ ബാധിച്ച ശിക്ഷകളുടെ ചരിത്രം വിവരിച്ചു കൊണ്ട് നബി -ﷺ-യ്ക്ക് സ്ഥൈര്യം പകരുകയും, അവിടുത്തെ ശത്രുക്കൾ നശിച്ചടങ്ങുന്നതാണെന്ന വാഗ്ദാനം നൽകുകയും ചെയ്യുന്നു ഈ അദ്ധ്യായം.

* ഐഹികജീവിതത്തിൽ നന്മകൾ കൊണ്ടും തിന്മകൾ കൊണ്ടും അല്ലാഹു മനുഷ്യരെ പരീക്ഷിക്കുന്ന രൂപം വിവരിക്കുന്നു.

* തങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ അല്ലാഹു തങ്ങളെ തൃപ്തിപ്പെട്ടുവെന്നതിനുള്ള തെളിവാണെന്ന് ചിന്തിക്കുകയും, അതിൽ വഞ്ചിതരാവുകയും അല്ലാഹുവിന് നന്ദി കാണിക്കുന്നത് ഒഴിവാക്കുകയും ചെയ്ത മക്കക്കാരുടെ ധാരണയെ തിരുത്തുന്നു.

* പരലോകത്തിന്റെ ഭയാനകമായ അവസ്ഥകൾ വിവരിക്കുകയും, അന്ത്യനാളിൽ മനുഷ്യർ സൗഭാഗ്യവാന്മാരും ദൗർഭാഗ്യവാന്മാരുമായി തിരിയുന്നതാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

* തിന്മകൾ നിറഞ്ഞ ആത്മാവുകളും, നന്മകൾ നിറഞ്ഞ ആത്മാവുകളും ഇഹലോകം വിട്ടുപിരിയുന്ന വേളയിലുള്ള വ്യത്യാസങ്ങൾ ബോധ്യപ്പെടുത്തുന്നു.

ആയത്തുകൾ 1-5

(1) പ്രഭാതം തന്നെയാണ് സത്യം.	وَٱلْفَجْرِ ١
(2) പത്തു രാത്രികൾ തന്നെയാണ് സത്യം.	وَلَيَالٍ عَشْرٍ ٢
(3) ഇരട്ടയും ഒറ്റയും തന്നെയാണ് സത്യം.	وَٱلشَّفْعِ وَٱلْوَتْرِ ٣
(4) രാത്രി നീങ്ങുമ്പോൾ അതു കൊണ്ടും.	وَٱلَّيْلِ إِذَا يَسْرِ ٤
(5) അതിൽ (മേൽ പറഞ്ഞവയിൽ) ബുദ്ധിയുള്ളവന് (മതിയായ) ശപഥമുണ്ടോ?	هَلْ فِى ذَٰلِكَ قَسَمٌ لِّذِى حِجْرٍ ٥

തഫ്സീർ

(1) പ്രഭാതത്തെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(2) ദുൽ ഹിജ്ജ മാസത്തിലെ ആദ്യ പത്ത് രാത്രികൾ കൊണ്ടും, അവക്ക് ശ്രേഷ്ഠത നൽകിയ കാര്യങ്ങളെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. (3) ഒറ്റയും ഇണയുമായവ കൊണ്ടും അവൻ സത്യം ചെയ്തിരിക്കുന്നു.

(4) രാത്രി ആരംഭിക്കുകയും, തുടർന്നു പോവുകയും, പിന്തിരിയുകയും ചെയ്യുന്ന സന്ദർഭങ്ങളെ കൊണ്ടും അവൻ സത്യം ചെയ്തിരിക്കുന്നു. 'മനുഷ്യരേ! നിങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രതിഫലം നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും' എന്ന് അറിയിക്കുന്നതിനാണ് ഈ ശപഥങ്ങളെല്ലാം.

(5) ഈ പറയപ്പെട്ട ശപഥങ്ങൾ ബുദ്ധിയുള്ളവരെ തൃപ്തിപ്പെടു

ത്തുമോ? ഉത്തരം വ്യക്തമാണ്: അതിലെ ചില ശപഥങ്ങൾ തന്നെ ബുദ്ധിയുള്ളവർക്ക് -ഹൃദയസാന്നിദ്ധ്യത്തോടെ അവക്ക് ചെവി കൊടുക്കുന്നവർക്ക്- മതിയാകുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** രാത്രിയുടെ അവസാന സമയവും, പകലിന്റെ ആരംഭവേളയുമാണ് 'ഫജ്ർ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. രാത്രിയുടെ പിറകോട്ടുള്ള യാത്രയിലും, പകലിന്റെ മുന്നോട്ടുള്ള ഗമനത്തിലും അല്ലാഹുവിന്റെ മഹത്തരമായ ചില ദൃഷ്ടാന്തങ്ങളുണ്ട്. അല്ലാഹു മാത്രമാണ് എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് എന്നും, അവന് മാത്രമാണ് ആരാധനകൾക്ക് അർഹതയുള്ളത് എന്നും അവ മനുഷ്യരെ ബോധ്യപ്പെടുത്തുന്നു. ഫജ്റിന്റെ ഈ വേളയിൽ തന്നെയാണ് ഏറെ ശ്രേഷ്ഠവും മഹത്തരവുമായ സുബ്ഹി നിസ്കാരം നിർവ്വഹിക്കപ്പെടുന്നത്. (സഅ്ദി: 923)

പത്തു രാപ്പകലുകൾ!

ഈ അദ്ധ്യായത്തിലെ രണ്ടാമത്തെ വചനത്തിൽ പത്തു രാത്രികളെ കൊണ്ടാണ് അല്ലാഹു ശപഥം ചെയ്തിരിക്കുന്നത്. പത്ത് രാത്രികൾ എന്നത് കൊണ്ട് ഉദ്ദേശ്യം റമദാനിലെ അവസാനത്തെ പത്ത് രാത്രികളോ, ദുൽ ഹിജ്ജയിലെ പത്ത് പകലുകളോ ആണെന്ന അഭിപ്രായങ്ങളുണ്ട്.

ഈ രണ്ട് സമയങ്ങളും ഏറെ ശ്രേഷ്ഠമായ സമയങ്ങളാണെന്നതിൽ സംശയമില്ല. മറ്റൊരു സമയത്തും നിർവ്വഹിക്കപ്പെടാത്ത അനേകം ആരാധനകളും സൽകർമ്മങ്ങളും ഈ ദിവസങ്ങളിൽ നിർവ്വഹിക്കപ്പെടാറുണ്ട്.

റമദാനിലെ അവസാനത്തെ പത്തുകളിലാണ് വിശുദ്ധ 'ലൈലതുൽ ഖദ്ർ' ഉള്ളത്; ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠതയുള്ള രാത്രിയാണ് അത്. പകലുകളിൽ റമദാൻ മാസത്തിലെ നോമ്പ് അനുഷ്ഠിക്കപ്പെടുന്നു; ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നാണത്.

ദുൽ ഹിജ്ജയിലെ ആദ്യ പത്തു ദിവസങ്ങളിലും ഇതു പോലെ ത്തന്നെ; അറഫാ ദിനവും അന്നുള്ള ജനസംഗമവും ഈ സന്ദർഭത്തിലാണ്. പിശാചിന് ദുഃഖമുണ്ടാക്കുന്ന വിധത്തിൽ അല്ലാഹു ത

ന്റെ ദാസന്മാർക്ക് പൊറുത്തു നൽകുന്ന ദിവസമാണത്.

അറഫാ ദിവസത്തിൽ പിശാചിനുണ്ടാകുന്നത് പോലുള്ള നിന്ദ്യതയും അപമാനവും മറ്റൊരു ദിവസവും അവനുണ്ടാകുന്നതല്ല. അന്നേ ദിവസം ധാരാളമായി അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങിവരുന്നതും, അല്ലാഹുവിന്റെ കാരുണ്യം അവന്റെ അടിമകൾക്ക് മേൽ വർഷിക്കപ്പെടുന്നതും കാരണമാണത്. ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങളിൽ അധികവും ഈ ദിവസങ്ങളിൽ തന്നെയാണുള്ളത്.

അല്ലാഹു ഈ ദിവസങ്ങളെ കൊണ്ട് ശപഥം ചെയ്തു എന്നത് ഈ ദിവസങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന ഇത്രയും പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (സഅ്ദി: 923)

ആയത്തുകൾ 6-14

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِعَادٍ ﴿٦﴾

(6) (നബിയേ!) ആദ് സമുദായത്തെ താങ്കളുടെ റബ്ബ് എന്തു ചെയ്തുവെന്ന് താങ്കളുടെ കണ്ടില്ലേ?

إِرَمَ ذَاتِ ٱلْعِمَادِ ﴿٧﴾

(7) അതായത് നീളമുള്ള ശരീരത്തിന്റെ ഉടമകളായ ഇറം ഗോത്രത്തെ കൊണ്ട്.

ٱلَّتِى لَمْ يُخْلَقْ مِثْلُهَا فِى ٱلْبِلَٰدِ ﴿٨﴾

(8) രാജ്യങ്ങളിൽ അതു പോലുള്ളവ സൃഷ്ടിക്കപ്പെടാത്ത ഗോത്രം.

وَثَمُودَ ٱلَّذِينَ جَابُوا۟ ٱلصَّخْرَ بِٱلْوَادِ ﴿٩﴾

(9) താഴ്‌വരയിൽ പാറവെട്ടി കെട്ടിടമുണ്ടാക്കിയവരായ ഥമൂദ് ഗോത്രത്തെയും.

وَفِرْعَوْنَ ذِى ٱلْأَوْتَادِ ﴿١٠﴾

(10) 'ഔതാദിന്റെ' ആളായ ഫിർഔനെയും.

ٱلَّذِينَ طَغَوْا۟ فِى ٱلْبِلَٰدِ ﴿١١﴾

(11) നാടുകളിൽ അതിക്രമം പ്രവർത്തിച്ചവർ.

فَأَكۡثَرُواْ فِيهَا ٱلۡفَسَادَ ﴿١٢﴾

(12) അങ്ങനെ അവിടങ്ങളിൽ അവർ ധാരാളം കുഴപ്പം സൃഷ്ടിച്ചു.

فَصَبَّ عَلَيۡهِمۡ رَبُّكَ سَوۡطَ عَذَابٍ ﴿١٣﴾

(13) അതിനാൽ നിന്റെ രക്ഷിതാവ് അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടി വർഷിച്ചു.

إِنَّ رَبَّكَ لَبِٱلۡمِرۡصَادِ ﴿١٤﴾

(14) തീർച്ചയായും താങ്കളുടെ റബ്ബ് സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടേയിരിക്കുന്നവനാണ്.

തഫ്സീർ

(6) അല്ലാഹുവിന്റെ റസൂലേ! ഹൂദ് നബിയുടെ സമുദായമായ ആദ് ഗോത്രത്തെ -അവർ തങ്ങളുടെ റസൂലിനെ കളവാക്കിയപ്പോൾ- താങ്കളുടെ രക്ഷിതാവ് എന്തു ചെയ്തുവെന്ന് കണ്ടില്ലേ?

(7-8) തങ്ങളുടെ പ്രപിതാവായ ഇറം എന്ന വ്യക്തിയിലേക്ക് ചേർത്തിപ്പറഞ്ഞിരുന്ന, നീളവും ശക്തിയുമുണ്ടായിരുന്ന ആദ് ഗോത്രക്കാർ. തൂണുകളിൽ കെട്ടിയുയർത്തിയ നീളമുള്ള കെട്ടിടങ്ങൾ അ വർ നിർമ്മിക്കാറുണ്ടായിരുന്നു. ശാരീരിക ശക്തിയിലും വലുപ്പത്തിലും അവർക്ക് തുല്ല്യരായ ഒരു ഗോത്രത്തെ മറ്റൊരു നാട്ടിലും അല്ലാഹു സൃഷ്ടിച്ചിട്ടില്ല.

(9) സ്വാലിഹ് നബിയുടെ ഗോത്രമായ ഥമൂദ് ഗോത്രത്തെ താങ്കളുടെ രക്ഷിതാവ് എന്താണ് ചെയ്തതെന്നും കണ്ടില്ലേ? താഴ്വാരങ്ങളിലെ പർവ്വതങ്ങളെ പിളർത്തുകയും, അതിലെ കല്ലുകൾ കൊണ്ട് വീടുകൾ പണിതവരായിരുന്നു അവർ.

(10) തന്റെ അധികാരം നിലനിർത്തുന്നതിനും, ഈജിപ്തിലെ ജനങ്ങളെ അടിച്ചമർത്തുന്നതിനും വേണ്ടി നിരത്തി നിർത്തിയ, വലിയ സൈന്യത്തിന്റെ അധിപനായിരുന്ന ഫിർഔനിനെ താങ്കളുടെ രക്ഷിതാവ് എന്ത് ചെയ്തുവെന്നും താങ്കൾ കണ്ടില്ലേ?

(11) അതിക്രമത്തിലും അന്യായം പ്രവർത്തിക്കുന്നതിലും അതിരുകവിഞ്ഞവരായിരുന്നു ഇവരെല്ലാം. എല്ലാവരും അവരവരുടെ നാടുകളിലെ അതിക്രമികളായിരുന്നു.

(12) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിക്കുന്നതിനും, തിന്മകൾ പ്രവർത്തിക്കുന്നതിനും തങ്ങളുടെ നാടുകളിൽ പ്രചാരം നൽകിക്കൊണ്ടും, അതിക്രമങ്ങൾ വ്യാപിപ്പിച്ചു കൊണ്ടും അവിടങ്ങളിലെല്ലാം അവർ കുഴപ്പം വിതക്കുകയും ചെയ്തു.

(13) അപ്പോൾ അല്ലാഹു അവന്റെ കഠിനമായ ശിക്ഷ തന്നെ അവരെ രുചിപ്പിച്ചു. ഭൂമിയിൽ നിന്ന് അവരെ അവൻ വേരോടെ പിഴുതെറിയുകയും ചെയ്തു.

(14) അല്ലാഹുവിന്റെ റസൂലേ! താങ്കളുടെ രക്ഷിതാവ് ജനങ്ങളുടെ പ്രവർത്തനങ്ങൾ വളരെ സൂക്ഷ്മമായി വീക്ഷിച്ചു കൊണ്ടേയിരിക്കുന്നുണ്ട്. ധിക്കാരികൾക്കായി അവൻ പതിയിരിക്കുകയും, കുറഞ്ഞകാലം അവരെ അഴിച്ചുവിട്ട ശേഷം സർവ്വശക്തിയോടെ അവരെ അവൻ പിടികൂടുകയും ചെയ്യുന്നു.

ആയത്തുകൾ 15-20

فَأَمَّا ٱلْإِنسَٰنُ إِذَا مَا ٱبْتَلَىٰهُ رَبُّهُۥ فَأَكْرَمَهُۥ وَنَعَّمَهُۥ فَيَقُولُ رَبِّىٓ أَكْرَمَنِ ﴿١٥﴾

(15) എന്നാൽ മനുഷ്യനെ അവന്റെ റബ്ബ് പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അവന് അനുഗ്രഹങ്ങൾ ആസ്വദിപ്പിക്കുകയും ചെയ്താൽ അവൻ പറയും; എന്റെ റബ്ബ് എന്നെ ആദരിച്ചിരിക്കുന്നു എന്ന്.

وَأَمَّآ إِذَا مَا ٱبْتَلَىٰهُ فَقَدَرَ عَلَيْهِ رِزْقَهُۥ فَيَقُولُ رَبِّىٓ أَهَٰنَنِ ﴿١٦﴾

(16) എന്നാൽ മനുഷ്യനെ അല്ലാഹു പരീക്ഷിക്കുകയും എന്നിട്ടവന്റെ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ അവൻ പറയും; എന്റെ റബ്ബ് എന്നെ അപമാനിച്ചിരിക്കുന്നു എന്ന്.

كَلَّاۖ بَل لَّا تُكۡرِمُونَ ٱلۡيَتِيمَ ﴿١٧﴾

(17) അല്ല, പക്ഷെ നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല.

وَلَا تَحَٰٓضُّونَ عَلَىٰ طَعَامِ ٱلۡمِسۡكِينِ ﴿١٨﴾

(18) പാവപ്പെട്ടവന് ആഹാരം നൽകാൻ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നുമില്ല.

وَتَأۡكُلُونَ ٱلتُّرَاثَ أَكۡلٗا لَّمّٗا ﴿١٩﴾

(19) അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു.

وَتُحِبُّونَ ٱلۡمَالَ حُبّٗا جَمّٗا ﴿٢٠﴾

(20) നിങ്ങൾ ധനത്തെ കഠിനമായി സ്നേഹിക്കുകയും ചെയ്യുന്നു.

തഫ്സീർ

അല്ലാഹു നശിപ്പിച്ച സമൂഹങ്ങൾ -ആദും ഥമൂദും ഫിർഔനിന്റെ ജനതയുമെല്ലാം- ശക്തിയും പ്രതാപവും നൽകപ്പെട്ടവരായിരുന്നല്ലോ? അത്തരം അനുഗ്രഹങ്ങൾ അല്ലാഹു അവരെ തൃപ്തിപ്പെട്ടതിന്റെ അടയാളമാണെന്ന് ചിലർ ധരിച്ചേക്കാൻ സാധ്യതയുണ്ട്. ഈ ധാരണയെ അല്ലാഹു തിരുത്തുകയാണ് ഇനിയുള്ള ആയത്തുകളിൽ.

(15) എന്നാൽ മനുഷ്യന്റെ പ്രകൃതം (നോക്കുക)! അവന്റെ രക്ഷിതാവ് അവനെ പരീക്ഷിക്കുകയും അവനെ ആദരിക്കുകയും, സമ്പത്തും സന്താനങ്ങളും സ്ഥാനവുമൊക്കെ അനുഗ്രഹമായി അവന്റെ മേൽ വർഷിക്കുകയും ചെയ്താൽ അല്ലാഹുവിങ്കൽ തനിക്കുള്ള ആദരവ് കാരണത്താലാണ് ഇതെല്ലാം ലഭിച്ചത് എന്നവൻ ധരിക്കും. അവൻ പറയും: ഈ ആദരവിനെല്ലാം അർഹതയുള്ളവനാണ് ഞാൻ എന്നതിനാൽ എന്റെ രക്ഷിതാവ് എന്നെ അനുഗ്രഹിച്ചിരിക്കുന്നു.

(16) എന്നാൽ അല്ലാഹു അവനെ പരീക്ഷിക്കുകയും, അവന്റെ ഉപജീവനം ഇടുക്കമുള്ളതാക്കുകയും ചെയ്താൽ അല്ലാഹുവിങ്കൽ താൻ തരംതാഴ്ന്നവനാണ് എന്നതിനാലാണ് ഇതെല്ലാം എന്നാണ് അവൻ ധരിക്കുക. അയാൾ പറയും: എന്റെ രക്ഷിതാവ് എന്നെ

അപമാനിച്ചിരിക്കുന്നു.

(17) അല്ല! എന്നാൽ ഈ മനുഷ്യൻ ധരിച്ചത് പോലെയല്ല കാര്യം. അനുഗ്രഹങ്ങൾ അല്ലാഹുവിന്റെ തൃപ്തിയുടെയും, പ്രയാസങ്ങൾ അവന്റെ അവഗണനയുടെയും അടയാളമല്ല. മറിച്ച്, ആദരവിനുള്ള മാനദണ്ഡം അല്ലാഹുവിനുള്ള അനുസരണമാണ്. നിന്ദ്യതക്കുള്ള കാരണം അല്ലാഹുവിനെ ധിക്കരിക്കുക എന്നതും.

പക്ഷേ, യാഥാർഥ്യമെന്തെന്നാൽ നിങ്ങൾക്ക് അല്ലാഹു നൽകിയ സമ്പാദ്യത്തിൽ നിന്ന് അനാഥരെ നിങ്ങൾ ആദരിക്കുന്നില്ല. ചെറുപ്രായത്തിൽ പിതാവ് മരണപ്പെട്ട അവനോട് നിങ്ങൾ നന്നായി പെരുമാറുന്നുമില്ല.

(18) അതോടൊപ്പം, തന്റെ നിത്യചെലവുകൾക്കോ ആവശ്യങ്ങൾ നിറവേറ്റുന്നതിനോ പോലും വകയില്ലാത്ത പരമദരിദ്രർക്ക് ഭക്ഷണം നൽകാൻ നിങ്ങൾ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല.

(19) ദുർബലരായ സ്ത്രീകളുടെയും അനാഥരുടെയും അവകാശങ്ങളും, അവർക്ക് അർഹതപ്പെട്ട അനന്തരസ്വത്തും -നിങ്ങൾക്ക് അവ അനുവദനീയമാണോ എന്ന ചിന്തയേതുമില്ലാതെ- നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു.

(20) നിങ്ങൾ അമിതമായി ധനത്തെ സ്നേഹിക്കുകയും ചെയ്യുന്നു. അതിനോടുള്ള ആർത്തി കാരണത്താൽ അല്ലാഹുവിന്റെ മാർഗത്തിൽ സമ്പാദ്യം ചെലവഴിക്കുന്നതിൽ നിങ്ങൾ പിശുക്ക് കാണിക്കുകയും ചെയ്യുന്നു.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 15-16)** മനുഷ്യരുടെ പൊതുപ്രകൃതം എത്ര വ്യക്തമായാണ് അല്ലാഹു ഈ വചനങ്ങളിൽ വിവരിച്ചത് എന്ന് നോക്കൂ. അറിവില്ലായ്മയും അതിക്രമവും അവന്റെ കൂടെപ്പിറപ്പുകളായിരിക്കുന്നു. കാര്യങ്ങളുടെ പര്യവസാനത്തെ കുറിച്ച് അവന് യാതൊരു അറിവോ ബോധ്യമോ ഇല്ലാതെ പോവുകയും ചെയ്തിരിക്കുന്നു. -ദാരിദ്ര്യമോ സമ്പന്നതയോ ആകട്ടെ-ജീവിതത്തിലെ ഓരോ സാഹചര്യങ്ങളിൽ എത്തിപ്പെടുമ്പോഴും അവൻ ധരിക്കുന്നത്, ഇനിയങ്ങോട്ട് ഇതേ അവസ്ഥയിൽ തന്നെ താൻ തുടർന്നു പോ

കുമെന്നാണ്. അതൊരിക്കലും മാറുമെന്നോ അതിനൊരു വ്യത്യാസമുണ്ടാകുമെന്നോ അവൻ കരുതുന്നില്ല. (സഅ്ദി: 923)

» **(ആയത്ത്: 15-16)** ഇഹലോകത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിച്ചവരെല്ലാം അല്ലാഹുവിങ്കൽ ആദരണീയരല്ല. ഇഹലോകത്ത് ഉപജീവനം കുറഞ്ഞു പോയവർ അവന്റെ അരികിൽ നിന്ദ്യരുമല്ല. മറിച്ച് സമ്പത്തും ദാരിദ്ര്യവും, വിശാലതയും ഇടുക്കവുമെല്ലാം അല്ലാഹുവിൽ നിന്നുള്ള പരീക്ഷണം മാത്രമാണ്.

ആരാണ് അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുകയും പ്രയാസങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്നത് എന്ന് വ്യക്തമാകുന്നതിന് വേണ്ടിയാണ് ഇവയെല്ലാം അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. ഈ പരീക്ഷണത്തിൽ വിജയം കൈവരിച്ചവന് മഹത്തരമായ പ്രതിഫലമുണ്ട്; അല്ലാത്തവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്. (സഅ്ദി: 924)

» **(ആയത്ത്: 15-20)** മനുഷ്യന്റെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും തന്റെ സ്വന്തം കാര്യത്തിൽ മാത്രം പരിമിതപ്പെടുന്നത് അവന്റെ ലക്ഷ്യം തീർത്തും നിസ്സാരമാണെന്നും, അവൻ സ്വാർത്ഥനാണെന്നും അറിയിക്കുന്നു. അതു കൊണ്ടാണ് (സ്വന്തം സമ്പത്തിനെ കുറിച്ചും ദാരിദ്ര്യത്തെ കുറിച്ചും മാത്രം ചിന്തിക്കുകയും) ചുറ്റുമുള്ളവരുടെ ആവശ്യങ്ങൾ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നവരെ അല്ലാഹു ആക്ഷേപിച്ചത്. (സഅ്ദി: 924)

ആയത്തുകൾ 21-30

(21) അല്ല, ഭൂമി പൊടിപൊടിയായി പൊടിക്കപ്പെട്ടാൽ;	كَلَّآ إِذَا دُكَّتِ ٱلْأَرْضُ دَكًّا دَكًّا ﴿٢١﴾
(22) നിന്റെ റബ്ബും, അണിയണിയായി മലക്കുകളും വരുകയും ചെയ്താൽ.	وَجَآءَ رَبُّكَ وَٱلْمَلَكُ صَفًّا صَفًّا ﴿٢٢﴾

وَجِاْيٓءَ يَوْمَئِذِۭ بِجَهَنَّمَۚ
يَوْمَئِذٖ يَتَذَكَّرُ ٱلْإِنسَٰنُ
وَأَنَّىٰ لَهُ ٱلذِّكْرَىٰ ٢٣

(23) അന്ന് നരകം കൊണ്ടു വരപ്പെടുകയും ചെയ്താൽ! മനുഷ്യൻ ആ ദിവസം (തന്റെ പ്രവർത്തനങ്ങൾ) ഓർത്തെടുക്കുന്നതാണ്. എന്നാൽ ആ ഓർമ്മ അവന് എന്തുപകാരം ചെയ്യാനാണ്?

يَقُولُ يَٰلَيْتَنِي قَدَّمْتُ لِحَيَاتِي ٢٤

(24) അവൻ പറയും. ഹാ കഷ്ടം! ഞാൻ എന്റെ ജീവിതത്തിനു വേണ്ടി മുൻകൂട്ടി (സൽകർമ്മങ്ങൾ) ചെയ്തുവെച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

فَيَوْمَئِذٖ لَّا يُعَذِّبُ
عَذَابَهُۥٓ أَحَدٞ ٢٥

(25) അപ്പോൾ അന്നേ ദിവസം അല്ലാഹു ശിക്ഷിക്കുന്ന പോലെ ഒരാളും ശിക്ഷിക്കുകയില്ല.

وَلَا يُوثِقُ وَثَاقَهُۥٓ أَحَدٞ ٢٦

(26) അവൻ പിടിച്ചു ബന്ധിക്കുന്നത് പോലെ ഒരാളും പിടിച്ചു ബന്ധിക്കുന്നതുമല്ല.

يَٰٓأَيَّتُهَا ٱلنَّفْسُ ٱلْمُطْمَئِنَّةُ ٢٧

(27) ഹേ; സമാധാനമടഞ്ഞ ആത്മാവേ!

ٱرْجِعِيٓ إِلَىٰ رَبِّكِ
رَاضِيَةٗ مَّرْضِيَّةٗ ٢٨

(28) നീ നിന്റെ റബ്ബിങ്കലേക്ക് (അവനെ) തൃപ്തിപ്പെട്ടു കൊണ്ടും, (അല്ലാഹുവിന്റെ) തൃപ്തി ലഭിച്ചു കൊണ്ടും മടങ്ങിക്കൊള്ളുക.

فَٱدْخُلِي فِي عِبَٰدِي ٢٩
وَٱدْخُلِي جَنَّتِي ٣٠

(29-30) എന്നിട്ട് എന്റെ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിച്ചു കൊള്ളുക. എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക.

തഫ്സീർ

(21) നിങ്ങളുടെ പ്രവർത്തനങ്ങൾ ഈ രൂപത്തിലല്ല ആകേണ്ടിയിരുന്നത്. (അതായത്, അനാഥരെ സഹായിക്കാതെയും ദരിദ്രരെ പരിഗണിക്കാതെയും നിങ്ങൾ ജീവിക്കരുതായിരുന്നു.) ഭൂമി ശക്തിയായി കുലുങ്ങുകയും, അത് ആടിയുലയുകയും ചെയ്താൽ...

(22) അല്ലാഹുവിന്റെ റസൂലേ! നിന്റെ രക്ഷിതാവ് അവന്റെ അടിമകൾക്കിടയിൽ വിധി കൽപ്പിക്കാനായി വരികയും, മലക്കുകൾ അണിയണിയായി സന്നിഹിതരാവുകയും ചെയ്താൽ.

(23) അന്നേ ദിവസം നരകം കൊണ്ടു വരപ്പെടുന്നതാണ്; അതിന് എഴുപതിനായിരം ചങ്ങലകൾ ഉണ്ടായിരിക്കും. ഓരോ ചങ്ങലയിലും എഴുപതിനായിരം മലക്കുകൾ വീതം പിടിച്ചു വലിക്കുന്നുണ്ടായിരിക്കും. അന്നേ ദിവസം മനുഷ്യൻ അല്ലാഹുവിന്റെ വിഷയത്തിൽ താൻ വരുത്തിയ കുറവുകൾ ഓർക്കും. അന്ന് അവൻ പശ്ചാത്തപിച്ചു മടങ്ങാനും ഗുണപാഠം ഉൾക്കൊള്ളാനും തയ്യാറാകും. എന്നാൽ അന്നേ ദിവസം ഈ മനസ്താപവും പശ്ചാത്താപവും അവനെന്ത് ഉപകാരം ചെയ്യാനാണ്?!

കാരണം ഇഹലോകത്തായിരിക്കെ ഇക്കാര്യത്തിലെല്ലാം അവൻ വീഴ്ച്ച വരുത്തിയിരുന്നു; ഇപ്പോഴാകട്ടെ, അതിന്റെ സമയം അവസാനിക്കുകയും ചെയ്തിരിക്കുന്നു. കാരണം ഇത് പ്രതിഫലത്തിന്റെ ദിവസമാണ്; പ്രവർത്തിക്കാനുള്ള ദിവസമല്ല.

(24) അന്നേ ദിവസം കടുത്ത നിരാശയോടെ അവൻ വിളിച്ചു പറയും: "ഹാ കഷ്ടം! എന്റെ പാരത്രിക ജീവിതത്തിനായി ഞാൻ മുൻപ് സൽകർമ്മങ്ങൾ ചെയ്തു വെച്ചിരുന്നെങ്കിൽ..!"

(25) തന്നെ ധിക്കരിച്ചവരെ അന്നേ ദിവസം അല്ലാഹു ശിക്ഷിക്കുന്നത് പോലെ ശിക്ഷിക്കാൻ ഒരാൾക്കും സാധിക്കുന്നതല്ല. കാരണം അവന്റെ ശിക്ഷ ഏറ്റവും കഠിനവും എന്നെന്നും നിലനിൽക്കുന്നതുമാണ്.

(26) (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവരെ അവൻ ചങ്ങലകളിൽ ബന്ധിക്കുന്നത് പോലെ ഒരാളും (ആരെയും) ബന്ധിക്കുകയുമില്ല.

(27) എന്നാൽ (അല്ലാഹുവിലും അവന്റെ റസൂലിലും പരലോക

ത്തിലും) വിശ്വസിച്ചവന്റെ ആത്മാവിനോട് മരണവേളയിലും അന്ത്യ നാളിലും ഇപ്രകാരം പറയപ്പെടും: അല്ലയോ! (അല്ലാഹുവിലുള്ള) വിശ്വാസത്തിലും സൽകർമ്മങ്ങളിലും സമാധാനമടഞ്ഞ ആത്മാവേ! തന്നിൽ വിശ്വസിച്ചവർക്കായി അവൻ ഒരുക്കിയ സുഖാനുഗ്രഹങ്ങളിൽ തൃപ്തി കണ്ടെത്തിയ ആത്മാവേ!

(28) മഹത്തരമായ പ്രതിഫലം നൽകുന്ന നിന്റെ രക്ഷിതാവിനെ തൃപ്തിപ്പെട്ടു കൊണ്ട്, അല്ലാഹു നിനക്ക് നൽകിയ ആദരവിൽ തൃപ്തമായ മനസ്സുമായി.., നിന്റെ സൽകർമ്മങ്ങളാൽ അല്ലാഹുവിന്റെ തൃപ്തി നേടിയെടുത്തു കൊണ്ട് അവനിലേക്ക് മടങ്ങിക്കൊള്ളുക.

(29-30) എന്റെ സച്ചരിതരായ ദാസന്മാരുടെ കൂട്ടത്തിൽ നീ പ്രവേശിച്ചു കൊള്ളുക. അവരോടൊപ്പം -സൽകർമ്മികൾക്കായി ഞാൻ ഒരുക്കിയ- എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 22)** അന്ത്യനാളിൽ അല്ലാഹു അവന്റെ മഹത്വത്തിന് യോജിച്ച രൂപത്തിൽ ആഗമനാകും; അവന്റെ ആഗമനം (മറ്റു സൃഷ്ടികളുടേതിന്) സദൃശ്യമോ സമാനമോ അല്ല. (അവൻ ആഗമനം ചെയ്യുമെന്നത്) നിഷേധിക്കുക പാടില്ല.

» **(ആയത്ത്: 24)** മനുഷ്യർ അടിത്തറ കെട്ടിപ്പടുക്കുകയും, പൂർണ്ണത കൈവരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് പാരത്രിക ജീവിതത്തിലാണ്. അതാണ് ശാശ്വതമായ ലോകം. (സഅ്ദി: 924)

» **(ആയത്ത്: 26)** നരകവാസികൾ അനുഭവിക്കുന്ന ശിക്ഷ വളരെ കഠിനമാണ്. അഗ്നിയിൽ നിന്നുള്ള ചങ്ങലകളിൽ അവരെ വരിഞ്ഞു മുറുക്കും. ചുട്ടുപൊള്ളുന്ന തിളച്ച വെള്ളത്തിൽ അവരുടെ മുഖങ്ങൾ വലിച്ചിഴക്കപ്പെടുകയും, നരകത്തിൽ അവർ കത്തിയെരിക്കപ്പെടുകയും ചെയ്യുന്നതാണ്. ധിക്കാരികൾക്കുള്ള പ്രതിഫലം തീർത്തും കഠിനം തന്നെ! (സഅ്ദി: 924)

» **(ആയത്ത്: 28-29)** വിശ്വാസികൾ മരിക്കുന്ന വേളയിലും, അന്ത്യനാളിലും അവരോട് പറയപ്പെടുന്ന സ്വീകരണത്തിന്റെ വാക്കാണിത്. (സഅ്ദി: 924)

സൂറത്തുൽ ബലദ്

سُورَةُ البَلَدِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 20.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ബലദ് (البَلَدُ): നാട് എന്ന അർഥമുള്ള ബലദ് എന്ന പദം ആദ്യത്തെ ആയത്തിൽ വന്നിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ബലദ്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* തങ്ങളുടെ ശക്തിയിലും അംഗബലത്തിലും സ്വയം വഞ്ചിതരാവുകയും, തദ്ഫലമായി സത്യത്തിനോട് എതിരിടുകയും അല്ലാഹുവിന്റെ ദൂതനെ കളവാക്കുകയും, തങ്ങളുടെ സമ്പത്ത് പൊങ്ങച്ചത്തിനും തൻപോരിമയ്ക്കുമായി ചിലവഴിക്കുകയും ചെയ്ത ബഹുദൈവാരാധകർക്കുള്ള മറുപടി നൽകുന്നു ഈ അദ്ധ്യായം.

* അല്ലാഹുവിന്റെ മതത്തിന് എതിരെ നിലകൊള്ളുന്നവരെ പിടികൂടാൻ സമ്പൂർണ്ണശക്തിയുള്ളവനാണ് അല്ലാഹു എന്നും, അവരെ കുറിച്ചുള്ള എല്ലാ കാര്യവും അല്ലാഹു ചൂഴ്ന്നറിയുന്നുണ്ട് എന്നും വ്യക്തമാക്കുന്നതോടൊപ്പം, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാത്ത അവരുടെ രീതിയെ ആക്ഷേപിക്കുകയും ചെയ്യുന്നു.

* പരലോകത്ത് മനുഷ്യരെ കാത്തിരിക്കുന്ന പ്രയാസങ്ങൾ ബോധ്യപ്പെടുത്തുകയും, അവ മറികടക്കാൻ അല്ലാഹുവിലുള്ള വിശ്വാസവും സൽകർമ്മങ്ങളുമല്ലാതെ മറ്റൊന്നും സഹായകമാവില്ലെന്നും ഓർമ്മപ്പെടുത്തുന്നു.

* അന്ത്യനാളിൽ അല്ലാഹുവിൽ വിശ്വസിച്ചവരും അവനെ നിഷേധിച്ചവരും വേർതിരിയുമെന്ന് അറിയിക്കുകയും, സൗഭാഗ്യവാന്മാർക്ക് ലഭിക്കുന്ന പര്യവസാനവും ദൗർഭാഗ്യവാന്മാരുടെ അന്ത്യവും വ്യത്യസ്തമായിരിക്കുമെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

ആയത്തുകൾ 1-7

لَآ أُقۡسِمُ بِهَٰذَا ٱلۡبَلَدِ ١

(1) ഈ രാജ്യത്തെ (മക്കയെ) ക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

وَأَنتَ حِلُّۢ بِهَٰذَا ٱلۡبَلَدِ ٢

(2) താങ്കൾ ഈ രാജ്യത്ത് (യുദ്ധം ചെയ്യാൻ) അനുവാദമുള്ളയാളാണ്.

وَوَالِدٖ وَمَا وَلَدَ ٣

(3) പിതാവും, അയാൾ ജന്മം നൽകിയ സന്താനവും തന്നെ സത്യം.

لَقَدۡ خَلَقۡنَا ٱلۡإِنسَٰنَ فِي كَبَدٍ ٤

(4) തീർച്ചയായും ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത്.

أَيَحۡسَبُ أَن لَّن يَقۡدِرَ عَلَيۡهِ أَحَدٞ ٥

(5) അവനെ പിടികൂടാൻ ആർക്കും സാധിക്കുകയേ ഇല്ലെന്ന് അവൻ വിചാരിക്കുന്നുണ്ടോ?

يَقُولُ أَهۡلَكۡتُ مَالٗا لُّبَدًا ٦

(6) (പൊങ്ങച്ചത്തോടെ) അവൻ പറയുന്നു: ഞാൻ മേൽക്കുമേൽ പണം തുലച്ചിരിക്കുന്നു എന്ന്.

أَيَحۡسَبُ أَن لَّمۡ يَرَهُۥٓ أَحَدٌ ٧

(7) അവൻ വിചാരിക്കുന്നുണ്ടോ; അവനെ ആരും കണ്ടിട്ടില്ലെന്ന്?

തഫ്സീർ

(1) പരിശുദ്ധ നാടായ മക്കയെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(2) അല്ലാഹുവിന്റെ റസൂലേ! ഈ നാട്ടിൽ (നിരോധിക്കപ്പെട്ട ചില കാര്യങ്ങൾ) പ്രവർത്തിക്കാൻ താങ്കൾക്ക് അനുവാദം നൽകപ്പെടും.

അതായത് വധിക്കപ്പെടാൻ അർഹതയുള്ള ചിലരെ വധിക്കാനും, തടവിലാക്കേണ്ട ചിലരെ തടവിലാക്കാനും താങ്കൾക്ക് അനുവാദം നൽകപ്പെടുന്നതാണ്. [1]

മക്കയിൽ -മുസ്ലിംകൾ അടിച്ചമർത്തപ്പെട്ട ഒരു കാലഘട്ടത്തിൽ- അവതരിച്ച ഈ അദ്ധ്യായത്തിലൂടെ മുൻകൂട്ടി പ്രവചിക്കപ്പെട്ട ഈ കാര്യം പിന്നീട് സത്യമായി പുലരുകയും, മക്കയിൽ നിന്ന് പാലായനം ചെയ്ത ശേഷം മക്ക വിജയിച്ചടക്കി കൊണ്ട് നബി -ﷺ- അവിടേക്ക് തിരിച്ചെത്തുകയും ചെയ്തു.

(3) മനുഷ്യരുടെ പിതാവായ ആദം -عليه السلام- നെ കൊണ്ടും, അദ്ദേഹത്തിന്റെ പിൻതലമുറകളായി ജനിച്ചുവളർന്ന സന്താനങ്ങളെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(4) മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് പ്രയാസവും ക്ഷീണവും സഹിക്കേണ്ട നിലയിലാകുന്നു; കാരണം ഇഹലോകത്ത് അവൻ കഠിനതകൾ നേരിടേണ്ടതുണ്ട്.

(5) എത്രയെല്ലാം തിന്മകൾ ചെയ്തു കൂട്ടിയാലും അവനെ പിടികൂടാൻ ആർക്കും കഴിയില്ലെന്നും, ആരും അവനോട് പകരം ചോദിക്കില്ലെന്നുമാണോ അവൻ ധരിക്കുന്നത്? അത് അവനെ സൃഷ്ടിച്ച രക്ഷിതാവാണെങ്കിൽ പോലും!

(6) പൊങ്ങച്ചത്തോടെയും അഹങ്കാരത്തോടെയും അവൻ പറയുന്നു: 'മേൽക്കുമേൽ അട്ടിയട്ടിയായി സമ്പത്ത് ഞാൻ ചെലവഴിച്ചിരിക്കുന്നു.'

(7) പണം മേൽക്കുമേൽ ചെലവഴിക്കുന്ന പൊങ്ങച്ചക്കാരനായ ഈ മനുഷ്യനെ അല്ലാഹു കാണുന്നില്ലെന്നാണോ അവൻ വിചാരിക്കുന്നത്? തന്റെ സമ്പാദ്യത്തിന്റെ കാര്യത്തിൽ -ഇതെല്ലാം എവിടെ നിന്ന് സമ്പാദിച്ചുവെന്നും, ഏതിലെല്ലാം ചെലവഴിച്ചുവെന്നുമുള്ള- ഒരു വിചാരണയും അല്ലാഹു നടത്തുന്നതല്ല എന്നാണോ അവന്റെ ധാരണ?! (എന്നാൽ അറിഞ്ഞു കൊള്ളുക!) ചെറുതും വലുതുമായ എല്ലാം അവൻ വിചാരണ ചെയ്യുന്നതാണ്; തീർച്ച!

1 മക്കയിൽ യുദ്ധം ചെയ്യുന്നത് വിലക്കപ്പെട്ടിരിക്കുന്നു. എന്നാൽ മക്കാവിജയ വേളയിൽ നബി -ﷺ- ക്ക് ഈ നിയമത്തിൽ ഇളവ് നൽകപ്പെടുകയുണ്ടായി. അന്ന് അവിടുത്തേക്ക് നൽകപ്പെട്ട ഈ അനുവാദം പകലിലെ കുറഞ്ഞ സമയത്തേക്ക് മാത്രം ബാധകമായിരുന്നു.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-2)** മക്ക നബി -ﷺ- ക്ക് പകലിന്റെ ഒരു വേള സമയത്തേക്ക് (യുദ്ധത്തിന്) അനുവദിക്കപ്പെടും എന്ന പ്രവചനം നബി-ﷺ-യുടെ പ്രവാചകത്വത്തിനുള്ള തെളിവാണ്. (നബി -ﷺ-യും സ്വഹാബതും അടിച്ചമർത്തപ്പെട്ട മക്കാ കാലഘട്ടത്തിലാണ് സൂറ. ബലദ് അവതരിച്ചത്. പിന്നീട് അനേകം വർഷങ്ങൾക്ക് ശേഷമാണ് അവിടുന്ന് മക്ക വിജയിച്ചടക്കിയതും സൂറത്തിൽ പരാമർശിക്കപ്പെട്ടത് പോലെ പ്രവർത്തിച്ചതും.)

» **(ആയത്ത്: 4)** 'ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു മനുഷ്യൻ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് രണ്ടാലൊരു അർത്ഥമായിരിക്കാൻ സാധ്യതയുണ്ട്.
ഒന്ന്: മനുഷ്യൻ ഇഹലോകത്തും, ഖബർ ജീവിതത്തിലും, സൃഷ്ടികൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസവും ധാരാളം പ്രയാസങ്ങൾ നേരിടുന്നവനാണ്. ഈ കഠിനതകളിൽ നിന്ന് ആശ്വാസം ലഭിക്കാൻ അനിവാര്യമായ പ്രവർത്തനങ്ങൾ അവൻ ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ അവന് ശാശ്വതമായ സന്തോഷം നേടാൻ കഴിയുകയുള്ളൂ. അതല്ലായെങ്കിൽ, എന്നെന്നേക്കുമായി കഠിനമായ ശിക്ഷകൾ അവൻ നേരിട്ടു കൊണ്ടേയിരിക്കും.
രണ്ട്: മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഏറ്റവും നല്ല രൂപത്തിലും മനോഹരമായ സൃഷ്ടിപ്പിലുമാണ്. ഭാരമേറിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കാനുള്ള ശേഷി അവന് നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ഇതെല്ലാമുണ്ടായിട്ടും അവൻ അല്ലാഹുവിന് നന്ദി കാണിക്കുന്നില്ല. മറിച്ച്, ഈ അനുഗ്രഹങ്ങൾ അവനെ അഹങ്കാരിയാക്കുകയും, തന്റെ സ്രഷ്ടാവിനെ അവൻ ധിക്കരിക്കുകയും ചെയ്യുന്നു. തന്റെ ഈ ശക്തി എല്ലാ കാലവും തുടർന്നു കൊണ്ടിരിക്കുമെന്ന് അവൻ ധരിച്ചു പോവുകയും ചെയ്യുന്നു. (സഅ്ദി: 925)

» **(ആയത്ത്: 6)** അല്ലാഹുവിനെ നിഷേധിച്ചവർ തങ്ങളുടെ പണം ചിലവഴിച്ചതിനെ കുറിച്ച് 'ഞാൻ മേൽക്കുമേൽ പണം തുലച്ചിരിക്കുന്നു' എന്നാണ് പറയുന്നത്. കാരണം ദേഹേഛകളിലും തിന്മകളിലും ചെലവഴിക്കപ്പെടുന്ന സമ്പത്ത് നശിച്ചു പോയിരി

ക്കുന്നു. അവന് ആ സമ്പത്ത് യാതൊരു ഉപകാരവും ചെയ്യുന്ന തല്ല. ഖേദവും ക്ഷീണവും സമ്പത്തിലുള്ള കുറവുമാണ് അവനെ കാത്തിരിക്കുന്നത്. എന്നാൽ അല്ലാഹുവിന് തൃപ്തികരമായ മാർഗത്തിൽ -നന്മയുടെ വഴികളിൽ- ചെലവഴിച്ചവന്റെ സമ്പത്ത് ഇരട്ടിയിരട്ടിയായി ലാഭമാണ് അവന് നേടിക്കൊടുക്കുക. കാരണം അവൻ അല്ലാഹുവുമായാണ് കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നത്. (സഅ്ദി: 925)

ആയത്തുകൾ 8-20

أَلَمْ نَجْعَل لَّهُۥ عَيْنَيْنِ ٨

(8) അവന് നാം രണ്ട് കണ്ണുകൾ നൽകിയില്ലേ?

وَلِسَانًا وَشَفَتَيْنِ ٩

(9) ഒരു നാവും രണ്ടു ചുണ്ടുകളും (നൽകിയില്ലേ).

وَهَدَيْنَٰهُ ٱلنَّجْدَيْنِ ١٠

(10) തെളിഞ്ഞു നിൽക്കുന്ന രണ്ടു പാതകൾ അവനു നാം കാട്ടി കൊടുക്കുകയും ചെയ്തിരിക്കുന്നു.

فَلَا ٱقْتَحَمَ ٱلْعَقَبَةَ ١١

(11) എന്നിട്ട് ആ പ്രയാസകരമായ പാതയിൽ അവൻ പ്രവേശിച്ചില്ല.

وَمَآ أَدْرَىٰكَ مَا ٱلْعَقَبَةُ ١٢

(12) ഈ 'പ്രയാസകരമായ പാത' എന്നാൽ എന്താണെന്ന് നിനക്കറിയുമോ?

فَكُّ رَقَبَةٍ ١٣

(13) അടിമയെ മോചിപ്പിക്കലാണത്.

أَوْ إِطْعَٰمٌ فِى يَوْمٍ
ذِى مَسْغَبَةٍ ١٤

(14) അല്ലെങ്കിൽ പട്ടിണിയുടെ നാളുകളിൽ ഭക്ഷണം കൊടുക്കുക.

يَتِيمًا ذَا مَقْرَبَةٍ ١٥

(15) കുടുംബബന്ധമുള്ള അനാഥയ്ക്ക്.

أَوۡ مِسۡكِينٗا ذَا مَتۡرَبَةٖ ١٦

(16) അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്.

ثُمَّ كَانَ مِنَ ٱلَّذِينَ ءَامَنُواْ
وَتَوَاصَوۡاْ بِٱلصَّبۡرِ
وَتَوَاصَوۡاْ بِٱلۡمَرۡحَمَةِ ١٧

(17) പുറമെ, (അല്ലാഹുവിൽ) വിശ്വസിക്കുകയും, ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ഉൾപ്പെടുകയും ചെയ്തിരിക്കുന്നു.

أُوْلَٰٓئِكَ أَصۡحَٰبُ ٱلۡمَيۡمَنَةِ ١٨

(18) അങ്ങനെ ചെയ്യുന്നവരത്രെ വലതുപക്ഷക്കാർ.

وَٱلَّذِينَ كَفَرُواْ بِـَٔايَٰتِنَا
هُمۡ أَصۡحَٰبُ ٱلۡمَشۡـَٔمَةِ ١٩

(19) നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ, അവരത്രെ ഇടതുപക്ഷത്തിന്റെ ആളുകൾ.

عَلَيۡهِمۡ نَارٞ مُّؤۡصَدَةُۢ ٢٠

(20) അവരുടെ മേൽ അടച്ചുമൂടിയ നരകാഗ്നിയുണ്ട്.

തഫ്സീർ

(8-9) കാഴ്ചകൾ കാണാൻ രണ്ട് കണ്ണുകൾ നാമവന് നൽകിയില്ലേ? സംസാരിക്കാനായി ഒരു നാവും രണ്ടു അധരങ്ങളും നൽകിയില്ലേ? (10) നന്മയുടെ പാതയും, തിന്മയുടെ പാതയും നാം അവന് മനസ്സിലാക്കി കൊടുക്കുകയും ചെയ്തില്ലേ?

(11) സ്വർഗത്തിനും അവനുമിടയിൽ നിൽക്കുന്ന പ്രയാസകരമായ പാത മുറിച്ചു കടക്കാൻ കൽപ്പിക്കപ്പെട്ടവനായിരുന്നു അവൻ.

(12) അല്ലാഹുവിന്റെ റസൂലേ! സ്വർഗപ്രവേശനത്തിനായി ഓരോ മനുഷ്യനും താണ്ടിക്കടക്കേണ്ട പ്രയാസകരമായ ആ പാത ഏതാണെന്ന് താങ്കൾക്കറിയുമോ?!

(13) അടിമയെ മോചിപ്പിക്കലാണത്. അവർ പുരുഷന്മാരോ സ്ത്രീകളോ ആകട്ടെ; (ആരെ മോചിപ്പിക്കുന്നതും സമം തന്നെ).

(14-15) അല്ലെങ്കിൽ ഭക്ഷണത്തിന് ക്ഷാമം നേരിടുന്ന ദിവസങ്ങളിൽ, -കുടുംബബന്ധമുള്ള, പിതാവ് നഷ്ടപ്പെട്ട അനാഥക്കുട്ടിക്ക്- ഭക്ഷണം നൽകലാണത്. ഈ പ്രവർത്തിയിൽ ഒരേ സമയം ദാനധർമ്മത്തിന്റെയും കുടുംബബന്ധം ചേർക്കുന്നതിന്റെയും പുണ്യമുണ്ട്.

(16) അല്ലെങ്കിൽ ഒരു സമ്പത്തും കയ്യിലില്ലാത്ത പരമദരിദ്രന് ഭക്ഷണം നൽകലാണത്.

(17) മേൽപറയപ്പെട്ട നന്മകൾ പ്രവർത്തിക്കുന്നതിനോടൊപ്പം അല്ലാഹുവിൽ വിശ്വസിക്കുകയും, ക്ഷമ കൈക്കൊള്ളാൻ [1] വേണ്ടി പരസ്പരം ഉപദേശിക്കുകയും, അല്ലാഹുവിന്റെ ദാസന്മാരോട് കാരുണ്യത്തിൽ വർത്തിക്കാൻ പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവനാണ് അവൻ എങ്കിൽ...

(18) ഈ വിശേഷണങ്ങൾ ഉള്ളവർ തന്നെയാണ് വലതു പക്ഷത്തിന്റെ ആളുകൾ. അന്ത്യനാളിൽ അവർ വലതു ഭാഗത്തേക്ക് -സ്വർഗത്തിലേക്ക്- നയിക്കപ്പെടുന്നതാണ്.

(19) നമ്മുടെ ദൂതനായ മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിച്ച ദൃഷ്ടാന്തങ്ങളെയും, വിശുദ്ധ ഖുർആനിനെയും നിഷേധിച്ചവർ തന്നെയാകുന്നു ഇടതുപക്ഷത്തിന്റെ ആളുകൾ. അവരെ അന്ത്യനാളിൽ ഇടതു വശത്തേക്ക് -നരകത്തിലേക്ക്- നയിക്കപ്പെടുന്നതാണ്.

(20) ഖിയാമത് നാളിൽ അടച്ചു പൂട്ടിയ നരകാഗ്നി അവരുടെ മേലുണ്ടായിരിക്കും; അതിലവർ ശിക്ഷ അനുഭവിക്കുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 8-10)** മനുഷ്യർക്ക് അല്ലാഹു നൽകിയ ഭൗതികവും മതപരവുമായ അനുഗ്രഹങ്ങൾ ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നു. കണ്ണുകളും നാവും ചുണ്ടുകളും അവന് ഭംഗിയും കാഴ്ച്ചശക്തിയും സംസാരശേഷിയും പോലുള്ള അനിവാര്യമായ പ്രയോജനങ്ങൾ നൽകുന്നു. ഇത് ഐഹികമായ നേട്ടമാണ്. എന്നാൽ നന്മയുടെയും തിന്മയുടെയും, സന്മാർഗത്തിന്റെയും ദുർ

1 ക്ഷമ കൊണ്ട് പരസ്പരം ഉപദേശിക്കേണ്ടത് മൂന്ന് കാര്യങ്ങളിലാണ്: 1. സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിലുള്ള ക്ഷമ. 2. തിന്മകൾ വെടിയാനുള്ള ക്ഷമ. 3. പ്രയാസങ്ങളിലും ദുഃഖങ്ങളിലുമുള്ള ക്ഷമ.

മാർഗത്തിന്റെയും വഴികൾ അല്ലാഹു വ്യവഛേദിച്ചു നൽകി എന്നത് പാരത്രികമായ അനുഗ്രഹമാണ്. (സഅ്ദി: 925)

» **(ആയത്ത്: 11-17)** സ്വർഗത്തിൽ പ്രവേശിക്കാനുള്ള കാരണങ്ങളിൽ പെട്ടതാണ്: അടിമയെ മോചിപ്പിക്കലും, പ്രയാസത്തിന്റെ വേളയിൽ ആവശ്യക്കാർക്ക് ഭക്ഷണം നൽകലും, അല്ലാഹുവിൽ വിശ്വസിക്കലും, ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കലും.

» **(ആയത്ത്: 13)** അടിമത്വം ആരംഭിക്കാനുള്ള വഴികൾ ഇസ്‌ലാമിൽ വളരെ ഇടുങ്ങിയതാണെങ്കിലും, അടിമമോചനത്തിന്റെ വഴികൾ വളരെ വിശാലമാണ്. അടിമമോചനം ഇസ്‌ലാമിലെ പുണ്യകർമ്മങ്ങളിൽ പെട്ടതും, പാപങ്ങൾക്കുള്ള പ്രായശ്ചിത്തത്തിനുള്ള വഴികളിൽ പെട്ടതുമാണ്.

» **(ആയത്ത്: 13)** അടിമകളെ പണം നൽകി മോചിപ്പിക്കുന്നത് പോലെത്തന്നെ, മോചനദ്രവ്യം നൽകി സ്വയം അടിമത്തത്തിൽ നിന്ന് മോചിതനാകാൻ കരാറിലേർപ്പെട്ടിട്ടുള്ള അടിമക്ക് സാമ്പത്തിക സഹായം നൽകുന്നതും അടിമമോചനത്തിൽ ഉൾപ്പെടുന്നതാണ്. ഇസ്‌ലാമിന്റെ ശത്രുക്കളുടെ കയ്യിൽ അകപ്പെട്ട മുസ്‌ലിം തടവുകാരെ മോചിപ്പിക്കുന്നതും ഈ പറഞ്ഞ കാര്യത്തിൽ എന്തു കൊണ്ടും ഉൾപ്പെടുന്നതാണ്. (സഅ്ദി: 924)

» **(ആയത്ത്: 17)** ആവശ്യക്കാരന് പണം നൽകി സഹായിക്കുന്നതും, വിവരമില്ലാത്തവന് പഠിപ്പിച്ചു നൽകുന്നതും, മനുഷ്യർക്ക് ആവശ്യമായ കാര്യങ്ങൾ നിർവ്വഹിച്ചു നൽകുന്നതുമെല്ലാം കാരുണ്യത്തിന്റെ ഭാഗമാണ്. സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതും, തനിക്ക് അനിഷ്ടകരമായത് തന്റെ സഹോദരന് സംഭവിക്കുന്നത് വെറുക്കുന്നതും അതിന്റെ ഭാഗം തന്നെ. (സഅ്ദി: 925)

» **(ആയത്ത്: 20)** നരകവാതിലുകൾ തുറന്നു പോകാത്ത വിധത്തിൽ, അവ പുറത്ത് നിന്ന് കൊട്ടിയടക്കപ്പെടുകയും, ബന്ധിക്കപ്പെടുകയും ചെയ്തിരിക്കും. അതിനാൽ നരകവാസികൾ അങ്ങേയറ്റത്തെ ഇടുക്കത്തിലും പ്രയാസത്തിലുമായിരിക്കും. (അല്ലാഹു നാമേവരെയും കാത്തുരക്ഷിക്കട്ടെ). (സഅ്ദി: 925)

» **(ആയത്ത്: 11-20)** ഈ ആയത്തുകളിൽ നിന്ന് മനസ്സിലാക്കാവുന്ന ചില പാഠങ്ങൾ:

1- നന്മകളിൽ സമ്പത്ത് ചിലവഴിക്കാതെ പിടിച്ചു വെക്കുന്നതും, നന്മയല്ലാത്ത കാര്യങ്ങളിൽ ധാരാളമായി സമ്പത്ത് ചിലവഴിക്കുന്നതും ആക്ഷേപാർഹമായ കാര്യമാണ്.

2- നന്മകളിൽ സമ്പത്ത് ദാനം നൽകുക എന്നത് മനസ്സിന് പ്രയാസകരമായിരിക്കും; അതു കൊണ്ടാണ് ഒരു ബുദ്ധിമുട്ടുള്ള പാത മറികടക്കുന്നതിനോട് ഇക്കാര്യത്തെ ഉപമിച്ചത്.

3- അടിമകളെ മോചിപ്പിക്കുക എന്നത് ശ്രേഷ്ഠകരമായ പ്രവർത്തിയാണ്.

4- നാശത്തിൽ നിന്ന് അല്ലാഹുവിന്റെ ദാസന്മാരെ രക്ഷിക്കുന്നത് അതിശ്രേഷ്ഠതയുള്ള നന്മയാണ്; തിന്മയിൽ അകപ്പെട്ടവരെ സത്യത്തിലേക്ക് ക്ഷണിക്കുക എന്നത് അതിന്റെ ഭാഗം തന്നെ.

5- പട്ടിണി വ്യാപിച്ച സന്ദർഭങ്ങളിലെ ദാനധർമ്മത്തിന്റെ ശ്രേഷ്ഠത.

6- അനാഥകൾക്ക് -പ്രത്യേകിച്ചും കുടുംബബന്ധമുള്ള അനാഥകൾക്ക്- ഭക്ഷണം നൽകുന്നതിന്റെ ശ്രേഷ്ഠത.

7- ദരിദ്രർക്ക് -പ്രത്യേകിച്ചും കഠിനമായ പ്രയാസം നേരിടുന്നവർക്ക്- ഭക്ഷണം നൽകുന്നതിന്റെ ശ്രേഷ്ഠത. (ഇൽമാം / ഇബ്നു ഉഥൈമീൻ: 570-571)

സൂറ. ശംസ്

سُورَةُ الشَّمْسِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 15.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ശംസ് (الشَّمْسُ): സൂര്യൻ എന്നർത്ഥമുള്ള ശംസ് എന്ന പദം കൊണ്ടാണ് സൂറത്ത് ആരംഭിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ശംസ്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും, സൗഭാഗ്യത്തിന്റെയും ദൗർഭാഗ്യത്തിന്റെയും വഴികളിൽ മനുഷ്യർ പ്രവേശിക്കുന്നത് വ്യത്യസ്ത നിലവാരങ്ങളിലാണ് എന്നതിലേക്ക് സൂചന നൽകുന്നു. അല്ലാഹുവിന്റെ ഏകത്വം വെളിവാക്കുന്ന മഹത്തരമായ സൃഷ്ടിപ്പുകളുടെ പേരിൽ ശപഥം ചെയ്തു കൊണ്ടാണ് അക്കാര്യം അല്ലാഹു ഈ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളത്.

ആയത്തുകൾ 1-10

وَٱلشَّمۡسِ وَضُحَىٰهَا ﴿١﴾

(1) സൂര്യനും അതിന്റെ പ്രഭാവേളയും തന്നെയാണ് സത്യം.

وَٱلۡقَمَرِ إِذَا تَلَىٰهَا ﴿٢﴾

(2) ചന്ദ്രൻ തന്നെയാണ് സത്യം; അത് സൂര്യനെ തുടർന്ന് വരുമ്പോൾ.

وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾

(3) പകൽ തന്നെയാണ് സത്യം; അത് (ഭൂമിയുടെ മുകളിലുള്ളതിനെ) പ്രത്യക്ഷപ്പെടുത്തുമ്പോൾ.

وَٱلَّيۡلِ إِذَا يَغۡشَىٰهَا ﴿٤﴾

(4) രാത്രി തന്നെയാണ് സത്യം; അത് (ഭൂമിയെ) മൂടുമ്പോൾ.

وَٱلسَّمَآءِ وَمَا بَنَىٰهَا ﴿٥﴾

(5) ആകാശവും, അതിനെ സ്ഥാപിച്ച രീതിയും തന്നെയാണ് സത്യം.

وَٱلۡأَرۡضِ وَمَا طَحَىٰهَا ﴿٦﴾

(6) ഭൂമിയും, അതിനെ വിസ്തൃതമാക്കിയ രീതിയും തന്നെയാണ് സത്യം.

وَنَفۡسٍ وَمَا سَوَّىٰهَا ﴿٧﴾

(7) 'നഫ്സും' അതിനെ സംവിധാനിച്ച രീതിയും തന്നെയാണ് സത്യം.

فَأَلۡهَمَهَا فُجُورَهَا وَتَقۡوَىٰهَا ﴿٨﴾

(8) എന്നിട്ട് അതിന്റെ ദുഷ്ടതയും സൂക്ഷ്മതയും അതിന് (അല്ലാഹു) ബോധനം നൽകുകയും ചെയ്തിരിക്കുന്നു.

قَدۡ أَفۡلَحَ مَن زَكَّىٰهَا ﴿٩﴾

(9) തീർച്ചയായും അതിനെ പരിശുദ്ധമാക്കിയവൻ വിജയം പ്രാപിച്ചു.

وَقَدۡ خَابَ مَن دَسَّىٰهَا ﴿١٠﴾

(10) അതിനെ (തിന്മകളാൽ) മൂടിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.

തഫ്സീർ

(1) സൂര്യനെ കൊണ്ടും, കിഴക്ക് നിന്ന് അത് ഉദിച്ച ശേഷം ആകാശത്ത് ഉയർന്നു നിൽക്കുന്ന വേളയെ (ദ്വുഹാ സമയം) കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. (2) സൂര്യൻ അസ്തമിച്ച ശേഷം അതിനെ അനുഗമിച്ച് ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ചന്ദ്രനെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(3) പകൽ അതിന്റെ വെളിച്ചം കൊണ്ട് ഭൂമിയുടെ മുകളിലുള്ളത് വെളിപ്പെടുത്തുന്ന വേളയെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. (4) രാത്രി ഭൂപ്രതലത്തെ മൂടുകയും, അങ്ങനെ അത് ഇരുളടഞ്ഞതായി മാറുകയും ചെയ്യുന്ന വേളയെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(5) ആകാശത്തെയും, അതിന്റെ കൃത്യതയാർന്ന നിർമ്മാണത്തെയും കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. (6) ഭൂമിയേയും, അതിനെ മനുഷ്യർക്ക് താമസിക്കാനായി വിതാനിച്ച രീതിയെയും കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(7) എല്ലാ നഫ്സിനെയും (ആത്മാവ് / മനസ്സ്), അവയെ അല്ലാഹു കൃത്യതയോടെ സൃഷ്ടിച്ച രീതിയെ കൊണ്ടും അവൻ സത്യം ചെയ്തിരിക്കുന്നു.

(8) പഠനമേതുമില്ലാതെ തന്നെ ഉപദ്രവകരമായവ ഏതെന്നും ഉപകാരപ്രദമായവ ഏതെന്നും അവൻ അവക്ക് മനസ്സിലാക്കി നൽകുകയും ചെയ്തിരിക്കുന്നു. തിന്മകളിൽ നിന്ന് അവർ വിട്ടുനിൽക്കുന്നതിനും, നന്മകൾ അവർ പ്രവർത്തിക്കുന്നതിനും വേണ്ടിയത്രെ അത്.

(9) ശ്രേഷ്ഠകരമായ നന്മകൾ കൊണ്ട് തന്റെ ആത്മാവിനെ അലങ്കരിക്കുകയും, മ്ലേഛമായ തിന്മകളിൽ നിന്ന് അതിനെ ശുദ്ധീകരിക്കുകയും ചെയ്തു കൊണ്ട് പരിശുദ്ധി പ്രാപിച്ചവൻ തന്റെ ലക്ഷ്യം നേടുകയും, വിജയിക്കുകയും ചെയ്തിരിക്കുന്നു.

(10) തിന്മകളിലും വൃത്തികേടുകളിലും സ്വന്തം ആത്മാവിനെ മുക്കിക്കളഞ്ഞവൻ പരാജിതനാകുകയും ചെയ്തിരിക്കുന്നു.

ആയത്തുകൾ 11-15

كَذَّبَتْ ثَمُودُ بِطَغْوَىٰهَآ ﴿١١﴾

(11) ഥമൂദ് ഗോത്രം അവരുടെ ധിക്കാരം മൂലം (സത്യത്തെ) നിഷേധിച്ചു തള്ളുകയുണ്ടായി.

إِذِ ٱنۢبَعَثَ أَشْقَىٰهَا ﴿١٢﴾

(12) അവരിലെ ഏറ്റവും ദൗർഭാഗ്യവാൻ ഒരുങ്ങി പുറപ്പെട്ട സന്ദർഭം.

فَقَالَ لَهُمْ رَسُولُ ٱللَّهِ نَاقَةَ ٱللَّهِ وَسُقْيَٰهَا ﴿١٣﴾

(13) അപ്പോൾ അല്ലാഹുവിന്റെ റസൂൽ (സ്വാലിഹ് നബി) അവരോട് പറഞ്ഞു: അല്ലാഹുവിന്റെ ഒട്ടകത്തെയും അതിന്റെ വെള്ളം കുടിയും (നിങ്ങൾ ശ്രദ്ധിക്കുക.)

فَكَذَّبُوهُ فَعَقَرُوهَا فَدَمْدَمَ عَلَيْهِمْ رَبُّهُم بِذَنبِهِمْ فَسَوَّىٰهَا ﴿١٤﴾

(14) അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളുകയും ഒട്ടകത്തെ അറുകൊല നടത്തുകയും ചെയ്തു. അങ്ങനെ അവരുടെ പാപം നിമിത്തം അവരുടെ റബ്ബ് അവർക്ക് സമൂല നാശം വരുത്തുകയും (അവർക്കെല്ലാം) ശിക്ഷ തുല്ല്യമാക്കുകയും ചെയ്തു.

وَلَا يَخَافُ عُقْبَٰهَا ﴿١٥﴾

(15) അതിന്റെ അനന്തരഫലം അവൻ ഭയപ്പെടുന്നുമില്ല.

തഫ്സീർ

(11) അതിരുവിട്ട തിന്മകൾ ചെയ്തും, അതിക്രമങ്ങൾ പ്രവർത്തിച്ചും ഥമൂദ് ഗോത്രം അവരുടെ നബിയായ സ്വാലിഹിനെ നിഷേധിച്ചു. അതിരുവിട്ട ധിക്കാരമായിരുന്നു അവർ ചെയ്തത്.

(12) അവരിലെ ഏറ്റവും ദൗർഭാഗ്യവാൻ തന്റെ സമൂഹത്തിന്റെ പ്രേരണയാൽ (അല്ലാഹുവിന്റെ ദൃഷ്ടാന്തമായ ഒട്ടകത്തെ അറുക്കുന്നതിനായി) നിലയുറപ്പിച്ച സന്ദർഭം.

(13) അല്ലാഹുവിന്റെ ദൂതനായ സ്വാലിഹ് -عليه السلام- അവരോട് പറഞ്ഞു: അല്ലാഹുവിന്റെ ഒട്ടകത്തെ നിങ്ങൾ വെറുതെ വിട്ടേക്കുക. നിങ്ങളുടെ നബിയുടെ സത്യസന്ധത ബോധ്യപ്പെടുത്തുന്ന, നിങ്ങൾക്കുള്ള അല്ലാഹുവിന്റെ ദൃഷ്ടാന്തമാണത്.

നിങ്ങൾക്ക് വെള്ളം കുടിക്കാൻ ഒരു ദിവസവും, അതിന് വെള്ളം കുടിക്കുവാൻ അടുത്ത ദിവസവും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഒട്ടകത്തിന് നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വെള്ളം കുടിക്കുവാൻ അതിനെ നിങ്ങൾ അനുവദിക്കുക. നിങ്ങൾ അതിനെ ഉപദ്രവിക്കരുത്.

(14) എന്നാൽ അദ്ദേഹത്തിന്റെ ജനതക്ക് ഈ കൽപ്പനകൾ ഭാരമായി അനുഭവപ്പെടുകയാണുണ്ടായത്. ആ ഒട്ടകത്തിന്റെ കാര്യത്തിൽ തങ്ങളുടെ റസൂലിന്റെ വാക്കുകളെ അവർ നിഷേധിച്ചു തള്ളി. അദ്ദേഹത്തിന്റെ താക്കീതുകൾ അവർ വിലകൽപ്പിച്ചതേയില്ല.

അങ്ങനെ അവരുടെ കൂട്ടത്തിലെ ഏറ്റവും ദൗർഭാഗ്യവാൻ ആ ഒട്ടകത്തെ അറുത്തു കളഞ്ഞു. (കുറ്റകൃത്യത്തിൽ നേരിട്ടു പങ്കാളികളായില്ലെങ്കിലും) ആ നാട്ടുകാരെല്ലാം അവന്റെ ചെയ്തിയിൽ തൃപ്തരായിരുന്നു. അതിനാൽ അവന്റെ പാപഭാരത്തിൽ അവരെല്ലാം പങ്കാളികളായി. അങ്ങനെ അല്ലാഹു അവരുടെ തിന്മകൾ കാരണത്താൽ അക്കൂട്ടരെ നശിപ്പിച്ചു; ഒരു ഘോരമായ ശബ്ദം അവരെ പിടികൂടി. ആ ശിക്ഷ അവർക്കെല്ലാം അവൻ തുല്ല്യമാക്കുകയും ചെയ്തു.

(15) അവരെ കഠിനമായി ശിക്ഷിച്ചതിനാൽ എന്തെങ്കിലും പ്രത്യാഘാതം ഉണ്ടായേക്കാമെന്ന് അല്ലാഹുവിന് യാതൊരു ഭയവുമില്ല. (സർവ്വ സൃഷ്ടികളെയും അധീനപ്പെടുത്തുകയും ഏവരെയും നിയന്ത്രിക്കുകയും ചെയ്യുന്ന സർവ്വാധിപതിയും മഹാപ്രതാപിയുമായവൻ എങ്ങനെ തന്റെ ദുർബല സൃഷ്ടിയെ ഭയക്കുവാനാണ്?! - സഅ്ദി)

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-4)** ഇരുട്ടും വെളിച്ചവും സൂര്യനും ചന്ദ്രനും മാറിമാറി വന്നു കൊണ്ടിരിക്കുന്നതും, കൃത്യതയോടെയും സൂക്ഷ്മമായ ക്രമത്തോടെയും അവ സഞ്ചരിക്കുന്നതും, അതിലൂടെ മനുഷ്യർക്ക് ലഭിക്കുന്ന എണ്ണമില്ലാത്ത പ്രയോജനങ്ങളും അല്ലാഹുവിനെ കുറിച്ച് അറിയിക്കുന്ന ഏറ്റവും വലിയ തെളിവുകളിലൊന്നാണ്. അവൻ സർവ്വജ്ഞനാണെന്നും, എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്നും, അവൻ മാത്രമാണ് ആരാധനകൾക്ക് അർഹതയുള്ളവനെന്നും, അവന് പുറമെ ആരാധിക്കപ്പെടുന്ന സർവ്വതും നിരർത്ഥകമാണെന്നും ഈ ദൃഷ്ടാന്തങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. (സഅ്ദി: 926)

» **(ആയത്ത്: 7-8)** ആത്മാവിനെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. ആയത്തിന്റെ വ്യാപകമായ പ്രയോഗശൈലിയിൽ നിന്ന് മനസ്സിലാക്കാവുന്നത് എല്ലാ ജീവികളുടെയും ആത്മാവും അതിൽ ഉൾപ്പെടുമെന്നാണ്. മനുഷ്യരുടെ ആത്മാവ് മാത്രമാണെന്ന അഭിപ്രായത്തിനും അവിടെ സാധുതയുണ്ട്; കാരണം ശേഷമുള്ള ആയത്തുകൾ മനുഷ്യരെ കുറിച്ചാണ് വിവരിക്കുന്നത്.

ഇവിടെ പ്രത്യേകമായി ഉദ്ദേശിച്ചത് ഏതുമാകട്ടെ, അല്ലാഹുവി

ന്റെ വളരെ മഹത്തരമായ ദൃഷ്ടാന്തം തന്നെയാണ് ആത്മാവ്. അങ്ങേയറ്റം ഭാരമില്ലാത്തതാണെങ്കിലും വളരെ വേഗത്തിൽ ചലിക്കുകയും, മാറ്റങ്ങൾക്കും സ്വാധീനങ്ങൾക്കും വികാരങ്ങൾക്കും വിധേയമാവുകയും ചെയ്യുന്ന (അത്ഭുതകരമായ) സൃഷ്ടിപ്പാണത്! ദുഖവും ആഗ്രഹങ്ങളും ലക്ഷ്യങ്ങളും സ്നേഹവും വെറുപ്പുമെല്ലാം അവിടെ മാറിമാറി വരുന്നു. ആത്മാവ് ഇല്ലായിരുന്നെങ്കിൽ ശരീരം കേവലം പ്രതിമ മാത്രമാകുമായിരുന്നു. ശപഥം ചെയ്യപ്പെടാൻ മാത്രം അർഹമായ, മഹോന്നതമായ ദൃഷ്ടാന്തം തന്നെയാണത്. (സഅ്ദി: 926)

» **(ആയത്ത്: 9-10)** ആത്മാവ് പരിശുദ്ധമായാൽ ഉന്നതമായ സ്ഥാനങ്ങളിലേക്ക് അത് എത്തിപ്പെടും. തിന്മകളാൽ മലീമസമായാൽ പടുകുഴികളുടെ ആഴങ്ങളിൽ അവ അമർന്നു പോവുകയും ചെയ്യും.

ആത്മാവിനെ ശുദ്ധീകരിക്കേണ്ടത് ഇപ്രകാരമാണ്: (1) തിന്മകളിൽ നിന്ന് അകന്നു നിൽക്കുക .(2) ജീവിതത്തിലെ ന്യൂനതകൾ പരിഹരിച്ചു കൊണ്ട് സ്വന്തത്തെ പരിശുദ്ധമാക്കുക. (3) സൽകർമ്മങ്ങൾ ചെയ്തു കൊണ്ട് ആത്മാവിനെ ഉയർച്ചയിലേക്ക് നയിക്കുക. (4) ഉപകാരപ്രദമായ വിജ്ഞാനവും സൽകർമ്മങ്ങളും കൊണ്ട് ഉന്നതമായ പദവി നേടിപ്പിടിക്കുക. (സഅ്ദി: 926)

സൂറ. ലൈൽ

سُورَةُ اللَّيْلِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 17.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ലൈൽ (اللَّيْل): രാത്രി എന്നർത്ഥമുള്ള ലൈൽ എന്ന പദം കൊണ്ടാണ് സൂറത്ത് ആരംഭിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തു ലൈൽ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മനുഷ്യരുടെ പ്രവർത്തനങ്ങളിലെ വൈവിധ്യങ്ങളിലേക്കും വിഭിന്നതകളിലേക്കും, അവർ സ്വീകരിക്കുന്ന മാർഗങ്ങളിലെ വ്യത്യാസങ്ങളിലേക്കും സൂചന നൽകുന്നു. അതോടൊപ്പം സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും വഴികൾ വ്യക്തമാക്കുകയും ചെയ്യുന്നു.

* പുണ്യവാന്മാരായ സ്വർഗക്കാരുടെയും, ദുഷ്കർമ്മികളായ നരകക്കാരുടെയും വിശേഷണങ്ങൾ വിവരിക്കുന്നു.

* മനുഷ്യർ സ്വരുക്കൂട്ടിയ സമ്പത്തിൽ വഞ്ചിതരാകുന്നതിൽ നിന്ന് അവരെ വിലക്കുകയും, അവയൊന്നും പരലോകത്ത് യാതൊരു ഉപകാരവും ചെയ്യുന്നതല്ലെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

* സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും മാർഗങ്ങൾ അല്ലാഹു ജനങ്ങൾക്ക് വിവരിച്ചു നൽകിയതിന് പിന്നിലുള്ള യുക്തിയെന്താണെന്ന് വിവരിക്കുന്നു.

* അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയും കളവാക്കുന്നവർക്ക് കടുത്ത ശിക്ഷ താക്കീത് നൽകുകയും, തന്റെ സമ്പത്ത് നന്മയുടെ മാർഗങ്ങളിൽ ചിലവഴിക്കുന്ന സൽകർമ്മിയായ ഒരു വിശ്വാസിയുടെ ഉദാഹരണം അറിയിക്കുകയും ചെയ്യുന്നു.

ആയത്തുകൾ 1-4

(1) രാത്രിയെ തന്നെയാണ് സത്യം; അത് മൂടുമ്പോൾ.	وَٱلَّيۡلِ إِذَا يَغۡشَىٰ ١
(2) പകലിനെ തന്നെയാണ് സത്യം; അത് പ്രകടമാകുമ്പോൾ.	وَٱلنَّهَارِ إِذَا تَجَلَّىٰ ٢
(3) ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച രീതി തന്നെയാണ് സത്യം.	وَمَا خَلَقَ ٱلذَّكَرَ وَٱلۡأُنثَىٰٓ ٣
(4) തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു.	إِنَّ سَعۡيَكُمۡ لَشَتَّىٰ ٤

തഫ്സീർ

(1) അല്ലാഹു രാത്രിയെ കൊണ്ട് സത്യം ചെയ്തിരിക്കുന്നു; അത് ആകാശത്തിനും ഭൂമിക്കും ഇടയിലുള്ളതെല്ലാം അതിന്റെ ഇരുട്ട് കൊണ്ട് മൂടിക്കളയുന്ന വേളയിൽ.

(2) പകലിനെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. അത് രാത്രിയുടെ ഇരുട്ടിന്റെ മറ നീക്കുകയും പ്രകാശം പരത്തിക്കൊണ്ട് പ്രകടമാവുകയും ചെയ്യുമ്പോൾ.

(3) രണ്ട് വിഭാഗത്തെ -പുരുഷനെയും സ്ത്രീയെയും- സൃഷ്ടിച്ചത് കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

(4) ജനങ്ങളേ! തീർച്ചയായും നിങ്ങളുടെ പ്രവർത്തനങ്ങൾ വ്യത്യസ്തമാണ്. നിങ്ങളിൽ ഇഹലോകത്തിന് വേണ്ടി പ്രവർത്തിക്കുന്നവരും, പരലോകത്തിന് വേണ്ടി പ്രവർത്തിക്കുന്നവരും ഉണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങളിൽ സ്വർഗപ്രവേശനത്തിന് കാരണമാകുന്ന സൽകർമ്മങ്ങളും, നരക പ്രവേശനത്തിന് കാരണമാകുന്ന തിന്മകളും ഉണ്ട്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 3)** ആണിന്റെയും പെണ്ണിന്റെയും സൃഷ്ടിപ്പ് കൊണ്ട് അല്ലാഹു ശപഥം ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ അങ്ങേയ

റ്റത്തെ യുക്തി ബോധ്യപ്പെടുത്തുന്ന മഹാദൃഷ്ടാന്തം തന്നെയാണത്. ഭൂമിയിൽ നിലനിൽക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ച ജീവികളെ അവൻ ആണും പെണ്ണുമായി, ഇണകളാക്കി സൃഷ്ടിച്ചിരിക്കുന്നു. പരസ്പരം യോജിപ്പു നൽകുന്ന സൃഷ്ടിപ്പുകളോടെ അവൻ അവയെ ക്രമീകരിക്കുകയും ചെയ്തിരിക്കുന്നു. ശേഷം അവർക്കിടയിൽ ലൈംഗികതൃഷ്ണയുടെ കണ്ണികൾ നിർമ്മിച്ചു കൊണ്ട് ഒന്നിനെ മറ്റൊന്നിലേക്ക് അവൻ നയിക്കുകയും ചെയ്യുന്നു. അതിലൂടെ ഓരോ ജീവവർഗങ്ങളും ഭൂമിയിൽ നിലനിൽക്കുകയും, അവ ജീവനാശം വരാതെ തുടർന്നു പോവുകയും ചെയ്യുന്നു. സ്രഷ്ടാക്കളിൽ ഏറ്റവും നല്ല സ്രഷ്ടാവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു! (സഅ്ദി: 926)

» **(ആയത്ത്: 4)** ജനങ്ങളുടെ പ്രവർത്തനങ്ങൾക്കിടയിൽ വളരെയധികം അന്തരങ്ങളുണ്ട്. പ്രവർത്തനങ്ങൾ തന്നെയും പല നിലവാരത്തിലുമുണ്ട്; (വാജിബും സുന്നത്തും പോലെ). പ്രവർത്തനങ്ങളുടെ വണ്ണവും വ്യത്യാസപ്പെട്ടിരിക്കും; (ഒരു സുന്നത്തായ നോമ്പ് എടുത്തവനും, അതിലധികം എടുത്തവനും തമ്മിലുള്ള വ്യത്യാസം പോലെ). പ്രവർത്തിക്കുന്നവന്റെ ഉന്മേഷവും താൽപ്പര്യവും അന്തരമുണ്ടായിരിക്കും; (താൽപര്യത്തോടെ ചെയ്യുന്നവന് മടിപിടിച്ചു ചെയ്യുന്നവനേക്കാൾ പ്രതിഫലമുണ്ട് എന്നത് പോലെ). പ്രവർത്തനത്തിന് പിന്നിലുള്ള ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അവയിൽ ഏറ്റക്കുറച്ചിൽ സംഭവിക്കും. (സഅ്ദി: 926)

ആയത്തുകൾ 5-11

(5) എന്നാൽ ഏതൊരാൾ ദാനം നൽകുകയും, സൂക്ഷ്മത പാലിക്കുകയും;	فَأَمَّا مَنْ أَعْطَىٰ وَٱتَّقَىٰ ٥
(6) ഏറ്റവും ഉത്തമമായത് സത്യപ്പെടുത്തുകയും ചെയ്തുവോ;	وَصَدَّقَ بِٱلْحُسْنَىٰ ٦
(7) അവന് നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്.	فَسَنُيَسِّرُهُۥ لِلْيُسْرَىٰ ٧

وَأَمَّا مَنۢ بَخِلَ وَٱسۡتَغۡنَىٰ ۝٨

(8) എന്നാൽ ആരെങ്കിലും പിശുക്കു കാണിക്കുകയും, സ്വയം പര്യാപ്തത നടിക്കുകയും;

وَكَذَّبَ بِٱلۡحُسۡنَىٰ ۝٩

(9) ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ;

فَسَنُيَسِّرُهُۥ لِلۡعُسۡرَىٰ ۝١٠

(10) അവന് നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കുന്നതാണ്.

وَمَا يُغۡنِي عَنۡهُ مَالُهُۥٓ إِذَا تَرَدَّىٰٓ ۝١١

(11) അവൻ (നരകത്തിൽ) പതിക്കുമ്പോൾ അവന്റെ ധനം അവന്ന് പ്രയോജനപ്പെടുന്നതല്ല.

തഫ്സീർ

(5) അപ്പോൾ ആരെങ്കിലും തന്റെ മേൽ ബാധ്യതയായ ദാനങ്ങളായ സകാത്തും കുടുംബചിലവുകളും കഫാറത്തുകളും (പ്രായശ്ചിത്തങ്ങൾ) മറ്റുമെല്ലാം നിർവ്വഹിക്കുകയും, തന്റെ സമ്പത്തിന്റെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും, അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളെ അകറ്റി നിർത്തുകയും..;

(6) അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല) എന്ന വാക്കും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സത്യപ്പെടുത്തുകയും, താൻ നൽകിയ ദാനങ്ങൾക്ക് പകരമായി അതിനേക്കാൾ നല്ലത് (ഇഹലോകത്തും പരലോകത്തും) അല്ലാഹു തനിക്ക് നൽകുന്നതാണെന്ന അവന്റെ വാഗ്ദാനം വിശ്വസിക്കുകയും ചെയ്തുവോ;

(7) അവന് നാം സൽകർമ്മങ്ങളും, അല്ലാഹുവിന്റെ മാർഗത്തിലുള്ള ദാനവും എളുപ്പമാക്കി കൊടുക്കുന്നതാണ്. നന്മയുടെയും സൽകർമ്മങ്ങളുടെയും വഴിയിലേക്ക് നാം അവനെ നയിക്കുകയും അവന് നാം നമ്മുടെ പക്കൽ നിന്നുള്ള സൗഭാഗ്യം (തൗഫീഖ്) നൽകുകയും ചെയ്യുന്നതാണ്.

(8) എന്നാൽ ആരെങ്കിലും അവന്റെ മേൽ ബാധ്യതയുള്ള കാര്യങ്ങളിൽ സമ്പത്ത് വിനിയോഗിക്കാതെ പിശുക്ക് കാണിക്കുകയും, തനിക്ക് വലിയ സമ്പത്തുണ്ട് എന്നതിനാൽ അല്ലാഹുവിന്റെ സഹായമോ അവന്റെ പ്രതിഫലമോ ആവശ്യമില്ലാത്തവനാണ് താനെന്ന ധന്യത നടിക്കുകയും, അല്ലാഹുവിനോട് അവന്റെ ഔദാര്യത്തിൽ നിന്ന് ചോദിക്കാതിരിക്കുകയും..;

(9) അല്ലാഹുവിന്റെ ഏകത്വം അറിയിക്കുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്കിനെ കളവാക്കുകയും, ദാനധർമ്മങ്ങൾക്ക് പകരമായി അല്ലാഹു നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതിനെയും അല്ലാഹുവിന്റെ മാർഗത്തിലുള്ള ദാനധർമ്മത്തിനുള്ള പ്രതിഫലത്തെയും നിഷേധിക്കുകയും ചെയ്തുവോ;

(10) അവന് ദൗർഭാഗ്യത്തിലേക്കുള്ള വഴി നാം എളുപ്പമാക്കുന്നതാണ്. തിന്മ പ്രവർത്തിക്കുന്നത് അവന് നാം നിസ്സാരമാക്കുകയും, നന്മ പ്രവർത്തിക്കുന്നത് അവന് പ്രയാസകരമാക്കുകയും ചെയ്യുന്നതാണ്.

(11) നാളെ പരലോകത്ത് അവൻ നാശമടയുകയും, അല്ലാഹുവിന്റെ ശിക്ഷയായ നരകത്തിൽ പ്രവേശിക്കുകയും ചെയ്താൽ അവന്റെ ഈ സമ്പാദ്യം അവന് യാതൊരു ഉപകാരവും ചെയ്യുന്നതല്ല!

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 5)** ദാനം നൽകുക എന്നതിൽ സാമ്പത്തികമായ എല്ലാ ആരാധനാകർമ്മങ്ങളും ഉൾപ്പെടും. സകാത്ത്, കഫ്ഫാറത്തുകൾ, കുടുംബത്തിനും വീട്ടുകാർക്കും ചെലവിന് നൽകുന്നത്, ദാനധർമ്മങ്ങൾ, നന്മയുടെ മാർഗത്തിൽ ചെലവഴിക്കുന്നത്. ശാരീരികമായ ആരാധനകളും (ദാനം എന്നതിന്റെ പൊതുവായ അർത്ഥത്തിൽ) ഉൾപ്പെടുന്നതാണ്; നിസ്കാരവും നോമ്പും പോലുള്ള കർമ്മങ്ങൾ ഉദാഹരണം. ശാരീരികവും സാമ്പത്തികവുമായ പരിശ്രമം ഒരു പോലെ വേണ്ടിവരുന്ന ഹജ്ജും ഉംറയും പോലുള്ള കർമ്മങ്ങളും ഈ പറഞ്ഞതിന്റെ പരിധിയിൽ പെടും. (സഅ്ദി: 926)

» **(ആയത്ത്: 8)** സ്വയം പര്യാപ്തത നടിക്കുക എന്നത് ഗുരുതരമായ തിന്മയാണ്. അല്ലാഹുവിനുള്ള ആരാധനകളെ ഒരു ഭാഗ

ത്തേക്ക് മാറ്റിവെക്കുകയും, തന്റെ രക്ഷിതാവായ അല്ലാഹുവിലേക്ക് അങ്ങേയറ്റത്തെ ആവശ്യക്കാരനാണ് താൻ എന്ന് സ്വയം അംഗീകരിക്കാതിരിക്കുകയും, അല്ലാഹുവിനെ കൊണ്ടല്ലെങ്കിൽ യാതൊരു വിജയമോ രക്ഷയോ തനിക്ക് സാധ്യമല്ല എന്ന യാഥാർത്ഥ്യം നിരാകരിക്കുകയും, അല്ലാഹുവായിരിക്കണം എനിക്ക് ഏറ്റവും ഇഷ്ടമുള്ളവനും എന്റെ ഏക ആരാധ്യനും എന്ന തിരിച്ചറിവ് നഷ്ടമാവുകയും ചെയ്തവനാണ് സ്വയം പര്യാപ്തത നടിച്ചവൻ. (സഅ്ദി: 926)

» **(ആയത്ത്: 5-10)** അല്ലാഹു നന്മകൾ എളുപ്പമാക്കാൻ കാരണമാകുന്ന പ്രവർത്തനങ്ങൾ ചെയ്തവർക്ക് അല്ലാഹു അവന്റെ കാര്യം എളുപ്പമാക്കി കൊടുക്കും. എല്ലാ നന്മകളും ചെയ്യുക എന്നത് അവന് എളുപ്പമായിരിക്കും; എല്ലാ തിന്മകളിൽ നിന്നും വിട്ടുനിൽക്കുക എന്നത് അവന് ലളിതമായിരിക്കും... എന്നാൽ ഇതിന് വിപരീതം ചെയ്തവന്റെ അവസ്ഥ വിപരീത ദിശയിലായിരിക്കും. അവൻ എവിടെയാണെങ്കിലും തിന്മകളായിരിക്കും അവന് എളുപ്പമുള്ളതാവുക. മ്ലേഛവൃത്തികൾ മാത്രമാണ് അവന് വിധിക്കപ്പെട്ടിരിക്കുക. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ! (സഅ്ദി: 926)

ആയത്തുകൾ 12-21

(12) തീർച്ചയായും മാർഗദർശനം നമ്മുടെ ബാധ്യതയാകുന്നു.	إِنَّ عَلَيْنَا لَلْهُدَىٰ ﴿١٢﴾
(13) തീർച്ചയായും നമ്മുടേതാകുന്നു അവസാനവും (പരലോകം) ആദ്യവും (ഇഹലോകം).	وَإِنَّ لَنَا لَلْآخِرَةَ وَالْأُولَىٰ ﴿١٣﴾
(14) അതിനാൽ ആളിക്കത്തിക്കൊണ്ടിരിക്കുന്ന നരകത്തെ ഞാൻ നിങ്ങൾക്ക് താക്കീത് നൽകിയിരിക്കുന്നു.	فَأَنذَرْتُكُمْ نَارًا تَلَظَّىٰ ﴿١٤﴾
(15) ഏറ്റവും ദൗർഭാഗ്യവാനായ വ്യക്തിയല്ലാതെ അതിൽ പ്രവേശിക്കുകയില്ല.	لَا يَصْلَاهَا إِلَّا الْأَشْقَى ﴿١٥﴾

(16) നിഷേധിച്ചു തള്ളുകയും, പിന്തിരിഞ്ഞു കളയുകയും (ചെയ്തവനാണ് അവൻ).	ٱلَّذِى كَذَّبَ وَتَوَلَّىٰ ﴿١٦﴾
(17) ഏറ്റവും സൂക്ഷ്മതയുള്ള വ്യക്തി അതിൽ നിന്ന് അകറ്റപ്പെടുന്നതാണ്.	وَسَيُجَنَّبُهَا ٱلْأَتْقَى ﴿١٧﴾
(18) പരിശുദ്ധി നേടാൻ തന്റെ ധനം നൽകുന്നവനാണത്.	ٱلَّذِى يُؤْتِى مَالَهُۥ يَتَزَكَّىٰ ﴿١٨﴾
(19) പ്രത്യുപകാരം നൽകപ്പെടേണ്ടതായ യാതൊരു അനുഗ്രഹവും അവന്റെ പക്കൽ ഒരാൾക്കുമില്ല.	وَمَا لِأَحَدٍ عِندَهُۥ مِن نِّعْمَةٍ تُجْزَىٰٓ ﴿١٩﴾
(20) തന്റെ അത്യുന്നതനായ റബ്ബിന്റെ പ്രീതി തേടുക എന്നതല്ലാതെ (അവൻ ഉദ്ദേശിക്കുന്നില്ല)..	إِلَّا ٱبْتِغَآءَ وَجْهِ رَبِّهِ ٱلْأَعْلَىٰ ﴿٢٠﴾
(21) വഴിയെ അവൻ സംതൃപ്തിയടയുന്നതാണ്.	وَلَسَوْفَ يَرْضَىٰ ﴿٢١﴾

തഫ്സീർ

(12) ശരിയായ മാർഗത്തിൽ നിന്ന് തെറ്റായ മാർഗം വേർതിരിച്ചു വിശദീകരിച്ചു നൽകൽ നമ്മുടെ ബാധ്യതയാകുന്നു.

അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും എത്തിക്കുന്ന മാർഗമേതാണെന്ന് വിവരിച്ചു നൽകുക എന്നത് അല്ലാഹു അവന്റെ ഔദാര്യത്താലും അവന്റെ മഹത്തരമായ യുക്തിയാലും സ്വയം ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു.

(13) തീർച്ചയായും ഐഹികജീവിതവും പാരത്രിക ജീവിതവും -അവയുടെ സർവ്വ അധികാരവും- നമ്മുടേത് തന്നെയാകുന്നു. നാം ഉദ്ദേശിക്കുന്ന രൂപത്തിൽ അത് നാം മാറ്റിമറിക്കുന്നതാണ്. നമുക്കല്ലാതെ മറ്റൊരാൾക്കും അതിന് സാധിക്കുകയുമില്ല.

(14) മനുഷ്യരേ! നിങ്ങൾ അല്ലാഹുവിനെ ധിക്കരിക്കുകയാണെങ്കിൽ ആളിക്കത്തുന്ന നരകത്തെ കുറിച്ച് -ഞാനിതാ- നിങ്ങൾക്ക് താക്കീത് നൽകിയിട്ടുണ്ട്.

(15) അങ്ങേയറ്റം ദൗർഭാഗ്യവാനായ വ്യക്തിയല്ലാതെ ആ നരകത്തിന്റെ ചൂട് അനുഭവിക്കുകയില്ല.

(16) മുഹമ്മദ് നബി -ﷺ- യെ നിഷേധിക്കുകയും, അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാതെ തിരിഞ്ഞു കളയുകയും, അവരെ അനുസരിക്കുന്നതിൽ നിന്ന് ധിക്കാരം പുലർത്തുകയും ചെയ്തവനാണ് അവൻ.

(17) ജനങ്ങളിൽ ഏറ്റവുമധികം അല്ലാഹുവിനെ സൂക്ഷിച്ചിരുന്ന വ്യക്തി അതിൽ നിന്ന് അകറ്റപ്പെടുന്നതാണ്. അബൂബക്ർ സിദ്ധീഖ് -رضي الله عنه- അപ്രകാരമായിരുന്നു.

(18) തിന്മകളിൽ നിന്ന് സ്വന്തത്തെ ശുദ്ധീകരിക്കുന്നതിനും, കൂടുതൽ പുണ്യം നേടിയെടുക്കണമെന്ന ആഗ്രഹത്തോടെയും തന്റെ സമ്പാദ്യം അദ്ദേഹം നന്മയുടെ വഴികളിൽ ചെലവഴിക്കുന്നു.

(19) ആരെങ്കിലും തനിക്ക് ചെയ്തു തന്നെ എന്തെങ്കിലുമൊരു ഉപകാരത്തിന് പ്രത്യുപകാരമായോ പകരമായോ അല്ല അദ്ദേഹം ഒരാൾക്കും ദാനം നൽകുന്നത്.

(20) സർവ്വ സൃഷ്ടികൾക്കും മേൽ ഔന്നത്യമുള്ളവനായ തന്റെ റബ്ബിന്റെ തിരുവദനവും തൃപ്തിയുമല്ലാതെ മറ്റൊന്നും തന്റെ ദാനധർമ്മങ്ങളിലൂടെ അദ്ദേഹം ഉദ്ദേശിക്കുന്നില്ല.

(21) അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ നൽകുന്ന സമൃദ്ധമായ പ്രതിഫലത്തിൽ അദ്ദേഹം സംതൃപ്തിയടയുന്നതാണ്.

17-21 വചനങ്ങളുടെ അവതരണപശ്ചാത്തലം:

عَنْ عُرْوَةَ: أَنَّ أَبَا بَكْرٍ الصِّدِّيقَ أَعْتَقَ سَبْعَةً كُلُّهُمْ يُعَذَّبُ فِي اللَّـهِ: بِلَالٌ، وَعَامِرُ بْنُ فُهَيْرَةَ، وَالنَّهْدِيَّةُ وَابْنَتُهَا، وَزُنَيْرَةُ وَأُمُّ عِيسَى، وَأَمَةُ بَنِي الْمُؤَمَّلِ، وَفِيهِ نَزَلَتْ: «وَسَيُجَنَّبُهَا الْأَتْقَى» إِلَى آخِرِ السُّورَةِ.

ഉർവഃ -رحمه الله- നിവേദനം: അല്ലാഹുവിന്റെ മാർഗത്തിൽ പീഡിപ്പിക്കപ്പെടുന്ന ഏഴു പേരെ അബൂബക്ർ സിദ്ധീഖ് -رضي الله عنه- മോചിപ്പിച്ചിട്ടുണ്ട്.

ബിലാൽ, ആമിർ ബ്നു ഫുഹൈറഃ, നഹ്ദിയ്യഃയും അവരുടെ മകളും, സുനയ്റയും ഉമ്മു ഈസായും, ബനുൽ മുഅമ്മലുകാരുടെ അടിയാത്തിയും.

അദ്ദേഹത്തിന്റെ കാര്യത്തിലാണ് "ഏറ്റവും സൂക്ഷ്മതയുള്ള വ്യക്തി അതിൽ നിന്ന് അകറ്റപ്പെടുന്നതാണ്" എന്ന വചനം മുതൽ സൂറ. ലൈലിന്റെ അവസാനം വരെ അവതരിച്ചത്. [1]

عَنْ قَتَادَةَ فِي قَوْلِهِ تَعَالَى: «**وَمَا لِأَحَدٍ عِنْدَهُ مِنْ نِعْمَةٍ تُجْزَى**»؛ قَالَ: نَزَلَتْ فِي أَبِي بَكْرٍ؛ أَعْتَقَ نَاسًا لَمْ يَلْتَمِسْ مِنْهُمْ جَزَاءً وَلَا شُكُورًا سِتَّةً أَوْ سَبْعَةً؛ مِنْهُمْ بِلَالٌ وَعَامِرُ بْنُ فُهَيْرَةَ.

ഖതാദഃ -ﷺ- നിവേദനം: "പ്രത്യുപകാരം നൽകപ്പെടേണ്ടതായ യാതൊരു അനുഗ്രഹവും അദ്ദേഹത്തിന്റെ പക്കൽ ഒരാൾക്കുമില്ല." എന്ന വചനം അബൂബക്ർ സിദ്ധീഖ് -﵁- വിന്റെ കാര്യത്തിലാണ് അവതരിച്ചത്. ഒരു പ്രതിഫലമോ നന്ദിയോ ആഗ്രഹിക്കാതെ ആറോ ഏഴോ പേരെ അദ്ദേഹം അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചിട്ടുണ്ട്. ബിലാൽ -﵁- വും, ആമിർ ബ്നു ഫുഹൈറഃ -﵁- യും അവരിൽ പെട്ടവരായിരുന്നു. [2]

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 13)** ഇഹലോകവും പരലോകവും അല്ലാഹുവിന്റെ അധീനതയിലാണ്. അതിലെ സർവ്വ കാര്യങ്ങളും നിയന്ത്രിക്കുന്നതും അവൻ തന്നെ. ഈ രണ്ട് കാര്യത്തിലും അല്ലാഹുവിന് ഒരു പങ്കാളിയുമില്ല. അതിനാൽ ഇഹലോകത്തോ പരലോകത്തോ എന്തു കാര്യം ആഗ്രഹിക്കുന്നവനും അല്ലാഹുവിലേക്ക് തന്റെ ആവശ്യം സമർപ്പിക്കട്ടെ! സൃഷ്ടികളിലുള്ള അവന്റെ പ്രതീക്ഷകളെല്ലാം അവൻ വിഛേദിക്കുകയും ചെയ്യട്ടെ! (സഅ്ദി: 926)

---

1 ദുർറുൽ മൻഥൂർ / സുയൂത്വി: 8/537, ഹദീഥിന്റെ പരമ്പര മുർസലാണ് എന്നതിനാൽ **ചെറിയ ദുർബലതയുണ്ട്**.

2 തഫ്സീർ / ത്വബ്‌രി: 30/146, ഹദീഥിന്റെ പരമ്പരയിൽ ഉള്ളവരെല്ലാം വിശ്വസ്തരാണെങ്കിലും, സ്വഹാബിയുടെ പേര് വന്നിട്ടില്ലാത്തതിനാൽ മുർസലായ **-ചെറിയ ദുർബലതയുള്ള-** നിവേദനമാണിത്.

» **(ആയത്ത്: 18)** ദാനധർമ്മങ്ങളുടെ ഉദ്ദേശ്യം ജീവിതത്തിൽ വിശുദ്ധി കൈവരിക്കുക എന്നതും, തിന്മകളിൽ നിന്ന് സ്വന്തത്തെ മുക്തമാക്കുക എന്നതുമായിരിക്കണം. അവന്റെ ലക്ഷ്യം അല്ലാഹുവിന്റെ തിരുവദനവും അവന്റെ പ്രതിഫലവുമായിരിക്കണം.

അതിൽ നിന്ന് മനസ്സിലാക്കേണ്ട മറ്റൊരു പാഠം കൂടിയുണ്ട്; ഒരാൾ ഐച്ഛികമായ (സുന്നത്തായ) ദാനം നൽകുന്നത് കൊണ്ട് അയാളുടെ ഏതെങ്കിലും നിർബന്ധ ബാധ്യത ഉപേക്ഷിക്കേണ്ട സ്ഥിതി സംജാതമാകുമെങ്കിൽ അയാൾ ദാനം നൽകുന്നത് വേണ്ടതില്ല.

ഉദാഹരണത്തിന്, ഒരാൾക്ക് ഐച്ഛികമായ ദാനം നൽകുന്നതിന്റെ പേരിൽ തന്റെ മേൽ ബാധ്യതയുള്ള കടം വീട്ടാൻ അവന് സാധ്യമാകില്ലെങ്കിൽ അവൻ ദാനം നൽകരുത്. അവന്റെ ദാനം സ്വീകാര്യമാകില്ല എന്ന് അഭിപ്രായപ്പെട്ട അനേകം പണ്ഡിതന്മാർ വരെയുണ്ട്. കാരണം നിർബന്ധബാധ്യത ഉപേക്ഷിക്കാൻ കാരണമാകുന്ന സുന്നത്തുകൾ ഒരാളുടെയും ജീവിതം വിശുദ്ധമാക്കില്ല. (സഅ്ദി: 926)

» **(ആയത്ത്: 19-20)** അല്ലാഹുവിനെ അങ്ങേയറ്റം സൂക്ഷിക്കുന്ന വ്യക്തിയുടെ വിശേഷണമായി അല്ലാഹു എടുത്തു പറഞ്ഞ കാര്യം ശ്രദ്ധിക്കുക; സൃഷ്ടികളിൽ ഒരാൾക്കും അയാളുടെ മേൽ ഒരു ഔദാര്യം പറയാൻ സാധിക്കാത്ത വിധത്തിൽ അയാൾ ജനങ്ങൾക്ക് പ്രത്യുപകാരം ചെയ്തിരിക്കുന്നു. ചിലപ്പോൾ ജനങ്ങൾക്ക് ചെയ്തു കൊടുത്ത നന്മകളുടെയും ഔദാര്യങ്ങളുടെയും കണക്ക് അയാളുടെ കണക്കിലായിരിക്കും കൂടുതലുണ്ടാവുക!

അതോടെ, അയാൾ അല്ലാഹുവിന്റെ പരിപൂർണ്ണ ദാസൻ എന്ന പദവിക്ക് അർഹനായിത്തീർന്നിരിക്കുന്നു. കാരണം അയാളുടെ നന്മകൾ ഒന്നും അയാൾക്ക് അല്ലാഹുവല്ലാത്ത ഒരാളെയും ഉദ്ദേശിച്ചു കൊണ്ട് ചെയ്യുന്നില്ല. എന്നാൽ ജനങ്ങളുടെ ഔദാര്യം സ്വീകരിച്ച മനുഷ്യരെ സംബന്ധിച്ചിടത്തോളം, ജനങ്ങൾക്ക് വേണ്ടി ചിലതെല്ലാം ഉപേക്ഷിക്കുകയും അവരെ കാണിക്കാൻ വേണ്ടി ചിലതെല്ലാം പ്രവർത്തിക്കുകയും ചെയ്യാതെ അവർക്ക് തരമില്ല. അതാകട്ടെ, അവന്റെ ഇഖ്ലാസിൽ (അല്ലാഹുവിന് മാത്രം നി

ഷ്കളങ്കമായി പ്രവർത്തിക്കുക എന്നതിൽ) കുറവ് വരുത്തുന്നതാണ്. (സഅ്ദി: 927-928)

» **(ആയത്ത്: 17-21)** ഈ ആയത്തുകൾ അബൂബക്ർ സിദ്ധീഖ് -ﷺ- വിന്റെ വിഷയത്തിലാണ് അവതരിച്ചത് എന്ന് പറയപ്പെട്ടിട്ടുണ്ട്. അബൂബക്ർ സിദ്ധീഖ് -ﷺ- ഈ ആയത്തിൽ പറഞ്ഞ സ്വഭാവഗുണങ്ങൾക്ക് ഉടമയായിരുന്നു എന്നതിൽ സംശയമില്ല. പ്രത്യുപകാരം ചെയ്യാൻ ബാക്കിയുള്ള വിധത്തിൽ ഒരാൾക്കും അദ്ദേഹത്തിന്റെ മേൽ ഔദാര്യം എടുത്തു പറയുക സാധ്യമല്ല.

നബി -ﷺ- അല്ലാഹുവിന്റെ റസൂലാണെന്നതും, അതു മുഖേന അവിടുന്ന് നൽകിയ നന്മകൾക്ക് ഒരാൾക്കും പ്രത്യുപകാരം ചെയ്യാൻ സാധിക്കില്ല എന്നതും ഒഴിച്ചു നിർത്തിയാൽ നബി -ﷺ-യുടെ കാര്യത്തിൽ പോലും അബൂബക്ർ സിദ്ധീഖ് -ﷺ- വിന്റെ അവസ്ഥ അതായിരുന്നു. നബി -ﷺ- നടത്തിയ ഇസ്‌ലാമിക പ്രബോധനവും, അവിടുന്ന് നൽകിയ വിജ്ഞാനവും ഒരിക്കലും ഒരാൾക്കും പകരം നൽകാൻ കഴിയാത്ത വിധത്തിലുള്ള അനുഗ്രഹമാണ്. അതിനാൽ അല്ലാഹുവിനും അവന്റെ റസൂലിനും പറഞ്ഞു തീർക്കാൻ കഴിയാത്ത ഔദാര്യം എല്ലാവരുടെയും മേലുണ്ട്. അതിന് അർഹമായ പ്രത്യുപകാരം ചെയ്യുക എന്നതോ പകരം നൽകുക എന്നതോ ഒരാൾക്കും സാധ്യമല്ല.

ഈ ആയത്തുകളുടെ ഉദ്ദേശ്യത്തിൽ അബൂബക്ർ സിദ്ധീഖ് -ﷺ- ഉൾപ്പെടുമെങ്കിലും, അദ്ദേഹത്തിന്റെ ഈ സ്വഭാവഗുണങ്ങൾ ജീവിതത്തിൽ പകർത്തിയവർക്കും അതിൽ ഒരു പങ്കുണ്ട്. സൃഷ്ടികളിൽ ഒരാളിൽ നിന്നും ഔദാര്യം പറ്റാതിരിക്കുകയും, പ്രവർത്തനങ്ങളെല്ലാം അല്ലാഹുവിന്റെ പ്രീതിയും തിരുവദനവും പ്രതീക്ഷിച്ചു മാത്രം നിർവ്വഹിക്കുകയും ചെയ്യുക എന്നതാണ് ആ മഹത്തരമായ സ്വഭാവഗുണം. (സഅ്ദി: 928)

സൂറ. ദ്വുഹാ

سُورَةُ الضُّحَىٰ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 11.

സൂറത്തിൻ്റെ പേരുകളിൽ ചിലത്:

1- ദ്വുഹാ (الضُّحَى): പകലിൻ്റെ ആദ്യഭാഗത്തെ സൂചിപ്പിക്കുന്ന 'ദ്വുഹാ' എന്ന പദം സൂറത്തിൻ്റെ ആദ്യ ആയത്തിൽ വന്നിരിക്കുന്നു.

സൂറത്തിൻ്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറ ദ്വുഹാ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിൻ്റെ അവതരണകാരണം:

عَنْ جُنْدَبِ بْنِ عَبْدِ اللَّـهِ قَالَ: احْتَبَسَ جِبْرِيلُ -ﷺ- عَلَى النَّبِيِّ -ﷺ-، فَقَالَتِ امْرَأَةٌ مِنْ قُرَيْشٍ: أَبْطَأَ عَلَيْهِ شَيْطَانُهُ، فَنَزَلَتْ: «**وَالضُّحَى وَاللَّيْلِ إِذَا سَجَى، مَا وَدَّعَكَ رَبُّكَ وَمَا قَلَى**»

ജുൻദുബ് ബ്നു അബ്ദില്ലാഹ് -رَضِيَ اللَّهُ عَنْهُ- നിവേദനം: ജിബ്രീൽ -عَلَيْهِ السَّلَامُ- നബി -ﷺ- യുടെ അരികിൽ വരാൻ (കുറച്ചു) വൈകി. അപ്പോൾ ഖുറൈശികളിൽ പെട്ട ഒരു സ്ത്രീ പറഞ്ഞു: "അവൻ്റെ പിശാച് അവൻ്റെ അരികിൽ വരാൻ വൈകിയിരിക്കുന്നു." അപ്പോഴാണ് സൂറ. ദ്വുഹാ അവതരിച്ചത്. (ബുഖാരി: 1125)

ജുൻദുബ് -رَضِيَ اللَّهُ عَنْهُ- നിവേദനം ചെയ്ത ഹദീഥിൽ ബഹുദൈവാരാധകർ നബി -ﷺ- യെ ആക്ഷേപിച്ചു എന്നാണുള്ളത്. മുഹമ്മദിൻ്റെ -ﷺ- അവൻ്റെ റബ്ബ് ഉപേക്ഷിച്ചു എന്നായിരുന്നു അവർ പരിഹസിച്ചത്. അപ്പോൾ സൂറ. ദ്വുഹാ അവതരിച്ചു എന്നാണ് പ്രസ്തുത നിവേദനത്തിലുള്ളത്. [1]

മറ്റൊരു നിവേദനത്തിൽ, നബി -ﷺ- ക്ക് അസുഖം ബാധിക്കുകയും, ഒന്നോ രണ്ടോ രാത്രികൾ അവിടുന്ന് കിടപ്പിലാവുകയും ചെയ്തപ്പോഴാണ് വഹ്‌യ് നിലച്ചത് എന്നാണുള്ളത്. (ത്വബ്റാനി: 2/173)

1 തഫ്സീർ / ത്വബ്രി: 30/148, മുഅ്ജമുൽ കബീർ / ത്വബ്റാനി: 2/173.

ഹദീഥുകളിൽ നിന്ന് വ്യക്തമാകുന്നത് പോലെ, നബി -ﷺ- ക്ക് വഹ്‌യ് ലഭിക്കുന്നതിൽ ഒരു ഇടവേള വന്നപ്പോൾ അവിടുത്തെ ആക്ഷേപിച്ചത് ബഹുദൈവാരാധകരായിരുന്നു. എന്നാൽ ഖദീജഃ -رضي الله عنها- നബി -ﷺ- യോട് 'താങ്കളുടെ രക്ഷിതാവ് താങ്കളെ ഉപേക്ഷിച്ചതു പോലെ തോന്നുന്നു' എന്ന് പറഞ്ഞതായി ചില നിവേദനങ്ങൾ വന്നിട്ടുണ്ട്. ഈ ഹദീഥുകൾ മുർസലായ -ദുർബലമായ- നിവേദനങ്ങളിൽ പെട്ടതാണ്.

ഖദീജഃ -رضي الله عنها- യുടെ പേര് ഈ നിവേദനങ്ങളിൽ വന്നത് അബദ്ധമായിരിക്കാം എന്ന് ഇബ്നു കഥീർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവ സ്ഥിരപ്പെട്ടാൽ തന്നെയും, ഖദീജഃ -رضي الله عنها- ഈ വാക്കുകൾ നബി -ﷺ- യോട് പറഞ്ഞത് സങ്കടത്തോടെയും ആകുലതയോടെയുമാണ് എന്നാണ് മനസ്സിലാക്കേണ്ടത്; ഇബ്നു ഹജർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. [1]

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* നബി -ﷺ- യുടെ ചെറുപ്പത്തിലും വലുപ്പത്തിലും അല്ലാഹു അവിടുത്തേക്ക് ചെയ്ത അനുഗ്രഹങ്ങൾ ഓർമ്മപ്പെടുത്തുന്നു.

* അല്ലാഹുവിൽ നിന്നുള്ള സന്ദേശം (കുറച്ചുകാലം) നിലച്ചതോടെ അല്ലാഹു നബി -ﷺ- യെ ഉപേക്ഷിക്കുകയും, അവിടുത്തോട് കോപിക്കുകയും ചെയ്തിരിക്കുന്നു എന്ന് ആക്ഷേപിച്ച മക്കയിലെ ബഹുദൈവാരാധകർക്കുള്ള മറുപടി.

* പരലോകത്ത് നബി -ﷺ- ക്കായി അല്ലാഹു ഒരുക്കി വെച്ചിരിക്കുന്ന അനുഗ്രഹങ്ങൾ ഓർമ്മപ്പെടുത്തുന്നു.

* അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനുയോജ്യമായ രൂപത്തിൽ -അനാഥരോട് സ്നേഹപൂർവ്വം പെരുമാറിയും, ആവശ്യക്കാരോട് കാരുണ്യം ചൊരിഞ്ഞു കൊണ്ടും- നന്ദി കാണിക്കാൻ നബി -ﷺ- യെ ഓർമ്മപ്പെടുത്തുന്നു.

ആയത്തുകൾ 1-11

(1) 'ദ്വുഹാ' സമയം തന്നെയാണ് സത്യം.	وَٱلضُّحَىٰ ١

1 ഫത്ഹുൽ ബാരീ : 8/711, തഫ്സീർ / ഇബ്നു കഥീർ: 4/558.

وَٱلَّيۡلِ إِذَا سَجَىٰ ﴿٢﴾

(2) രാത്രി തന്നെയാണ് സത്യം; അത് ശാന്തമാകുമ്പോൾ.

مَا وَدَّعَكَ رَبُّكَ وَمَا قَلَىٰ ﴿٣﴾

(3) (നബിയേ,) താങ്കളുടെ റബ്ബ് താങ്കളെ ഉപേക്ഷിച്ചിട്ടില്ല. അവൻ താങ്കളെ വെറുത്തിട്ടുമില്ല.

وَلَلۡأٓخِرَةُ خَيۡرٞ لَّكَ
مِنَ ٱلۡأُولَىٰ ﴿٤﴾

(4) തീർച്ചയായും പരലോകമാണ് നിനക്ക് ഇഹലോകത്തെക്കാൾ ഉത്തമമായിട്ടുള്ളത്.

وَلَسَوۡفَ يُعۡطِيكَ
رَبُّكَ فَتَرۡضَىٰٓ ﴿٥﴾

(5) വഴിയെ താങ്കളുടെ റബ്ബ് താങ്കൾക്ക് നൽകുകയും, അങ്ങനെ താങ്കൾ തൃപ്തിപ്പെടുകയും ചെയ്യുന്നതാണ്.

أَلَمۡ يَجِدۡكَ يَتِيمٗا فَـَٔاوَىٰ ﴿٦﴾

(6) താങ്കളെ അവൻ അനാഥനായി കണ്ടെത്തുകയും, എന്നിട്ട് (താങ്കൾക്ക്) അഭയം നൽകുകയും ചെയ്തില്ലേ?

وَوَجَدَكَ ضَآلّٗا فَهَدَىٰ ﴿٧﴾

(7) താങ്കളെ അവൻ വഴി തെറ്റിയവനായി കണ്ടെത്തുകയും, എന്നിട്ട് (താങ്കളെ) നേർവഴിയിലേക്ക് നയിക്കുകയും ചെയ്തില്ലേ?

وَوَجَدَكَ عَآئِلٗا فَأَغۡنَىٰ ﴿٨﴾

(8) താങ്കളെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ട് അവൻ (താങ്കൾക്ക്) ധന്യത നൽകുകയും ചെയ്തില്ലേ?

فَأَمَّا ٱلۡيَتِيمَ فَلَا تَقۡهَرۡ ﴿٩﴾

(9) എന്നിരിക്കെ അനാഥരെ നീ അടിച്ചമർത്തരുത്.

وَأَمَّا ٱلسَّآئِلَ فَلَا تَنْهَرْ ﴿١٠﴾ وَأَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ ﴿١١﴾

(10) ചോദിച്ച് വരുന്നവനെ നീ വിരട്ടി വിടുകയും ചെയ്യരുത്.

(11) എന്നാൽ താങ്കളുടെ റബ്ബിന്റെ അനുഗ്രഹങ്ങൾ; (അതിനെ കുറിച്ച്) നീ സംസാരിക്കുക.

തഫ്സീർ

(1) പകലിന്റെ ആദ്യഭാഗം കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. പകൽ മുഴുവൻ അതിന്റെ ഉദ്ദേശ്യത്തിൽ പെടുന്നതാണ്.

(2) രാത്രിയെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. അത് ഇരുളടയുകയും ജനങ്ങൾ അവരുടെ വ്യവഹാരങ്ങളിൽ നിന്ന് മാറി ശാന്തരാവുകയും, ഇരുട്ട് കഠിനമാവുകയും ചെയ്യുമ്പോൾ.

അല്ലാഹു അവൻ ഉദ്ദേശിക്കുന്ന തന്റെ സൃഷ്ടികളെ കൊണ്ട് ശപഥം ചെയ്യുന്നതാണ്. എന്നാൽ സൃഷ്ടികൾക്ക് അല്ലാഹുവിനെ കൊണ്ടല്ലാതെ മറ്റാരെ കൊണ്ടും സത്യം ചെയ്യാനോ ശപഥം ചെയ്യാനോ പാടില്ല. അല്ലാഹുവിന് പുറമേയുള്ളവരെ കൊണ്ട് സത്യം ചെയ്യുക എന്നത് ബഹുദൈവാരാധനാപരമായ ശിർക്കൻ പ്രവർത്തിയാണ്.

(3) അല്ലാഹുവിന്റെ റസൂലേ! താങ്കളുടെ റബ്ബ് താങ്കളെ ഉപേക്ഷിക്കുകയോ, താങ്കളോട് കോപിക്കുകയോ ചെയ്തിട്ടില്ല.

(പ്രവാചകത്വത്തിന്റെ ആദ്യകാലഘട്ടത്തിൽ) അല്ലാഹുവിൽ നിന്നുള്ള സന്ദേശം കുറച്ചു കാലം നിലച്ചപ്പോൾ ബഹുദൈവാരാധകർ അപ്രകാരം പറഞ്ഞു പരത്തിയിരുന്നു. എന്നാൽ വഹ്‌യിന് ഇടവേളയുണ്ടായത് അല്ലാഹു അവിടുത്തോട് ദേഷ്യപ്പെട്ടത് കൊണ്ടല്ല എന്ന് അവിടുത്തെ അല്ലാഹു സമാധാനിപ്പിക്കുന്നു.

(4) ഇഹലോകത്തേക്കാൾ പരലോകഭവനം തന്നെയാണ് നിനക്ക് കൂടുതൽ ഉത്തമമായിട്ടുള്ളത്; കാരണം ഒരിക്കലും നിലച്ചു പോകാത്ത സുഖാനുഗ്രഹങ്ങളാണ് അവിടെയുള്ളത്.

(5) താങ്കൾക്കും താങ്കളുടെ ജനതക്കും അല്ലാഹു സമൃദ്ധമായ പ്രതിഫലം നൽകുന്നതാണ്; അങ്ങനെ അവൻ നിങ്ങൾക്ക് നൽകിയതിൽ താങ്കൾ തൃപ്തിപ്പെടുന്നത് വരെ.

(6) മാതാവിന്റെ ഗർഭപാത്രത്തിലായിരിക്കെ പിതാവ് മരണപ്പെട്ട, ഒരു അനാഥനായല്ലേ അല്ലാഹു താങ്കളെ കണ്ടെത്തിയത്?! ചെറിയ കുഞ്ഞായിരിക്കെ പിതാവ് നഷ്ടപ്പെട്ട ഒരു ബാലനായിരുന്ന താങ്കൾക്ക് അല്ലാഹു അഭയം നൽകുകയും, താങ്കളെ അവൻ വളർത്തിയെടുക്കുകയും ചെയ്തില്ലേ?!

(അല്ലാഹുവിന്റെ അനുഗ്രഹത്താൽ താങ്കളുടെ) പ്രപിതാവായ അബ്ദുൽ മുത്വലിബും, അദ്ദേഹത്തിന് ശേഷം പിതൃസഹോദരനായ അബൂ ത്വാലിബും താങ്കളെ വാത്സല്യം കൊണ്ട് മൂടുകയുണ്ടായി.

(7) എന്താണ് വേദഗ്രന്ഥമെന്നോ, എന്താണ് ശരിയായ വിശ്വാസമെന്നോ താങ്കൾക്ക് അറിയില്ലായിരുന്നു. താങ്കൾക്ക് അറിവില്ലാതിരുന്ന കാര്യങ്ങളെല്ലാം അല്ലാഹു താങ്കൾക്ക് പഠിപ്പിച്ചു നൽകിയില്ലേ? ഏറ്റവും നല്ല പ്രവർത്തനങ്ങളിലേക്ക് അവൻ താങ്കൾക്ക് വഴി കാണിക്കുകയും ചെയ്തില്ലേ?!

(8) താങ്കളെ ഒരു ദരിദ്രനായി അല്ലാഹു കണ്ടെത്തുകയും, പിന്നീട് അവൻ താങ്കളുടെ ഉപജീവനം താങ്കളിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്തില്ലേ?! ലഭിച്ചതിൽ തൃപ്തിയടയുന്ന മനസ്സും ക്ഷമയും നൽകി താങ്കളെ അവൻ ധന്യനാക്കിയില്ലേ?!

(9) അതിനാൽ, -നബിയേ!- ചെറുപ്രായത്തിൽ പിതാവിനെ നഷ്ടപ്പെട്ട അനാഥരോട് താങ്കൾ മോശമായി പെരുമാറരുത്; അവനെ അപമാനിക്കുകയുമരുത്.

(10) ചോദിച്ചു വരുന്ന ആവശ്യക്കാരെ നീ ആട്ടിയകറ്റരുത്. മറിച്ച്, അവന് ഭക്ഷണം നൽകുകയും, അവന്റെ ആവശ്യം നിറവേറ്റി കൊടുക്കുകയും ചെയ്യുക.

(11) അല്ലാഹു താങ്കൾക്ക് മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് താങ്കൾ നന്ദി കാണിക്കുകയും, അതിനെ കുറിച്ച് താങ്കൾ സംസാരിക്കുകയും ചെയ്യുക.

ആയത്തുകളുടെ അവതരണപശ്ചാത്തലം:

عَنْ عَبْدِ اللَّـهِ بْنِ عَبَّاسٍ قَالَ: عُرِضَ عَلَى رَسُولِ اللَّـهِ -ﷺ- مَا هُوَ مَفْتُوحٌ عَلَى أُمَّتِهِ مِنْ بَعْدِهِ كَفْرًا كَفْرًا، فَسُرَّ بِذَلِكَ، فَأَنْزَلَ اللَّـهُ عَزَّ وَجَلَّ «وَلَسَوْفَ يُعْطِيكَ رَبُّكَ فَتَرْضَى»، فَأَعْطَاهُ اللَّـهُ فِي الْجَنَّةِ أَلْفَ قَصْرٍ، فِي كُلِّ قَصْرٍ مَا يَنْبَغِي لَهُ مِنَ الْوِلْدَانِ وَالْخَدَمِ.

അബ്ദുല്ലാഹി ബ്നു അബ്ബാസ് -﵄- നിവേദനം: നബി -ﷺ- യുടെ സമുദായത്തിന് നാടുകൾക്ക് ശേഷം നാടുകളായി വിജയം നൽകപ്പെടുമെന്നത് അവിടുത്തേക്ക് കാണിക്കപ്പെട്ടു. അത് കണ്ടപ്പോൾ അവിടുത്തേക്ക് സന്തോഷമുണ്ടായി. അങ്ങനെ അല്ലാഹു അവതരിപ്പിച്ചു. സൂറ. ദ്വുഹായിലെ അഞ്ചാമത്തെ വചനം അവതരിപ്പിച്ചു.

അല്ലാഹു സ്വർഗത്തിൽ അവിടുത്തേക്ക് ആയിരം കൊട്ടാരങ്ങൾ നൽകിയിരിക്കുന്നു. എല്ലാ കൊട്ടാരത്തിലും അവിടെ ആവശ്യമായ കുട്ടികളും സേവകരുമുണ്ട്. (ജാമിഉൽ ബയാൻ / ത്വബരി: 30/149, ഇസ്തീആബ്: 3/521)

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-5)** അല്ലാഹുവിങ്കൽ നബി -ﷺ- ക്കുള്ള സ്ഥാനത്തോട് അടുത്തെത്തുന്ന മറ്റൊരു പദവിയുമില്ല.

» **(ആയത്ത്: 3)** നബി -ﷺ- യെ അല്ലാഹു ഒരിക്കലും ഉപേക്ഷിച്ചില്ല. അവിടുത്തെ അല്ലാഹു ഏറ്റവും നന്നായി ശ്രദ്ധിച്ചു. അവിടുത്തെ വളർത്തിയെടുക്കുകയും, ഏറ്റവും നല്ല മര്യാദകളിലേക്ക് നയിക്കുകയും ചെയ്തു. അവിടുത്തെ പദവികൾ ഒന്നിനു പുറകെ ഒന്നായി അല്ലാഹു ഉയർത്തി നൽകുകയും ചെയ്തു.

നബി -ﷺ- യോട് അല്ലാഹു ഒരിക്കലും ദേഷ്യപ്പെട്ടില്ല. മറിച്ച്, അവിടുത്തെ അല്ലാഹു എന്നുമെന്നും സ്നേഹിച്ചു കൊണ്ടേയിരുന്നു. പൂർണ്ണതയുടെ പടികൾ അവിടുന്ന് കയറിക്കൊണ്ടിരിക്കുകയും, അവിടുത്തെ റബ്ബ് ഏറ്റവും മനോഹരമായി നബി -ﷺ- യെ ശ്രദ്ധയോടെ വർത്തുകയും ചെയ്തു കൊണ്ടിരുന്നു! (സഅ്ദി: 928)

» **(ആയത്ത്: 4)** പരലോകമാണ് നബി -ﷺ- ക്ക് ഇഹലോകത്തേക്കാൾ നല്ലത്. അല്ല! അവിടുന്ന് ഭൂമിയിൽ ജീവിച്ചപ്പോൾ പോലും, അവിടുത്തെ ഓരോ ദിവസവും അതിന് മുൻപുള്ളതിനേക്കാൾ ഉത്തമമായിരുന്നു. ഉയർച്ചയുടെ ഗോവണികൾ അവിടുന്ന് എന്നുമെന്നും കയറിക്കൊണ്ടേയിരുന്നു.

അല്ലാഹു അവിടുത്തെ മതത്തിന് വിജയം നൽകിക്കൊണ്ടിരിക്കുകയും, അവിടുത്തെ സാഹചര്യങ്ങൾ കൂടുതൽ ശരിയാക്കിക്കൊടുക്കുകയും ചെയ്തു. മരണപ്പെടുമ്പോൾ മനുഷ്യരിൽ ആ

ദ്യകാലക്കാരോ പിൽക്കാലക്കാരോ ഒരിക്കലും എത്തിപ്പിടിച്ചിട്ടില്ലാത്ത ഉന്നതമായ പദവിയിൽ അവിടുന്ന് എത്തിക്കഴിഞ്ഞിരുന്നു. (സഅ്ദി: 928)

» **(ആയത്ത്: 5)** നബി -ﷺ- ക്ക് അല്ലാഹു സ്വർഗത്തിൽ നൽകാനിരിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഈ വചനത്തിൽ അല്ലാഹു പറഞ്ഞതിനപ്പുറം ആശയസമ്പുഷ്ടമായ മറ്റൊരു വാക്ക് വേറെ പറയാനില്ല! (സഅ്ദി: 928)

» **(ആയത്ത്: 9)** അനാഥനോട് മോശമായി പെരുമാററുത്. അവനെ കാണുമ്പോൾ നിന്റെ ഹൃദയത്തിന് ഇടുക്കമുണ്ടാകരുത്. അവനെ നീ അകറ്റി നിർത്തുകയുമരുത്. മറിച്ച്, അനാഥനെ നീ അടുപ്പിക്കുകയും അവനെ നീ ആദരിക്കുകയും ചെയ്യുക. നിനക്ക് സാധിക്കുന്നത് അവന് നൽകാൻ നീ മറക്കരുത്. നിനക്ക് ശേഷം നിന്റെ മക്കളോട് മറ്റുള്ളവർ പെരുമാറാൻ നീ ആഗ്രഹിക്കുന്നത് എപ്രകാരമാണോ, അപ്രകാരം നീ അവരോട് പെരുമാറുക! (സഅ്ദി: 928)

» **(ആയത്ത്: 10)** ചോദിച്ചു വരുന്നവരെ ആട്ടിവിടരുത് എന്ന് പറഞ്ഞത് സമ്പത്ത് ചോദിച്ചു വരുന്നവനും വിജ്ഞാനം ചോദിച്ചു വരുന്നവനും ബാധകമാണ്. അദ്ധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളോട് നല്ല സ്വഭാവം പുലർത്താൻ കൽപ്പിക്കപ്പെട്ടവരാണ് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. (സഅ്ദി: 928)

» **(ആയത്ത്: 11)** അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ച് സംസാരിക്കുക എന്നത് അവക്ക് നന്ദി കാണിക്കാൻ പ്രേരിപ്പിക്കുന്നതാണ്. അനുഗ്രഹങ്ങൾ നൽകിയ റബ്ബിനോടുള്ള സ്നേഹം വർദ്ധിക്കാനും അത് കാരണമാകും. കാരണം തന്നോട് നന്മ ചെയ്തവരെ സ്നേഹിക്കാൻ കഴിയും വിധമാണ് ഹൃദയങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (സഅ്ദി: 928)

സൂറ. ശർഹ്

سُورَةُ الشَّرْحِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 8.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ശർഹ് (الشَّرْحُ): വിശാലത നൽകി എന്ന അർത്ഥം വരുന്ന 'ശറഹ' എന്ന പദത്തിന്റെ ക്രിയാനാമമാണ് ശർഹ് എന്നത്. സൂറത്തിന്റെ ആരംഭത്തിൽ ഈ പദം വന്നിട്ടുണ്ട്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറ ശർഹ്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹു നബി-ﷺ-ക്ക് നൽകിയ ശ്രദ്ധയും പരിഗണനയും സ്മരിക്കുന്നു. അവിടുത്തേക്ക് അല്ലാഹുവിൽ വിശ്വസിക്കാൻ ഹൃദയവിശാലത നൽകിയതും, അവിടുത്തെ ഹൃദയത്തെ തിന്മകളിൽ നിന്ന് ശുദ്ധീകരിച്ചതും, ഇഹലോകത്തും പരലോകത്തും അവിടുത്തേക്ക് നൽകപ്പെടുന്ന സ്ഥാനങ്ങൾ ഉന്നതമാക്കിയതും അതിൽ പെട്ടതാണ്.

* ധിക്കാരികളും തെമ്മാടികളുമായ നിഷേധികളിൽ നിന്ന് നബി -ﷺ- നേരിടുന്ന ഉപദ്രവങ്ങളിൽ അവിടുത്തെ ആശ്വസിപ്പിക്കുകയും, ഈ ഞെരുക്കത്തിന് ശേഷം എളുപ്പം വരാനുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.

* അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു കൊടുക്കുന്നതിൽ നിന്ന് വിരമിച്ചാൽ അല്ലാഹുവിനുള്ള ആരാധനകളിൽ മുഴുകാൻ അവിടുത്തെ ഓർമ്മപ്പെടുത്തുന്നു. അല്ലാഹു ചെയ്ത അനുഗ്രഹങ്ങൾക്കുള്ള നന്ദി കൂടിയാണ് പ്രസ്തുത ആരാധനകൾ.

ആയത്തുകൾ 1-8

أَلَمْ نَشْرَحْ لَكَ صَدْرَكَ ۝١

(1) നിനക്ക് നിന്റെ ഹൃദയം നാം വിശാലതയുള്ളതാക്കി തന്നില്ലേ?

وَوَضَعْنَا عَنكَ وِزْرَكَ ۝٢

(2) നിന്നിൽ നിന്ന് നിന്റെ ആ ഭാരം നാം ഇറക്കിവെക്കുകയും ചെയ്തു.

ٱلَّذِىٓ أَنقَضَ ظَهْرَكَ ۝٣

(3) നിന്റെ മുതുകിനെ ഞെരിച്ചുകളഞ്ഞതായ (ഭാരം).

وَرَفَعْنَا لَكَ ذِكْرَكَ ۝٤

(4) നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു.

فَإِنَّ مَعَ ٱلْعُسْرِ يُسْرًا ۝٥

(5) എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും.

إِنَّ مَعَ ٱلْعُسْرِ يُسْرًا ۝٦

(6) തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും.

فَإِذَا فَرَغْتَ فَٱنصَبْ ۝٧

(7) ആകയാൽ നിനക്ക് ഒഴിവ് കിട്ടിയാൽ നീ അദ്ധ്വാനിക്കുക.

وَإِلَىٰ رَبِّكَ فَٱرْغَب ۝٨

(8) നിന്റെ റബ്ബിങ്കലേക്ക് മാത്രം നിന്റെ ആഗ്രഹം സമർപ്പിക്കുകയും ചെയ്യുക.

തഫ്സീർ

(1) തീർച്ചയായും താങ്കളുടെ രക്ഷിതാവ് താങ്കളുടെ ഹൃദയം വിശാലമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ സന്ദേശം സ്വീകരിക്കാനും അല്ലാഹുവിന്റെ വിധിവിലക്കുകൾ അംഗീകരിക്കാനും, അവനിലേക്ക് ജനങ്ങളെ ക്ഷണിക്കാനും, മാന്യമായ സ്വഭാവഗുണങ്ങൾ ജീവി

തത്തിൽ പാലിക്കാനും താങ്കളുടെ ഹൃദയം വിശാലമായിരിക്കുന്നു. ഇതെല്ലാം താങ്കൾക്ക് പ്രിയങ്കരമാവുകയും ചെയ്തിരിക്കുന്നു.

(2) താങ്കളിൽ നിന്ന് നാം പാപഭാരം ഇല്ലാതെയാക്കുകയും ചെയ്തു. താങ്കളുടെ ഹൃദയം നന്മകൾ സ്വീകരിക്കാൻ വിശാലമാക്കിയതിലൂടെ താങ്കൾക്ക് മേലുള്ള ഉത്തരവാദിത്തത്തിന്റെ ഭാരം നാം എളുപ്പമാക്കുകയും ചെയ്തിരിക്കുന്നു.

(3) താങ്കളെ പരിക്ഷീണനാക്കുകയും, നിന്റെ മുതുക് തകർത്തു കളയാറാവുകയും ചെയ്ത ഭാരമായിരുന്നു അത്.

(4) താങ്കളുടെ കീർത്തി നാം ഉന്നതമാക്കിയിരിക്കുന്നു; ബാങ്കൊലികളിലും (നിസ്കാരത്തിന് മുൻപുള്ള) ഇഖാമതുകളിലും മറ്റുമെല്ലാം താങ്കളുടെ പേര് സ്മരിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. താങ്കൾക്ക് നാം നൽകിയ അനേകം ആദരവുകളിലൂടെ ഉന്നതമായ സ്ഥാനത്തിൽ നാം താങ്കളെ ആക്കുകയും ചെയ്തിരിക്കുന്നു.

(5) തീർച്ചയായും പ്രയാസത്തോടും ഇടുക്കത്തോടും ഒപ്പം എളുപ്പവും വിശാലതയും ഉണ്ടായിരിക്കും.

(6) തീർച്ചയായും പ്രയാസത്തോടും ഇടുക്കത്തോടുമൊപ്പം എളുപ്പവും വിശാലതയും ഉണ്ടായിരിക്കും.

നബിയേ! ഇക്കാര്യം താങ്കൾക്ക് ബോധ്യപ്പെട്ടുവെങ്കിൽ താങ്കളുടെ ജനങ്ങളുടെ പക്കൽ നിന്ന് ഏൽക്കേണ്ടി വരുന്ന ഉപദ്രവങ്ങൾ ഇനി താങ്കളെ അലട്ടാതിരിക്കട്ടെ. അല്ലാഹുവിലേക്കുള്ള ക്ഷണം തുടരുന്നതിൽ നിന്ന് അതൊന്നും താങ്കളെ ഒരിക്കലും തടസ്സപ്പെടുത്താതിരിക്കുകയും ചെയ്യട്ടെ!

(7) ഐഹികമായ ചുറ്റുപാടുകളിൽ നിന്നും അതിന്റെ തിരക്കുകളിൽ നിന്നും താങ്കൾ വിരമിക്കുകയും, താങ്കളുടെ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവു കിട്ടുകയും ചെയ്താൽ അല്ലാഹുവിനുള്ള ആരാധനകൾ നിർവ്വഹിക്കുന്നതിൽ താങ്കൾ നന്നായി പരിശ്രമിക്കുക.

(8) അല്ലാഹുവിലും അവന്റെ പക്കലുള്ളതിലും മാത്രം താങ്കൾ പ്രതീക്ഷ വെക്കുകയും, അത് മാത്രം താങ്കൾ ലക്ഷ്യമായി കാണുകയും ചെയ്യുക.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** അല്ലാഹു ഒരാളുടെ ഹൃദയം വിശാലമാക്കിയാൽ പരലോകത്തിന് വേണ്ടി പരിശ്രമിക്കുക എന്നത് അയാൾക്ക് വളരെ ലളിതമായിരിക്കും. എന്നാൽ ഹൃദയത്തിന് ഇടുക്കമുള്ളവർക്ക് നന്മകൾ പ്രയാസകരമായിരിക്കും. അവൻ ഏതെങ്കിലും നന്മ താൽപ്പര്യത്തോടെ ചെയ്തു കിട്ടാൻ പ്രയാസമാണ്. പ്രസന്നവദനനായി അവനെ കാണുക എന്നതും ഏറെക്കുറെ അസാധ്യമാണ്. (സഅ്ദി: 929)

» **(ആയത്ത്: 4)** മറ്റൊരാൾക്കും എത്തിപ്പെടാൻ സാധിക്കാത്ത വിധം ഉന്നതവും ഉത്തമവുമായ കീർത്തി നബി -ﷺ- ക്ക് നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ പേര് സ്മരിക്കപ്പെടുമ്പോഴെല്ലാം അവിടുത്തെ പേരും പറയപ്പെടുന്നു. ഇസ്ലാമിലേക്ക് പ്രവേശിക്കുമ്പോൾ ചൊല്ലുന്ന സാക്ഷ്യവചനത്തിലും, അദാനുകളിലും (ബാങ്ക് വിളി), ഇഖാമത്തിലും, ഖുതുബകളിലും മറ്റുമെല്ലാം അല്ലാഹു നബി -ﷺ- യെ കുറിച്ചുള്ള സ്മരണ നിശ്ചയിച്ചിരിക്കുന്നു.
അതിന് പുറമെ ഓരോ മുസ്ലിമിന്റെ ഹൃദയത്തിലും -അല്ലാഹു കഴിഞ്ഞാൽ- നബി -ﷺ- യോടുള്ള സ്നേഹവും ആദരവും ബഹുമാനവും ലോകത്ത് മറ്റൊരാൾക്കും ലഭിച്ചിട്ടില്ലാത്ത വിധത്തിൽ മഹത്തരവും പരിശുദ്ധവുമായി നിലകൊള്ളുന്നു.
അല്ലാഹുവേ! ഒരു നബി തന്റെ ഉമ്മത്തിന് ചെയ്ത നന്മകൾക്ക് നൽകുന്നതിൽ ഏറ്റവും ശ്രേഷ്ഠമായ പ്രതിഫലം ഞങ്ങളുടെ നബി -ﷺ- ഞങ്ങൾക്ക് നൽകിയ നന്മകൾക്കുള്ള പ്രതിഫലമായി നീ നൽകേണമേ! (സഅ്ദി: 929)

» **(ആയത്ത്: 5-6)** മഹത്തരമായ ഒരു സന്തോഷവാർത്തയാണ് ഈ വചനത്തിലുള്ളത്; പ്രയാസവും ഇടുക്കവും എവിടെയുണ്ടോ, അവിടെയെല്ലാം അതിനോടൊപ്പം തന്നെ എളുപ്പവും ഉണ്ടായിരിക്കുന്നതാണ് എന്ന അല്ലാഹുവിന്റെ വാഗ്ദാനമാണത്. ഒരു ഉടുമ്പിന്റെ, ഇടുങ്ങിയ ഒരു മാളത്തിലാണ് പ്രയാസവും കാഠിന്യവും കയറിപ്പോകുന്നത് എങ്കിലും അതിനുള്ളിലേക്കും (അല്ലാഹുവിന്റെ പക്കൽ നിന്നുള്ള) എളുപ്പം പ്രവേശിക്കുകയും, ആ പ്രയാസത്തെ പുറത്താക്കുകയും ചെയ്യും! അല്ലാഹു പറഞ്ഞതു പോലെ:

سَيَجۡعَلُ ٱللَّهُ بَعۡدَ عُسۡرٖ يُسۡرٗا ٧

"ഇടുക്കത്തിന് ശേഷം അല്ലാഹു ഒരു എളുപ്പം നിശ്ചയിക്കുന്നതാണ്." (ത്വലാഖ്: 7) നബി -ﷺ- പറയുകയുണ്ടായി:

«إِنَّ الفَرَجَ مَعَ الكَرْبِ، وَإِنَّ مَعَ العُسْرِ يُسْرًا»

"പ്രയാസത്തോടൊപ്പമാണ് തുറവിയുള്ളത്. ഇടുക്കത്തോടൊപ്പം നിശ്ചയമായും എളുപ്പമുണ്ട്." (അഹ്മദ്: 2803)

അറബി ഭാഷാനിയമങ്ങൾ പരിഗണിച്ചു കൊണ്ട് ഈ രണ്ട് വചനങ്ങൾ വായിച്ചാൽ; ഒരു തവണ ഇടുക്കം പരാമർശിക്കപ്പെട്ടതിന് പകരം രണ്ട് എളുപ്പങ്ങൾ കൂടെ പറയപ്പെട്ടിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയും. ചിലർ വിവരിച്ചതു പോലെ; ഒരു പ്രയാസത്തിന് രണ്ട് എളുപ്പങ്ങളെ പരാജയപ്പെടുത്തുക സാധ്യമല്ല!

മറ്റൊരു നിരീക്ഷണവും ഭാഷാനിയമങ്ങൾ പരിഗണിച്ചു കൊണ്ട് മനസ്സിലാക്കാം; പ്രയാസം എന്ന പദം എല്ലാ തരത്തിലുള്ള -ചെറുതും വലുതുമായ- പ്രയാസങ്ങളെയും ഉൾക്കൊള്ളുന്നതാണ്. പ്രയാസം ഏതുവിധത്തിലും വലുപ്പത്തിലുമുള്ളതാകട്ടെ, അതിനെല്ലാമൊപ്പം എളുപ്പം വന്നെത്തുമെന്നും, അവയുടെയെല്ലാം അന്ത്യം പ്രശോഭിതമായിരിക്കും എന്നും ഈ പ്രയോഗം അറിയിക്കുന്നു. [1] (സഅ്ദി: 929)

» **(ആയത്ത്: 7-8)** തിരക്കുകളിൽ നിന്ന് ഒഴിവ് കിട്ടുകയും, മനസ്സ് ശാന്തമാവുകയും ചെയ്യുമ്പോൾ അല്ലാഹുവിനുള്ള ആരാധനകളിലും പ്രാർത്ഥനകളിലും മുഴുകുകയാണ് ചെയ്യേണ്ടത്... എന്നാൽ ഒഴിവു സമയങ്ങൾ ലഭിച്ചാൽ കളികളിൽ ഏർപ്പെടുകയും, തങ്ങളുടെ റബ്ബിൽ നിന്നും അവനെ സ്മരിക്കുന്നതിൽ നിന്നും തിരിഞ്ഞു കളയുകയും, അങ്ങനെ നഷ്ടക്കാരിൽ പെട്ടുപോവുകയും ചെയ്യുന്നവരുണ്ട്. അവരിൽ നീ ഒരിക്കലും ഉൾപ്പെട്ടു പോകരുത്. (സഅ്ദി: 929)

---

1 قَالَ السَّعْدِيُّ: «وَتَعْرِيفُ «العُسْرِ» فِي الآيَتَيْنِ، يَدُلُّ عَلَى أَنَّهُ وَاحِدٌ، وَتَنْكِيرُ «اليُسْرِ» يَدُلُّ عَلَى تَكْرَارِهِ، فَلَنْ يَغْلِبَ عُسْرٌ يُسْرَيْنِ، وَفِي تَعْرِيفِهِ بِالأَلِفِ وَاللَّامِ، الدَّالَّةِ عَلَى الاسْتِغْرَاقِ وَالعُمُومِ يَدُلُّ عَلَى أَنَّ كُلَّ عُسْرٍ -وَإِنْ بَلَغَ مِنَ الصُّعُوبَةِ مَا بَلَغَ- فَإِنَّهُ فِي آخِرِهِ التَّيْسِيرُ مُلَازِمًا لَهُ» [السعدي: ٩٢٩]

സൂറ. തീൻ

سُورَةُ التِّين

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 8.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- തീൻ (التِّين): അത്തിപ്പഴം എന്ന അർത്ഥം വരുന്ന 'തീൻ' എന്ന വാക്ക് സൂറത്തിന്റെ ആരംഭത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറ. തീൻ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മനുഷ്യനെ ഏറ്റവും നല്ല രൂപത്തിൽ സൃഷ്ടിച്ചു കൊണ്ട് അവനെ അല്ലാഹു ആദരിച്ചിരിക്കുന്നു എന്ന കാര്യം ഊന്നിപ്പറയുന്നു.

* മനുഷ്യൻ നേരായ ശുദ്ധപ്രകൃതിയിലാണ് -അതായത് ഇസ്ലാമിലാണ്- സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന വസ്തുതയിലേക്ക് സൂചന നൽകുന്നു.

* ഇസ്ലാമിനെ നിഷേധിക്കുന്നവർക്കുള്ള താക്കീതുകളും, ഇസ്ലാമിനെ സത്യപ്പെടുത്തുന്നവർക്കുള്ള ഏറ്റവും ഉത്തമമായ വാഗ്ദാനങ്ങളും വിവരിക്കുന്നു.

ആയത്തുകൾ 1-8

وَٱلتِّينِ وَٱلزَّيْتُونِ ١	(1) അത്തിയും ഒലീവും തന്നെ സത്യം.
وَطُورِ سِينِينَ ٢	(2) സീനാ പർവ്വതം തന്നെ സത്യം.
وَهَٰذَا ٱلْبَلَدِ ٱلْأَمِينِ ٣	(3) നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണ് സത്യം.

لَقَدۡ خَلَقۡنَا ٱلۡإِنسَٰنَ فِيٓ أَحۡسَنِ تَقۡوِيمٖ ٤

(4) തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു.

ثُمَّ رَدَدۡنَٰهُ أَسۡفَلَ سَٰفِلِينَ ٥

(5) പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു.

إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فَلَهُمۡ أَجۡرٌ غَيۡرُ مَمۡنُونٖ ٦

(6) (അല്ലാഹുവിലും അവന്റെ റസൂലിലും അന്ത്യനാളിലും) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അവർക്ക് നിലക്കാത്ത പ്രതിഫലമുണ്ട്.

فَمَا يُكَذِّبُكَ بَعۡدُ بِٱلدِّينِ ٧

(7) എന്നിരിക്കെ ഇതിന് ശേഷം (പരലോകത്തെ) പ്രതിഫല നടപടിയെ നിഷേധിക്കാൻ എന്ത് ന്യായമാണ് നിനക്കുള്ളത്?

أَلَيۡسَ ٱللَّهُ بِأَحۡكَمِ ٱلۡحَٰكِمِينَ ٨

(8) അല്ലാഹു വിധികർത്താക്കളിൽ ഏറ്റവും വലിയ വിധികർത്താവല്ലയോ?

തഫ്സീർ

(1) അത്തിപ്പഴം കൊണ്ടും, അത് വളരുന്ന സ്ഥലത്തെ കൊണ്ടും, ഒലീവിനെ കൊണ്ടും അത് വളരുന്ന സ്ഥലത്തെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. ഈസാ -﵇- നിയോഗിക്കപ്പെട്ട ഫിലസ്ത്വീൻ പ്രദേശമാണ് ഈ ശപഥം കൊണ്ട് ഉദ്ദേശിക്കുന്നത്.

(2) സീനാ പർവ്വതത്തെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. അവിടെ വെച്ചാണ് മൂസാ -﵇-യോട് അല്ലാഹു സംസാരിച്ചത്.

(3) വന്നെത്തുന്നവർക്കെല്ലാം നിർഭയത്വം ലഭിക്കുന്ന, പരിശുദ്ധ നാടായ മക്കയെ കൊണ്ടും അല്ലാഹു സത്യം ചെയ്തിരിക്കുന്നു. അവിടെയാണ് മുഹമ്മദ് നബി -ﷺ- നിയോഗിക്കപ്പെട്ടതും, അവിടുത്തേക്കുള്ള സന്ദേശം അവതരിച്ചതും.

(4) മനുഷ്യനെ നാം ഏറ്റവും കൃത്യമായ ഘടനയിലും, അതിശ്രേഷ്ഠമായ രൂപത്തിലും സൃഷ്ടിച്ചിരിക്കുന്നു.

(5) പിന്നീട് നാം അവനെ വാർദ്ധക്യത്തിലേക്കും ബുദ്ധിഭ്രംശത്തിലേക്കും മടക്കിക്കൊണ്ടു പോയി. അതോടെ അവന് തന്റെ ശരീരം കൊണ്ട് പ്രയോജനമില്ലാതാകുന്നു. സമാനമായ സ്ഥിതി തന്നെയാണ് തന്റെ ശുദ്ധപ്രകൃതിയെ ഒരാൾ (തിന്മകൾ കൊണ്ട്) നശിപ്പിക്കുകയും അങ്ങനെ നരകത്തിൽ എത്തിപ്പെട്ടാലും ഉണ്ടാകുന്നത്; അപ്പോഴും അവന്റെ ശരീരം അവന് യാതൊരു ഉപകാരവും ചെയ്യില്ല.

(6) അല്ലാഹുവിൽ വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരുടെ കാര്യത്തിലൊഴികെ. അവർ വാർദ്ധക്യം പ്രാപിച്ചാൽ പോലും ഒരിക്കലും നിലക്കാത്ത, ശാശ്വതമായ പ്രതിഫലം -സ്വർഗം- അവർക്കായി കാത്തിരിക്കുന്നു. കാരണം (അല്ലാഹുവിന്റെ ദൂതനെ അനുസരിച്ചു കൊണ്ട്) തങ്ങളുടെ ശുദ്ധപ്രകൃതി കാത്തുസൂക്ഷിച്ചവരാണവർ.

(7) അല്ലാഹുവിന്റെ ശക്തിയുടെ ധാരാളം തെളിവുകൾ വീക്ഷിച്ചതിന് ശേഷവും -അല്ലയോ മനുഷ്യാ!- പുനരുത്ഥാനത്തെയും പ്രതിഫലനാളിനെയും നിഷേധിക്കാൻ എന്താണ് നിന്നെ പ്രേരിപ്പിക്കുന്നത്?!

(8) പ്രതിഫല ദിനമായി ഖിയാമത്ത് നാളിനെ നിശ്ചയിച്ചവനായ അല്ലാഹു വിധികർത്താക്കളിൽ ഏറ്റവും നല്ല വിധികർത്താവും, അവരിൽ ഏറ്റവും നീതിമാനുമല്ലേ? തീർച്ചയായും അതെ!

തന്റെ അടിമകളോട് യാതൊന്നും കൽപ്പിക്കുകയോ വിലക്കുകയോ ചെയ്യാതെ അല്ലാഹു അവരെ അഴിച്ചു വിടുമെന്നും, അവർക്കിടയിൽ വിധി നടപ്പാക്കാതെ -സൽകർമ്മികൾക്ക് അവരുടെ നന്മകൾക്കുള്ള പ്രതിഫലവും, ദുഷ്കർമ്മികൾക്ക് അവരുടെ തിന്മകൾക്കുള്ള ശിക്ഷയും നൽകാതെ- അവരെ അവഗണിച്ചു കളയുകയും ചെയ്യുമെന്ന് എങ്ങനെ ഒരാൾക്ക് ധരിക്കാൻ കഴിയും?!

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-3)** മൂന്ന് സ്ഥലങ്ങളിലേക്ക് അല്ലാഹു ഈ വചനങ്ങളിൽ സൂചന നൽകിയിരിക്കുന്നു. തീനും സയ്തൂനും കാര്യമായി വളരുന്ന, ഈസാ നബി -عليه السلام- യുടെ പ്രദേശമായിരുന്ന ശാ

മിന്റെ ഭാഗമാണ് ഒന്നാമത്തേത്. മൂസാ നബി -ﷺ- യുടെ പ്രവാചകത്വം ആരംഭം കുറിച്ച ത്വൂർ- സീനാ പ്രദേശമാണ് രണ്ടാം വചനത്തിലുള്ളത്. മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകനിയോഗം ലഭിച്ച മക്കയാണ് മൂന്നാമത്തെ പ്രദേശം. ഏറ്റവും ശ്രേഷ്ഠരായ നബിമാർ നിയോഗിക്കപ്പെട്ട പ്രദേശങ്ങളാണ് ഇവ മൂന്നും. (സഅ്ദി: 929)

» **(ആയത്ത്: 4)** മനുഷ്യന്റെ അവയവങ്ങൾ തീർത്തും പരസ്പര യോജിപ്പ് നൽകപ്പെട്ടതും, അവന്റെ ശിരസ്സ് ഉയർന്നതുമാണ്. ആത്മാവിനും ശരീരത്തിനും വേണ്ടതെല്ലാം അവന് അല്ലാഹു സംവിധാനിച്ചു നൽകിയിരിക്കുന്നു. ഈ മഹത്തരമായ അനുഗ്രഹങ്ങൾ അല്ലാഹുവിന് നന്ദി കാണിക്കാൻ പ്രേരകമാണ്.
എന്നാൽ മനുഷ്യരിൽ അധികപേരും അല്ലാഹുവിന് നന്ദി കാണിക്കുന്നതിൽ നിന്ന് ഏറെ അകലെയാണ്. അവരിൽ ധാരാളം പേർ കളികളിലും തമാശകളിലും മുഴുകിയിരിക്കുന്നു. ഏറ്റവും തരം താഴ്ന്ന കാര്യങ്ങളിലും, നിലവാരമില്ലാത്ത സ്വഭാവങ്ങളിലും സ്വന്തത്തെ തളച്ചിടുന്നതിൽ അവർ തൃപ്തി കണ്ടെത്തിയിരിക്കുന്നു. അങ്ങനെ അവരുടെ പ്രവർത്തനഫലമായി അല്ലാഹു ഏറ്റവും അധമമായ സ്ഥിതിയിലേക്ക് -നരകത്തിന്റെ അങ്ങേആഴങ്ങളിലേക്ക്- അവരെ താഴ്ത്തിയിരിക്കുന്നു. (സഅ്ദി: 930)

» **(ആയത്ത്: 7)** പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്ന ഒരു ദിനത്തെ -പരലോകത്തെ- നിഷേധിക്കാൻ എങ്ങനെയാണ് മനുഷ്യന് സാധിക്കുന്നത്?! അതിനെ കുറിച്ച് ദൃഢബോധ്യം നൽകുന്ന എത്രയെത്ര ദൃഷ്ടാന്തങ്ങളാണ് അവൻ കണ്ടുകഴിഞ്ഞിരിക്കുന്നത്?! അല്ലാഹു അറിയിക്കുന്ന ഒരു കാര്യവും നിഷേധിക്കാൻ സാധിക്കാത്ത വണ്ണമുള്ള എന്തെല്ലാമെന്തെല്ലാം അനുഗ്രഹങ്ങളാണ് അവൻ അനുഭവിച്ചു കൊണ്ടിരിക്കുന്നത്?! (സഅ്ദി: 929)

» **(ആയത്ത്: 8)** പരലോകത്തെ നിഷേധിക്കുന്നവരുടെ ഹൃദയങ്ങളെ തൊട്ടുണർത്തുന്ന മനോഹരമായ ചോദ്യം തന്നെയാകുന്നു ഈ വചനത്തിലുള്ളത്!
മനുഷ്യരെ ഘട്ടംഘട്ടമായി സൃഷ്ടിക്കുകയും, എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തത്ര നന്മകളും അനുഗ്രഹങ്ങളും അവർക്ക് എ

ത്തിച്ചു നൽകുകയും, മനോഹരമായ വിധത്തിൽ അവരെ വളർത്തിയെടുക്കുകയും ചെയ്ത സ്രഷ്ടാവായ അല്ലാഹു അവരെ വ്യഥാ ഉപേക്ഷിച്ചു കളയുമെന്ന് ചിന്തിക്കാൻ കഴിയുമോ?!

അതീവ യുക്തിയോടെ ഇവയെ സൃഷ്ടിച്ച, അപാരമായ യുക്തിയുള്ളവനായ റബ്ബ് തന്റെ സൃഷ്ടികളോട് യാതൊന്നും കൽപ്പിക്കാതെയും ഒന്നിൽ നിന്നും വിലക്കാതെയും -അവർ ചെയ്ത നന്മകൾക്ക് പ്രതിഫലം നൽകാതെയും, അവരുടെ ധിക്കാരങ്ങൾക്ക് ശിക്ഷ നൽകാതെയും- അവരെ അഴിച്ചു വിടുമെന്ന് കരുതുകയോ?! ഒരിക്കലുമില്ല!

അല്ലാഹു ശാശ്വതമായ ഒരു ഭവനത്തിലേക്ക് അവരെ തിരികെ കൊണ്ടുവരിക തന്നെ ചെയ്യും. അവരുടെ ഈ യാത്രകളെല്ലാം അവസാനിക്കാനിരിക്കുന്നത് ആ ലക്ഷ്യത്തിലാണ്. അവിടെയുള്ള ജീവിതം കെട്ടിപ്പടുക്കാൻ തന്നെയാണ് അവർ കൽപ്പിക്കപ്പെട്ടിരിക്കുന്നതും. (സഅ്ദി: 829)

സൂറത്തുൽ അലഖ്

سُورَةُ العَلَقِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 19.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- അലഖ് (العَلَـقُ): രണ്ടാമത്തെ ആയത്തിൽ 'അലഖ്' എന്ന പദം വന്നിരിക്കുന്നു. 'രക്തക്കട്ട്' എന്നർത്ഥം.

2- ഇഖ്റഅ് (إِقْـرَأْ): 'വായിക്കുക' എന്ന അർത്ഥം വരുന്ന ഈ വാക്ക് കൊണ്ടാണ് സൂറത്ത് ആരംഭിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

ഖുർആനിൽ ആദ്യമായി അവതരിച്ച അദ്ധ്യായമാണ് സൂറ. അലഖ്. ഈ അദ്ധ്യായത്തിലെ ആദ്യത്തെ അഞ്ച് ആയത്തുകളാണ് നബി -ﷺ- ക്ക് ആദ്യമായി അല്ലാഹുവിൽ നിന്ന് ജിബ്‌രീൽ -عَلَيْهِ السَّلَامُ- മുഖേന ലഭിച്ച സന്ദേശം.

സൂറത്തിന്റെ അവതരണകാരണം:

عَنْ عَائِشَةَ أُمِّ المُؤْمِنِينَ أَنَّهَا قَالَتْ: أَوَّلُ مَا بُدِئَ بِهِ رَسُولُ اللَّـهِ -ﷺ- مِنَ الوَحْيِ الرُّؤْيَا الصَّالِحَةُ فِي النَّوْمِ، فَكَانَ لاَ يَرَى رُؤْيَا إِلَّا جَاءَتْ مِثْلَ فَلَقِ الصُّبْحِ، ثُمَّ حُبِّبَ إِلَيْهِ الخَلاَءُ، وَكَانَ يَخْلُو بِغَارِ حِرَاءٍ فَيَتَحَنَّثُ فِيهِ -وَهُوَ التَّعَبُّدُ- اللَّيَالِيَ ذَوَاتِ العَدَدِ قَبْلَ أَنْ يَنْزِعَ إِلَى أَهْلِهِ، وَيَتَزَوَّدُ لِذَلِكَ، ثُمَّ يَرْجِعُ إِلَى خَدِيجَةَ فَيَتَزَوَّدُ لِمِثْلِهَا، حَتَّى جَاءَهُ الحَقُّ وَهُوَ فِي غَارِ حِرَاءٍ.

ആഇശ -رَضِيَ اللَّهُ عَنْهَا- നിവേദനം: വഹ്‌യിന്റെ (അല്ലാഹുവിൽ നിന്നുള്ള സന്ദേശത്തിന്റെ) ആരംഭമായി നബി -ﷺ- ക്ക് ആദ്യം തുടക്കം കുറിച്ചത് സത്യമായി പുലരുന്ന സ്വപ്നങ്ങളായിരുന്നു. അവിടുന്ന് ഏതൊരു സ്വപ്നം കണ്ടാലും പ്രഭാതം പൊട്ടിവിടരുന്നത് പോലെ അത് പുലർന്നു കാണുമായിരുന്നു.

പിന്നീട് അവിടുത്തേക്ക് ഏകാന്തത പ്രിയങ്കരമാക്കപ്പെട്ടു. ഹിറാ ഗുഹയിൽ അവിടുന്ന് ആരാധനകളുമായി ഏകാന്തനായി -ധാരാളം രാത്രികൾ- കഴിച്ചു കൂട്ടുമായിരുന്നു. പിന്നീട് അവിടുന്ന് തന്റെ വീട്ടു

കാരുടെ അടുക്കലേക്ക് തിരിച്ചു ചെല്ലും. വീണ്ടും ഏകാന്തനായി ഇരിക്കുന്നതിന് വേണ്ട വിഭവങ്ങൾ ഒരുക്കും. വീണ്ടും -സമാനമായ ദിവസങ്ങൾക്ക് വേണ്ടി- ഖദീജയുടെ അരികിലേക്ക് തിരിച്ചു ചെല്ലും. അങ്ങനെയിരിക്കെ -അവിടുന്ന് ഹിറാ ഗുഹയിൽ ആയിരിക്കുന്ന വേളയിൽ- അവിടുത്തേക്ക് ആ സത്യം വന്നെത്തി.

فَجَاءَهُ المَلَكُ فَقَالَ: اقْرَأْ، قَالَ: «مَا أَنَا بِقَارِئٍ»، قَالَ: «فَأَخَذَنِي فَغَطَّنِي حَتَّى بَلَغَ مِنِّي الجَهْدَ ثُمَّ أَرْسَلَنِي، فَقَالَ: اقْرَأْ، قُلْتُ: مَا أَنَا بِقَارِئٍ، فَأَخَذَنِي فَغَطَّنِي الثَّانِيَةَ حَتَّى بَلَغَ مِنِّي الجَهْدَ ثُمَّ أَرْسَلَنِي، فَقَالَ: اقْرَأْ، فَقُلْتُ: مَا أَنَا بِقَارِئٍ، فَأَخَذَنِي فَغَطَّنِي الثَّالِثَةَ ثُمَّ أَرْسَلَنِي، فَقَالَ:

മലക്ക് അവിടുത്തെ അരികിൽ വന്നു കൊണ്ട് പറഞ്ഞു: "വായിക്കുക!" നബി -ﷺ- പറഞ്ഞു: "എനിക്ക് വായിക്കാൻ സാധിക്കുകയില്ല." അവിടുന്ന് (നബി -ﷺ-) പറഞ്ഞു: "അപ്പോൾ ആ മലക്ക് എന്നെ പിടിക്കുകയും, അണച്ചു ചേർക്കുകയും ചെയ്തു. എനിക്ക് സാധിക്കാവുന്നതിന്റെ അങ്ങേയറ്റമെത്തിയപ്പോൾ എന്നെ അദ്ദേഹം അയച്ചുവിട്ടു." ശേഷം മലക്ക് വീണ്ടും പറഞ്ഞു: "വായിക്കുക!" ഞാൻ പറഞ്ഞു: "എനിക്ക് വായിക്കാൻ സാധിക്കുകയില്ല."

അപ്പോൾ ആ മലക്ക് എന്നെ രണ്ടാമതും പിടിക്കുകയും, അണച്ചു ചേർക്കുകയും ചെയ്തു. എനിക്ക് സാധിക്കാവുന്നതിന്റെ അങ്ങേയറ്റമെത്തിയപ്പോൾ എന്നെ അദ്ദേഹം അയച്ചുവിട്ടു. ശേഷം മലക്ക് വീണ്ടും പറഞ്ഞു: "വായിക്കുക!" ഞാൻ പറഞ്ഞു: "എനിക്ക് വായിക്കാൻ സാധിക്കുകയില്ല."

അപ്പോൾ ആ മലക്ക് എന്നെ മൂന്നാമതും പിടിക്കുകയും, അണച്ചു ചേർക്കുകയും ചെയ്തു. എനിക്ക് സാധിക്കാവുന്നതിന്റെ അങ്ങേയറ്റമെത്തിയപ്പോൾ എന്നെ അദ്ദേഹം അയച്ചുവിട്ടു. ശേഷം മലക്ക് പറഞ്ഞു:

ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ﴿١﴾ خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ ﴿٢﴾ ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ ﴿٣﴾ ٱلَّذِى عَلَّمَ بِٱلْقَلَمِ ﴿٤﴾ عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾

"സൃഷ്ടിച്ചവനായ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക! മനു

ഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക! നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു." (അലഖ്: 1-5)

فَرَجَعَ بِهَا رَسُولُ اللَّـهِ -ﷺ- يَرْجُفُ فُؤَادُهُ، فَدَخَلَ عَلَى خَدِيجَةَ بِنْتِ خُوَيْلِدٍ رَضِيَ اللَّـهُ عَنْهَا، فَقَالَ: «**زَمِّلُونِي زَمِّلُونِي**» فَزَمَّلُوهُ حَتَّى ذَهَبَ عَنْهُ الرَّوْعُ، فَقَالَ لِخَدِيجَةَ وَأَخْبَرَهَا الخَبَرَ: «**لَقَدْ خَشِيتُ عَلَى نَفْسِي**» فَقَالَتْ خَدِيجَةُ: كَلَّا وَاللَّـهِ مَا يُخْزِيكَ اللَّـهُ أَبَدًا، إِنَّكَ لَتَصِلُ الرَّحِمَ، وَتَحْمِلُ الكَلَّ، وَتَكْسِبُ المَعْدُومَ، وَتَقْرِي الضَّيْفَ، وَتُعِينُ عَلَى نَوَائِبِ الحَقِّ.

നബി -ﷺ- അതുമായി മടങ്ങിവന്നു. അവിടുത്തെ ഹൃദയാന്തരം കിടുങ്ങി വിറക്കുന്നുണ്ടായിരുന്നു. ഖദീജഃയുടെ അരികിൽ പ്രവേശിച്ചു കൊണ്ട് നബി -ﷺ- പറഞ്ഞു: "എന്നെ പുതപ്പിക്കൂ! എന്നെ പുതപ്പിക്കൂ!" അവർ അവിടുത്തെ പുതപ്പിച്ചു. അവിടുത്തെ പരിഭ്രാന്തി നീങ്ങിയപ്പോൾ നബി -ﷺ- ഖദീജയോട് കാര്യങ്ങൾ പറഞ്ഞു. "ഞാൻ മരിച്ചു പോകുമോ എന്ന് ഭയപ്പെട്ടു പോയി." അവിടുന്ന് പറഞ്ഞു.

അപ്പോൾ ഖദീജ പറഞ്ഞു: "ഒരിക്കലുമില്ല! അല്ലാഹു സത്യം! അവനൊരിക്കലും താങ്കളെ അപമാനിക്കുകയില്ല. താങ്കൾ കുടുംബബന്ധം ചേർക്കുന്നു. (അശരണരുടെ) പ്രയാസങ്ങൾ ഏറ്റെടുക്കുന്നു. ഇല്ലാത്തവർക്ക് (ദാനം) നൽകുന്നു. അതിഥിയെ ആദരിക്കുന്നു. സത്യത്തിന് വേണ്ടി നിലകൊള്ളേണ്ട വേളകളിൽ അതിന് സഹായമേകുന്നു."

فَانْطَلَقَتْ بِهِ خَدِيجَةُ حَتَّى أَتَتْ بِهِ وَرَقَةَ بْنَ نَوْفَلِ بْنِ أَسَدِ بْنِ عَبْدِ العُزَّى ابْنَ عَمِّ خَدِيجَةَ وَكَانَ امْرَأً تَنَصَّرَ فِي الجَاهِلِيَّةِ، وَكَانَ يَكْتُبُ الكِتَابَ العِبْرَانِيَّ، فَيَكْتُبُ مِنَ الإِنْجِيلِ بِالعِبْرَانِيَّةِ مَا شَاءَ اللَّـهُ أَنْ يَكْتُبَ، وَكَانَ شَيْخًا كَبِيرًا قَدْ عَمِيَ، فَقَالَتْ لَهُ خَدِيجَةُ: يَا ابْنَ عَمِّ، اسْمَعْ مِنَ ابْنِ أَخِيكَ.

അങ്ങനെ നബി -ﷺ- യെയും കൂട്ടി ഖദീജ -رضي الله عنها- അവരുടെ പിതൃസഹോദരനായ വറഖതു ബ്നു നൗഫലിന്റെ അരികിൽ ചെന്നു. ജാഹിലിയ്യത്തിൽ നസ്വാറാ മതം സ്വീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം ഇബ്രാനീ ഭാഷയിൽ എഴുതാറുണ്ടായിരുന്നു. ഇഞ്ചീ

ലിൽ നിന്ന് ഇബ്രാനീ ഭാഷയിൽ അദ്ദേഹം പകർത്തി എഴുതാറുമുണ്ടായിരുന്നു. ഏറെ പ്രായം ചെന്നതിനാൽ കണ്ണുകൾക്ക് അന്ധത ബാധിച്ച ഒരു വൃദ്ധനായിരുന്നു അദ്ദേഹം.

قَالَ لَهُ وَرَقَةُ: يَا ابْنَ أَخِي مَاذَا تَرَى؟ فَأَخْبَرَهُ رَسُولُ اللَّـهِ -ﷺ- خَبَرَ مَا رَأَى، فَقَالَ لَهُ وَرَقَةُ: هَذَا النَّامُوسُ الَّذِي نَزَّلَ اللَّـهُ عَلَى مُوسَى، يَا لَيْتَنِي فِيهَا جَذَعًا، لَيْتَنِي أَكُونُ حَيًّا إِذْ يُخْرِجُكَ قَوْمُكَ، فَقَالَ رَسُولُ اللَّـهِ -ﷺ-: «**أَوَ مُخْرِجِيَّ هُمْ**»، قَالَ: نَعَمْ، لَمْ يَأْتِ رَجُلٌ قَطُّ بِمِثْلِ مَا جِئْتَ بِهِ إِلَّا عُودِيَ، وَإِنْ يُدْرِكْنِي يَوْمُكَ أَنْصُرْكَ نَصْرًا مُؤَزَّرًا. ثُمَّ لَمْ يَنْشَبْ وَرَقَةُ أَنْ تُوُفِّيَ، وَفَتَرَ الوَحْيُ.

അദ്ദേഹത്തോട് ഖദീജ -رضي الله عنها- പറഞ്ഞു: "പിതൃസഹോദരാ! താങ്കളുടെ സഹോദരപുത്രന് പറയാനുള്ളത് കേട്ടുനോക്കൂ." വറഖ ചോദിച്ചു: "എന്താണ് മകനേ നീ കാണുന്നത്?"

നബി -ﷺ- അദ്ദേഹത്തോട് താൻ കണ്ട കാര്യങ്ങളെല്ലാം പറഞ്ഞു. ഇത് കേട്ടപ്പോൾ വറഖ പറഞ്ഞു: "മൂസായുടെ മേൽ വന്നെത്തിയ അതേ നാമൂസ് തന്നെയാണിത്. ഞാൻ ഇക്കാലഘട്ടത്തിൽ ഒരു യുവാവായിരുന്നെങ്കിൽ..! താങ്കളുടെ ജനത താങ്കളെ പുറത്താക്കുന്ന വേളയിൽ ഞാൻ ജീവിച്ചിരുന്നെങ്കിൽ..!"

അത് കേട്ടപ്പോൾ നബി -ﷺ- ചോദിച്ചു: "അവർ എന്നെ പുറത്താക്കുകയോ?!"

വറഖ പറഞ്ഞു: "അതെ! താങ്കൾ കൊണ്ടുവന്നതിന് സമാനമായ കാര്യവുമായ വന്ന ഒരാളും തന്നെ ശത്രുക്കളെ സമ്പാദിക്കാതിരുന്നിട്ടില്ല. ആ ദിവസങ്ങളിൽ ഞാനുണ്ടെങ്കിൽ താങ്കളെ ഞാൻ ശക്തമായ സഹായിക്കുക തന്നെ ചെയ്യും." എന്നാൽ പിന്നീട് അധികം വൈകാതെ തന്നെ വറഖ മരണപ്പെട്ടു. വഹ്‌യ് നിലക്കുകയും ചെയ്തു." (ബുഖാരി: 3, മുസ്‌ലിം: 160)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മനുഷ്യനെ സൃഷ്ടിക്കുകയും, അവന് അറിയാതിരുന്ന കാര്യങ്ങൾ പഠിപ്പിച്ചു കൊടുക്കുകയും ചെയ്ത അല്ലാഹുവിന്റെ മനോഹരമായ സൃഷ്ടിപ്പ് വ്യക്തമാക്കൽ.

* മനുഷ്യന്റെ അഹങ്കാരത്തെ കുറിച്ചും, സമ്പന്നത ലഭിക്കുന്ന

തോടെ അല്ലാഹുവിന്റെ കൽപ്പനകൾക്കെതിരെ അവൻ പുലർത്തുന്ന ധിക്കാരത്തെ കുറിച്ചുമുള്ള വിവരണം.

* നബി -ﷺ- നിഷേധിക്കുകയും, അവിടുത്തെ നിസ്കാരത്തിൽ നിന്നും സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നതിൽ നിന്നും തടയുകയും ചെയ്യുന്നവരെ ഏറ്റവും കഠിനമായ ശിക്ഷയാണ് കാത്തിരിക്കുന്നത് എന്ന താക്കീത്.

* നബി -ﷺ- യെയും അവിടുത്തെ പിൻപറ്റിയവരെയും അല്ലാഹു സമാശ്വസിപ്പിക്കുന്നു. അല്ലാഹു അവരുടെ ശത്രുക്കളെ കുറിച്ച് അറിയുന്നുണ്ടെന്നും, അവൻ അവരെ തകർക്കുകയും, സത്യത്തിന്റെ വക്താക്കൾക്ക് വിജയം നൽകുകയും ചെയ്യുമെന്നും അവൻ അവരെ അറിയിക്കുന്നു.

ആയത്തുകൾ 1-5

(1) സൃഷ്ടിച്ചവനായ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക.	ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ﴿١﴾
(2) മനുഷ്യനെ അവൻ ഒരു രക്തക്കട്ടയിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു.	خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ ﴿٢﴾
(3) നീ വായിക്കുക! നിന്റെ റബ്ബ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു.	ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ ﴿٣﴾
(4) പേന കൊണ്ട് പഠിപ്പിച്ചവൻ.	ٱلَّذِى عَلَّمَ بِٱلْقَلَمِ ﴿٤﴾
(5) മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.	عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! അല്ലാഹു താങ്കൾക്ക് ബോധനം നൽകുന്ന കാര്യം -താങ്കൾക്ക് അവതരിക്കപ്പെട്ട ഖുർആനാകുന്ന

ഈ സന്ദേശം- താങ്കളുടെ രക്ഷിതാവിന്റെ നാമം ഉച്ചരിച്ചു കൊണ്ട് വായിച്ചു തുടങ്ങുക. അവനാണ് സർവ്വതിനെയും സൃഷ്ടിച്ച, ഏക നായ സ്രഷ്ടാവ്.

(2) രക്തക്കട്ടയിൽ നിന്ന് എല്ലാ മനുഷ്യരെയും സൃഷ്ടിച്ചവനാകുന്നു അവൻ. അതിനും മുൻപ് മനുഷ്യൻ ഒരു ബീജകണം മാത്രമായിരുന്നു.

(3) അല്ലാഹുവിന്റെ റസൂലേ! അല്ലാഹു താങ്കൾക്ക് ബോധനം നൽകുന്നത് വായിക്കുക! താങ്കളുടെ രക്ഷിതാവായ അല്ലാഹുവാകട്ടെ, ഏറ്റവും ഔദാര്യമുള്ളവനാകുന്നു; അവനോളം ഔദാര്യമുള്ള മറ്റൊരാളുമില്ല തന്നെ. അവൻ ധാരാളം നന്മ ചൊരിയുന്നവനും അങ്ങേയറ്റം ഉദാരതയുള്ളവനുമാകുന്നു.

(4) പേന കൊണ്ട് എഴുത്തും രചനയും (മനുഷ്യനെ) പഠിപ്പിച്ചവനാകുന്നു അവൻ. (5) മനുഷ്യന് മുൻപ് അറിയാതിരുന്നത് അവൻ പഠിപ്പിച്ചിരിക്കു ന്നു. അതിലൂടെ അജ്ഞതയുടെ ഇരുട്ടിൽ നിന്ന്, വിജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് അല്ലാഹു അവനെ നയിച്ചിരിക്കുന്നു.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-2)** ആദ്യത്തെ ആയത്തിൽ വായിക്കാൻ കൽപ്പിച്ചപ്പോൾ 'സൃഷ്ടിച്ചവനായ രക്ഷിതാവിന്റെ നാമത്തിൽ' എന്നാണ് പറഞ്ഞത്; അല്ലാഹുവാണ് സർവ്വതിനെയും സൃഷ്ടിച്ചത് എന്ന് അതിലൂടെ അവൻ ഓർമ്മപ്പെടുത്തി. എന്നാൽ ശേഷമുള്ള വചനത്തിൽ മനുഷ്യന്റെ സൃഷ്ടിപ്പും അതിന്റെ ആരംഭവും അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞു.

ഇപ്രകാരം വായിക്കാനുള്ള കൽപ്പനക്ക് ശേഷം മനുഷ്യന്റെ സൃഷ്ടിപ്പ് ഓർമ്മപ്പെടുത്തിയതിൽ മനോഹരമായ ഒരു സൂചനയുണ്ട്. മനുഷ്യരെ ഒരു രക്തക്കട്ടയിൽ നിന്ന് സൃഷ്ടിക്കുകയും, അവരുടെ ആരംഭഘട്ടങ്ങളിൽ സൂക്ഷ്മമായി അവരെ നിയന്ത്രിക്കുകയും സംവിധാനിക്കുകയും ചെയ്ത സ്രഷ്ടാവായ അല്ലാഹു അതിന് ശേഷം അവരോട് യാതൊന്നും കൽപ്പിക്കുകയോ വിലക്കുകയോ ചെയ്യാതെ അഴിച്ചു വിടുക എന്നത് ചിന്തനീയമല്ല. മറിച്ച്, അവരെ നയിക്കാൻ ആവശ്യമായ ദൂതന്മാരുടെ നിയോഗമന

വും, വേദഗ്രന്ഥങ്ങളുടെ അവതരണവും സംഭവിക്കുന്നതാണ്. അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യർ അവർ വായിക്കാൻ ബാധ്യതപ്പെട്ടവരുമാണ്. (സഅ്ദി: 830)

» **(ആയത്ത്: 3-4)** അല്ലാഹു വിശാലമായ അനേകം വിശേഷണ ങ്ങളുള്ളവനാണ് എന്നും, ധാരാളമായി ഔദാര്യം ചെയ്യുന്നവനാ ണ് എന്നും അറിയിച്ച തൊട്ടുടനെ അവന്റെ ഉദാരതയുടെ അട യാളമായി 'പേന കൊണ്ട് അവൻ പഠിപ്പിച്ചിരിക്കുന്നു' എന്ന് പറ ഞ്ഞത് ശ്രദ്ധിക്കുക!

മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് യാതൊന്നും അറിയാത്ത നിലയിൽ പുറത്തേക്ക് വന്നെത്തിയ മനുഷ്യന്, അല്ലാഹു കേൾ വിയും കാഴ്ച്ചയും ചിന്താശേഷിയുള്ള ഹൃദയവും നൽകുകയും, പഠനത്തിനും അറിവ് നേടുന്നതിനുമുള്ള വഴികൾ എളുപ്പമാ ക്കി നൽകുകയും ചെയ്തിരിക്കുന്നു...

വിജ്ഞാനം നേടുന്നതിലും പകരുന്നതിലും പേനക്കുള്ള സ്ഥാ നം അവൻ പ്രത്യേകം എടുത്തു പറയുകയും ചെയ്തിരിക്കുന്നു. തലമുറകളായി മനുഷ്യർ വിജ്ഞാനങ്ങൾ സംരക്ഷിച്ചതും, അ വർ തമ്മിലുള്ള അവകാശങ്ങളും ബാധ്യതകളും രേഖപ്പെടുത്തി യതും പേന കൊണ്ടായിരുന്നു. മറ്റൊരാളോട് സംസാരിക്കാനു ള്ള അവരുടെ വാക്കുകൾക്ക് പകരം, പേന അവരുടെ ദൂതനാ യി നിലകൊണ്ടു.

ഈ അനുഗ്രഹങ്ങൾക്കെല്ലാം അല്ലാഹുവിന് സർവ്വ സ്തുതി യും. ഒരിക്കലും പകരം നൽകാനോ അർഹമായ വിധത്തിൽ മ നുഷ്യർക്ക് നന്ദി പ്രകടിപ്പിക്കാനോ സാധ്യമാകാത്ത എന്തെല്ലാം അനുഗ്രഹങ്ങളാണ് അവൻ മനുഷ്യർക്ക് നൽകിയിരിക്കുന്നത്! (സഅ്ദി: 830)

» **(ആയത്ത്: 5)** അല്ലാഹു മനുഷ്യരെ അവരുടെ മാതാക്കളുടെ ഗർഭപാത്രത്തിൽ നിന്ന് യാതൊന്നും അറിയാത്തവനായാണ് പുറത്തു കൊണ്ടുവന്നത്. എന്നാൽ മനുഷ്യർക്ക് അവൻ കേൾ വിയും കാഴ്ച്ചയും ഹൃദയവും നൽകിയിരിക്കുന്നു. വിജ്ഞാനസ മ്പാദനത്തിനുള്ള വഴികൾ എളുപ്പമാക്കി കൊടുക്കുകയും ചെ യ്തിരിക്കുന്നു. (സഅ്ദി: 930)

ആയത്തുകൾ 6-19

كَلَّآ إِنَّ ٱلۡإِنسَٰنَ لَيَطۡغَىٰٓ ٦

(6) നിസ്സംശയം മനുഷ്യൻ അങ്ങേയറ്റം ധിക്കാരിയായിത്തീരുന്നു.

أَن رَّءَاهُ ٱسۡتَغۡنَىٰٓ ٧

(7) അവൻ സ്വയംപര്യാപ്തനായി കാണുന്നതിനാൽ.

إِنَّ إِلَىٰ رَبِّكَ ٱلرُّجۡعَىٰٓ ٨

(8) തീർച്ചയായും നിന്റെ റബ്ബിങ്കലേക്കാണ് മടക്കം.

أَرَءَيۡتَ ٱلَّذِي يَنۡهَىٰ ٩
عَبۡدًا إِذَا صَلَّىٰٓ ١٠

(9-10) (അല്ലാഹുവിന്റെ) ദാസൻ നിസ്കരിക്കുമ്പോൾ (അതിൽ നിന്ന് അദ്ദേഹത്തെ) വിലക്കുന്നവനെ നീ കണ്ടുവോ?!

أَرَءَيۡتَ إِن كَانَ عَلَى
ٱلۡهُدَىٰٓ ١١ أَوۡ أَمَرَ بِٱلتَّقۡوَىٰٓ ١٢

(11-12) അദ്ദേഹം (മുഹമ്മദ് നബി ﷺ) സന്മാർഗത്തിലാണ് (നിലകൊള്ളുന്നത്) എങ്കിലോ? അല്ലെങ്കിൽ സൂക്ഷ്മത കൈക്കൊള്ളാനാണ് അദ്ദേഹം കൽപിച്ചിരിക്കുന്നതെങ്കിലോ?

أَرَءَيۡتَ إِن كَذَّبَ وَتَوَلَّىٰٓ ١٣

(13) അവൻ (ആ വിലക്കുന്നവൻ) നിഷേധിച്ചു തള്ളുകയും തിരിഞ്ഞുകളയുകയും ചെയ്തിരിക്കുന്നുവെങ്കിൽ (അവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) താങ്കൾ കണ്ടുവോ?

أَلَمۡ يَعۡلَم بِأَنَّ ٱللَّهَ يَرَىٰ ١٤

(14) അവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്?

كَلَّا لَئِن لَّمۡ يَنتَهِ
لَنَسۡفَعَۢا بِٱلنَّاصِيَةِ ١٥

(15) നിസ്സംശയം! അവൻ വിരമിച്ചിട്ടില്ലെങ്കിൽ നാം ആ മൂർദ്ധാവ് പിടിച്ചു വലിക്കുക തന്നെ ചെയ്യും.

نَاصِيَةٍ كَٰذِبَةٍ خَاطِئَةٍ ﴿١٦﴾

(16) കള്ളം പറയുന്ന, പാപം ചെയ്യുന്ന ആ മൂർദ്ധാവ്.

فَلْيَدْعُ نَادِيَهُۥ ﴿١٧﴾

(17) അവൻ അവന്റെ സഭയിലുള്ളവരെ വിളിച്ചുകൊള്ളട്ടെ.

سَنَدْعُ ٱلزَّبَانِيَةَ ﴿١٨﴾

(18) നാം 'സബാനിയ'ത്തിനെ (ശിക്ഷ നടപ്പാക്കുന്ന മലക്കുകളെ) വിളിച്ചുകൊള്ളാം.

كَلَّا لَا تُطِعْهُ وَٱسْجُدْ وَٱقْتَرِب ۩ ﴿١٩﴾

(19) നിസ്സംശയം; താങ്കൾ അവനെ അനുസരിച്ചു പോകരുത്! താങ്കൾ (അല്ലാഹുവിന്) സുജൂദ് (സാഷ്ടാംഗം) ചെയ്യുകയും (അവനിലേക്ക്) സാമീപ്യം നേടുകയും ചെയ്യുക.

തഫ്സീർ

(6) സത്യം! അതീവ ധിക്കാരികളായ മനുഷ്യർ അല്ലാഹുവിന്റെ വിധിവിലക്കുകൾ ലംഘിക്കുന്നതിൽ അങ്ങേയറ്റം അതിരു കവിയുന്നു; തീർച്ച. (നബി -ﷺ- യെ ഉപദ്രവിക്കാൻ കഠിനശ്രമം തന്നെ നടത്തിയ) അബൂ ജഹ്ലിനെ പോലുള്ളവർ അതിന് ഉദാഹരണമാണ്.

(7) തന്റെ പക്കലുള്ള സ്ഥാനമാനങ്ങളും സമ്പാദ്യങ്ങളും തന്നെ നിരാശ്രയനാക്കിയിരിക്കുന്നു എന്ന അവന്റെ ധാരണ കാരണത്താലാണ് (അവൻ അല്ലാഹുവിനെ ധിക്കരിക്കുന്നത്).

(8) ഹേ മനുഷ്യാ! തീർച്ചയായും നിന്റെ രക്ഷിതാവിങ്കലേക്കാണ് അന്ത്യനാളിൽ മടങ്ങാനുള്ളത്. അന്ന് അവൻ എല്ലാവർക്കും അർഹമായ പ്രതിഫലം നൽകുന്നതാണ്. ധിക്കാരികളായ മനുഷ്യർ അക്കാര്യം തിരിച്ചറിഞ്ഞു കൊള്ളട്ടെ.

(9-10) എന്നാൽ, അബൂജഹ്ലിന്റെ ഈ ധിക്കാരം പോലെ അത്ഭുതകരമായ എന്തെങ്കിലും താങ്കൾ കണ്ടിട്ടുണ്ടോ? കഅ്ബയുടെ അരികിൽ നമ്മുടെ ദാസന്മാരിൽ പെട്ട ഒരാൾ നിസ്കരിക്കുമ്പോൾ അദ്ദേഹത്തെ അതിൽ നിന്ന് വിലക്കാൻ മാത്രം അവൻ ധൈര്യമുള്ള

വനായിരിക്കുന്നു! നബി -ﷺ- യുടെ നിസ്കാരം അബൂജഹ്ൽ തടഞ്ഞു വെച്ചതാണ് ഇവിടെ ഉദ്ദേശ്യം.

(11) (നിസ്കരിക്കുന്നതിൽ നിന്ന്) വിലക്കപ്പെടുന്ന ഇദ്ദേഹം തന്റെ രക്ഷിതാവിൽ നിന്നുള്ള സന്മാർഗത്തിലും ഉറച്ച ബോധ്യത്തിലുമാണ് നിലകൊള്ളുന്നതെങ്കിലോ? അങ്ങനെയുള്ള ഒരാളെ എങ്ങനെയാണ് അവൻ തടഞ്ഞു വെക്കുക?!

(12) അല്ലെങ്കിൽ ജനങ്ങളോട് അല്ലാഹുവിന്റെ കൽപ്പനകൾ പാലിച്ചു കൊണ്ടും, അവന്റെ വിലക്കുകളിൽ നിന്ന് വിട്ടുനിന്നു കൊണ്ടും അല്ലാഹുവിനെ സൂക്ഷിക്കണമെന്നാണ് അദ്ദേഹം കൽപ്പിക്കുന്നതെങ്കിലോ? അത്തരമൊരാളെ എങ്ങനെയാണ് വിലക്കാൻ കഴിയുക?!

(13) നബി -ﷺ- യെ വിലക്കുന്ന ഇയാൾ അവിടുന്ന് എത്തിച്ചു നൽകിയ (സത്യം) നിഷേധിക്കുകയും, അതിൽ നിന്ന് തിരിഞ്ഞു കളയുകയും ചെയ്യുന്നുവെങ്കിൽ അവന്റെ അവസ്ഥയെന്താണ്? അല്ലാഹുവിനെ അവൻ ഭയക്കുന്നില്ലേ?!

(14) അല്ലാഹുവിന്റെ ദാസനെ നിസ്കാരത്തിൽ നിന്ന് തടയുന്ന ഇവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു അവനെയും, അവന്റെ എല്ലാ പ്രവർത്തനങ്ങളെയും കണ്ടുകൊണ്ടിരിക്കുന്നുണ്ടെന്ന്?! അവന്റെ ഒരു കാര്യവും അല്ലാഹുവിൽ നിന്ന് മറഞ്ഞു പോവുകയില്ലെന്ന്?!

(15) എന്നാൽ മൂഢനായ അബൂജഹ്ൽ ധരിച്ചു വെച്ചിരിക്കുന്നത് പോലെയല്ല യാഥാർത്ഥ്യം! നമ്മുടെ ദാസനായ മുഹമ്മദ് നബി -ﷺ- യെ ഉപദ്രവിക്കുന്നത് അവൻ അവസാനിപ്പിക്കുകയും, അദ്ദേഹത്തെ കളവാക്കുന്നതിൽ നിന്ന് അവൻ പിന്തിരിയുകയും ചെയ്തിട്ടില്ലെങ്കിൽ, അവന്റെമൂർദ്ധാവ് പരുഷമായി പിടിച്ചു കൊണ്ട് അവനെ നാം നരകത്തിലേക്ക് വലിച്ചിഴക്കുക തന്നെ ചെയ്യുന്നതാണ്.

(16) സംസാരിച്ചാൽ കള്ളം പറയുകയും, തെറ്റുകൾ ചെയ്തു കൂട്ടുകയും ചെയ്യുന്നവനാണ് ആ മൂർദ്ധാവിന്റെ ഉടമ. കളവും തിന്മകളും മാത്രമാണ് അവന്റെ മൂർദ്ധാവിൽ നിന്ന് പുറത്തേക്ക് തള്ളിനിൽക്കുന്നത് എന്നതു പോലെയുണ്ട് കാര്യം!

(17) മൂർദ്ധാവിൽ പിടിച്ച് നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുന്ന വേളയിൽ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന്

അവൻ തന്റെ സദസ്യരെയും കൂട്ടാളികളെയും വിളിച്ചു നോക്കട്ടെ!

(18) നരകത്തിന്റെ കാവൽക്കാരായ, പരുഷരായ (സബാനിയ ത്തിന്റെ) മലക്കുകളെ നാം വിളിക്കാം. അല്ലാഹുവിന്റെ ഒരു കൽപ്പന യും ധിക്കരിക്കാത്ത, കൽപ്പിക്കപ്പെട്ടത് പ്രാവർത്തികമാക്കുന്ന മല ക്കുകൾ... അവന്റെ അനുചരന്മാരോ നമ്മുടെ മലക്കുകളോ; രണ്ട് കൂട്ടരിൽ ആരാണ് കൂടുതൽ ശക്തിയും കഴിവുമുള്ളവരെന്ന് അവൻ നോക്കട്ടെ.

(19) അതിക്രമിയായ അബൂജഹ്ൽ ധരിക്കുന്നത് പോലെയല്ല കാര്യം! അവന് താങ്കളെ യാതൊരു ഉപദ്രവവും ഏൽപ്പിക്കാൻ സാ ധിക്കില്ല. അതിനാൽ താങ്കൾ അവന്റെ കൽപ്പനയോ, (കഅ്ബയുടെ പരിസരത്ത് നിസ്കരിക്കരുതെന്ന) വിലക്കോ ഒന്നും അനുസരിക്കേ ണ്ടതില്ല. (മറിച്ച്, നബിയേ!) അല്ലാഹുവിന് സുജൂദ് (സാഷ്ടാംഗം) ചെ യ്യുക, നന്മകൾ പ്രവർത്തിച്ചു കൊണ്ട് അവന്റെ സ്നേഹം നേടുക യും ചെയ്യുക. ആ സൽപ്രവർത്തനങ്ങൾ അല്ലാഹുവിലേക്ക് താങ്ക ളെ അടുപ്പിക്കുന്നതാണ്.

ആയത്തുകളുടെ അവതരണപശ്ചാത്തലം:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ أَبُو جَهْلٍ: هَلْ يُعَفِّرُ مُحَمَّدٌ وَجْهَهُ بَيْنَ أَظْهُرِكُمْ؟ قَالَ فَقِيلَ: نَعَمْ، فَقَالَ: وَاللَّاتِ وَالْعُزَّى لَئِنْ رَأَيْتُهُ يَفْعَلُ ذَلِكَ لَأَطَأَنَّ عَلَى رَقَبَتِهِ، أَوْ لَأُعَفِّرَنَّ وَجْهَهُ فِي التُّرَابِ، قَالَ: فَأَتَى رَسُولَ اللَّهِ -ﷺ- وَهُوَ يُصَلِّي، زَعَمَ لِيَطَأَ عَلَى رَقَبَتِهِ، قَالَ: فَمَا فَجِئَهُمْ مِنْهُ إِلَّا وَهُوَ يَنْكُصُ عَلَى عَقِبَيْهِ وَيَتَّقِي بِيَدَيْهِ، قَالَ: فَقِيلَ لَهُ: مَا لَكَ؟ فَقَالَ: إِنَّ بَيْنِي وَبَيْنَهُ لَخَنْدَقًا مِنْ نَارٍ وَهَوْلًا وَأَجْنِحَةً، فَقَالَ رَسُولُ اللَّهِ -ﷺ-: «**لَوْ دَنَا مِنِّي لَاخْتَطَفَتْهُ الْمَلَائِكَةُ عُضْوًا عُضْوًا**» قَالَ: فَأَنْزَلَ اللَّهُ عَزَّ وَجَلَّ: «**كَلَّا إِنَّ الْإِنْسَانَ لَيَطْغَى**» إِلَى قَوْلِهِ: «**كَلَّا لَا تُطِعْهُ**»

അബൂഹുറൈറ -رضي الله عنه- നിവേദനം: ഒരിക്കൽ അബൂ ജഹ്ൽ പറ ഞ്ഞു: "നിങ്ങൾക്ക് മുൻപിൽ വെച്ച് മുഹമ്മദ് തന്റെ മുഖം മണ്ണിൽ പതിക്കാറുണ്ടോ (നിസ്കാരം നിർവ്വഹിക്കാറുണ്ടോ എന്നർത്ഥം)?" ആരോ പറഞ്ഞു: "അതെ." അപ്പോൾ അവൻ പറഞ്ഞു: "ലാത്തയും ഉസ്സയും തന്നെ സത്യം! ഞാനെങ്ങാനും അത് കണ്ടാൽ അവന്റെ മു

തുകിൽ ഞാൻ കാലു കൊണ്ട് ചവിട്ടുന്നതാണ്. അതല്ലെങ്കിൽ അവന്റെ മുഖം ഞാൻ മണ്ണിലിട്ട് ഉരക്കുന്നതാണ്."

അങ്ങനെ അവൻ നബി -ﷺ- യുടെ അരികിൽ -അവിടുന്ന് നിസ്കരിച്ചു കൊണ്ടിരിക്കെ- വന്നു. അവിടുത്തെ മുതുകിൽ ചവിട്ടുമെന്ന് അവൻ മുൻപ് വീരവാദം മുഴക്കിയിരുന്നു. എന്നാൽ അവർ (അബൂ ജഹ്ലിന്റെ കൂട്ടുകാർ) കണ്ടത് അവൻ പിന്തിരിഞ്ഞു വരികയും, തന്റെ കൈ കൊണ്ട് (എന്തോ) തടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്.

അവർ ചോദിച്ചു: "നിനക്കെന്താണ് സംഭവിച്ചത്?"

അവൻ പറഞ്ഞു: "എനിക്കും മുഹമ്മദിനും ഇടയിൽ അഗ്നിയുടെ ഒരു കിടങ്ങും, ഭീതിപ്പെടുത്തുന്ന കാഴ്ച്ചകളും, ചില ചിറകുകളുമാണ് ഞാൻ കണ്ടത്!"

അപ്പോൾ നബി -ﷺ- പറഞ്ഞു: "അവൻ എന്റെ അരികിലേക്ക് വന്നിരുന്നുവെങ്കിൽ മലക്കുകൾ ഓരോ അവയവങ്ങളായി അവനെ റാഞ്ചിയെടുക്കുമായിരുന്നു." അപ്പോഴാണ് സൂറ. അലഖിലെ 6 മുതൽ 19 വരെയുള്ള ആയത്തുകൾ അവതരിച്ചത്." (മുസ്‌ലിം: 2797)

عَنْ ابْنِ عَبَّاسٍ قَالَ: كَانَ النَّبِيُّ -ﷺ- يُصَلِّي فَجَاءَ أَبُو جَهْلٍ فَقَالَ: أَلَمْ أَنْهَكَ عَنْ هَذَا؟ أَلَمْ أَنْهَكَ عَنْ هَذَا؟ أَلَمْ أَنْهَكَ عَنْ هَذَا؟ «فَانْصَرَفَ النَّبِيُّ -ﷺ- فَزَبَرَهُ»، فَقَالَ أَبُو جَهْلٍ: إِنَّكَ لَتَعْلَمُ مَا بِهَا نَادٍ أَكْثَرُ مِنِّي، فَأَنْزَلَ اللَّـهُ: «فَلْيَدْعُ نَادِيَهُ سَنَدْعُ الزَّبَانِيَةَ» فَقَالَ ابْنُ عَبَّاسٍ: «وَاللَّـهِ لَوْ دَعَا نَادِيَهُ لَأَخَذَتْهُ زَبَانِيَةُ اللَّـهِ»

ഇബ്നു അബ്ബാസ് -رضي الله عنهما- നിവേദനം: ഒരിക്കൽ നബി -ﷺ- നിസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അബൂ ജഹ്ൽ വന്നു പറഞ്ഞു: "ഞാൻ നിന്നോട് ഇത് (ചെയ്യരുതെന്ന്) വിലക്കിയിട്ടില്ലേ?! ഞാൻ നിന്നോട് ഇത് വിലക്കിയതല്ലേ?! ഞാൻ നിന്നോട് ഇത് വിലക്കിയതല്ലേ?!"

അപ്പോൾ നബി -ﷺ- അവന്റെ അരികിൽ നിന്ന് തിരിഞ്ഞു കളഞ്ഞു. എന്നാൽ അബൂജഹ്ൽ നബി -ﷺ- യെ ചീത്തവിളിച്ചു. അവൻ പറഞ്ഞു: "ഇവിടെ എന്നേക്കാൾ സംഘബലമുള്ള മറ്റാരുമില്ല എന്ന് നിനക്ക് വഴിയെ മനസ്സിലാകും."

അപ്പോൾ അല്ലാഹു സൂറ. അലഖിലെ 17, 18 ആയത്തുകൾ അവതരിപ്പിച്ചു. ഇബ്നു അബ്ബാസ് -ﷺ- പറയുന്നു: "അവനെങ്ങാനും തന്റെ സഭയിലുള്ളവരെ വിളിച്ചു കൂട്ടിയിരുന്നുവെങ്കിൽ അല്ലാഹുവിന്റെ സബാനിയഃത്തിന്റെ മലക്കുകൾ അവനെ പിടികൂടുമായിരുന്നു." (തിർമിദി: 3349, അൽബാനി സ്വഹീഹുൽ ഇസ്നാദ് എന്ന് വിലയിരുത്തി.)

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 6-7)** സമ്പത്തും ധന്യതയും ലഭിച്ചാൽ ധിക്കാരവും അനീതിയും അധികരിപ്പിക്കുക എന്നതും, സത്യത്തെ നിഷേധിക്കുകയും നിരസിക്കുകയും ചെയ്യുക എന്നതും മനുഷ്യന്റെ വിവരക്കേടിന്റെയും അതിക്രമത്തിന്റെയും അടയാളങ്ങളിൽ പെട്ടതാണ്. ഒരു ദിവസം തന്റെ രക്ഷിതാവിങ്കലേക്ക് തിരിച്ചു മടങ്ങാനുള്ളവനാണ് താൻ എന്ന കാര്യം അവൻ വിസ്മരിക്കും. അല്ലാഹുവിന്റെ ശിക്ഷയെ അവൻ ഭയപ്പെടുകയില്ല.
ചിലരുടെ കാര്യം സ്വയം സത്യത്തെ ഉപേക്ഷിക്കുക എന്നതിൽ മാത്രം ഒതുങ്ങുകയില്ല. മറിച്ച്, മറ്റുള്ളവരെയും അവൻ അതിലേക്ക് ക്ഷണിക്കുകയും വഴികേടിലേക്ക് നയിക്കുകയും ചെയ്യും. ഇബാദത്തുകളിൽ ഏറ്റവും ശ്രേഷ്ഠമായ നിസ്കാരത്തിൽ നിന്ന് വരെ തടഞ്ഞു വെക്കാൻ അവൻ ധൈര്യം കാണിച്ചേക്കും. (സഅ്ദി: 930)

» **(ആയത്ത്: 19)** കഅ്ബയുടെ അരികിൽ നിസ്കരിക്കുന്ന നബി -ﷺ- യെ തടഞ്ഞു വെച്ച അബൂ ജഹ്ലിന്റെ കാര്യത്തിലാണ് ഈ വചനം അവതരിച്ചിരിക്കുന്നത് എങ്കിലും അതിലെ പരാമർശിത വിഷയം എല്ലാവരുടെ കാര്യത്തിലും ബാധകമാണ്. തിന്മ കൽപ്പിക്കുന്ന ഒരാളെയും അനുസരിക്കേണ്ടതില്ല. (സഅ്ദി: 930)

സൂറത്തുൽ ഖദ്ർ

سُورَةُ القَدْرِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 5.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഖദ്ർ (القَدْرُ): സൂറത്തിന്റെ ആരംഭത്തിൽ ഖദ്ർ എന്ന വാക്ക് വന്നിരിക്കുന്നു. 'ലയ്‌ലതുൽ ഖദ്ർ' എന്ന പുണ്യരാത്രിയെ കുറിച്ചുള്ള വിവരണം ഈ അദ്ധ്യായത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആനിന്റെ അവതരണം ആരംഭിച്ചത് രാത്രിയാണ് 'ലൈലതുൽ ഖദ്ർ'. ഏറെ അനുഗ്രഹീതവും, മഹത്തരമായ സ്ഥാനമുള്ളതുമാണ് ഈ രാത്രി.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ഖദ്ർ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവാണ് ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത് എന്ന കാര്യം എടുത്തു പറഞ്ഞു കൊണ്ട് ഖുർആനിന്റെ ശ്രേഷ്ഠതയും അതിന്റെ മഹത്വവും ഓർമ്മപ്പെടുത്തുന്നു.

* ഖുർആനിന്റെ അവതരണ സമയത്തിന്റെ ശ്രേഷ്ഠത ഗൗരവത്തോടെ അറിയിക്കുന്നു.

* റമദാൻ മാസത്തിലെ 'ലൈലതുൽ ഖദ്റി'നുള്ള ശ്രേഷ്ഠതയും, ആ രാത്രിയിലെ പ്രവർത്തനങ്ങൾക്കുള്ള മഹത്തരമായ പ്രതിഫലവും ഓർമ്മപ്പെടുത്തുന്നു.

ആയത്തുകൾ 1-5

إِنَّآ أَنزَلۡنَٰهُ فِي لَيۡلَةِ ٱلۡقَدۡرِ ١

(1) തീർച്ചയായും നാം ഇത് 'ലൈലതുൽ ഖദ്റി'ൽ അവതരിപ്പിച്ചിരിക്കുന്നു.

وَمَآ أَدۡرَىٰكَ مَا لَيۡلَةُ ٱلۡقَدۡرِ ۝٢

(2) 'ലൈലതുൽ ഖദ്ർ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

لَيۡلَةُ ٱلۡقَدۡرِ خَيۡرٞ مِّنۡ أَلۡفِ شَهۡرٖ ۝٣

(3) 'ലൈലതുൽ ഖദ്ർ' ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.

تَنَزَّلُ ٱلۡمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذۡنِ رَبِّهِم مِّن كُلِّ أَمۡرٖ ۝٤

(4) മലക്കുകളും 'റൂഹും' അവരുടെ റബ്ബിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു.

سَلَٰمٌ هِيَ حَتَّىٰ مَطۡلَعِ ٱلۡفَجۡرِ ۝٥

(5) പ്രഭാതോദയം വരെ അത് സമാധാനമത്രെ.

തഫ്സീർ

(1) റമദാൻ മാസത്തിലെ ലൈലതുൽ ഖദ്റിലാണ് -ശ്രേഷ്ഠതയും മഹത്വവുമുള്ള രാത്രിയിലാണ്- മുഹമ്മദ് നബി -ﷺ- യുടെ മേൽ നാം ആദ്യമായി ഖുർആൻ അവതരിപ്പിച്ചത്. വിശുദ്ധ ഖുർആൻ മുഴുവനായും (ഒറ്റത്തവണയായി) ഒന്നാമാകാശത്തിലേക്ക് നാം ഇറക്കിയതും ലൈലതുൽ ഖദ്റിലാണ്.

(2) നബിയേ! ലൈലതുൽ ഖദ്റിലുള്ള നന്മയും അനുഗ്രഹവും എന്തെല്ലാമാണെന്ന് നിനക്കറിയുമോ?

(3) ഈ രാത്രി വളരെ മഹത്തരമായ നന്മകൾ നിറഞ്ഞു നിൽക്കുന്ന രാത്രിയാകുന്നു. (അല്ലാഹുവിലുള്ള) വിശ്വാസത്തോടെയും (അവന്റെ) പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും ഈ രാത്രിയിൽ നിസ്കാരം നിർവ്വഹിച്ചവർക്ക് അത് ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠകരമാണ്. അല്ലാഹു ഈ ഉമ്മത്തിന് നൽകിയ ഔദാര്യങ്ങളിൽ പെട്ടതാണ് ഇത്.

(4) മലക്കുകളും ജിബ്രീലും -عليه السلام- അല്ലാഹുവിന്റെ അനുമതിയോ

ടെ ആ രാത്രിയിൽ ഇറങ്ങി വരുന്നു. ആ വർഷത്തിൽ അല്ലാഹു തീരുമാനിച്ചിട്ടുള്ള എല്ലാ വിധികളുമായാണ് അവർ ഇറങ്ങി വരിക. (ഓരോ വ്യക്തിക്കും) അല്ലാഹു വിധിച്ച ഉപജീവനവും മരണവും ജനനവും മറ്റുമെല്ലാം അതിൽ ഉണ്ടായിരിക്കും.

(5) ഈ അനുഗ്രഹീതമായ രാത്രി പൂർണ്ണമായും -അതിന്റെ ആരംഭം മുതൽ പ്രഭാതോദയത്തോടെ അത് അവസാനിക്കുന്നത് വരെ- നന്മ നിറഞ്ഞതും, നിർഭയത്വമുള്ളതുമാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-5)** ലൈലത്തുൽ ഖദ്റിന്റെ ശ്യഷ്ഠത വിവരിക്കുന്ന അനേകമനേകം ഹദീഥുകളുണ്ട്. റമദാനിലാണ് ഈ രാത്രി എന്നും, റമദാനിലെ അവസാനത്തെ പത്തിലാണ് അതുള്ളത് എന്നും, അതിൽ തന്നെ ഒറ്റയിട്ട രാവുകളിലാണ് ലൈലതുൽ ഖദ്ർ ആകാൻ കൂടുതൽ സാധ്യതയുള്ളത് എന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്. ഇതു കൊണ്ട് തന്നെ നബി -ﷺ- റമദാനിലെ അവസാനത്തെ പത്തിൽ -ലൈലത്തുൽ ഖദ്ർ പ്രതീക്ഷിച്ചു കൊണ്ട്- ആരാധനകൾ അധികരിപ്പിക്കുകയും, മസ്ജിദിൽ ആരാധനകൾക്കായി മാറിയിരുന്ന് കൊണ്ട് ഇഅ്തികാഫ് അനുഷ്ഠിക്കുകയും ചെയ്യാറുണ്ടായിരുന്നു. (സഅ്ദി: 931)

» **(ആയത്ത്: 1-2)** ലൈലതുൽ ഖദ്റിനുള്ള ഉന്നതമായ പദവിയും, അല്ലാഹുവിങ്കൽ അതിനുള്ള മഹത്തരമായ സ്ഥാനവും കാരണത്താലാണ് 'ഖദ്റിന്റെ രാത്രി' (ഖദ്ർ - സ്ഥാനം) എന്ന് അതിന് പേര് നൽകപ്പെട്ടത്. അതോടൊപ്പം ഓരോ വർഷത്തേക്കുമുള്ള പ്രാപഞ്ചികമായ തീരുമാനങ്ങൾ -ആയുസ്സും ഉപജീവനവും പോലുള്ളവ- നിർണ്ണയിക്കപ്പെടുന്ന രാത്രിയാണ് എന്ന കാരണവുമുണ്ട്. (അല്ലാഹുവിന്റെ വിധിനിർണ്ണയത്തിനും 'ഖദ്ർ' എന്ന് പറയാറുണ്ട്.) (സഅ്ദി: 931)

» **(ആയത്ത്: 3)** ലൈലതുൽ ഖദ്റിന്റെ ശ്രേഷ്ഠത ആയിരം മാസങ്ങളിലെ നന്മകൾക്ക് തുല്ല്യമാണ്. ബുദ്ധിയെയും ചിന്തയെയും വിസ്മയത്തിലാഴ്ത്തുന്ന ശ്രേഷ്ഠതയും നന്മയുമാണിത് എന്നതിൽ സംശയമില്ല. ദുർബലരായ ഈ സമൂഹത്തിന് അല്ലാഹു മ

ഹത്തരമായ അനുഗ്രഹമാണ് ലൈലതുൽ ഖദ്റിലൂടെ നൽകിയിരിക്കുന്നത്. ആയിരം മാസങ്ങളേക്കാൾ അധികരിക്കുന്ന കാലഘട്ടത്തിന് സമാനമായി ഒരൊറ്റ രാത്രിയിലെ പ്രവർത്തനത്തെ അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. സുദീർഘമായി ജീവിക്കാൻ കഴിഞ്ഞ -ഏതാണ്ട് എൺപതിലധികം വർഷങ്ങൾ ജീവിച്ച- ഒരാളുടെ കാലത്തിന് സമാനമാണത്. (സഅ്ദി: 931)

സൂറത്തുൽ ബയ്യിനഃ

سُورَةُ البَيِّنَةِ

മദീനയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 8.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ബയ്യിനഃ (البَيِّنَةُ): ബയ്യിനഃ എന്ന പദം ഈ അദ്ധ്യായത്തിൽ വന്നിരിക്കുന്നു. വ്യക്തമായ തെളിവിനും പ്രമാണത്തിനുമാണ് 'ബയ്യിനഃ' എന്നു പറയുക. വിശുദ്ധ ഖുർആനാണ് പ്രസ്തുത പ്രമാണം. ഖുർആനിൽ ഈ പദം 'അൽ-ബയ്യിനഃ' എന്ന രൂപത്തിൽ വന്നത് ഈ അദ്ധ്യായത്തിൽ മാത്രമാണ്.

സൂറത്തിന്റെ ശ്രേഷ്ഠത:

ഉബയ്യു ബ്നു കഅ്ബ് -رضي الله عنه- ന് അല്ലാഹുവിന്റെ കൽപ്പനപ്രകാരം നബി -ﷺ- സൂറ. ബയ്യിനഃ പാരായണം ചെയ്തു കേൾപ്പിച്ചിട്ടുണ്ട്.

عَنْ أَنَسٍ، قَالَ: قَالَ رَسُولُ اللَّـهِ -ﷺ- لِأُبَيِّ بْنِ كَعْبٍ: «إِنَّ اللَّـهَ أَمَرَنِي أَنْ أَقْرَأَ عَلَيْكَ لَمْ يَكُنِ الَّذِينَ كَفَرُوا»، قَالَ: وَسَمَّانِي لَكَ؟ قَالَ: «نَعَمْ»، قَالَ: فَبَكَى.

അനസ് -رضي الله عنه- നിവേദനം: നബി -ﷺ- ഉബയ്യു ബ്നു കഅ്ബിനോട് പറഞ്ഞു: "സൂറ. ബയ്യിനഃ നിനക്ക് പാരായണം ചെയ്തു കേൾപ്പിക്കാൻ അല്ലാഹു എന്നോട് കൽപ്പിച്ചിരിക്കുന്നു."

ഉബയ്യ് ചോദിച്ചു: "അല്ലാഹു അങ്ങയോട് എന്റെ പേര് പറഞ്ഞോ?" നബി -ﷺ- പറഞ്ഞു: "അതെ." അപ്പോൾ ഉബയ്യ് കരയുകയുണ്ടായി. (ബുഖാരി: 4959, മുസ്‌ലിം: 799)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിന്റെ ഖുർആനിനെയും, അവന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- യെയും നിഷേധിക്കുന്ന വേദക്കാരെയും ബഹുദൈവാരാധകരെയും താക്കീത് നൽകുകയും, അവരുടെ വൈരുദ്ധ്യങ്ങളിലെ അത്ഭുതം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

* അല്ലാഹുവാണ് തങ്ങൾ നിലകൊള്ളുന്ന മതങ്ങൾ സ്വീകരിക്കാൻ തങ്ങളോട് കൽപ്പിച്ചതെന്ന അവരുടെ വാദം നിഷേധിക്കുന്നു.

* നിഷേധികളുടെ പര്യവസാനത്തെ കുറിച്ചും, അല്ലാഹുവിൽ വിശ്വസിച്ചവരുടെ പര്യവസാനത്തെ കുറിച്ചും അറിയിക്കുന്നു.

* അല്ലാഹുവിന് മാത്രം ആരാധനകൾ നിഷ്കളങ്കമാക്കണമെന്നും, സർവ്വ വാക്കുകളും പ്രവർത്തികളും അല്ലാഹുവിന്റെ തിരുവദനം പ്രതീക്ഷിച്ചു കൊണ്ടുള്ളത് മാത്രമാകണമെന്നും കൽപ്പിക്കുന്നു.

ആയത്തുകൾ 1-3

لَمْ يَكُنِ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَٱلْمُشْرِكِينَ مُنفَكِّينَ حَتَّىٰ تَأْتِيَهُمُ ٱلْبَيِّنَةُ ﴿١﴾

(1) വേദക്കാരിലും മുശ്രിക്കുകളിലും പെട്ട നിഷേധികൾ വ്യക്തമായ തെളിവ് തങ്ങൾക്ക് കിട്ടുന്നത് വരെ (അവരുടെ വിശ്വാസം) ഉപേക്ഷിക്കുന്നവരായിട്ടില്ല.

رَسُولٌ مِّنَ ٱللَّهِ يَتْلُوا۟ صُحُفًا مُّطَهَّرَةً ﴿٢﴾

(2) അതായത് പരിശുദ്ധമാക്കപ്പെട്ട ഏടുകൾ പാരായണം ചെയ്തു കേൾപ്പിക്കുന്ന, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു റസൂൽ (വരുന്നതു വരെ).

فِيهَا كُتُبٌ قَيِّمَةٌ ﴿٣﴾

(3) അവയിൽ (ഏടുകളിൽ) നേരായ രേഖകളാണുള്ളത്.

തഫ്സീർ

(1) യഹൂദ-നസ്വാറാക്കളിലും ബഹുദൈവാരാധകരിലും പെട്ട നിഷേധികൾ വ്യക്തവും ശക്തവുമായ തെളിവ് കിട്ടുന്നത് വരെ തങ്ങളുടെ (പിഴച്ച) വിശ്വാസത്തിലുള്ള അവരുടെ യോജിപ്പും ഒരുമയും വിട്ടുപോരുന്നവരായിരുന്നില്ല. മുൻകഴിഞ്ഞ വേദങ്ങളിൽ വാഗ്ദാനം നൽകപ്പെട്ട വ്യക്തമായ ഒരു അടയാളമാകുന്നു ആ തെളിവ്.

(2) അല്ലാഹുവിങ്കൽ നിന്നുള്ള, അവൻ നിയോഗിക്കുന്ന ഒരു ദൂതനാകുന്നു ആ വ്യക്തമായ അടയാളവും സുശക്തമായ പ്രമാണവും. പരിശുദ്ധമാക്കപ്പെട്ട, ശുദ്ധിയുള്ളവർ മാത്രം സ്പർശിക്കുന്ന ഏടുകൾ ആ ദൂതൻ പാരായണം ചെയ്യുന്നതായിരിക്കും.

പരിശുദ്ധമായ ഏടുകളിൽ രേഖപ്പെടുത്തപ്പെട്ട വിശുദ്ധ ഖുർആൻ പാരായണം ചെയ്തു കേൾപ്പിക്കുന്ന മുഹമ്മദ് നബി -ﷺ- യാകുന്നു അല്ലാഹുവിൽ നിന്നുള്ള ആ ദൂതൻ.

(3) ആ ഏടുകളിൽ സത്യസന്ധമായ വൃത്താന്തങ്ങളും, നീതിപൂർവ്വകമായ വിധിവിലക്കുകളുമാണ് ഉള്ളത്. അവ മനുഷ്യരെ അവർക്ക് പ്രയോജനകരമായതിലേക്കും സന്മാർഗത്തിലേക്കും നയിക്കുന്നു. സത്യത്തിലേക്കും, നേരായ മാർഗമായ സ്വിറാത്തുൽ മുസ്തഖീമിലേക്കുമാണ് അത് വഴികാണിക്കുന്നത്.

ആയത്തുകൾ 4-8

وَمَا تَفَرَّقَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ إِلَّا مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَةُ ﴿٤﴾

(4) വേദം നൽകപ്പെട്ടവർ അവർക്ക് വ്യക്തമായ തെളിവ് വന്നുകിട്ടിയതിന് ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല.

وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ ﴿٥﴾

(5) മതം അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കിക്കൊണ്ട് (ബഹുദൈവാരാധന തീർത്തും ഉപേക്ഷിച്ച) 'ഹനീഫുക'ളായ നിലയിൽ അവനെ മാത്രം ആരാധിക്കുവാനും, നിസ്കാരം നിലനിർത്തുവാനും സകാത് നൽകുവാനും അല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല. അതത്രെ നേരായ മതം.

إِنَّ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَٱلْمُشْرِكِينَ فِى نَارِ جَهَنَّمَ خَـٰلِدِينَ فِيهَآ ۚ أُو۟لَـٰٓئِكَ هُمْ شَرُّ ٱلْبَرِيَّةِ ﴿٦﴾

(6) തീർച്ചയായും വേദക്കാരിലും മുശ്‌രിക്കുകളിലും പെട്ട (ഇസ്‌ലാമിനെ) നിഷേധിച്ചവർ നരകാഗ്നിയിലാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അക്കൂട്ടർ തന്നെയാകുന്നു സൃഷ്ടികളിൽ മോശപ്പെട്ടവർ.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ أُو۟لَٰٓئِكَ هُمْ خَيْرُ ٱلْبَرِيَّةِ ٧

(7) തീർച്ചയായും (അല്ലാഹുവിലും അവന്റെ റസൂലിലും പരലോകത്തിലും) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ.

جَزَآؤُهُمْ عِندَ رَبِّهِمْ جَنَّٰتُ عَدْنٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ ذَٰلِكَ لِمَنْ خَشِىَ رَبَّهُۥ ٨

(8) അവർക്ക് അവരുടെ റബ്ബിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ എന്നെന്നും നിത്യവാസികളായിരിക്കും. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ റബ്ബിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത് (ഈ പ്രതിഫലം).

തഫ്സീർ

(4) മുഹമ്മദ് നബി -ﷺ- അല്ലാഹുവിൽ നിന്നുള്ള യഥാർത്ഥ ദൂതനാണോ എന്ന കാര്യത്തിൽ തൗറാത്ത് നൽകപ്പെട്ട യഹൂദരും, ഇഞ്ചീൽ നൽകപ്പെട്ട നസ്വാറാക്കളും ഭിന്നിച്ചത് (അറിവില്ലായ്മ കൊണ്ടല്ല; മറിച്ച്,) തൗറാത്തിലും ഇഞ്ചീലിലും വാഗ്ദാനം നൽകപ്പെട്ട അന്തിമദൂതൻ അവിടുന്ന് തന്നെയാണെന്ന കാര്യം അവർക്ക് വ്യക്തമായി ബോധ്യപ്പെട്ടതിന് ശേഷവും, (അവിടുത്തെ കുറിച്ച് സന്തോഷ വാർത്ത അറിയിക്കുന്ന) ദൂതന്മാരെ അല്ലാഹു അവരിലേക്ക് നിയോഗിച്ചതിന് ശേഷവും മാത്രമാണ്.

അവിടുന്ന് അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന കാര്യത്തിൽ അവർ ഒരു പോലെ യോജിച്ചതിന് ശേഷവും അവിടുന്ന് നിയോഗിക്കപ്പെട്ടപ്പോൾ അവരുടെ കൂട്ടത്തിൽ ചിലർ നബി -ﷺ- യിൽ വിശ്വസിച്ചു കൊണ്ട് മുസ്‌ലിമാകാൻ തയ്യാറായി. മറ്റു ചിലർ തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട നബിയുടെ സത്യസന്ധത വ്യക്തമായി ബോധ്യപ്പെട്ടിട്ടും -അസൂയയും വിദ്വേഷവും കാരണത്താൽ- തങ്ങളുടെ നിഷേധത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തു.

(5) അവരുടെ ഗ്രന്ഥങ്ങളിൽ -തൗറാത്തിലും ഇഞ്ചീലിലും- കൽപ്പിക്കപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഖുർആനിലും കൽപ്പിക്കപ്പെട്ടിട്ടുള്ളൂ എന്നറിയുമ്പോഴാണ് യഹൂദ-നസ്വാറാക്കളുടെ അതിക്രമവും അവരുടെ ശത്രുതയും കൂടുതൽ വ്യക്തമാവുക!

ബഹുദൈവാരാധനയിൽ നിന്ന് അകൽച്ച പാലിച്ചു കൊണ്ട് അല്ലാഹുവിനെ മാത്രം ആരാധിക്കുക, നിസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുക; (ഇതൊക്കെയാണ് ആ കൽപ്പനകൾ). അവരോട് കൽപ്പിക്കപ്പെട്ട ഈ കാര്യങ്ങൾ തന്നെയാകുന്നു യാതൊരു വക്രതയുമില്ലാത്ത നേരായ മതം. അത് തന്നെയാകുന്നു ഇസ്‌ലാമും.

(6) തീർച്ചയായും യഹൂദ-നസ്വാറാക്കളിലും ബഹുദൈവാരാധകരിലും പെട്ട, (ഇസ്‌ലാമിനെ) നിഷേധിച്ചവർ അന്ത്യനാളിൽ നരകാഗ്നിയിൽ പ്രവേശിക്കുകയും, അതിൽ ശാശ്വതരായി വസിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിനെ നിഷേധിക്കുകയും, അവന്റെ ദൂതനെ കളവാക്കുകയും ചെയ്തതിനാൽ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ.

(7) തീർച്ചയായും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ തന്നെയാകുന്നു സൃഷ്ടികളിൽ ഏറ്റവും ഉത്തമർ.

(8) അവരുടെ രക്ഷിതാവായ അല്ലാഹുവിന്റെ പക്കൽ അവർക്കുള്ള പ്രതിഫലം സ്വർഗത്തോപ്പുകളാകുന്നു; കൊട്ടാരങ്ങളുടെയും വൃക്ഷങ്ങളുടെയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകി കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ! അതിലവർ ശാശ്വതരായി വസിക്കുന്നതായിരിക്കും.

അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ കൽപ്പനകൾ അനുസരിക്കുകയും ചെയ്തതിനാൽ അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു; അവരുടെ സൽപ്രവർത്തികൾ അവൻ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് തങ്ങൾക്ക് ലഭിച്ച സ്വർഗീയ ആദരവുകൾ മൂലം അവർ അല്ലാഹുവിനെയും തൃപ്തിപ്പെട്ടിരിക്കുന്നു.

അല്ലാഹുവിനെ ഭയപ്പെടുകയും, അവന്റെ കൽപ്പനകൾ പ്രാവർത്തികമാക്കുകയും, അവന്റെ വിലക്കുകളിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ഈ കാരുണ്യം അവനെ ലഭിക്കുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 6)** സൃഷ്ടികളിൽ ഏറ്റവും മോശം (ഇസ്‌ലാമിനെ) നിഷേധിച്ചവരാണ്. അവരിൽ ഏറ്റവും നല്ലവർ (ഇസ്‌ലാമിൽ) വിശ്വസിച്ചവരും.

» **(ആയത്ത്: 8)** അല്ലാഹുവിനെ നിഷ്കളങ്കമായി ആരാധിക്കണം എന്ന കൽപ്പനയെ കുറിച്ച് പറഞ്ഞതിന് ശേഷം നിസ്കാരവും സകാത്തും അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞത് ഈ രണ്ട് ആരാധനകളുടെ ശ്രേഷ്ഠതയും സ്ഥാനവും ബോധ്യപ്പെടുത്തുന്നു. ഈ രണ്ട് ആരാധനാ കർമ്മങ്ങൾ നിറവേറ്റിയവർ ദീനിലെ എല്ലാ വിധിവിലക്കുകളും പാലിക്കാൻ തയ്യാറാകുന്നതാണ്. (സഅ്ദി: 931)

സൂറത്തുൽ ബയ്യിനഃ; സംക്ഷിപ്ത വിവരണം

(ഖുർആനിലെ വചനങ്ങൾ അങ്ങേയറ്റം യോജിപ്പോടെ നിലകൊള്ളുന്നതും പരസ്പരം ചേർന്നു നിൽക്കുന്നവയുമാണ്. സൂറത്തുൽ ബയ്യിനഃയുടെ കാര്യവും വ്യത്യസ്തമല്ല. എന്നാൽ ഈ അദ്ധ്യായത്തിലെ വചനങ്ങൾ ചേർന്നു നിൽക്കുമ്പോഴുള്ള ഉദ്ദേശ്യം എന്താണെന്ന് ചിലർക്ക് അവ്യക്തമായേക്കാം. ഈ അവ്യക്തത നീക്കുക എന്ന ഉദ്ദേശ്യത്തോടെ ശൈഖ് നാസ്വിർ സഅ്ദി പറഞ്ഞതിന്റെ ചുരുക്കം ഇവിടെ നൽകുന്നു).

വേദക്കാരായ യഹൂദ നസ്വാറാക്കളും, വ്യത്യസ്ത മതങ്ങളിലും ജനതകളിലും ഉൾപ്പെടുന്ന ബഹുദൈവാരാധകരും തങ്ങളുടെ വഴികേടും നിഷേധവും ഉപേക്ഷിക്കാതെ അതിൽ തന്നെ കടിച്ചു തൂങ്ങി നിലകൊള്ളുന്നതാണ്. വർഷങ്ങൾ കഴിയുംതോറും അവരുടെ നിഷേധത്തിന്റെ കാഠിന്യം വർദ്ധിക്കുമെന്നല്ലാതെ, അത് ഒട്ടും കുറയുന്നതല്ല.

എന്തെല്ലാം തെളിവുകൾ കണ്ടാലും സത്യം സ്വീകരിക്കാൻ തയ്യാറാകാത്തവർ അവരുടെ നിഷേധത്തിൽ നിന്ന് ഒരിക്കലും പുറത്തു കടക്കുന്നതല്ല. എന്നാൽ സത്യം അന്വേഷിക്കുന്നവരും അത് സ്വീകരിക്കാൻ തയാറുള്ളവരുമായി ആരെങ്കിലും അവരുടെ കൂട്ടത്തിലുണ്ടെങ്കിൽ വ്യക്തമായ ഒരു പ്രമാണം ലഭിച്ചാൽ അത് സ്വീകരിക്കാൻ അവർ തയ്യാറാകുന്നതാണ്.

അപ്രകാരം സത്യം സ്വീകരിക്കാൻ അവരെ സഹായിക്കുന്ന വ്യക്തമായ ആ പ്രമാണം അവർക്ക് വന്നെത്തിയിരിക്കുന്നു. പരിശുദ്ധമായ ഏടുകളിൽ നിന്നുള്ള വചനങ്ങൾ പാരായണം ചെയ്തു കേൾപ്പിക്കുന്ന ഒരു ദൂതനാണ് ആ പ്രമാണവും തെളിവും.

ഇരുട്ടുകളിൽ നിന്ന് അവരെ വെളിച്ചത്തിലേക്ക് നയിക്കുകയും, അവർക്ക് യുക്തിദീക്ഷ പഠിപ്പിക്കുകയും അവരെ ജീവിതവിശുദ്ധിയിലേക്ക് നയിക്കുകയും ചെയ്യുന്ന ആ ദൂതൻ മുഹമ്മദ് നബി -ﷺ- യാണ്. നീതിപൂർവ്വകമായ വിധിവിലക്കുകളും സത്യസന്ധമായ വിവരണങ്ങളും മാത്രം ഉൾക്കൊള്ളുന്ന പരിശുദ്ധമായ ആ ഏടുകൾ വിശുദ്ധ ഖുർആനുമാണ്.

എന്നാൽ വ്യക്തമായ ഈ തെളിവുകൾ വന്നെത്തിയാലും വേദക്കാരിൽ അധികപേരും അതിൽ വിശ്വസിക്കണമെന്നില്ല. അതാകട്ടെ, അവരുടെ മുൻകാലചരിത്രം എടുത്തു നോക്കിയാൽ വിചിത്രവുമല്ല. മുൻപും വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷവും അവർ ഭിന്നിക്കുകയും വഴികേട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സന്മാർഗത്തിലേക്കുള്ള ക്ഷണം അവരുടെ അകൽച്ച വർദ്ധിപ്പിക്കുകയും, വ്യക്തമായ പ്രമാണങ്ങൾ അവരിൽ പലരെയും കൂടുതൽ അന്ധരാക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ.

എന്നാൽ സത്യമാകട്ടെ, എന്നും എപ്പോഴും ഏകമായിരുന്നു. മു

ൻപ് അവതരിക്കപ്പെട്ട തൗറാത്തും ഇഞ്ചീലും മറ്റു വേദഗ്രന്ഥങ്ങളും, നബി -ﷺ- ക്ക് അവതരിക്കപ്പെട്ട വിശുദ്ധ ഖുർആനുമെല്ലാം ഒരേ അടിത്തറകളിലേക്കും ഒരേ മതത്തിലേക്കും തന്നെയാണ് ക്ഷണിച്ചത്. അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതും, നിസ്കാരവും സകാത്തും നിർവ്വഹിക്കുക എന്നതുമായിരുന്നു എല്ലാ വേദഗ്രന്ഥങ്ങളും ഒരു പോലെ കൽപ്പിച്ച ആ അടിത്തറകൾ. ഈ കൽപ്പനകൾ തന്നെയാകുന്നു നേരായ മതവും, സ്വർഗത്തിലേക്ക് മനുഷ്യരെ എത്തിക്കുന്ന നേർമാർഗവും.

ഈ പറയപ്പെട്ട സത്യമാർഗം സ്വീകരിക്കുന്നവർക്കുള്ള പ്രതിഫലവും, നിരാകരിക്കുന്നവർക്കുള്ള ശിക്ഷയും അല്ലാഹു പിന്നീട് വിവരിച്ചിരിക്കുന്നു. സ്വീകരിച്ചവർക്ക് എന്നെന്നേക്കുമുള്ള സ്വർഗവും അല്ലാഹുവിന്റെ തൃപ്തിയുമുണ്ട്. നിരാകരിച്ചവർക്ക് എന്നെന്നേക്കുമുള്ള നരകശിക്ഷയും അല്ലാഹുവിങ്കൽ നിന്നുള്ള കോപവുമുണ്ട്. (അവലംബം: സഅ്ദി: 931-932)

സൂറ. സൽസലഃ

سُورَةُ الزَّلْزَلَةِ

മദീനയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 8.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- സൽസലഃ (الزَّلْزَلَةُ): അന്ത്യനാളിന്റെ വേളയിൽ ഭൂമി പ്രകമ്പനം കൊള്ളുന്നതിനെ കുറിച്ച് പ്രതിപാദിച്ചു കൊണ്ടാണ് സൂറ. ആരംഭിക്കുന്നത്. അതിനായി പ്രയോഗിക്കപ്പെട്ട 'സുൽസിലത്' (زُلْزِلَتْ) എന്ന വാക്കിന്റെ ക്രിയാനാമമാണ് സൽസലഃ.

2- സൂറത്തിന്റെ ആരംഭത്തിലുള്ള രണ്ട് വാക്കുകൾ (إِذَا زُلْزِلَتْ) ഈ അദ്ധ്യായത്തിന്റെ നാമമായി ചില അഥറുകളിൽ വന്നിട്ടുണ്ട്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنْ عَبْدِ اللَّـهِ بْنِ عَمْرٍو قَالَ: أَتَى رَجُلٌ رَسُولَ اللَّـهِ -ﷺ- فَقَالَ: ... أَقْرِئْنِي يَا رَسُولَ اللَّـهِ سُورَةً جَامِعَةً فَأَقْرَأَهُ: إِذَا زُلْزِلَتِ الْأَرْضُ حَتَّى إِذَا فَرَغَ مِنْهَا، قَالَ الرَّجُلُ: وَالَّذِي بَعَثَكَ بِالْحَقِّ، لَا أَزِيدُ عَلَيْهَا أَبَدًا، ثُمَّ أَدْبَرَ الرَّجُلُ فَقَالَ رَسُولُ اللَّـهِ -ﷺ-: «**أَفْلَحَ الرُّوَيْجِلُ، أَفْلَحَ الرُّوَيْجِلُ**»

അബ്ദുല്ലാഹി ബ്നു അംറ് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- യുടെ അരികിൽ ഒരാൾ വന്നു... അയാൾ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! സർവ്വസമ്പൂർണ്ണമായ ഒരു സൂറത്ത് താങ്കൾ എനിക്ക് പാരായണം ചെയ്തു തരിക." അപ്പോൾ നബി -ﷺ- സൂറ. സൽസല അവസാനം വരെ പാരായണം ചെയ്തു കൊടുത്തു. ഇത് കേട്ടപ്പോൾ അയാൾ പറഞ്ഞു: "താങ്കളെ നിയോഗിച്ചവൻ തന്നെ സത്യം! ഞാൻ ഇതിൽ യാതൊന്നും അധികരിപ്പിക്കുകയില്ല." ശേഷം അയാൾ തിരിഞ്ഞു നടന്നു. അപ്പോൾ നബി -ﷺ- പറഞ്ഞു: "ആ മനുഷ്യൻ വിജയിച്ചിരിക്കുന്നു. ആ മനുഷ്യൻ വിജയിച്ചിരിക്കുന്നു." [1]

---

1 അഹ്മദ്: 6575, അൽബാനി ഹദീഥ് ദഈഫ് (ദുർബലം) എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. മുസ്നദിന്റെ പരിശോധകർ പരമ്പര ഹസനാണ് എന്നും വിലയിരുത്തിയിരിക്കുന്നു.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* പുനരുത്ഥാനവും വിചാരണവേദിയും സത്യമാണെന്ന് ബോധ്യപ്പെടുത്തുന്ന, അവക്ക് മുൻപ് സംഭവിക്കാനിരിക്കുന്ന ഭീതിതമായ സംഭവങ്ങൾ ഓർമ്മപ്പെടുത്തുന്ന സൂറതാണ് ഇത്.

* ജനങ്ങൾ ചെയ്ത നന്മകളുടെയും തിന്മകളുടെയും സൂക്ഷ്മമായ വിചാരണ പരലോകത്ത് അവരെ കാത്തിരിക്കുന്നുവെന്നും ഈ അദ്ധ്യായം പഠിപ്പിക്കുന്നു.

* നന്മകൾ ചെയ്യാനും, തിന്മകൾ ഉപേക്ഷിക്കാനുമുള്ള പ്രേരണ നൽകുന്നു.

ആയത്തുകൾ 1-8

إِذَا زُلْزِلَتِ ٱلْأَرْضُ زِلْزَالَهَا ١

(1) ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ -അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം-.

وَأَخْرَجَتِ ٱلْأَرْضُ أَثْقَالَهَا ٢ وَقَالَ ٱلْإِنسَٰنُ مَا لَهَا ٣

(2-3) ഭൂമി അതിന്റെ ഭാരങ്ങൾ പുറം തള്ളുകയും, അതിന് എന്തുപറ്റി എന്ന് മനുഷ്യൻ പറയുകയും ചെയ്താൽ.

يَوْمَئِذٍ تُحَدِّثُ أَخْبَارَهَا ٤ بِأَنَّ رَبَّكَ أَوْحَىٰ لَهَا ٥

(4-5) അന്നേ ദിവസം ഭൂമി അതിന്റെ വാർത്തകൾ പറഞ്ഞറിയിക്കുന്നതാണ്; നിന്റെ റബ്ബ് അതിന് ബോധനം നൽകിയതിനാൽ.

يَوْمَئِذٍ يَصْدُرُ ٱلنَّاسُ أَشْتَاتًا لِّيُرَوْا۟ أَعْمَٰلَهُمْ ٦

(6) അന്നേ ദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്. അവർക്ക് അവരുടെ കർമ്മങ്ങൾ കാണിക്കപ്പെടേണ്ടതിനായിട്ട്.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ٧

(7) അപ്പോൾ ആരാണോ ഒരു ചെറിയ ഉറുമ്പിന്റെ തൂക്കം നന്മചെയ്തിരുന്നത്, അവനത് കാണും.

وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

(8) ആരാണോ ഒരു ചെറിയ ഉറുമ്പിന്റെ തൂക്കം തിന്മ ചെയ്തത്, അവനും അത് കാണും.

തഫ്സീർ

(1-2) അന്ത്യനാളിൽ ഭൂമിക്കുണ്ടാകുന്ന ശക്തമായ ചലനം സംഭവിച്ചാൽ. ഭൂമി അതിന്റെ ഉള്ളിലുള്ള മൃതദേഹങ്ങളും നിധികളും മറ്റും പുറന്തള്ളുകയും ചെയ്താൽ.

(3) പരിഭ്രാന്തനായി മനുഷ്യൻ പറയും: ഭൂമിക്കെന്തു സംഭവിച്ചു?! എന്തു കൊണ്ടാണത് ആടിയുലഞ്ഞു കൊണ്ടിരിക്കുന്നത്?!

(4) ആ ഭയാനകമായ ദിവസത്തിൽ, ഭൂമി അതിന്റെ മുകളിൽവെച്ച് നടമാടിയ നന്മതിന്മകളെ കുറിച്ച് അറിയിക്കുന്നതാണ്.

(5) കാരണം അല്ലാഹു അതിന് (അവ) അറിയിച്ചു നൽകുകയും, സംസാരിക്കാൻ അതിനോട് കൽപ്പിക്കുകയും ചെയ്തിരിക്കുന്നു.

(6) ഭൂമി പ്രകമ്പനം കൊള്ളുന്ന ഭയാനകമായ ആ ദിവസം; ഇഹലോകത്ത് തങ്ങൾ ചെയ്തു കൂട്ടിയ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിനായി അന്ന് ജനങ്ങൾ വിചാരണയുടെ വേദിയിൽ നിന്ന് സംഘങ്ങളായി പുറപ്പെടുന്നതാണ്.

(7) അപ്പോൾ ആരെങ്കിലും ഒരു ചെറിയ ഉറുമ്പിന്റെ തൂക്കം നന്മയോ സൽകർമ്മമോ ചെയ്തിട്ടുണ്ടെങ്കിൽ അവൻ അത് തന്റെ മുന്നിൽ കാണുന്നതാണ്.

(8) ആരെങ്കിലും അത്ര തന്നെ ചെറിയ തിന്മ ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള ശിക്ഷയും അവൻ അവിടെ കാണുന്നതാണ്.

ആയത്തുകളുടെ അവതരണപശ്ചാത്തലം:

عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ العَاصِ -رَضِيَ اللَّهُ عَنْهُمَا-؛ أَنَّهُ قَالَ: أُنْزِلَتْ {إِذَا زُلْزِلَتِ الْأَرْضُ زِلْزَالَهَا» وَأَبُو بَكْرٍ الصِّدِّيقُ قَاعِدٌ، فَبَكَى حِينَ أُنْزِلَتْ، فَقَالَ لَهُ رَسُولُ اللَّهِ -ﷺ-: «**مَا يُبْكِيكَ يَا أَبَا بَكْرٍ؟!**»، قَالَ: يُبْكِينِي هَذِهِ السُّورَةُ، فَقَالَ لَهُ رَسُولُ اللَّهِ -ﷺ-: «**لَوْلَا أَنَّكُمْ تُخْطِئُونَ وَتُذْنِبُونَ، فَيَغْفِرَ**

اللَّـهُ لَكُمْ؛ لَخَلَقَ اللَّـهُ أُمَّةً يُخْطِئُونَ وَيُذْنِبُونَ، فَيَغْفِرَ لَهُمْ»

അബ്ദുല്ലാഹി ബ്നു അംറ് -ﷺ- നിവേദനം: സൽസലഃ സൂറത്ത് അവതരിച്ചപ്പോൾ അബൂബക്ർ അസ്സിദ്ധീഖ് -رضي الله عنه- ഇരിക്കുകയായിരുന്നു. അദ്ദേഹം അത് അവതരിച്ചപ്പോൾ കരഞ്ഞു. നബി -ﷺ- അദ്ദേഹത്തോട് ചോദിച്ചു: "അബൂബക്ർ! എന്താണ് താങ്കളെ കരയിച്ചത്?!"

അദ്ദേഹം പറഞ്ഞു: "ഈ അദ്ധ്യായമാണ് എന്നെ കരയിക്കുന്നത്."

നബി -ﷺ- പറഞ്ഞു: "നിങ്ങൾക്ക് തെറ്റുകൾ സംഭവിക്കുകയും നിങ്ങൾ തിന്മകൾ പ്രവർത്തിക്കുകയും അങ്ങനെ അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യുന്നില്ലായിരുന്നു എങ്കിൽ അല്ലാഹു മറ്റൊരു സമൂഹത്തെ സൃഷ്ടിക്കുകയും, അവർക്ക് തെറ്റുകൾ സംഭവിക്കുകയും അവർ തിന്മകൾ പ്രവർത്തിക്കുകയും, അങ്ങനെ അവർക്കവൻ പൊറുത്തു കൊടുക്കുകയും ചെയ്യുമായിരുന്നു." (ത്വബരി: 30/175, ഇസ്തീആബ്: 3/549)

عَنْ أَبِي إِدْرِيسِ الخَوْلَانِيِّ: أَنَّ أَبَا بَكْرٍ كَانَ يَأْكُلُ مَعَ النَّبِيِّ -ﷺ-؛ فَأُنْزِلَتْ هَذِهِ الآيَةُ: ﴿فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ۝٧ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ۝٨﴾ فَرَفَعَ أَبُو بَكْرٍ يَدَهُ مِنَ الطَّعَامِ، وَقَالَ: إِنِّي لَرَاءٍ مَا عَمِلْتُ (مِنْ خَيْرٍ وَشَرٍّ)، فَقَالَ النَّبِيُّ -ﷺ-: «**إِنَّ مَا تَرَى مِمَّا تَكْرَهُ فَهُوَ مَثَاقِيلُ ذَرِّ شَرٍّ كَثِيرٍ، وَيَدَّخِرُ اللَّـهُ لَكَ مَثَاقِيلَ ذَرِّ الخَيْرِ حَتَّى تُعْطَاهُ يَوْمَ القِيَامَةِ، وَتَصْدِيقُ ذَلِكَ فِي كِتَابِ اللَّـهِ:** ﴿وَمَآ أَصَٰبَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا۟ عَن كَثِيرٍ ۝٣٠﴾

താബിഇയായ അബൂ ഇദ്‌രീസ് അൽഖൗലാനീ -رحمه الله- നിവേദനം: അബൂബക്ർ സിദ്ധീഖ് -رضي الله عنه- നബി -ﷺ- യോടൊപ്പം ഭക്ഷണം കഴിച്ചു കൊണ്ടിരിക്കവെ ഈ വചനം അവതരിച്ചു:

"അപ്പോൾ ആരാണോ ഒരു ചെറിയ ഉറുമ്പിന്റെ തൂക്കം നന്മ ചെയ്തിരുന്നത്, അവനത് കാണും. ആരാണോ ഒരു ചെറിയ ഉറുമ്പിന്റെ തൂക്കം തിന്മ ചെയ്തത്, അവനും അത് കാണും." (സൽസലഃ: 7-8)

അപ്പോൾ അബൂബക്ർ ഭക്ഷണത്തിൽ നിന്ന് തന്റെ കൈകൾ ഉയർത്തി. അദ്ദേഹം പറഞ്ഞു: "ഞാൻ ചെയ്ത പ്രവർത്തികൾ (നന്മ

കളും തിന്മകളുമെല്ലാം) ഞാൻ കാണുന്നു."

അപ്പോൾ നബി -ﷺ- പറഞ്ഞു: "താങ്കൾക്ക് പ്രയാസകരമായതായി താങ്കൾ കാണുന്ന തെറ്റുകൾ ധാരാളക്കണക്കിന് വരുന്ന തീരേ ചെറിയ തിന്മകളാണ്. എന്നാൽ അല്ലാഹു താങ്കൾക്കായി ധാരാളക്കണക്കിന് നന്മകൾ കാത്തുവെക്കുകയും, അവ താങ്കൾക്ക് നൽകുകയും ചെയ്യുന്നതാണ്.

ഈ പറഞ്ഞതിനുള്ള സാക്ഷ്യം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം വായിക്കാം:

﴿وَمَآ أَصَٰبَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا۟ عَن كَثِيرٍ ۝٣٠﴾

"നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിൻറെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു." (ശൂറാ: 30) [1]

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 4)** മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം പറയുന്ന പല വസ്തുക്കളുമുണ്ട്. ഭൂമിയും അതിൽ പെട്ടതാണ്. ഭൂമിക്ക് മുകളിൽ വെച്ച് മനുഷ്യർ പ്രവർത്തിച്ച നന്മകൾക്കും തിന്മകൾക്കുമെല്ലാം ഭൂമി സാക്ഷ്യം വഹിക്കുന്നതാണ്. (സഅ്ദി: 932)

» **(ആയത്ത്: 7-8)** എല്ലാ നന്മകളും തിന്മകളും -എത്ര ചെറുതാണെങ്കിലും- അവ പരലോകത്ത് കാണിക്കപ്പെടുന്നതാണ്. ഏറ്റവും ചെറുത് വരെ കാണിക്കപ്പെടുമെങ്കിൽ അതിന് മുകളിലുള്ളത് എന്തായാലും കാണുന്നതാണ്. എത്ര ചെറുതാണെങ്കിലും നന്മകൾ പ്രവർത്തിക്കണമെന്ന് പ്രോത്സാഹനം നൽകുകയും, എത്ര ചെറുതാണെങ്കിലും തിന്മകൾ ഉപേക്ഷിക്കണമെന്ന് താക്കീത് നൽകുകയും ചെയ്യുന്നു ഈ ആയത്തുകൾ. (സഅ്ദി: 932)

1 തഫ്സീർ / ത്വബ്‌രി: 30/174, മുർസലായ നിവേദനമാണ് എന്നതിനാൽ **ദുർബലതയുണ്ട്** എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

സൂറത്തുൽ ആദിയാത്ത്

سُورَةُ العَادِيَاتِ

മക്കയിൽ അവതരിച്ചത്. മദീനയിലെന്നും അഭിപ്രായമുണ്ട്.

ആയത്തുകളുടെ എണ്ണം: 11.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ആദിയാത്ത് (العَادِيَاتُ): രണാങ്കണത്തിലേക്ക് കുതിക്കുന്ന കുതിരകളെ സൂചിപ്പിച്ചു കൊണ്ടാണ് 'ആദിയാത്ത്' എന്ന പദം ഈ സൂറത്തിന്റെ ആദ്യത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നാണ് സൂറത്തിന് 'ആദിയാത്ത്' എന്ന പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ആദിയാത്ത്. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ചില മനുഷ്യരുടെ സ്വഭാവം ബോധ്യപ്പെടുത്തുന്നു.

* സമ്പത്തിനോടുള്ള മനുഷ്യന്റെ കഠിനമായ പ്രേമം വിവരിക്കുന്നു.

* മരണശേഷം പ്രവർത്തനങ്ങളെല്ലാം വിചാരണ ചെയ്യപ്പെടുന്ന ഒരു ദിനം വരാനുണ്ടെന്ന് മനുഷ്യരെ ഗുണദോഷിക്കുന്നു. അതിലൂടെ വിശ്വാസികളെ ഉണർത്തുകയും, നിഷേധികളെ ഭയപ്പെടുത്തുകയും ചെയ്യുന്നു.

ആയത്തുകൾ 1-11

(1) കിതച്ചു കൊണ്ട് ഓടുന്നവ തന്നെ സത്യം.	وَٱلْعَـٰدِيَـٰتِ ضَبْحًا ١
(2) അങ്ങനെ (കുളമ്പ് കല്ലിൽ) ഉരസി തീപ്പൊരി പറപ്പിക്കുന്നവയും തന്നെ സത്യം.	فَٱلْمُورِيَـٰتِ قَدْحًا ٢

فَٱلۡمُغِيرَٰتِ صُبۡحٗا ٣	(3) എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുന്നവ തന്നെ സത്യം.
فَأَثَرۡنَ بِهِۦ نَقۡعٗا ٤	(4) അന്നേരത്ത് (അവ) പൊടിപടലം ഇളക്കിവിടുന്നു.
فَوَسَطۡنَ بِهِۦ جَمۡعًا ٥	(5) അങ്ങനെ (ശത്രു) സംഘത്തിന്റെ നടുവിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.
إِنَّ ٱلۡإِنسَٰنَ لِرَبِّهِۦ لَكَنُودٞ ٦	(6) തീർച്ചയായും മനുഷ്യൻ തന്റെ റബ്ബിനോട് കടുത്ത നിഷേധം പ്രവർത്തിക്കുന്നവൻ തന്നെ.
وَإِنَّهُۥ عَلَىٰ ذَٰلِكَ لَشَهِيدٞ ٧	(7) തീർച്ചയായും അവൻ തന്നെ അതിനുള്ള സാക്ഷിയാകുന്നു.
وَإِنَّهُۥ لِحُبِّ ٱلۡخَيۡرِ لَشَدِيدٌ ٨	(8) തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനാകുന്നു.
۞أَفَلَا يَعۡلَمُ إِذَا بُعۡثِرَ مَا فِي ٱلۡقُبُورِ ٩	(9) എന്നാൽ അവൻ അറിയുന്നില്ലേ? ഖബ്റുകളിലുള്ളത് ഇളക്കിമറിച്ച് പുറത്ത് കൊണ്ട് വരപ്പെടുകയും;
وَحُصِّلَ مَا فِي ٱلصُّدُورِ ١٠	(10) ഹൃദയങ്ങളിലുള്ളത് പുറത്തേക്ക് വെളിവാക്കപ്പെടുകയും ചെയ്താൽ;
إِنَّ رَبَّهُم بِهِمۡ يَوۡمَئِذٖ لَّخَبِيرُۢ ١١	(11) തീർച്ചയായും അവരുടെ റബ്ബ് അന്നേ ദിവസം അവരെ പറ്റി സൂക്ഷ്മമായി അറിയുന്നവൻ തന്നെയാകുന്നു.

തഫ്സീർ

(1) വേഗതയിൽ സഞ്ചരിക്കുന്ന കുതിരകളെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു. വളരെ വേഗതയിൽ സഞ്ചരിക്കുന്നത് കാരണത്താൽ അതിന്റെ കിതപ്പിന്റെ ശബ്ദം പുറത്തേക്ക് കേൾക്കുന്നുണ്ട്.

(2) പാറക്കല്ലുകൾക്ക് മുകളിൽ കുളമ്പുകൾ ശക്തമായി ഉരസി തീപ്പൊരി പറപ്പിച്ച് കുതിക്കുന്ന കുതിരകളെ കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു.

(3) തങ്ങളുടെ മുകളിലുള്ള പടയാളികളെയും വഹിച്ചു കൊണ്ട് പ്രഭാതത്തിൽ ശത്രുക്കൾക്ക് നേരെ കുതിച്ചു പായുന്ന കുതിരകളെ കൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

ശ്രദ്ധിക്കുക: സൃഷ്ടികൾക്ക് അല്ലാഹുവിനെ കൊണ്ടല്ലാതെ സത്യം ചെയ്യാൻ അനുവാദമില്ല. അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്യുക എന്നത് ബഹുദൈവാരാധനാപരമായ പ്രവർത്തിയാണ്.

(4) തങ്ങളുടെ ചലനം കൊണ്ട് അവ പൊടിപാറിച്ചിരിക്കുന്നു.

(5) അങ്ങനെ തങ്ങളുടെ മേലിരിക്കുന്ന പടയാളിയെയും കൊണ്ട് ശത്രുസംഘത്തിന് നടുവിൽ അത് പ്രവേശിച്ചിരിക്കുന്നു.

(6) തീർച്ചയായും മനുഷ്യൻ അവന്റെ രക്ഷിതാവ് അവനിൽ നിന്ന് ആവശ്യപ്പെടുന്ന നന്മയോട് വളരെ നിഷേധാത്മക സമീപനമുള്ളവൻ തന്നെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അവൻ അങ്ങേയറ്റം നിഷേധിക്കുന്നവനുമായിരിക്കുന്നു.

(7) താൻ നന്മക്ക് വളരെയധികം തടസ്സം നിൽക്കുന്നവനാണ് എന്നതിന് അവൻ സ്വയം തന്നെ സാക്ഷിയാണ്; അത്ര വ്യക്തമാണ് അക്കാര്യം എന്നതിനാൽ അവനത് നിഷേധിക്കുക സാധ്യമല്ല തന്നെ.

(8) സമ്പത്തിനോടുള്ള കഠിനമായ സ്നേഹം കാരണത്താൽ അവൻ അതിൽ പിശുക്ക് കാണിക്കുകയും ചെയ്യുന്നു.

(9) ഐഹിക ജീവിതത്തിൽ വഞ്ചിതനായിട്ടുള്ള ഈ മനുഷ്യൻ മനസ്സിലാക്കുന്നില്ലേ; അല്ലാഹു ഖബ്റുകളിൽ കിടക്കുന്ന മരിച്ചവരെ തിരിച്ചു കൊണ്ടു വരികയും, വിചാരണക്കും പ്രതിഫലത്തിനുമായി

അവരെ ഭൂമിക്കടിയിൽ നിന്ന് പുറത്തെത്തിക്കുകയും ചെയ്താൽ അവൻ ധരിച്ചു വെച്ചിരുന്നത് പോലെയായിരിക്കില്ല കാര്യമെന്ന്?!

(10) ഹൃദയങ്ങളിൽ ഉണ്ടായിരുന്ന ഉദ്ദേശങ്ങളും വിശ്വാസങ്ങളും മറ്റും പുറത്തു കൊണ്ടു വരപ്പെടുകയും, വ്യക്തമാക്കപ്പെടുകയും ചെയ്താൽ;

(11) തീർച്ചയായും അവരുടെ രക്ഷിതാവ് അന്നേ ദിവസം അവരെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവൻ തന്നെയാകുന്നു; അവരുടെ ഒരു കാര്യവും അവന് അവ്യക്തമായിരിക്കുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ തന്നെ അവർക്ക് അവൻ പ്രതിഫലം നൽകുകയും ചെയ്യും.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 6)** ഹസനുൽ ബസ്വരി -ﷺ- പറയുന്നു: "'കനൂദ്' (നന്ദി കെട്ടവൻ) എന്നാൽ തന്നെ ബാധിച്ച ദുരിതങ്ങൾ എണ്ണിപ്പറഞ്ഞു കൊണ്ടിരിക്കുകയും, അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹങ്ങൾ മറക്കുകയും ചെയ്യുന്നവനാണ്." (ഇബ്നു കഥീർ: 8/467)

» **(ആയത്ത്: 6-7)** തന്റെ മേലുള്ള ബാധ്യതകളെ അംഗീകരിച്ചു നൽകാനും, അവ പൂർണ്ണമായി നിറവേറ്റാനും തയ്യാറാകാത്തതാണ് മനുഷ്യന്റെ പ്രകൃതം. മറിച്ച്, മടിപിടിച്ചിരിക്കുകയും, തന്റെ മേലുള്ള സാമ്പത്തികവും ശാരീരികവുമായ ബാധ്യതകൾ തടഞ്ഞു വെക്കുകയും ചെയ്യുക എന്നതാണ് അവന്റെ പൊതുരീതി. അല്ലാഹു സന്മാർഗം നൽകിയവർക്കല്ലാതെ ഇതിൽ നിന്ന് രക്ഷപ്പെടുക സാധ്യമല്ല. (സഅ്ദി: 932)

» **(ആയത്ത്: 7)** അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കാര്യത്തിലും, നന്മകൾ പ്രവർത്തിക്കുന്നതിലുമുള്ള മനുഷ്യന്റെ നിഷേധസ്വഭാവം അവൻ സ്വയം തന്നെ സാക്ഷ്യം വഹിക്കുന്ന കാര്യമാണ്. കാരണം അത്രയും വ്യക്തമായ കാര്യങ്ങളിൽ പെട്ടതാണത്.

ഈ ആയത്തിന് മറ്റൊരു വിശദീകരണം കൂടി പറയപ്പെട്ടിട്ടുണ്ട്; 'മനുഷ്യന്റെ ഈ നിഷേധസ്വഭാവത്തിന് അല്ലാഹു സാക്ഷിയാണ്' എന്നതാണത്. ആയത്തിലെ സർവ്വനാമം (ضَمِيرٌ) അല്ലാഹുവിലേക്കാണ് മടങ്ങുന്നത് എന്ന വീക്ഷണപ്രകാരമാണത്. ഈ വിശദീകരണം പരിഗണിക്കുന്നെങ്കിൽ, ആയത്തിൽ ശക്തമായ

താക്കീതും ഭയപ്പെടുത്തലുമാണുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവരുടെ കാര്യം അല്ലാഹു വീക്ഷിച്ചു കൊണ്ടിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് അപ്പോൾ അതിലുള്ളത്. (സഅ്ദി: 932)

» **(ആയത്ത്: 8)** മനുഷ്യന് സമ്പത്തിനോടുള്ള അതിരുവിട്ട സ്നേഹം തന്റെ മേലുള്ള നിർബന്ധബാധ്യതകൾ ഉപേക്ഷിക്കുന്നതിലേക്ക് അവനെ നയിക്കുന്നതാണ്. തന്റെ ഇഛകളെ അല്ലാഹുവിനോടുള്ള ബാധ്യതകൾക്ക് മുകളിൽ വെക്കാൻ അവനെ പ്രേരിപ്പിക്കുന്നതും ഈ അനുരാഗഭ്രമം തന്നെയാണ്.

ഇഹലോകത്തിലേക്ക് മാത്രം കണ്ണയക്കുകയും, പരലോകത്തെ കുറിച്ച് അശ്രദ്ധനായി പോവുകയും ചെയ്യുന്നവത് കൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്. അതിനാലാണ് സമ്പത്തിനോടുള്ള സ്നേഹം പറഞ്ഞതിന് തൊട്ടുടനെ പരലോക ജീവിതത്തെ കുറിച്ച് അല്ലാഹു ഓർമ്മപ്പെടുത്തിയത്. (സഅ്ദി: 932)

» **(ആയത്ത്: 10)** അന്ത്യനാൾ വന്നെത്തിയാൽ മനസ്സിലെ നല്ലതും ചീത്തതുമായ എല്ലാ ഉള്ളുകള്ളികളും രഹസ്യങ്ങളും പുറത്തുവരും. മറഞ്ഞിരുന്നതെല്ലാം അന്ന് പരസ്യമായിത്തീരും. ഉള്ളിലുള്ളതെല്ലാം പുറത്താവുകയും ചെയ്യും. ഓരോ മനുഷ്യരുടെയും മുഖങ്ങളിൽ അവരുടെ പ്രവർത്തനങ്ങളുടെ ഫലങ്ങൾ പ്രകടമാകുകയും ചെയ്യും. (സഅ്ദി: 933)

» **(ആയത്ത്: 11)** അന്ത്യനാളിൽ അല്ലാഹു അവരുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി അറിയുന്നതായിരിക്കും എന്ന് പ്രത്യേകം പറഞ്ഞതിന്റെ ഉദ്ദേശ്യം അന്ന് അവക്കുള്ള പ്രതിഫലം നൽകപ്പെടുന്നു എന്നതിനാൽ മാത്രമാണ്. അവരിൽ നിന്ന് അല്ലാഹു അറിഞ്ഞ രഹസ്യവും പരസ്യവുമായ എല്ലാ പ്രവർത്തനങ്ങളും അല്ലാഹു അറിഞ്ഞിരുന്നു എന്നത് അവർക്ക് ബോധ്യപ്പെടുകയും ചെയ്യും. അതല്ലായെങ്കിൽ, പരലോകത്ത് മാത്രമല്ല; എല്ലാ സന്ദർഭത്തിലും അല്ലാഹു അവരുടെ പ്രവർത്തനങ്ങളെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു. (സഅ്ദി: 933)

സൂറത്തുൽ ഖാരിഅഃ

سُورَةُ القَارِعَةِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 11.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഖാരിഅഃ (القَارِعَـةُ): അന്ത്യനാളിന്റെ പേരുകളിലൊന്നാണ് അൽ-ഖാരിഅഃ. ഹൃദയങ്ങളെ ഭീതിയും ഭയാനകതയും കൊണ്ട് നിറക്കുന്ന സംഭവമാണ് അന്ത്യനാൾ എന്നതു കൊണ്ടാണ് 'ഖാരിഅഃ' എന്ന പേര് നൽകപ്പെട്ടത്. സൂറത്തിന്റെ ആരംഭം ഈ പേര് കൊണ്ടാണ്.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ ഖാരിഅഃ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അന്ത്യനാളിനെ കുറിച്ചും, അന്നുണ്ടാകുന്ന ഭയാനകവും ഭീകരവുമായ അവസ്ഥകളെ കുറിച്ചും വിവരിക്കുന്നു.

* സ്വർഗത്തിൽ തൃപ്തികരമായ ജീവിതം നയിക്കാൻ വഴിയൊരുക്കുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുന്നു. കത്തിജ്വലിക്കുന്ന നരകത്തിലേക്ക് എത്തിപ്പെടുക എന്ന ദൗർഭാഗ്യത്തിന് കാരണമാകുന്ന കാര്യവും വിവരിക്കുന്നു.

ആയത്തുകൾ 1-11

(1) 'അൽ-ക്വാരിഅഃ'.	ٱلْقَارِعَةُ ﴿١﴾
(2) 'അൽ-ഖാരിഅഃ' എന്നാൽ എന്താകുന്നു?	مَا ٱلْقَارِعَةُ ﴿٢﴾
(3) 'അൽ-ഖാരിഅഃ' എന്നാൽ എന്താണെന്ന് നിനക്കറിയുമോ?	وَمَآ أَدْرَىٰكَ مَا ٱلْقَارِعَةُ ﴿٣﴾

(4) മനുഷ്യർ ചിന്നിച്ചിതറിയ പാറ്റകളെപ്പോലെ ആകുന്ന ദിവസം!	يَوۡمَ يَكُونُ ٱلنَّاسُ كَٱلۡفَرَاشِ ٱلۡمَبۡثُوثِ ٤
(5) പർവ്വതങ്ങൾ കടഞ്ഞ കമ്പിളി പോലെയും ആയിത്തീരുന്ന (ദിവസം).	وَتَكُونُ ٱلۡجِبَالُ كَٱلۡعِهۡنِ ٱلۡمَنفُوشِ ٥
(6-7) അപ്പോൾ ഏതൊരാളുടെ തുലാസുകൾ കനം തൂങ്ങിയോ; അവൻ സംതൃപ്തമായ ജീവിതത്തിലായിരിക്കും.	فَأَمَّا مَن ثَقُلَتۡ مَوَٰزِينُهُۥ ٦ فَهُوَ فِي عِيشَةٖ رَّاضِيَةٖ ٧
(8-9) എന്നാൽ ഏതൊരാളുടെ തുലാസുകൾ തൂക്കം കുറഞ്ഞതായോ; അവന്റെ സങ്കേതം 'ഹാവിയഃ' ആയിരിക്കും.	وَأَمَّا مَنۡ خَفَّتۡ مَوَٰزِينُهُۥ ٨ فَأُمُّهُۥ هَاوِيَةٞ ٩
(10) 'ഹാവിയഃ' എന്നാൽ എന്താണെന്ന് നിനക്കറിയുമോ?	وَمَآ أَدۡرَىٰكَ مَا هِيَهۡ ١٠
(11) ചൂടേറിയ നരകാഗ്നിയത്രെ അത്.	نَارٌ حَامِيَةُۢ ١١

തഫ്സീർ

(1) ഘോരഭയം കൊണ്ട് ഹൃദയങ്ങളെ ഭീതിയിലാഴ്ത്തുന്ന അന്ത്യനാളിന്റെ ആ സമയം!

(2) ഘോരഭയം കൊണ്ട് ഹൃദയങ്ങളെ ഭീതിയിലാഴ്ത്തുന്ന ഈ സമയം ഏതാകുന്നു? എന്താകുന്നു ഈ 'ഖാരിഅഃ'?

(3) അല്ലാഹുവിന്റെ റസൂലേ! ഘോരഭയം കൊണ്ട് ഹൃദയങ്ങളെ ഭീതിയിലാഴ്ത്തുന്ന ഈ സമയം ഏതാണെന്ന് താങ്കൾക്ക് അറിയുമോ?! ഖിയാമത് നാളാകുന്നു അത്.

(4) മനുഷ്യരുടെ ഹൃദയങ്ങളെ അത് ഭീതിയിലാഴ്ത്തുകയും, അവർ അങ്ങുമിങ്ങുമായി ചിന്നിച്ചിതറിയ പാറ്റകളെ പോലെ ആയിത്തീരുകയും ചെയ്യുന്ന ദിവസമാണത്. അന്ന് മനുഷ്യരുടെ ആധിക്യവും ചിന്നിച്ചിതറിയ നെട്ടോട്ടവും ചലനവും തീയിലേക്ക് വന്നുവീഴുന്ന പാറ്റകൾക്ക് സമാനമായിരിക്കും.

(5) പർവ്വതങ്ങൾ വ്യത്യസ്ത നിറങ്ങളിലുള്ള കടഞ്ഞ പഞ്ഞികണക്കെ -ഭാരമില്ലാതെ ചലിച്ചു കൊണ്ടിരിക്കുന്ന- അവസ്ഥയിലാകും. അങ്ങനെ അവ ചിതറിയ ധൂളികളായി മാറുകയും, പർവ്വതങ്ങൾ മാഞ്ഞു പോവുകയും ചെയ്യും.

(6-7) എന്നാൽ തന്റെ നന്മയുടെ ഏടുകൾ തിന്മയുടെ ഏടുകളെക്കാൾ കനം തൂങ്ങിവൻ... സ്വർഗത്തിൽ ലഭിക്കുന്ന തൃപ്തികരമായ ജീവിതത്തിലായിരിക്കും അവനുണ്ടായിരിക്കുക.

(8-9) എന്നാൽ ഏതൊരാളുടെ തിന്മകൾ അവന്റെ നന്മകളേക്കാൾ കനം തൂങ്ങിയോ; അവന്റെ സങ്കേതവും താമസസ്ഥലവും 'ഹാവിയഃ' ആയിരിക്കും.

(10) അല്ലാഹുവിന്റെ റസൂലേ! 'ഹാവിയഃ' എന്നാൽ എന്താണെന്ന് താങ്കൾക്കറിയുമോ?

(11) കടുത്ത ചൂടുള്ള നരഗാഗ്നിയത്രെ അത്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 8-11)** തിന്മകൾക്ക് കനം തൂങ്ങിയവന്റെ അഭയകേന്ദ്രം ആളിജ്വലിക്കുന്ന നരകമായിരിക്കും. നരകത്തിന്റെ പേരുകളിലൊന്നാണ് 'ഹാവിയഃ' എന്നത്. ചെറിയ കുട്ടി ഉമ്മയോട് ചേർന്നുപറ്റി നിൽക്കുന്നതു പോലെ, നരകത്തോട് പറ്റിച്ചേർന്ന നിലയിലായിരിക്കും അവൻ ഉണ്ടായിരിക്കുക എന്നർത്ഥം.
മറ്റൊരു വിശദീകരണവും ഈ വചനത്തിന് പറയപ്പെട്ടിട്ടുണ്ട്. അവന്റെ തല നരകത്തിലേക്ക് പതിച്ചു കൊണ്ടിരിക്കുന്ന നിലയിൽ, തലകുത്തനെ അവൻ നരകത്തിലേക്ക് വലിച്ചെറിയപ്പെടുന്നതാണ് എന്നതാണ് പ്രസ്തുത വിശദീകരണം. (സഅ്ദി: 933)

സൂറ. തകാഥുർ

سُورَةُ التَّكَاثُرِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 8.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- തകാഥുർ (التَّكَاثُر): പെരുമ നടിക്കൽ എന്ന അർത്ഥമുള്ള 'തകാഥുർ' എന്ന പദം സൂറത്തിന്റെ ആരംഭത്തിൽ പറയപ്പെട്ടിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

നബി -ﷺ- ക്ക് നൽകപ്പെട്ട മുഫസ്സ്വലായ അദ്ധ്യായങ്ങളിൽ പെട്ടതാണ് സൂറത്തുൽ തകാഥുർ. ഇതല്ലാതെ പ്രത്യേകമായി ഒരു ശ്രേഷ്ഠത ഈ അദ്ധ്യായത്തിന് സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* ഇഹലോകത്തിന് പ്രാമുഖ്യം നൽകുകയും, പരലോകത്തെ കുറിച്ച് അശ്രദ്ധയിലാകുകയും, ഖബറുകളിൽ എത്തിപ്പെടുന്നത് വരെ ഈ അവസ്ഥ വെടിയാതിരിക്കുകയും ചെയ്യുന്ന മനുഷ്യരെ താക്കീത് ചെയ്യുന്നു.

* പരലോകത്തുള്ള ശിക്ഷയെ കുറിച്ചും, മഹോന്നതനായ അനുഗ്രഹദാതാവിന് -അല്ലാഹുവിന്- നന്ദി കാണിക്കുന്നതിൽ വരുത്തുന്ന അവഗണന കടുത്ത രൂപത്തിൽ വിചാരണ ചെയ്യപ്പെടുന്നതാണെന്നും ഓർമ്മപ്പെടുത്തി കൊണ്ട് ഈ അശ്രദ്ധയിൽ നിന്ന് ജനങ്ങളെ ഗൗരവത്തോടെ വിലക്കുന്നു.

ആയത്തുകൾ 1-8

أَلۡهَىٰكُمُ ٱلتَّكَاثُرُ ١

حَتَّىٰ زُرۡتُمُ ٱلۡمَقَابِرَ ٢

(1-2) പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു. നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുന്നത് വരേക്കും.

كَلَّا سَوۡفَ تَعۡلَمُونَ ٣

(3) നിസ്സംശയം, നിങ്ങൾ വഴിയെ അറിഞ്ഞു കൊള്ളും.

ثُمَّ كَلَّا سَوۡفَ تَعۡلَمُونَ ٤

(4) വീണ്ടും; നിസ്സംശയം! നിങ്ങൾ വഴിയെ അറിഞ്ഞു കൊള്ളും.

كَلَّا لَوۡ تَعۡلَمُونَ عِلۡمَ ٱلۡيَقِينِ ٥

(5) നിസ്സംശയം, നിങ്ങൾക്ക് ദൃഢമായ അറിവുണ്ടായിരുന്നെങ്കിൽ!

لَتَرَوُنَّ ٱلۡجَحِيمَ ٦

(6) ജ്വലിക്കുന്ന നരകത്തെ നിങ്ങൾ കാണുക തന്നെ ചെയ്യും.

ثُمَّ لَتَرَوُنَّهَا عَيۡنَ ٱلۡيَقِينِ ٧

(7) പിന്നീട് തീർച്ചയായും നിങ്ങൾ അതിനെ ദൃഢമായും കണ്ണാൽ കാണുക തന്നെ ചെയ്യും.

ثُمَّ لَتُسۡـَٔلُنَّ يَوۡمَئِذٍ عَنِ ٱلنَّعِيمِ ٨

(8) പിന്നീട് ആ ദിവസം സുഖാനുഭവങ്ങളെ പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും.

തഫ്സീർ

(1) ജനങ്ങളേ! സമ്പത്തും സന്താനങ്ങളും കൊണ്ടുള്ള പെരുമ നടിക്കൽ അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തെറ്റിച്ചിരിക്കുന്നു.

(2) നിങ്ങൾ മരിക്കുകയും, ഖബ്റുകളിൽ പ്രവേശിക്കുകയും ചെയ്യുന്നത് വരെ നിങ്ങളുടെ ഈ അശ്രദ്ധയും തിരക്കുകളും നിങ്ങൾ തുടർന്നു കൊണ്ടിരിക്കും.

(3) അല്ലാഹുവിനുള്ള അനുസരണയിൽ നിന്ന് ഈ പൊങ്ങച്ചം നിങ്ങളുടെ ശ്രദ്ധ തെറ്റിക്കാൻ പാടില്ലായിരുന്നു. ഇതിന്റെ പരിണിത ഫലം നിങ്ങൾ വഴിയെ അറിഞ്ഞു കൊള്ളും. പരലോകഭവനം നന്നാക്കുന്നതായിരുന്നു നിങ്ങൾക്ക് നല്ലത് എന്നും നിങ്ങൾക്ക് പിന്നീട് ബോധ്യപ്പെടുന്നതാണ്.

(4) വീണ്ടും! ഈ അശ്രദ്ധയുടെ പര്യവസാനം നിങ്ങൾ വഴിയെ അറിഞ്ഞു കൊള്ളും.

(5) സമ്പത്ത് കൊണ്ടുള്ള ഈ പെരുമ നടിക്കൽ അശ്രദ്ധരാ

ക്കുക എന്നത് നിങ്ങൾക്ക് സംഭവിക്കാൻ പാടില്ലായിരുന്നു. യഥാർ ത്ഥ വിജ്ഞാനവും അറിവും നിങ്ങൾക്കുണ്ടായിരുന്നെങ്കിൽ അതി ൽ നിന്ന് നിങ്ങൾ അകലം പാലിക്കുമായിരുന്നു! സ്വന്തത്തെ രക്ഷ പ്പെടുത്താനുള്ള പരിശ്രമങ്ങളിലേക്ക് നിങ്ങൾ ധൃതിപ്പെട്ടു മുന്നേറു കയും ചെയ്യുമായിരുന്നു.

നിങ്ങളിൽ ഓരോരുത്തരും അല്ലാഹുവിലേക്ക് ഉയിർത്തെഴു ന്നേൽപ്പിക്കപ്പെടുകയും, അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നതാണ് എന്ന ദൃഢബോധ്യം നി ങ്ങൾക്കുണ്ടായിരുന്നെങ്കിൽ സമ്പാദ്യവും സന്താനവും കൊണ്ട് പെരുമ നടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവരായി ഒരിക്കലും നിങ്ങൾ മാറുമായിരുന്നില്ല. തീർച്ച!

(6) അല്ലാഹു സത്യം! ഖിയാമത് നാളിൽ നരകത്തെ നിങ്ങൾ ദർ ശിക്കുക തന്നെ ചെയ്യുന്നതാണ്.

(7) വീണ്ടും! -യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം- ദൃ ഢബോധ്യം വരുന്ന നിലയിൽ (നിങ്ങളുടെ നഗ്നനേത്രങ്ങളാൽ) നര കത്തെ നിങ്ങൾ കാണുക തന്നെ ചെയ്യും.

(8) പിന്നീട് അല്ലാഹു നിങ്ങൾക്ക് മേൽ ചൊരിഞ്ഞ ഓരോ അ നുഗ്രഹത്തെ കുറിച്ചും അന്നേ ദിവസം നിങ്ങളോട് ചോദിക്കുക ത ന്നെ ചെയ്യും. നിങ്ങളുടെ ആരോഗ്യവും സമ്പാദ്യവും മറ്റുമെല്ലാം അ ന്ന് ചോദ്യം ചെയ്യപ്പെടുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചതിന് പിന്നിലുള്ള ലക്ഷ്യം മറന്നു പോകുന്നതിൽ നിന്നുള്ള ശക്തമായ താക്കീതാ ണ് ഈ വചനങ്ങളിലുള്ളത്.

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനും, അവനിൽ ഒരാ ളെയും പങ്കുചേർക്കാതിരിക്കുന്നതിനും, അല്ലാഹുവിനെ അറി യുന്നതിനും, അവനിലേക്ക് ഖേദിച്ചു മടങ്ങുന്നതിനും, എല്ലാ ഇ ഷ്ടങ്ങൾക്കും ആഗ്രഹങ്ങൾക്കും മേൽ അല്ലാഹുവിന്റെ തൃ പ്തി ആഗ്രഹിക്കുന്നവരായി മാറുന്നതിനും വേണ്ടിയാണ് അ വൻ മനുഷ്യരെ സൃഷ്ടിച്ചത്.

എന്നാൽ പരസ്പരമുള്ള പെരുമ നടിക്കൽ ഈ പറഞ്ഞതിൽ

നിന്നെല്ലാം മനുഷ്യരെ അശ്രദ്ധരാക്കിയിരിക്കുന്നു. സമ്പത്തിന്റെയും സന്താനങ്ങളുടെയും അനുയായികളുടെയും സൈന്യങ്ങളുടെയും പരിചാരകരുടെയും സ്ഥാനമാനങ്ങളുടെയും മറ്റുമെല്ലാം എണ്ണവും വണ്ണവും കൊണ്ട് പരസ്പരം മത്സരിക്കുന്നത് ഈ യാഥാർത്ഥ്യത്തിൽ നിന്ന് അവരുടെ മനസ്സുകളെ തിരിച്ചു കളഞ്ഞിരിക്കുന്നു.

എന്നാൽ ഈ അശ്രദ്ധയും കളിതമാശകളും തിരക്കുകളുമെല്ലാം എത്ര വരെയാണ് തുടരാൻ പോകുന്നത്?! 'നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുന്നത് വരെ' മാത്രമേ ഇതെല്ലാം ഉണ്ടാകൂ! ഖബ്റിൽ പ്രവേശിച്ചു കഴിഞ്ഞാൽ നിങ്ങളെ മൂടിയിരുന്ന ആവരണങ്ങളെല്ലാം എടുത്തു നീക്കപ്പെടും. പക്ഷേ, അന്നേരം മുതൽ ഇനിയൊരു പുതിയ തുടക്കത്തിനോ തിരുത്തു വരുത്തുന്നതിനോ നിങ്ങൾക്ക് സാധിക്കുകയില്ല. (സഅ്ദി: 933-934)

» **(ആയത്ത്: 2)** ഖബ്ർ ഒരു സന്ദർശന സ്ഥലം മാത്രമാണ്; അതു കൊണ്ടാണ് ഖബ്റുകളിൽ മറമാടപ്പെടുന്നതിനെ കുറിച്ച് 'സന്ദർശനം' എന്ന് അല്ലാഹു പറഞ്ഞത്. അവിടെ നിന്ന് ജനങ്ങൾ എന്നെന്നും നിലനിൽക്കുന്ന ശാശ്വതമായ പരലോക ജീവിതത്തിലേക്ക് വളരെ വേഗം നീങ്ങുന്നതാണ്. (സഅ്ദി: 934)

» **(ആയത്ത്: 8)** അനുഗ്രഹങ്ങളെ കുറിച്ചെല്ലാം മനുഷ്യർ ചോദ്യം ചെയ്യപ്പെടാനിരിക്കുന്നു.

'അവക്ക് അല്ലാഹുവിനോട് നന്ദി പറഞ്ഞുവോ?', 'അവയുടെ കാര്യത്തിൽ അല്ലാഹുവിനോടുള്ള ബാധ്യതകൾ നിറവേറ്റിയോ?', 'അല്ലാഹുവിനെ ധിക്കരിക്കുന്നതിന് വേണ്ടി അവ ഉപയോഗിക്കാതെ ശ്രദ്ധിച്ചുവോ?'; ഈ ചോദ്യങ്ങൾക്ക് 'അതെ' എന്ന ഉത്തരം നൽകാൻ കഴിഞ്ഞാൽ മുൻപ് ലഭിച്ച അനുഗ്രഹങ്ങളെക്കാൾ ഉന്നതവും ശ്രേഷ്ഠവുമായ അനുഗ്രഹങ്ങൾ അനേകം അല്ലാഹു വീണ്ടും നൽകുന്നതാണ്.

എന്നാൽ അനുഗ്രഹങ്ങളിൽ വഞ്ചിതരാവുകയും, അവക്ക് അല്ലാഹുവിനോട് നന്ദി കാണിക്കാതിരിക്കുകയും, ചിലപ്പോഴെല്ലാം അല്ലാഹുവിനെ ധിക്കരിക്കുന്നതിന് വേണ്ടി അവ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നാണ് ഉത്തരമെങ്കിൽ അല്ലാഹുവിന്റെ ശിക്ഷകളാണ് കാത്തിരിക്കുന്നത്. (സഅ്ദി: 934)

സൂറത്തുൽ അസ്വ്ർ

سُورَةُ العَصۡرِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 3.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- അസ്വ്ർ (العَصۡرُ): കാലം എന്നർത്ഥമുള്ള അസ്വ്ർ എന്ന പദം കൊണ്ട് ആരംഭിക്കുന്നതിനാലാണ് സൂറത്തിന് ഈ പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

സൂറ. അസ്വ്റിന് പ്രത്യേകമായി എന്തെങ്കിലും ശ്രേഷ്ഠത ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണകാരണം:

സൂറത്തിന്റെ അവതരണകാരണമായി പ്രത്യേകിച്ചൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മനുഷ്യൻ നഷ്ടത്തിലും നാശത്തിലുമാണെന്ന് ബോധ്യപ്പെടുത്തുകയും, അതിൽ നിന്ന് രക്ഷപ്പെടാൻ വിശ്വാസവും സൽകർമ്മങ്ങളും സത്യം കൊണ്ടുള്ള പരസ്പര ഉപദേശവും ക്ഷമ കൊണ്ടുള്ള പരസ്പര ഉപദേശവും ആവശ്യമാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

* സൗഭാഗ്യത്തിന് കാരണമാകുന്ന പ്രവർത്തനങ്ങൾ ചെയ്യണമെന്ന പ്രോത്സാഹനവും, അതിനോട് അവഗണന പുലർത്തുന്നവർക്കുള്ള നാശത്തെ കുറിച്ച് സൂചന നൽകുകയും ചെയ്യുന്നു.

ആയത്തുകൾ 1-3

(1) മദ്ധ്യാഹ്ന സമയം തന്നെയാണ് സത്യം.	وَٱلۡعَصۡرِ ١
(2) തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു.	إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ٢

إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ ﴿٣﴾

(3) (അല്ലാഹുവിലും അവന്റെ റസൂലിലും അന്ത്യനാളിലും) വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൊണ്ട് പരസ്പരം ഉപദേശിക്കുകയും, ക്ഷമ കൊണ്ട് പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ.

തഫ്സീർ

(1) അല്ലാഹു മദ്ധ്യാഹ്ന സമയത്തെ (അസ്വ്ർ നിസ്കാര സമയം) കൊണ്ട് സത്യം ചെയ്തിരിക്കുന്നു.

(2) തീർച്ചയായും മനുഷ്യൻ നഷ്ടത്തിലും നാശത്തിലും തന്നെയാകുന്നു.

(3) അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൊണ്ട് പരസ്പരം ഉപദേശിക്കുകയും, സത്യമാർഗത്തിൽ ക്ഷമയോടെ ഉറച്ചു നിൽക്കുന്നതിന് പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ. ഇഹലോകത്തും പരലോകത്തും വിജയിച്ചവർ ഈ ഗുണവിശേഷണങ്ങൾ ഉള്ളവരാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-3)** (ഇസ്ലാമിൽ) വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൊണ്ട് പരസ്പരം ഉപദേശിക്കുകയും, ക്ഷമ കൊണ്ട് പരസ്പരം ഉപദേശിക്കുകയും ചെയ്യാത്തവർ നഷ്ടത്തിലാണ്.

» **(ആയത്ത്: 3)** വിജയത്തിനുള്ള കാരണമായി പറഞ്ഞ ആദ്യത്തെ രണ്ടു കാര്യങ്ങൾ -വിശ്വാസവും സൽകർമ്മങ്ങളും- ഓരോ വ്യക്തികളുടെയും സ്വന്തങ്ങളെ പൂർണ്ണതയിൽ എത്തിക്കുന്നു. അവസാനത്തെ രണ്ട് കാര്യങ്ങൾ -സത്യം കൊണ്ടും ക്ഷമ കൊണ്ടും പരസ്പരം ഉപദേശിക്കുക എന്നത്- അവന്റെ ചുറ്റുമുള്ളവരെ അവൻ പൂർണ്ണതയിലെത്തിക്കുന്നു. ഈ നാ ല് കാര്യങ്ങളും കൂടിച്ചേരുന്നതോടെ അവൻ നഷ്ടക്കാരനാകുന്നതിൽ നിന്ന് രക്ഷപ്പെടുന്നു.

സൂറത്തുൽ ഹുമസഃ

سُورَةُ الهُمَزَةِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 9.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഹുമസഃ (الهُمَزَة): ജനങ്ങളുടെ പരദൂഷണം പറയുകയും, അവരെ വാക്കുകളിലൂടെ കുത്തി നോവിക്കുകയും ചെയ്യുന്നവനാണ് 'ഹുമസഃ' എന്ന് പറയുക. ഇത്തരക്കാരെ ആക്ഷേപിച്ചു കൊണ്ടാണ് ഈ സൂറത്ത് ആരംഭിക്കുന്നത് എന്നതിനാലാണ് ഈ പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

സൂറ. ഹുമസഃക്ക് പ്രത്യേകമായി എന്തെങ്കിലും ശ്രേഷ്ഠത ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണകാരണം:

സൂറത്തിന്റെ അവതരണകാരണമായി പ്രത്യേകിച്ചൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മുസ്‌ലിമീങ്ങളെ പരിഹസിക്കുന്ന നിഷേധികളെ കുറിച്ചും, അവരുടെ കുത്തുവാക്കുകളെയും ആക്ഷേപങ്ങളെയും കുറിച്ചും വിവരിക്കുന്നു ഈ സൂറത്ത്.

* സമ്പത്ത് സ്വരുക്കൂട്ടുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും, സമ്പത്ത് തങ്ങൾക്ക് ശാശ്വതത്വം നൽകുമെന്നുള്ള ധാരണയിൽ ജീവിതം മുന്നോട്ടു കൊണ്ടു പോവുകയും ചെയ്യുന്നവരെ ആക്ഷേപിക്കുന്നു.

* സൂറത്തിൽ പരാമർശിക്കപ്പെട്ട സ്വഭാവഗുണങ്ങൾ ഉള്ളവരെ കാത്തിരിക്കുന്ന നരകശിക്ഷയുടെ കാഠിന്യം വിവരിക്കുന്നു.

ആയത്തുകൾ 1-9

وَيۡلٞ لِّكُلِّ هُمَزَةٖ لُّمَزَةٍ ١	(1) കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം.
ٱلَّذِي جَمَعَ مَالٗا وَعَدَّدَهُۥ ٢	(2) ധനം ശേഖരിക്കുകയും അത് എണ്ണിനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവൻ.
يَحۡسَبُ أَنَّ مَالَهُۥٓ أَخۡلَدَهُۥ ٣	(3) അവന്റെ ധനം അവന് ശാശ്വത ജീവിതം നല്കിയിരിക്കുന്നു എന്ന് അവൻ വിചാരിക്കുന്നു.
كَلَّاۖ لَيُنۢبَذَنَّ فِي ٱلۡحُطَمَةِ ٤	(4) നിസ്സംശയം, അവൻ ഹുത്വമയിൽ എറിയപ്പെടുക തന്നെ ചെയ്യും.
وَمَآ أَدۡرَىٰكَ مَا ٱلۡحُطَمَةُ ٥	(5) 'ഹുത്വമ' എന്നാൽ എന്താണെന്ന് നിനക്കറിയുമോ?
نَارُ ٱللَّهِ ٱلۡمُوقَدَةُ ٦ ٱلَّتِي تَطَّلِعُ عَلَى ٱلۡأَفۡـِٔدَةِ ٧	(6-7) ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്ന, ജ്വലിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ അഗ്നിയാകുന്നു അത്.
إِنَّهَا عَلَيۡهِم مُّؤۡصَدَةٞ ٨ فِي عَمَدٖ مُّمَدَّدَةِۭ ٩	(8-9) അത് (ഹുത്വമയെന്ന നരകം) അവരുടെ മേൽ അടച്ചു മൂടപ്പെട്ടതായിരിക്കും. നീട്ടിയുണ്ടാക്കപ്പെട്ട സ്തംഭങ്ങളിലായിക്കൊണ്ട്.

തഫ്സീർ

(1) ജനങ്ങളെ കുറിച്ച് ധാരാളമായി പരദൂഷണം പറയുകയും, അവരെ കുത്തി പറയുകയും ചെയ്യുന്നവർക്ക് നാശവും കടുത്ത ശിക്ഷയുമുണ്ടാകട്ടെ.

(2) അവന്റെ കാര്യമായ ചിന്ത സമ്പത്ത് സ്വരുക്കൂട്ടലും അതെണ്ണി തിട്ടപ്പെടുത്തി വെക്കലുമാണ്. അതല്ലാത്ത മറ്റൊരു ചിന്തയും അവനില്ല.

(3) താൻ ഒരുമിച്ചു കൂട്ടിയ സമ്പാദ്യം മരണത്തിൽ നിന്ന് തന്നെ രക്ഷിക്കുമെന്നും, അങ്ങനെ ഭൂമിയിൽ കാലാകാലം വസിക്കാമെന്നുമാണ് അവൻ ധരിക്കുന്നത്.

(4) എന്നാൽ വിഡ്ഢിയായ ഈ മനുഷ്യൻ ധരിച്ചു വെച്ചിരിക്കുന്നത് പോലെയല്ല കാര്യം. നരകാഗ്നിയിലേക്ക് അവൻ വലിച്ചെറിയപ്പെടുന്നതാണ്; അതിലേക്ക് വന്നു വീഴുന്നതിനെയെല്ലാം ഇടിച്ചു തകർക്കുന്ന -കടുത്ത അപകടം വരുത്തി വെക്കുന്ന- നരകാഗ്നിയാണത്.

(5) അല്ലാഹുവിന്റെ റസൂലേ! വന്നു വീഴുന്നതിനെയെല്ലാം തകർത്തു തരിപ്പണമാക്കുന്ന ഈ നരകാഗ്നി -ഹുത്വമ- എന്താണെന്ന് താങ്കൾക്ക് അറിയുമോ?

(6) കത്തിജ്വലിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ നരഗാഗ്നിയാകുന്നു അത്. മനുഷ്യരുടെ ശരീരങ്ങൾ കരിച്ചു കളഞ്ഞതിന് ശേഷം അവരുടെ ഹൃദയങ്ങളിലേക്ക് അതിന്റെ അഗ്നി എത്തുന്നതാണ്.

(7) കത്തിജ്വലിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ നരഗാഗ്നിയാകുന്നു അത്. മനുഷ്യരുടെ ശരീരങ്ങൾ കരിച്ചു കളഞ്ഞതിന് ശേഷം അവരുടെ ഹൃദയങ്ങളിലേക്ക് അതിന്റെ അഗ്നി എത്തുന്നതാണ്.

(8) ആ നരകത്തിൽ ശിക്ഷിക്കപ്പെടുന്നവരുടെ മേൽ അടച്ചു മൂടപ്പെട്ട നിലയിലായിരിക്കും അത്.

(9) അവർക്ക് പുറത്തു കടക്കാൻ കഴിയാത്ത വിധം നീട്ടിയുണ്ടാക്കപ്പെട്ട സ്തംഭങ്ങളിൽ.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1)** ജനങ്ങളെ കുത്തിപ്പറയുകയും ഇകഴ്ത്തുകയും ചെയ്യുന്നത് നിഷിദ്ധമാണ്.

സൂറത്തുൽ ഫീൽ

سُورَةُ الفِيلِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 5.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഫീൽ (الفِيل): ആന എന്നാണ് 'ഫീൽ' എന്ന പദത്തിന്റെ അർത്ഥം. നബി -ﷺ- ജനനത്തിന് മുൻപ് സംഭവിച്ച ആനക്കലഹത്തിന്റെ ചരിത്രം ഓർമ്മപ്പെടുത്തുന്നതിനാലാണ് ഈ പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

സൂറ. ഫീലിന് പ്രത്യേകമായി എന്തെങ്കിലും ശ്രേഷ്ഠത ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണകാരണം:

സൂറത്തിന്റെ അവതരണകാരണമായി പ്രത്യേകിച്ചൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* കഅ്ബഃ പൊളിക്കുക എന്ന ഉദ്ദേശത്തോടെ മക്കയിലേക്ക് വന്നെത്തിയ ആനക്കാരുമായി ബന്ധപ്പെട്ട ചരിത്രം സ്മരിക്കുകയും, അവരെ അല്ലാഹു എങ്ങനെ സമൂലമായി നശിപ്പിച്ചു എന്നു വിവരിക്കുകയും ചെയ്യുന്നു.

* ആനക്കലഹത്തിന്റെ ചരിത്രവിവരണത്തിലൂടെ അല്ലാഹുവിന്റെ ശക്തിയെ കുറിച്ചും, അതിക്രമികളുടെ അശക്തിയെ കുറിച്ചും സൂചന നൽകുകയും, കഅ്ബയുടെ പവിത്രത ഊട്ടിയുറപ്പിക്കുകയും, അല്ലാഹു അതിനെ സംരക്ഷിക്കുന്നതാണെന്ന വാഗ്ദാനം നൽകുകയും ചെയ്യുന്നു ഈ അദ്ധ്യായം.

* ബഹുദൈവാരാധകർ നബി -ﷺ- യുടെ മേൽ നടത്തുന്ന കടന്നുകയറ്റം അവിടുത്തെ തളർത്തുകയില്ലെന്ന് അല്ലാഹു അവിടുത്തേക്ക് സ്ഥൈര്യം നൽകുന്നു.

ആയത്തുകൾ 1-5

أَلَمۡ تَرَ كَيۡفَ فَعَلَ رَبُّكَ بِأَصۡحَٰبِ ٱلۡفِيلِ ١

(1) ആനക്കാരെ നിന്റെ റബ്ബ് എന്തു ചെയ്തുവെന്ന് നീ കണ്ടില്ലേ?

أَلَمۡ يَجۡعَلۡ كَيۡدَهُمۡ فِي تَضۡلِيلٖ ٢

(2) അവരുടെ തന്ത്രം അവൻ പിഴവിലാക്കിയില്ലേ?

وَأَرۡسَلَ عَلَيۡهِمۡ طَيۡرًا أَبَابِيلَ ٣

(3) കൂട്ടംകൂട്ടമായിക്കൊണ്ടുള്ള പക്ഷികളെ അവരുടെ നേർക്ക് അവൻ അയക്കുകയും ചെയ്തു.

تَرۡمِيهِم بِحِجَارَةٖ مِّن سِجِّيلٖ ٤

(4) ചുട്ടുപഴുപ്പിച്ച കളിമൺകല്ലുകൾ കൊണ്ട് (ആ പക്ഷികൾ) അവരെ എറിയുന്നു.

فَجَعَلَهُمۡ كَعَصۡفٖ مَّأۡكُولِۭ ٥

(5) അങ്ങനെ അവരെ അവൻ തിന്നൊടുക്കപ്പെട്ട വൈക്കോൽ തുരുമ്പു പോലെയാക്കി.

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! അബ്റഹതും ആനപ്പുറത്തേറി വന്ന അവന്റെ കൂട്ടാളികളും അല്ലാഹുവിന്റെ ഭവനമായ കഅ്ബ തകർക്കാൻ ഉദ്ദേശിച്ചപ്പോൾ നിന്റെ രക്ഷിതാവ് അവരെ എന്താണ് ചെയ്തതെന്ന് നീ അറിഞ്ഞില്ലേ?!

(2) കഅ്ബ തകർക്കാൻ വേണ്ടി അവർ മെനഞ്ഞ കുതന്ത്രം അല്ലാഹു വ്യർഥാവിലാക്കി. കഅ്ബയിൽ നിന്ന് ജനങ്ങളെ തിരിച്ചു കളയുക എന്ന അവരുടെ ഉദ്ദേശം അവർക്ക് നേടിയെടുക്കാൻ കഴി

ഞ്ഞില്ല. (അല്ല!) ഒന്നും തന്നെ അവർക്കതിൽ നിന്ന് ലഭിച്ചില്ല.

(3) അവരിലേക്ക് കൂട്ടംകൂട്ടമായി പറന്നു ചെല്ലുന്ന പക്ഷികളെ അല്ലാഹു അയച്ചു.

(4) ചൂള വെച്ച കല്ലു കൊണ്ട് ആ പക്ഷികൾ അവരെ എറിഞ്ഞു കൊണ്ടിരുന്നു.

(5) അങ്ങനെ അല്ലാഹു അവരെ കന്നുകാലികൾ ചവച്ചു തുപ്പുകയും ചവിട്ടി മെതിക്കുകയും ചെയ്ത വൈക്കോൽ തുരുമ്പ് പോലെയാക്കി.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-5)** അല്ലാഹു അവന്റെ ഭവനമായ കഅ്ബയെ സംരക്ഷിച്ച രൂപം; അല്ലാഹു അവിടെ നിശ്ചയിച്ചിട്ടുള്ള നിർഭയത്വത്തിൽ പെട്ടതാണ് ഈ സംഭവവും.

» **(ആയത്ത്: 1-5)** ആനക്കാരുടെ സംഭവം നടന്ന വർഷമാണ് നബി -ﷺ- ജനിച്ചത്. അവിടുത്തെ പ്രബോധനത്തിന്റെയും പ്രവാചകത്വത്തിന്റെയും ആമുഖവും മുൻസൂചനയുമായിരുന്നു അത്. (സഅ്ദി: 934)

» **(ആയത്ത്: 1-5)** കഅ്ബയുടെ പവിത്രത കാത്തുസൂക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനാൽ കഅ്ബയുടെ പരിസരങ്ങളിൽ താമസിക്കുന്നവർ തിന്മകളിൽ നിന്നും വൻപാപങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ നിർബന്ധമായും ശ്രദ്ധ പുലർത്തണം.

സൂറത്തുൽ ഖുറൈശ്

سُورَةُ قُرَيْشٍ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 4.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഖുറൈശ് (قُرَيْش): 'ഖുറൈശ്' എന്ന പേര് സൂറത്തിന്റെ ആരംഭത്തിൽ പരാമർശിക്കപ്പെട്ടതിനാലാണ് ഈ പേര് നൽകപ്പെട്ടത്. നബി -ﷺ- യുടെ കുടുംബപരമ്പരയിൽ പെട്ട നദ്റു ബ്നു കിനാനയിൽ നിന്ന് ഉത്ഭവിച്ച, അറബികളിലെ ഏറ്റവും പ്രധാനപ്പെട്ട ഗോത്രമാണ് ഖുറൈശ്. നബി -ﷺ- ഖുറൈശിയായിരുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

സൂറ. ഖുറൈശിന് പ്രത്യേകമായി എന്തെങ്കിലും ശ്രേഷ്ഠത ഹദീഥുകളിൽ സ്ഥിരപ്പെട്ടു കാണുന്നില്ല. എന്നാൽ ഖുറൈശികളുടെ മഹത്വം എടുത്തു പറയുന്ന വേളയിൽ ഈ സൂറത്തിനെ കുറിച്ച് നബി -ﷺ- പരാമർശിച്ചിട്ടുണ്ട്.

عَنْ أُمِّ هَانِئٍ عَنِ النَّبِيِّ -ﷺ- قَالَ: «**فَضَّلَ اللَّهُ قُرَيْشًا بِسَبْعِ خِصَالٍ: فَضَّلَهُمْ بِأَنَّهُمْ عَبَدُوا اللَّهَ عَشْرَ سِنِينَ لَا يَعْبُدُهُ إِلَّا قُرَشِيٌّ، وَفَضَّلَهُمْ بِأَنَّهُ نَصَرَهُمْ يَوْمَ الفِيلِ وَهُمْ مُشْرِكُونَ، وَفَضَّلَهُمْ بِأَنَّهُ نَزَلَتْ فِيهِمْ سُورَةٌ مِنَ القُرْآنِ لَمْ يَدْخُلْ فِيهِمْ غَيْرُهُمْ: «لِإِيلَافِ قُرَيْشٍ»، وَفَضَّلَهُمْ بِأَنَّ فِيهِمُ النُّبُوَّةَ، وَالخِلَافَةَ، وَالحِجَابَةَ، وَالسِّقَايَةَ**»

ഉമ്മു ഹാനിഅ് നിവേദനം: നബി -ﷺ- പറഞ്ഞു: "അല്ലാഹു ഏഴു കാര്യങ്ങൾ കൊണ്ട് ഖുറൈശികൾക്ക് ശ്രേഷ്ഠത നൽകിയിരിക്കുന്നു. ഒരു ഖുറൈശിയല്ലാതെ മറ്റാരും അല്ലാഹുവിനെ ആരാധിക്കാത്ത പത്തു വർഷങ്ങളിൽ അവർ മാത്രം അല്ലാഹുവിനെ ആരാധിച്ചു എന്നതിലൂടെ അവർക്ക് ശ്രേഷ്ഠത നൽകി.

അവർ ബഹുദൈവാരാധകർ ആയിരിക്കെ ആനക്കലഹത്തിന്റെ ദിവസം അല്ലാഹു അവരെ സഹായിച്ചതിലൂടെയും അവർക്ക് ശ്രേഷ്ഠത നൽകി. അവരൊഴികെ മറ്റാരും ഉൾപ്പെട്ടിട്ടില്ലാത്ത ഒരു സൂറത്ത് അവരുടെ വിഷയത്തിൽ അവതരിച്ചതിലൂടെയും അല്ലാഹു

അവർക്ക് ശ്രേഷ്ഠത നൽകി.

അവരിൽ നുബുവ്വത്ത് (പ്രവാചകത്വം) നൽകിക്കൊണ്ടും, ഖിലാഫത്ത് (അധികാരം) നിശ്ചയിച്ചു കൊണ്ടും, ഹിജാബത്തും (കഅ്ബ തുറന്നു കൊടുക്കാനുള്ള അവകാശം), സിഖായത്തും (ഹജ്ജിന് വരുന്നവർക്ക് വെള്ളം നൽകുക) അവർക്ക് നൽകിക്കൊണ്ടും അല്ലാഹു അവർക്ക് ശ്രേഷ്ഠത നൽകി.” (താരീഖുൽ കബീർ / ബുഖാരി: 1/321, സിൽസിലതു സ്വഹീഹ/അൽബാനി: 1944)

സൂറത്തിന്റെ അവതരണകാരണം:

സൂറത്തിന്റെ അവതരണകാരണമായി പ്രത്യേകിച്ചൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* മക്കക്കാർക്ക് അവരുടെ ഉപജീവനത്തിലും നിർഭയത്വത്തിലും അല്ലാഹു നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ ഓർമ്മപ്പെടുത്തുന്നു.

* അല്ലാഹു അവർക്ക് മേൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞതിനാലും, അവരിൽ നിന്ന് പ്രയാസങ്ങൾ തടുത്തു വെച്ചതിനാലും അല്ലാഹുവിനെ മാത്രം ആരാധിച്ചു കൊണ്ട് തൗഹീദ് പാലിക്കാൻ കൽപ്പിക്കുന്നു.

ആയത്തുകൾ 1-4

لِإِيلَٰفِ قُرَيۡشٍ ١

(1) ഖുറൈശികൾക്ക് ഉണ്ടായ എളുപ്പം കാരണത്താൽ; ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്ര അവർക്ക് സൗകര്യപ്രദമായി തീർന്നതിനാൽ.

إِۦلَٰفِهِمۡ رِحۡلَةَ ٱلشِّتَآءِ وَٱلصَّيۡفِ ٢

(2) ഖുറൈശ് ഗോത്രത്തെ കൂട്ടിയിണക്കിയതിനാൽ; ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രയുമായി അവരെ കൂട്ടിയിണക്കിയതിനാൽ.

فَلۡيَعۡبُدُواْ رَبَّ هَٰذَا ٱلۡبَيۡتِ ٣

(3) ഈ ഭവനത്തിന്റെ (കഅ്ബയുടെ) റബ്ബിനെ മാത്രം അവർ ആരാധിക്കട്ടെ.

ٱلَّذِىٓ أَطۡعَمَهُم مِّن جُوعٖ وَءَامَنَهُم مِّنۡ خَوۡفِۭ ٤

(4) അതായത് അവർക്ക് വിശപ്പിന്ന് ആഹാരം നല്കുകയും, ഭയത്തിന് പകരം സമാധാനം നല്കുകയും ചെയ്തവനെ.

തഫ്സീർ

(1) ഖുറൈശികൾക്ക് ഉണ്ടായിരുന്ന എളുപ്പവും സൗകര്യവും കാരണത്താൽ; (അതായത്) ശൈത്യകാലത്ത് യമനിലേക്കും ഉഷ്ണ കാലത്ത് ശാമിലേക്കും നിർഭയത്വത്തോടെ അവർ നടത്തിയിരുന്ന യാത്രകൾ കാരണത്താൽ.

(2) ഖുറൈശികളുടെ രീതിയും സ്ഥിരമാർഗവും കാരണത്താൽ; (അതായത്) ശൈത്യകാലത്ത് യമനിലേക്കും ഉഷ്ണ കാലത്ത് ശാമിലേക്കും നിർഭയത്വത്തോടെ അവർ നടത്തിയിരുന്ന യാത്രകൾ കാരണത്താൽ.

(3) അവർക്ക് ഈ യാത്ര എളുപ്പമാക്കി നൽകിയ, പരിശുദ്ധമായ ഈ ഭവനത്തിന്റെ (കഅ്ബയുടെ) രക്ഷിതാവായ അല്ലാഹുവിനെ മാത്രം അവർ ആരാധിക്കട്ടെ; അവനുള്ള ആരാധനയിൽ ഒരാളെയും അവർ പങ്കു ചേർക്കാതിരിക്കുകയും ചെയ്യട്ടെ.

(4) അവർക്ക് വിശപ്പിന്ന് ആഹാരം നൽകുകയും, ഭയം നീക്കി നിർഭയത്വം നൽകുകയും ചെയ്തവനായ അല്ലാഹുവിനെ മാത്രം അവർ ആരാധിക്കട്ടെ. കാരണം അറബികളുടെ മനസ്സിൽ പരിശുദ്ധ കഅ്ബയോടുള്ള ആദരവും അതിന്റെ ചുറ്റുപാടും താമസിക്കുന്ന ഖുറൈഷികളോട് ബഹുമാനവും അല്ലാഹു നിശ്ചയിച്ചത് കാരണമാണ് അവർക്ക് ഈ അനുഗ്രഹം ലഭിച്ചത്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-4)** സമൃദ്ധമായ ഉപജീവനവും, ഭയപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്നുള്ള നിർഭയത്വവും ഏറ്റവും വലിയ ഭൗതിക അനുഗ്രഹങ്ങളിൽ പെട്ടതാണ്. അവക്ക് അല്ലാഹുവിനോട് നന്ദി കാണിക്കുക എന്നത് നിർബന്ധമാണ്. (സഅ്ദി: 935)

» **(ആയത്ത്: 4)** നിർഭയത്വം കാത്തു സൂക്ഷിക്കുന്നതിന് ഇസ് ലാമിലുള്ള പ്രാധാന്യം.

സൂറത്തുൽ മാഊൻ

سُورَةُ المَاعُونَ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 7.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- മാഊൻ (المَاعُــونُ): സമ്പത്ത് കൊണ്ടുള്ള സഹായത്തിന് 'മാഊൻ' എന്ന് പറയാം. വീട്ടിലെ നിത്യവൃത്തികളിൽ ഉപയോഗിക്കാവുന്ന പാത്രങ്ങളും ഉപകരണങ്ങളും പോലുള്ളവക്കും ഈ പദം പ്രയോഗിക്കാറുണ്ട്. നിസ്സാരമായ സഹായങ്ങൾ പോലും തടയുന്നവരെ ആക്ഷേപിച്ചു കൊണ്ട് സൂറത്തിന്റെ അവസാനത്തിൽ 'മാഊൻ' എന്ന പദം വന്നിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

സൂറ. മാഊനിന് പ്രത്യേകമായി എന്തെങ്കിലും ശ്രേഷ്ഠത ഹദീഥുകളിൽ സ്ഥിരപ്പെട്ടു കാണുന്നില്ല.

സൂറത്തിന്റെ അവതരണകാരണം:

സൂറത്തിന്റെ അവതരണകാരണമായി പ്രത്യേകിച്ചൊന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* (അല്ലാഹുവിനെ) നിഷേധിച്ചവരുടെ ചില സ്വഭാവഗുണങ്ങൾ -അനാഥരോട് കാരുണ്യം കാണിക്കാതിരിക്കുക പോലുള്ളവ- വിവരിക്കുന്നു ഈ അദ്ധ്യായം.

* കപടവിശ്വാസികളുടെ ചില വിശേഷണങ്ങളും -നിസ്കാരസമയം വൈകിക്കുക, ജനങ്ങളെ കാണിക്കുക പോലുള്ളവ- ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

* രണ്ടു വിഭാഗത്തെയും -നിഷേധികളെയും കപടവിശ്വാസികളെയും- ആക്ഷേപിക്കുകയും, അവരുടെ പ്രവർത്തനങ്ങൾ തീർത്തും മ്ലേഛമാണെന്ന് ബോധ്യപ്പെടുത്തുകയും, അത്തരം സ്വഭാവങ്ങളിൽ നിന്ന് താക്കീത് നൽകുകയും ചെയ്യുന്നു.

ആയത്തുകൾ 1-7

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ﴿١﴾

(1) പ്രതിഫലനാളിനെ നിഷേധിക്കുന്നവൻ ആരെന്ന് നീ കണ്ടുവോ?

فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ﴿٢﴾

(2) അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അവൻ.

وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣﴾

(3) പാവപ്പെട്ടവന്റെ ആഹാരത്തിന് അവൻ പ്രോത്സാഹനം നൽകുന്നുമില്ല.

فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾

(4-5) എന്നാൽ നിസ്കരിക്കുന്നവർക്കാകുന്നു നാശം; തങ്ങളുടെ നിസ്കാരത്തെ പറ്റി ശ്രദ്ധയില്ലാത്തവരായ (നിസ്കാരക്കാർ).

ٱلَّذِينَ هُمْ يُرَآءُونَ ﴿٦﴾

(6) ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരായ (അക്കൂട്ടർക്ക് നാശം).

وَيَمْنَعُونَ ٱلْمَاعُونَ ﴿٧﴾

(7) പരോപകാര വസ്തുക്കൾ മുടക്കുന്നവരുമാണ് (അക്കൂട്ടർ).

തഫ്സീർ

(1) പരലോകത്ത് പ്രതിഫലം നൽകപ്പെടും എന്നതിനെ നിഷേധിക്കുന്നവനെ താങ്കൾ കണ്ടുവോ?

(2) അനാഥനെ അവന്റെ ആവശ്യത്തിൽ നിന്ന് പരുഷതയോടെ തടഞ്ഞു വെക്കുന്നവനാരോ; അവനാണത്.

(3) ദരിദ്രന് ഭക്ഷണം നൽകാൻ അവൻ സ്വന്തം മനസ്സിനെയോ, മറ്റുള്ളവരെയോ പ്രേരിപ്പിക്കുന്നില്ല.

(4-5) നിസ്കരിക്കുന്നവർക്ക് നാശവും ശിക്ഷയും ഉണ്ടാകട്ടെ! തങ്ങളുടെ നിസ്കാരത്തെ കുറിച്ച് അശ്രദ്ധയിലായവരാണവർ. അങ്ങനെ നിസ്കാരത്തിന്റെ കാര്യം ഗൗനിക്കാത്തതിനാൽ അതിന്റെ സമയം കഴിഞ്ഞു പോകുകയും ചെയ്യും.

(6) ജനങ്ങളെ കാണിക്കാൻ വേണ്ടി നിസ്കരിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ; നിഷ്കളങ്കതയോടെ അല്ലാഹുവിന് വേണ്ടി മാത്രമായി അവർ പ്രവർത്തിക്കുന്നില്ല.

(7) ഒരു പ്രയാസവുമില്ലാത്ത, ചെറിയ സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്യുന്നതിൽ നിന്ന് പോലും അവർ തടസ്സം സൃഷ്ടിക്കുന്നു.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 6) '**ലോകമാന്യം' ഹൃദയത്തിന്റെ രോഗങ്ങളിൽ ഒന്നാണ്; അത് പ്രവർത്തനങ്ങളെ നിഷ്ഫലമാക്കി കളയും.

» **(ആയത്ത്: 1-7)** അനാഥരെയും ദരിദ്രരെയും സഹായിക്കാനും, അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കാനും, നിസ്കാരത്തി ന്റെ കാര്യം ശ്രദ്ധിക്കാനും, അതിന്റെ സമയങ്ങളിൽ തന്നെ നിർവ്വഹിക്കാനും, എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവിന് നിഷ്കളങ്കമായി -ഇഖ്ലാസോടെ- നിർവ്വഹിക്കാനുമുള്ള ക ൽപ്പന ഈ സൂറത്തിലുണ്ട്. (സഅ്ദി: 935)

» **(ആയത്ത്: 7)** നന്മകൾ പ്രവർത്തിക്കാനുള്ള പ്രോത്സാഹനവും, ലളിതമായ ദാനധർമ്മങ്ങൾ നിർവ്വഹിക്കാനുള്ള ഓർമ്മപ്പെടുത്തലും. (അയൽവാസികൾക്കും മറ്റും) വീട്ടിലെ പാത്രങ്ങളോ മറ്റോ കടം നൽകുക, പുസ്തകങ്ങൾ കൈമാറുക പോലുള്ളവ ഉദാഹരണം. ഇവയൊന്നും ചെയ്യാത്തവരെ അല്ലാഹു ആക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. (സഅ്ദി: 935)

സൂറത്തുൽ കൗഥർ

سُورَةُ الكَوْثَرِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 3.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- കൗഥർ (الكَوْثَـرُ): സൂറത്തിന്റെ പ്രാരംഭത്തിൽ 'കൗഥർ' എന്ന പദം വന്നിരിക്കുന്നു.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنْ أَنَسٍ قَالَ: بَيْنَا رَسُولُ اللَّـهِ -ﷺ- ذَاتَ يَوْمٍ بَيْنَ أَظْهُرِنَا إِذْ أَغْفَى إِغْفَاءَةً ثُمَّ رَفَعَ رَأْسَهُ مُتَبَسِّمًا، فَقُلْنَا: مَا أَضْحَكَكَ يَا رَسُولَ اللَّـهِ قَالَ: «**أُنْزِلَتْ عَلَيَّ آنِفًا سُورَةٌ**» فَقَرَأَ: بِسْمِ اللَّـهِ الرَّحْمَنِ الرَّحِيمِ «**إِنَّا أَعْطَيْنَاكَ الْكَوْثَرَ * فَصَلِّ لِرَبِّكَ وَانْحَرْ * إِنَّ شَانِئَكَ هُوَ الْأَبْتَرُ**» [الكوثر: ٢] ثُمَّ قَالَ: «**أَتَدْرُونَ مَا الْكَوْثَرُ؟**» فَقُلْنَا: اللَّـهُ وَرَسُولُهُ أَعْلَمُ، قَالَ: «**فَإِنَّهُ نَهْرٌ وَعَدَنِيهِ رَبِّي عَزَّ وَجَلَّ، عَلَيْهِ خَيْرٌ كَثِيرٌ، هُوَ حَوْضٌ تَرِدُ عَلَيْهِ أُمَّتِي يَوْمَ الْقِيَامَةِ، آنِيَتُهُ عَدَدُ النُّجُومِ، فَيُخْتَلَجُ الْعَبْدُ مِنْهُمْ، فَأَقُولُ: رَبِّ، إِنَّهُ مِنْ أُمَّتِي فَيَقُولُ: مَا تَدْرِي مَا أَحْدَثَتْ بَعْدَكَ**»

അനസ് -رضي الله عنه- നിവേദനം: ഒരിക്കൽ നബി -ﷺ- ഞങ്ങൾക്ക് ഇടയിലായിരിക്കെ ഒരു മയക്കത്തിലേക്ക് വഴുതിവീണു. പിന്നീട് അവിടുന്ന് പുഞ്ചിരിച്ചു കൊണ്ട് എഴുന്നേറ്റു. ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! എന്തിനാണ് താങ്കൾ ചിരിച്ചത്?"

അവിടുന്ന് പറഞ്ഞു: "ഇപ്പോൾ എനിക്ക് മേൽ ഒരു സൂറത്ത് അവതരിപ്പിക്കപ്പെടുകയുണ്ടായി. ശേഷം അവിടുന്ന് സൂറ. കൗഥർ പാരായണം ചെയ്തു.

എന്നിട്ട് നബി -ﷺ- ചോദിച്ചു: "കൗഥർ എന്നാൽ എന്താണെന്ന് നിങ്ങൾക്കറിയുമോ?" ഞങ്ങൾ പറഞ്ഞു: "അല്ലാഹുവിനും റസൂലിനുമാണ് ഏറ്റവും നന്നായി അറിയുക."

നബി -ﷺ- പറഞ്ഞു: "എന്റെ റബ്ബ് എനിക്ക് വാഗ്ദാനം ചെയ്ത അരുവിയാണത്. അതിൽ ധാരാളം നന്മകളുണ്ട്. അതൊരു ഹൗദ്വായിരിക്കും. എന്റെ ഉമ്മത്ത് അതിൽ നിന്ന് വെള്ളം കുടിക്കുന്നതിനായി വന്നുചേരുന്നതാണ്.

അതിലെ വെള്ളപാത്രങ്ങൾ നക്ഷത്രങ്ങളോളമുണ്ടായിരിക്കും.

എന്നാൽ എന്റെ ഉമ്മത്തിൽ നിന്ന് ചിലർ (അതിലേക്ക് എത്താതെ) വലിച്ചു മാറ്റപ്പെടുന്നതാണ്. അപ്പോൾ ഞാൻ പറയും: "റബ്ബേ! അവർ എന്റെ ഉമ്മത്തിൽ പെട്ടവരാണ്."

അപ്പോൾ അല്ലാഹു പറയും: "നിനക്ക് ശേഷം അവർ (ദീനിൽ) പുതുതായി നിർമ്മിച്ചത് എന്തെല്ലാമാണെന്ന് താങ്കൾക്കറിയില്ല." (മുസ്‌ലിം: 400)

സൂറത്തിന്റെ അവതരണകാരണം:

ഇബ്നു അബ്ബാസ് -ﷺ- പറയുന്നു: (മദീനയിലെ യഹൂദ നേതാവായിരുന്ന) കഅ്ബു ബ്നുൽ അശ്റഫ് മക്കയിലേക്ക് വന്നപ്പോൾ ഖുറൈശികൾ അയാളോട് പറഞ്ഞു: "മദീനക്കാരിൽ ഏറ്റവും ശ്രേഷ്ഠതയുള്ളവരും, അവരുടെ നേതാവുമാണല്ലോ താങ്കൾ?" അയാൾ പറഞ്ഞു: "അതെ."

ഖുറൈശികൾ പറഞ്ഞു: "എന്നാൽ തന്റെ ജനങ്ങളിൽ നിന്ന് ബന്ധം മുറിച്ച ഈ വ്യക്തിയെ (നബി -ﷺ- യാണ് ഉദ്ദേശം) താങ്കൾ കാണുന്നില്ലേ? ഞങ്ങളേക്കാൾ ശ്രേഷ്ഠൻ താനാണെന്നാണ് അവൻ വാദിക്കുന്നത്? ഞങ്ങളാകട്ടെ, ഹജ്ജിനു വരുന്നവരെ സേവിക്കുന്നവരും അവർക്ക് ഭക്ഷണം നൽകുന്നവരുമാണ്."

കഅ്ബ് പറഞ്ഞു: "നിങ്ങളാണ് അവനേക്കാൾ നല്ലവർ."

അപ്പോൾ അല്ലാഹു അവതരിപ്പിച്ചു:

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ٣

"തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു എല്ലാം മുറിഞ്ഞവൻ." (ഇബ്നു ഹിബ്ബാൻ: 1731 (മവാരിദ്), അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹു നബി -ﷺ- ക്ക് കൗഥർ എന്ന അരുവി നൽകിയിരിക്കുന്നു എന്ന സന്തോഷവാർത്ത അറിയിക്കുന്നു. അവിടുത്തേക്ക് മാത്രം പ്രത്യേകമായുള്ള -മറ്റൊരാൾക്കും നൽകപ്പെടാത്ത- ഒരു അനുഗ്രഹമാണ് അത്.

* ഈ അനുഗ്രഹത്തിന് അല്ലാഹുവിനോട് നന്ദി കാണിക്കാനും,

അതിനായി ആരാധനകളുമായി മുന്നേറാനും നബി -ﷺ- യോട് കൽപ്പിക്കുന്നു.

* നബി -ﷺ- ക്കായി അല്ലാഹു പ്രതിരോധം തീർക്കുകയും, അവിടുത്തെ ശത്രുക്കൾക്ക് മറുപടി നൽകുകയും ചെയ്യുന്നു.

ആയത്തുകൾ 1-3

(1) തീർച്ചയായും നിനക്ക് നാം ധാരാളം നന്മ നൽകിയിരിക്കുന്നു.	إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ١
(2) ആകയാൽ നീ നിന്റെ റബ്ബിന് വേണ്ടി നിസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.	فَصَلِّ لِرَبِّكَ وَٱنۡحَرۡ ٢
(3) തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു എല്ലാം മുറിഞ്ഞവൻ.	إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ٣

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! അങ്ങേക്ക് നാം ധാരാളം നന്മകൾ നൽകിയിരിക്കുന്നു. അതിൽ പെട്ടതാണ് സ്വർഗത്തിലുള്ള 'കൗഥർ' എന്ന അരുവി.

(2) അതിനാൽ അല്ലാഹു താങ്കൾക്ക് ചെയ്തു തന്ന ഈ അനുഗ്രഹത്തിനുള്ള നന്ദിയായി അവന് വേണ്ടി മാത്രം നിസ്കരിക്കുകയും, അവന് മാത്രമായി ബലിയർപ്പിക്കുകയും ചെയ്യുക. ബഹുദൈവാരാധകർ അവരുടെ വിഗ്രഹങ്ങളോട് സാമീപ്യം ലഭിക്കാൻ വേണ്ടി അവക്കായി ബലിയർപ്പിക്കുന്നതിന് കടകവിരുദ്ധമാകട്ടെ താങ്കളുടെ പ്രവൃത്തി.

(3) താങ്കളോട് വിദ്വേഷമുള്ളവൻ തന്നെയാണ് എല്ലാ നന്മകളിൽ നിന്നും വിഛേദിക്കപ്പെടുകയും, വിസ്മരിക്കപ്പെടുകയും ചെയ്യുന്നവൻ. അവന്റെ പേര് പരാമർശിക്കപ്പെട്ടാൽ തന്നെയും മോശമായി കൊണ്ട് മാത്രമേ അത് പരാമർശിക്കപ്പെടുകയുള്ളൂ.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-3)** നബി -ﷺ- ക്ക് അല്ലാഹുവിങ്കലുള്ള ആദരവും, അവിടുത്തെ അല്ലാഹു സംരക്ഷിക്കുകയും, ഐഹിക- പാരത്രിക ലോകങ്ങളിൽ അവിടുത്തേക്ക് കൽപ്പിക്കുന്ന ശ്രേഷ്ഠതയും.

» **(ആയത്ത്: 1)** നബി -ﷺ- ക്ക് പരലോകത്ത് നൽകപ്പെടുന്ന 'കൗഥർ' 'ഹൗദ്വുൽ കൗഥറും' ഇവിടെ പറഞ്ഞ അനുഗ്രഹത്തിന്റെ ഭാഗമാണ്.' വളരെ വലിയ വെള്ളത്തിന്റെ സംഭരണിയാണ് ഹൗദ്വ്. കൗഥർ എന്ന അരുവിയിൽ നിന്നാണ് അ തിലേക്ക് വെള്ളമെത്തുന്നത്. അതിന്റെ നീളവും വീതിയും ഒരു മാസം വഴിദൂരമുണ്ട്. അതിലെ വെള്ളം പാലിനേക്കാൾ വെളുത്തതും, തേനിനേക്കാൾ മധുരമുള്ളതുമാണ്. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ -പ്രകാശിക്കുന്ന-, വെള്ളം കോരാനുള്ള ധാരാളക്കണക്കിന് കോപ്പകൾ അതിലുണ്ടായിരിക്കും. ആരെങ്കിലും ഹൗദ്വിൽ നിന്ന് ഒരു തവണ കുടിച്ചാൽ പിന്നീട് അവന് ദാഹിക്കുകയില്ല. (സഅ്ദി: 935-936)

» **(ആയത്ത്: 2)** നിസ്കാരവും ബലികർമ്മവും ഇസ്‌ലാമിലെ ഏറ്റവും മഹത്തരമായ ഇബാദത്തുകളിൽ പെട്ടതാണ്. അ തു കൊണ്ടാണ് അവ രണ്ടും ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞത്.

» **(ആയത്ത്: 2)** അനുഗ്രഹങ്ങൾ നന്ദിയോടെ സ്വീകരിക്കുന്നത് അവ വർദ്ധിക്കാൻ കാരണമാകും.

» **(ആയത്ത്: 3)** നബി -ﷺ- യുടെ ശത്രുക്കൾ എല്ലാ നന്മകളിൽ നിന്നും അകന്ന, സർവ്വ പ്രവർത്തനങ്ങളും നിഷ്ഫലമായ, യാതൊരു നല്ല സ്മരണകൾക്കും അർഹരല്ലാത്തവരാണ്. എന്നാൽ അല്ലാഹുവിന്റെ റസൂൽ -ﷺ- യാകട്ടെ, ഒരു സൃഷ്ടിക്ക് സാധ്യമായ എല്ലാ പൂർണ്ണതകളും അവിടുത്തേക്ക് നൽകപ്പെട്ടിരിക്കുന്നു. ഏറ്റവും ഉന്നതമായ സ്മരണയും കീർത്തിയും, ഏറ്റവുമധികം സഹായികളും അനുയായികളും അവിടുത്തേക്ക് തന്നെ. (സഅ്ദി: 937)

സൂറത്തുൽ കാഫിറൂൻ

سُورَةُ الكَافِرُونَ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 6.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- കാഫിറൂൻ (الكَافِـرُونَ): സൂറത്തിന്റെ പ്രാരംഭത്തിൽ 'കാഫിറൂൻ' എന്ന പദം പരാമർശിക്കപ്പെട്ടിരിക്കുന്നു. കാഫിറുകളുടെ ആരാധ്യവസ്തുക്കളിൽ നിന്നും, ആരാധനാ രീതികളിൽ നിന്നും അകൽച്ച പ്രഖ്യാപിക്കാനുള്ള കൽപ്പനയും ഈ ആയത്തിൽ ഉൾക്കൊള്ളുന്നുണ്ട്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنْ فَرْوَةَ بْنِ نَوْفَلٍ أَنَّهُ أَتَى النَّبِيَّ -ﷺ- فَقَالَ: يَا رَسُولَ اللَّـهِ عَلِّمْنِي شَيْئًا أَقُولُهُ إِذَا أَوَيْتُ إِلَى فِرَاشِي، قَالَ: «**اقْرَأْ: قُلْ يَا أَيُّهَا الكَافِرُونَ فَإِنَّهَا بَرَاءَةٌ مِنَ الشِّرْكِ**»

ഫർവതു ബ്നു നൗഫൽ -رَضِيَ اللَّهُ عَنْهُ- നിവേദനം: അദ്ദേഹം നബി -ﷺ- യോട് ചോദിക്കുകയുണ്ടായി: "അല്ലാഹുവിന്റെ റസൂലേ! വിരിപ്പിലേക്ക് (കിടക്കാനായി) ചെന്നെത്തിയാൽ ചൊല്ലാൻ എന്തെങ്കിലും എനിക്ക് പഠിപ്പിച്ചു നൽകുക." നബി -ﷺ- പറഞ്ഞു: "നീ സൂറ. കാഫിറൂൻ പാരായണം ചെയ്യുക. തീർച്ചയായും അത് ശിർകിൽ നിന്നുള്ള ബന്ധവിഛേദനമാണ്." (തിർമിദി: 3403, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണകാരണം:

സൂറ. കാഫിറൂന്റെ അവതരണകാരണമായി വന്ന നിവേദനങ്ങളിൽ എല്ലാം ദുർബലതകളുണ്ടെങ്കിലും ധാരാളം മുഫസ്സിറുകൾ നൽകിയ ഒരു സംഭവം മുർസലായി വന്നത് സ്ഥിരപ്പെട്ടിട്ടുണ്ട്.

സഈദ് ബ്നു മയ്നാഅ് നിവേദനം: (മുശ്രിക്കുകളിൽ പെട്ട) വലീദു ബ്നു മുഗീറയും, ആസ്വു ബ്നു വാഇലും അസ്വദു ബ്നു മുത്വലിബും ഉമയ്യതു ബ്നു ഖലഫും നബി -ﷺ- യുമായി സന്ധിച്ചു.

അവർ പറഞ്ഞു: "മുഹമ്മദ്! വരൂ; നീ ആരാധിക്കുന്നതിനെ ഞങ്ങളും ഞങ്ങൾ ആരാധിക്കുന്നതിനെ നീയും ആരാധിക്കുക! ഞങ്ങളുടെ കാര്യങ്ങളിലെല്ലാം നിന്നെ ഞങ്ങൾ പങ്കാളികളാക്കുന്നതാണ്.

അങ്ങനെയെങ്കിൽ നിന്റെ പക്കലുള്ളത് ഞങ്ങളുടെ കയ്യിലുള്ളതിനേക്കാൾ നല്ലതാണെങ്കിൽ അതിൽ ഞങ്ങൾക്ക് പങ്കുചേരാൻ കഴിയുമല്ലോ? നിന്റെ കയ്യിലുള്ളതിനേക്കാൾ നല്ലതാണ് ഞങ്ങളുടെ പക്കലുള്ളതെങ്കിൽ അതിൽ നിനക്കും പങ്കുചേരാവുന്നതാണ്.

അപ്പോൾ അല്ലാഹു സൂറ. കാഫിറൂൻ അവതരിപ്പിച്ചു." (തഫ്സീറു ത്വബരി: 30/214, അൽ-ഇസ്തീആബ്: 3/572)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിന് മാത്രമുള്ള ആരാധനയും, അല്ലാഹുവല്ലാത്തവർക്കുള്ള ആരാധനയും വേർതിരിയുന്നതും വിഭിന്നമാകുന്നതും എവിടെയെന്ന് വിവരിക്കുകയും, അവ രണ്ടും ഒരിക്കലും യോജിക്കുകയില്ലെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

* അല്ലാഹുവിന്റെ മതമായ ഇസ്ലാം ഒരു നിലക്കും ബഹുദൈവാരാധനയുമായി കൂടിക്കലരുകയില്ലെന്ന് പ്രഖ്യാപിക്കുന്നു.

* ബഹുദൈവാരാധകർ നിലകൊള്ളുന്ന മാർഗത്തിൽ ചിലതെങ്കിലും നബി -ﷺ- യും സ്വീകരിച്ചേക്കുമെന്ന അവരുടെ പ്രതീക്ഷകൾക്ക് അന്ത്യം കുറിക്കുന്നു.

ആയത്തുകൾ 1-6

(1) (നബിയേ,) പറയുക: (അല്ലാഹുവിലും റസൂലിലും പരലോകത്തിലും) വിശ്വസിക്കാത്തവരേ!	قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴿١﴾
(2) നിങ്ങൾ ആരാധിച്ചു വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല.	لَآ أَعْبُدُ مَا تَعْبُدُونَ ﴿٢﴾
(3) ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.	وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٣﴾
(4) നിങ്ങൾ ആരാധിച്ചു വന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല.	وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴿٤﴾

وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ۝٥

(5) ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

لَكُمْ دِينُكُمْ وَلِىَ دِينِ ۝٦

(6) നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും.

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! പറയുക: അല്ലയോ അല്ലാഹുവിനെ നിഷേധിച്ചവരേ!

(2) നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളെ ഇപ്പോഴോ ഇനിയെന്നെങ്കിലുമൊരിക്കലോ ഞാൻ ആരാധിക്കുകയില്ല.

(3) ഞാൻ ആരാധിക്കുന്ന പോലെ -അല്ലാഹുവിനെ മാത്രം- ആരാധിക്കുന്നവരല്ല നിങ്ങളും.

(4) നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളെ ആരാധിക്കുന്നവനുമല്ല ഞാൻ.

(5) ഞാൻ ആരാധിക്കുന്ന പോലെ -അല്ലാഹുവിനെ മാത്രം- ആരാധിക്കുന്നവരല്ല നിങ്ങളും.

(6) നിങ്ങൾ സ്വയം പടച്ചുണ്ടാക്കിയ മതം നിങ്ങളുടേത്. എനിക്ക് അല്ലാഹു എന്റെ മേൽ അവതരിപ്പിച്ചു തന്ന എന്റെ മതം (ഇസ്‌ലാം) മതി.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 3)** അല്ലാഹുവിന് മാത്രം ആരാധനകൾ നിഷ്കളങ്കമാക്കാത്തിടത്തോളം, അല്ലാഹുവിൽ പങ്കുചേർത്തു കൊണ്ട് ഒരാൾ അവനെ ആരാധിച്ചാൽ അത് അവനുള്ള ആരാധനയാണെന്ന് പറയാൻ കഴിയില്ല. (സഅ്ദി: 936)

» **(ആയത്ത്: 6)** (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിച്ചവരിൽ നിന്നുള്ള ബന്ധവിഛേദം.

സൂറത്തുന്നസ്വ്ർ | سُورَةُ النَّصْرِ

മദീനയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 3.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- നസ്വ്ർ (النَّصْرُ): 'നസ്വ്ർ' എന്നാൽ സഹായം എന്നാണർത്ഥം. സൂറത്തിന്റെ ആരംഭത്തിൽ അല്ലാഹുവിൽ നിന്നുള്ള സഹായത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

സൂറത്തിന്റെ ശ്രേഷ്ഠത:

സൂറ. നസ്വ്റിന് പ്രത്യേകമായ ശ്രേഷ്ഠതകൾ ഹദീഥിൽ സ്ഥിരപ്പെട്ടിട്ടില്ല. എന്നാൽ ഖുർആനിൽ പൂർണ്ണമായി അവതരിപ്പിക്കപ്പെട്ട അവസാനത്തെ സൂറതാണിത് എന്ന പ്രത്യേകത ഈ അദ്ധ്യായത്തിനുണ്ട്.

ഉബൈദുല്ലാഹി ബ്നു അബ്ദില്ലാഹ് ബ്നു ഉത്ബഃ നിവേദനം: ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- എന്നോട് ചോദിച്ചു: "ഖുർആനിൽ മുഴുവനായി ഒരുമിച്ച് അവതരിപ്പിക്കപ്പെട്ട അവസാനത്തെ സൂറത്ത് ഏതാണെന്ന് നിനക്കറിയുമോ?" ഞാൻ പറഞ്ഞു: "അതെ! സൂറ. നസ്വ്ർ." അദ്ദേഹം പറഞ്ഞു: "അതെ." (മുസ്‌ലിം: 3024)

സൂറത്തിന്റെ അവതരണകാരണം:

പ്രത്യേക അവതരണകാരണം എന്ന് വിശേഷിപ്പിക്കാൻ ആകില്ലെങ്കിലും ഈ സൂറത്തിന്റെ അവതരണ സാഹചര്യത്തോട് ചേർന്നു നിൽക്കുന്ന ഒരു ഹദീസ് താഴെ നൽകാം.

عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ: كَانَ عُمَرُ يُدْخِلُنِي مَعَ أَشْيَاخِ بَدْرٍ، فَقَالَ بَعْضُهُمْ: لِمَ تُدْخِلُ هَذَا الفَتَى مَعَنَا وَلَنَا أَبْنَاءٌ مِثْلُهُ؟ فَقَالَ: «إِنَّهُ مِمَّنْ قَدْ عَلِمْتُمْ» قَالَ: فَدَعَاهُمْ ذَاتَ يَوْمٍ وَدَعَانِي مَعَهُمْ قَالَ: وَمَا رُئِيتُهُ دَعَانِي يَوْمَئِذٍ إِلَّا لِيُرِيَهُمْ مِنِّي، فَقَالَ: مَا تَقُولُونَ فِي إِذَا جَاءَ نَصْرُ اللَّهِ وَالفَتْحُ، وَرَأَيْتَ النَّاسَ يَدْخُلُونَ فِي دِينِ اللَّهِ أَفْوَاجًا حَتَّى خَتَمَ السُّورَةَ، فَقَالَ بَعْضُهُمْ: أُمِرْنَا أَنْ نَحْمَدَ اللَّهَ وَنَسْتَغْفِرَهُ إِذَا نُصِرْنَا وَفُتِحَ عَلَيْنَا، وَقَالَ بَعْضُهُمْ: لاَ نَدْرِي، أَوْ لَمْ يَقُلْ بَعْضُهُمْ شَيْئًا، فَقَالَ لِي: يَا ابْنَ عَبَّاسٍ، أَكَذَاكَ تَقُولُ؟ قُلْتُ: لاَ، قَالَ: فَمَا تَقُولُ؟ قُلْتُ: هُوَ أَجَلُ رَسُولِ اللَّهِ

-ﷺ- أَعْلَمَهُ اللَّـهُ لَهُ: إِذَا جَاءَ نَصْرُ اللَّـهِ وَالفَتْحُ فَتْحُ مَكَّةَ، فَذَاكَ عَلَامَةُ أَجَلِكَ: فَسَبِّحْ بِحَمْدِ رَبِّكَ وَاسْتَغْفِرْهُ إِنَّهُ كَانَ تَوَّابًا، قَالَ عُمَرُ: «مَا أَعْلَمُ مِنْهَا إِلَّا مَا تَعْلَمُ»

ഇബ്നു അബ്ബാസ് -رضي الله عنهما- നിവേദനം: ബദ്റിൽ പങ്കെടുത്ത പ്രായമേറിയ സ്വഹാബികളോടൊപ്പം എന്നെയും ഉമർ -رضي الله عنه- (കൂടിയാലോചനാ സദസ്സുകളിൽ) പ്രവേശിപ്പിക്കുമായിരുന്നു.

അപ്പോൾ അവരിൽ ചിലർ പറഞ്ഞു: "എന്തു കൊണ്ടാണ് താങ്കൾ ഈ യുവാവിനെ ഞങ്ങൾക്കൊപ്പം പ്രവേശിപ്പിക്കുന്നത്; ഞങ്ങൾക്കും അവനെ പോലുള്ള മക്കളുണ്ടല്ലോ?"

ഉമർ -رضي الله عنه- പറഞ്ഞു: "നിങ്ങൾ അറിഞ്ഞു മനസ്സിലാക്കിയവരിൽ പെട്ടവനാണല്ലോ അദ്ദേഹം."

അങ്ങനെയിരിക്കെ ഒരു ദിവസം അവരെയെല്ലാം അദ്ദേഹം വിളിച്ചു കൂട്ടി. എന്നെയും അവരോടൊപ്പം വിളിപ്പിച്ചു. എന്റെ കാര്യം അവർക്ക് മനസ്സിലാക്കി നൽകാൻ വേണ്ടി മാത്രമായിരുന്നു അദ്ദേഹം അന്നെന്നെ വിളിച്ചത് എന്ന് എനിക്ക് മനസ്സിലായിരുന്നു.

സൂറ. നസ്വ്ർ മുഴുവനായി പാരായണം ചെയ്ത ശേഷം ഉമർ -رضي الله عنه- ചോദിച്ചു: "ഈ സൂറത്തിന്റെ കാര്യത്തിൽ നിങ്ങൾ എന്താണ് അഭിപ്രായപ്പെടുന്നത്?"

അവരിൽ ചിലർ പറഞ്ഞു: "അല്ലാഹുവിന്റെ സഹായം ലഭിക്കുകയും, നമുക്ക് വിജയം ലഭിക്കുകയും ചെയ്താൽ അല്ലാഹുവിനെ സ്തുതിക്കുകയും, അവനോട് പാപമോചനം തേടുകയും ചെയ്യണമെന്ന് ഈ സൂറത്തിൽ നമ്മോട് കൽപ്പിക്കപ്പെട്ടിരിക്കുന്നു." മറ്റു ചിലർ പറഞ്ഞു: "ഞങ്ങൾക്കറിയില്ല." വേറെ ചിലർ ഒന്നും പറഞ്ഞില്ല.

അങ്ങനെ ഉമർ -رضي الله عنه- എന്നോട് ചോദിച്ചു: "ഇബ്നു അബ്ബാസ്! ഇപ്രകാരം തന്നെയാണോ നീയും പറയുന്നത്?!"

ഞാൻ പറഞ്ഞു: "അല്ല." ഉമർ -رضي الله عنه- ചോദിച്ചു: "എങ്കിൽ നീയെന്താണ് പറയുന്നത്?"

ഞാൻ പറഞ്ഞു: "നബി -ﷺ- യുടെ മരണം അടുത്തിരിക്കുന്നു എന്ന കാര്യമാണ് അല്ലാഹു ഈ ആയത്തിലൂടെ അറിയിച്ചിരിക്കുന്നത്. ആയത്തിൽ പരാമർശിക്കപ്പെട്ട വിജയം മക്കാവിജയമാണ്. അത് താങ്കളുടെ ആയുസ്സ് അവസാനിക്കാറായിരിക്കുന്നു എന്നതിന്റെ അടയാളമാണ്."

ഉമർ -ﷺ- പറഞ്ഞു: "നീ മനസ്സിലാക്കിയതു തന്നെയാണ് ഞാനും അതിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ളത്." (ബുഖാരി: 3956 [ആശയവിവർത്തനം])

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹുവിൽ നിന്നുള്ള മഹത്തരമായ വിജയത്തിന്റെ -മക്കാ വിജയത്തിന്റെ- വാഗ്ദാനം അറിയിക്കുന്നു.

* ഇസ്‌ലാമിലേക്ക് ധാരാളം പേർ പ്രവേശിക്കുന്നതാണെന്ന സന്തോഷവാർത്ത അറിയിക്കുന്നു.

* അല്ലാഹു നൽകിയ ഈ അനുഗ്രഹത്തിന് അവനെ സ്തുതിച്ചു കൊണ്ടും, ധാരാളമായി പാപമോചനം തേടിക്കൊണ്ടും നന്ദി കാണിക്കണമെന്ന് നബി -ﷺ- യോട് കൽപ്പിക്കുന്നു.

* ഇസ്‌ലാം മതം പൂർണ്ണമായിരിക്കുന്നു എന്നും, നബി-ﷺ-യുടെ വിയോഗം അടുത്തിരിക്കുന്നു എന്നുമുള്ള സൂചനകൾ നൽകുന്നു.

ആയത്തുകൾ 1-3

إِذَا جَآءَ نَصۡرُ ٱللَّهِ وَٱلۡفَتۡحُ ١

(1) അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകിട്ടിയാൽ.

وَرَأَيۡتَ ٱلنَّاسَ يَدۡخُلُونَ فِي دِينِ ٱللَّهِ أَفۡوَاجٗا ٢

(2) ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ;

فَسَبِّحۡ بِحَمۡدِ رَبِّكَ وَٱسۡتَغۡفِرۡهُۚ إِنَّهُۥ كَانَ تَوَّابَۢا ٣

(3) നിന്റെ റബ്ബിനെ സ്തുതിക്കുന്നതോ ടൊപ്പം നീ അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ ധാരാളമായി പശ്ചാത്താപം സ്വീകരിക്കുന്നവൻ (തവ്വാബ്) ആകുന്നു.

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! താങ്കളുടെ മതത്തിന് അല്ലാഹുവിന്റെ സഹായം ലഭിക്കുകയും, അവൻ അതിനെ പ്രതാപമുള്ളതാക്കുകയും, മക്കാ വിജയം സംഭവിക്കുകയും ചെയ്താൽ.

(2) നിവേദക സംഘങ്ങൾ തുടരെത്തുടരെ വന്നു കൊണ്ട്, ജനങ്ങൾ ഇസ്‌ലാമിൽ പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ.

(3) (അത് സംഭവിച്ചാൽ) നിന്റെ മേൽ ഏൽപ്പിക്കപ്പെട്ട ബാധ്യത അവസാനിക്കാറായി എന്നതിന്റെ അടയാളമാണത് എന്ന് നീ മനസ്സിലാക്കുക. അപ്പോൾ നിന്റെ രക്ഷിതാവ് നിനക്ക് നൽകിയ വിജയത്തിനും സഹായത്തിനും നന്ദിയായി കൊണ്ട്, അവനെ സ്തുതിച്ചു കൊണ്ട് നീ അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക. തന്റെ അടിമകളുടെ പശ്ചാത്താപം അങ്ങേയറ്റം സ്വീകരിക്കുകയും, അവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യുന്ന 'തവ്വാബ്' ആണവൻ.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-2)** ഇസ്‌ലാം മതം വിജയിച്ചു കൊണ്ടേയിരിക്കും എന്ന സൂചന ഈ അദ്ധ്യായം നൽകുന്നു. അല്ലാഹുവിനുള്ള സ്തുതി കീർത്തനങ്ങൾ (തസ്ബീഹും ഹംദും) സംഭവിക്കുമ്പോൾ ഈ വിജയം അധികരിക്കുന്നതാണ്. (സഅ്ദി: 936)

» **(ആയത്ത്: 1-2)** അല്ലാഹുവിൽ നിന്നുള്ള സഹായം മുസ്‌ലിം സമൂഹത്തിന് ഖുലഫാഉകളുടെ കാലം മുതലിങ്ങോട്ട് ലഭിച്ചതായി ചരിത്രത്തിൽ കാണാം. മറ്റൊരു മതത്തിനും ലഭിക്കാത്ത വിജയം ഇസ്‌ലാമിന് ലഭിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹുവിന്റെ കൽപ്പനകൾ ധിക്കരിക്കുന്ന സ്ഥിതിവിശേഷം ഈ സമുദായത്തി ൽ സംജാതമായപ്പോൾ അല്ലാഹു അവരെ ഭിന്നിപ്പിക്കുകയും, അ വരുടെ കാര്യങ്ങൾ ചിന്നഭിന്നമാവുകയും, ഇപ്പോൾ സംഭവിച്ചിരിക്കുന്നതെല്ലാം സംഭവിക്കുകയും ചെയ്തു. (സഅ്ദി: 936)

» **(ആയത്ത്: 3)** അനുഗ്രഹങ്ങൾ നന്ദിയോടെ സ്വീകരിക്കുക എന്ന കൽപ്പന.

സൂറത്തുൽ മസദ്

سُورَةُ المَسَدِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 5.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- മസദ് (المَسَـدُ): 'മസദ്' എന്ന വാക്കിലാണ് ഈ സൂറത്ത് അവസാനിക്കുന്നത്.

സൂറത്തിന്റെ ശ്രേഷ്ഠത:

പ്രത്യേകമായ ശ്രേഷ്ഠതകൾ ഹദീഥിൽ സ്ഥിരപ്പെട്ടിട്ടില്ല.

സൂറത്തിന്റെ അവതരണകാരണം:

عَنِ ابْنِ عَبَّاسٍ رَضِيَ اللَّـهُ عَنْهُمَا قَالَ: لَمَّا نَزَلَتْ: «**وَأَنْذِرْ عَشِيرَتَكَ الأَقْرَبِينَ**» صَعِدَ النَّبِيُّ -ﷺ- عَلَى الصَّفَا، فَجَعَلَ يُنَادِي: «**يَا بَنِي فِهْرٍ، يَا بَنِي عَدِيٍّ**» – لِبُطُونِ قُرَيْشٍ – حَتَّى اجْتَمَعُوا فَجَعَلَ الرَّجُلُ إِذَا لَمْ يَسْتَطِعْ أَنْ يَخْرُجَ أَرْسَلَ رَسُولًا لِيَنْظُرَ مَا هُوَ، فَجَاءَ أَبُو لَهَبٍ وَقُرَيْشٌ، فَقَالَ: «**أَرَأَيْتَكُمْ لَوْ أَخْبَرْتُكُمْ أَنَّ خَيْلًا بِالوَادِي تُرِيدُ أَنْ تُغِيرَ عَلَيْكُمْ، أَكُنْتُمْ مُصَدِّقِيَّ؟**» قَالُوا: نَعَمْ، مَا جَرَّبْنَا عَلَيْكَ إِلَّا صِدْقًا، قَالَ: «**فَإِنِّي نَذِيرٌ لَكُمْ بَيْنَ يَدَيْ عَذَابٍ شَدِيدٍ**» فَقَالَ أَبُو لَهَبٍ: تَبًّا لَكَ سَائِرَ اليَوْمِ، أَلِهَذَا جَمَعْتَنَا؟ فَنَزَلَتْ: «**تَبَّتْ يَدَا أَبِي لَهَبٍ وَتَبَّ مَا أَغْنَى عَنْهُ مَالُهُ وَمَا كَسَبَ**»

ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- നിവേദനം: "നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക" (ശുഅറാഅ്: 214) എന്ന ആയത്ത് അവതരിച്ചപ്പോൾ നബി -ﷺ- സ്വഫാ മലയുടെ മുകളിൽ കയറി. അവിടുന്ന് വിളിച്ചു പറയാൻ തുടങ്ങി: "അല്ലയോ ഫിഹ്റിന്റെ സന്താനങ്ങളേ! അദിയ്യിന്റെ സന്താനങ്ങളേ!"

അങ്ങനെ ഖുറൈശികളിലെ ഓരോ കുടുംബങ്ങളും അവിടെ ഒരുമിച്ചു കൂടി. എത്തിപ്പെടാൻ കഴിയാത്തവർ എന്താണ് നടക്കുന്നത് എന്നറിയാൻ തനിക്ക് പകരം ദൂതനെ അയച്ചു. അങ്ങനെ അബൂലഹബും ഖുറൈശികളും വന്നുചേർന്നു.

നബി -ﷺ- ചോദിച്ചു: "ഈ താഴ്‌വാരത്തിൽ ഒരു കുതിരപ്പട നിങ്ങൾക്ക് മേൽ യുദ്ധത്തിനായി തയ്യാറായി നിൽക്കുന്നുവെന്ന്

ഞാൻ നിങ്ങളോട് പറഞ്ഞാൽ എന്തായിരിക്കും നിങ്ങളുടെ അഭിപ്രായം?! നിങ്ങൾ എന്നെ വിശ്വസിക്കുമോ?!"

അവർ പറഞ്ഞു: "അതെ! നിന്റെ പക്കൽ നിന്ന് സത്യമല്ലാതെ ഞങ്ങൾ കേട്ടിട്ടില്ല."

നബി -ﷺ- പറഞ്ഞു: "എങ്കിൽ ഞാനിതാ നിങ്ങൾക്ക് വരാനിരിക്കുന്ന ഒരു കഠിന ശിക്ഷയെ കുറിച്ച് താക്കീത് നൽകുന്നു."

അപ്പോൾ അബൂ ലഹബ് പറഞ്ഞു: "ദിവസം മുഴുവൻ നിനക്ക് മേൽ നാശമുണ്ടാകട്ടെ! ഇതിനാണോ നീ ഞങ്ങളെ ഒരുമിച്ചു കൂട്ടിയത്." അങ്ങനെ സൂറ. മസദ് അവതരിച്ചു. (ബുഖാരി: 4397)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* നബി -ﷺ- യെ ഉപദ്രവിച്ച അബൂ ലഹബിനെ ശക്തമായി താക്കീത് ചെയ്യുകയും, ആക്ഷേപിക്കുകയും ചെയ്യുന്നു.

* നബി -ﷺ- യോട് കടുത്ത വിദ്വേഷം വെച്ചു പുലർത്തുകയും, അവിടുത്തെ ഉപദ്രവിക്കാൻ തന്റെ ഭർത്താവിന് സഹായം നൽകുകയും ചെയ്യുന്ന അബൂലഹബിന്റെ ഭാര്യക്ക് കഠിനശിക്ഷ താക്കീത് നൽകുന്നു.

* അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപ്പനകളെ ധിക്കരിക്കുന്ന ഒരാൾക്ക് അവൻ സമ്പാദിച്ച സമ്പത്തുകളൊന്നും യാതൊരു ഉപകാരവും ചെയ്യുന്നതല്ല എന്ന് വ്യക്തമാക്കുന്നു.

ആയത്തുകൾ 1-5

تَبَّتْ يَدَآ أَبِى لَهَبٍ وَتَبَّ ﴿١﴾

(1) അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു.

مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا كَسَبَ ﴿٢﴾

(2) അവന്റെ ധനമോ അവൻ സമ്പാദിച്ചു വെച്ചതോ അവനു ഉപകാരപ്പെട്ടില്ല.

سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾

(3) തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്.

وَٱمۡرَأَتُهُۥ حَمَّالَةَ ٱلۡحَطَبِ ﴿٤﴾ فِي جِيدِهَا حَبۡلٞ مِّن مَّسَدِۭ ﴿٥﴾

(4) വിറകുചുമട്ടുകാരിയായ അവന്റെ ഭാര്യയും.

(5) അവളുടെ കഴുത്തിൽ ഈന്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും.

തഫ്സീർ

(1) നബി-ﷺ-യുടെ പിതൃസഹോദരനായ അബൂലഹബ് ബ്നു അബ്ദിൽ മുത്വലിബിന്റെ പ്രവർത്തനങ്ങളെല്ലാം നിഷ്ഫലമായതിലൂടെ അയാളുടെ രണ്ട് കരങ്ങളും നശിച്ചിരിക്കുന്നു. കാരണം അയാൾ നബി-ﷺ-യെ ഉപദ്രവിക്കാറുണ്ടായിരുന്നു. അവന്റെ എല്ലാ പരിശ്രമങ്ങളും പരാജയപ്പെടുകയും ചെയ്തിരിക്കുന്നു.

(2) അവന്റെ സമ്പാദ്യവും സന്താനങ്ങളും എന്ത് നേട്ടമാണ് അവന് നേടിക്കൊടുത്തത്? അവയൊന്നും അല്ലാഹുവിന്റെ ഏതെങ്കിലുമൊരു ശിക്ഷയെ തടുക്കുകയോ, അവന്റെ എന്തെങ്കിലുമൊരു കാരുണ്യം അവന് നേടിക്കൊടുക്കുകയോ ചെയ്തില്ല.

(3) ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ കത്തിയെരിയുന്ന തീജ്വാലകളുള്ള നരകത്തിൽ അവൻ പ്രവേശിക്കുന്നതാണ്. അതിന്റെ ചൂട് അവൻ അനുഭവിച്ചറിയുന്നതാണ്.

(4) അവന്റെ ഭാര്യ ഉമ്മു ജമീലും കത്തിയെരിയുന്ന തീജ്വാലകളുള്ള ആ നരകത്തിൽ പ്രവേശിക്കുന്നതാണ്. നബി-ﷺ-യുടെ വഴികളിൽ മുള്ളുകൾ വിതറി അവൾ അവിടുത്തെ ഉപദ്രവിക്കാറുണ്ടായിരുന്നു.

(5) കെട്ടിമെടഞ്ഞ ഒരു കയർ അവളുടെ കഴുത്തിലുണ്ടായിരിക്കും; അതിൽ ബന്ധിച്ചു കൊണ്ട് അവളെ നരകത്തിലേക്ക് വലിച്ചിഴക്കുന്നതാണ്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-5)** സൂറത്തുൽ മസദ് നബി -ﷺ- യുടെ പ്രവാചകത്വത്തിന്റെ സത്യസന്ധത തെളിയിക്കുന്ന അടയാളങ്ങളിൽ

ഒന്നാണ്. അബൂലഹബ് (ഇസ്‌ലാം സ്വീകരിക്കാതെ) കാഫിറായി മരിക്കുമെന്ന് ഈ സൂറത്ത് പ്രഖ്യാപിച്ചു; പത്തു വർഷങ്ങൾക്ക് ശേഷം അവൻ അപ്രകാരം തന്നെ മരിക്കുകയും ചെയ്തു.

» നബി -ﷺ- യുടെ പിതൃവ്യന്മാർ മൂന്നു തരക്കാരായിരുന്നു:
ഒന്ന്: അവിടുത്തെ വിശ്വസിക്കുകയും, അവിടുത്തോടൊപ്പം പോരാടുകയും ചെയ്തവർ. അബ്ബാസു ബ്നു അബ്ദിൽ മുത്വലിബും, ഹംസതു ബ്നു അബ്ദിൽ മുത്വലിബും -رضي الله عنهما- ഇതിൽ ഉൾപ്പെടും.
രണ്ട്: ഇസ്‌ലാം സ്വീകരിച്ചില്ലെങ്കിലും നബി -ﷺ- യെ സഹായിച്ചയാൾ. അബൂ ത്വാലിബാണ് അതിൽ ഉൾപ്പെടുക.
മൂന്ന്: ഇസ്‌ലാം സ്വീകരിക്കാതിരിക്കുകയും, നബി -ﷺ- യെ ഉപദ്രവിക്കുകയും ചെയ്തയാൾ. അബൂലഹബ് ഈ പറഞ്ഞതിൽ ഉൾപ്പെടും. (ഇബ്നു ഉഥൈമീൻ: 348-349)

സൂറത്തുൽ ഇഖ്ലാസ്

سُورَةُ الإِخْلَاصِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 4.

സൂറത്തിന്റെ പേരുകളിൽ ചിലത്:

1- ഇഖ്ലാസ് (الإخلاص): അല്ലാഹുവിന് മാത്രം ആരാധനകൾ നിഷ്കളങ്കമാക്കേണ്ടതിനെ കുറിച്ചും, അവനെ ഏകനാക്കണമെന്നും ഈ സൂറത്ത് അറിയിക്കുന്നു എന്നതിനാലാണ് 'ഇഖ്ലാസ്' (നിഷ്കളങ്കത) എന്ന പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنْ أَبِي سَعِيدٍ الخُدْرِيِّ أَنَّ رَجُلًا سَمِعَ رَجُلًا يَقْرَأُ: «**قُلْ هُوَ اللَّـهُ أَحَدٌ**» يُرَدِّدُهَا، فَلَمَّا أَصْبَحَ جَاءَ إِلَى رَسُولِ اللَّـهِ -ﷺ- فَذَكَرَ ذَلِكَ لَهُ، وَكَأَنَّ الرَّجُلَ يَتَقَالُّهَا، فَقَالَ رَسُولُ اللَّـهِ -ﷺ-: «**وَالَّذِي نَفْسِي بِيَدِهِ إِنَّهَا لَتَعْدِلُ ثُلُثَ القُرْآنِ**»

അബൂ സഈദ് അൽ-ഖുദ്രി -رضي الله عنه- നിവേദനം: സൂറ. ഇഖ്ലാസ് ഒരാൾ ആവർത്തിച്ചു പാരായണം ചെയ്യുന്നത് മറ്റൊരാൾ കേട്ടു. നേരം പുലർന്നപ്പോൾ അദ്ദേഹം നബി -ﷺ- യോട് ഇക്കാര്യം പറഞ്ഞു കൊടുത്തു. അദ്ദേഹം അത് വളരെ കുറച്ചു കാണുന്നത് പോലെ (യാണ് അക്കാര്യം പറഞ്ഞത്).

അപ്പോൾ നബി -ﷺ- പറഞ്ഞു: “എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവൻ തന്നെ സത്യം! തീർച്ചയായും അത് ഖുർആനിന്റെ മൂന്നിലൊന്നിന് സമമാണ്.” (ബുഖാരി: 5013)

നബി -ﷺ- സുബ്ഹി നിസ്കാരത്തിന്റെ സുന്നത്തിൽ ആദ്യത്തെ റക്അതിൽ സൂറ. കാഫിറൂനും രണ്ടാമത്തെ റക്അതിൽ സൂറ. ഇഖ്ലാസും പാരായണം ചെയ്യാറുണ്ടായിരുന്നു. ധാരാളം ശ്രേഷ്ഠതകൾ വേറെയും സൂറ. ഇഖ്ലാസിന് ഉള്ളതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

സൂറത്തിന്റെ അവതരണകാരണം:

عَنْ أُبَيِّ بْنِ كَعْبٍ، أَنَّ المُشْرِكِينَ قَالُوا لِرَسُولِ اللَّـهِ -ﷺ-: انْسُبْ لَنَا رَبَّكَ، فَأَنْزَلَ اللَّـهُ: «**قُلْ هُوَ اللَّـهُ أَحَدٌ اللَّـهُ الصَّمَدُ**»

ഉബയ്യു ബ്നു കഅ്ബ് -ﷺ- നിവേദനം: ബഹുദൈവാരാധകർ നബി -ﷺ- യുടെ അരികിൽ വന്നു കൊണ്ട് പറഞ്ഞു: “നിന്റെ റബ്ബിനെ ഞങ്ങൾക്ക് വിവരിച്ചു നൽകുക!” അപ്പോൾ അല്ലാഹു സൂറ. ഇഖ്ലാസ് അവതരിപ്പിച്ചു. (തിർമിദി: 3364, അൽബാനി ഹസൻ എന്ന് വിലയിരുത്തി.)

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* ആരാധിക്കപ്പെടാനുള്ള അർഹതയിലും, സർവ്വ നന്മകളുടെ പൂർണ്ണതയിലും അല്ലാഹു ഏകനാണെന്ന കാര്യം സ്ഥാപിക്കുന്നു.

* അല്ലാഹുവിന് തുല്ല്യരോ സമന്മാരോ ഇല്ലെന്ന് നിഷേധിച്ചു കൊണ്ട് അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു.

* ആവശ്യങ്ങൾ തേടാൻ അല്ലാഹുവിലേക്കല്ലാതെ ലക്ഷ്യം വെക്കരുതെന്ന് ഓർമ്മപ്പെടുത്തുന്നു.

* അല്ലാഹുവിന് സന്താനമോ പിതാവോ ഉണ്ടെന്ന് വാദിച്ചവർക്ക് മറുപടി നൽകുന്നു.

ആയത്തുകൾ 1-4

(1) (നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.	قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾
(2) അല്ലാഹു ‘സ്വമദാ’കുന്നു.	ٱللَّهُ ٱلصَّمَدُ ﴿٢﴾
(3) അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.	لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾
(4) അവന്ന് തുല്യനായി ആരും ഇല്ലതാനും.	وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! പറയുക: അവനാകുന്നു അല്ലാഹു; ആരാധിക്കപ്പെടാൻ അർഹതയുള്ള ഒരേയൊരുവൻ. അവന

ല്ലാതെ ആരാധനക്കർഹനായി ഒരാളുമില്ല.

(2) പൂർണതയുടെയും ഭംഗിയുടെയും എല്ലാ വിശേഷണങ്ങളും അതിന്റെ ഏറ്റവും മഹത്വത്തോടെയും ഉയർച്ചയോടെയും ഉള്ളവ നാകുന്നു അല്ലാഹു. സൃഷ്ടികളെല്ലാം അവനിലേക്കാണ് ആശ്രയം തേടിച്ചെല്ലുന്നത്.

(3) അവൻ ആർക്കും ജന്മം നൽകിയിട്ടില്ല. ആരുടെയും മകനു മല്ല അവൻ. അവന് സന്താനവുമില്ല; പിതാവുമില്ല.

(4) അവനോട് തുല്ല്യതയുള്ള ഒരാളും തന്നെ അവന്റെ സൃഷ്ടിക ളിലില്ല.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-4)** പൂർണ്ണതയുടെ വിശേഷണങ്ങൾ അല്ലാഹുവി നുണ്ടെന്ന സ്ഥിരീകരണവും, ന്യൂനതയെ അറിയിക്കുന്ന ഒരു വിശേഷണവും അവനില്ലെന്ന നിഷേധവും.

» **(ആയത്ത്: 3)** 'അല്ലാഹു ആർക്കും ജന്മം നൽകിയിട്ടില്ല' എ ന്ന വാക്ക് മൂന്ന് പിഴച്ച കക്ഷികൾക്കുള്ള മറുപടി ഉൾക്കൊള്ളുന്നു:
1- ബഹുദൈവാരാധകർ; മലക്കുകൾ അല്ലാഹുവിന്റെ പെണ്മ ക്കളാണെന്ന് വാദിച്ചവരായിരുന്നു മക്കയിലെ മുശ്രി ക്കുകൾ.
2- യഹൂദർ; ഉസൈർ അല്ലാഹുവിന്റെ സന്താനമാണെന്നായിരു ന്നു അവരുടെ വാദം.
3- നസ്വാറാക്കൾ; ഈസാ ബ്നു മർയം അല്ലാഹുവിന്റെ സ ന്താ നമാണെന്ന് അവർ വാദിച്ചിരുന്നു. (ഇബ്നു ഉഥൈമീൻ: 354)

സൂറത്തുൽ ഫലഖ്

سُورَةُ الفَلَقِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 5.

സൂറത്തിന്റെ പേരുകൾ:

1- ഫലഖ് (الفَلَقُ): പുലരി എന്നർത്ഥമുള്ള ഫലഖ് എന്ന പദം സൂറത്തിന്റെ ആരംഭത്തിൽ വന്നിരിക്കുന്നു.

2- മുഅവ്വിദതൈനിയിലെ ഒന്നാമത്തെ സൂറത്: സൂറ. നാസിനോടൊപ്പം 'മുഅവ്വിദതാൻ' എന്ന പേര് പറയപ്പെടാറുണ്ട്. രണ്ട് സൂറത്തിലെയും പ്രധാന ഉള്ളടക്കം അല്ലാഹുവിനോടുള്ള രക്ഷതേടലായതിനാലാണ് ഈ പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنْ عَائِشَةَ: أَنَّ النَّبِيَّ -ﷺ- كَانَ إِذَا أَوَى إِلَى فِرَاشِهِ كُلَّ لَيْلَةٍ جَمَعَ كَفَّيْهِ، ثُمَّ نَفَثَ فِيهِمَا فَقَرَأَ فِيهِمَا: «**قُلْ هُوَ اللَّـهُ أَحَدٌ**» وَ«**قُلْ أَعُوذُ بِرَبِّ الفَلَقِ**» وَ«**قُلْ أَعُوذُ بِرَبِّ النَّاسِ**»، ثُمَّ يَمْسَحُ بِهِمَا مَا اسْتَطَاعَ مِنْ جَسَدِهِ، يَبْدَأُ بِهِمَا عَلَى رَأْسِهِ وَوَجْهِهِ وَمَا أَقْبَلَ مِنْ جَسَدِهِ يَفْعَلُ ذَلِكَ ثَلَاثَ مَرَّاتٍ»

ആയിശ -رضي الله عنها- നിവേദനം: നബി -ﷺ- എല്ലാ രാത്രികളിലും അവിടുത്തെ വിരിപ്പിലേക്ക് വന്നെത്തിയാൽ തന്റെ കൈപ്പത്തി കൂട്ടിപ്പിടിച്ച ശേഷം അതിൽ (ചെറുതായി ഉമിനീർ തെറിപ്പിച്ചു കൊണ്ട്) ഊതും. ശേഷം സൂറ. ഇഖ്ലാസ്, സൂറ. ഫലഖ്, സൂറ. നാസ് എന്നിവ പാരായണം ചെയ്യുകയും, തന്റെ കൈപ്പത്തികൾ കൊണ്ട് ശരീരത്തിൽ സാധ്യമാകുന്നിടത്തെല്ലാം തടവുകയും ചെയ്യും. അവിടുത്തെ ശിരസ്സും മുഖവും ശരീരത്തിന്റെ മുൻഭാഗങ്ങളുമാണ് അവിടുന്ന് ആരംഭത്തിൽ തടവുക. ഇപ്രകാരം മൂന്ന് തവണ നബി -ﷺ- ചെയ്യുമായിരുന്നു." (ബുഖാരി: 4629)

മറ്റനേകം ശ്രേഷ്ഠതകളും സൂറത്തുൽ ഫലഖിന് ഉള്ളതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

സൂറത്തിന്റെ അവതരണകാരണം:

ലബീദു ബ്നുൽ അഅ്സ്വം എന്ന് പേരുള്ള ഒരു യഹൂദൻ നബി -ﷺ- ക്കെതിരെ സിഹ്ർ (മാരണം) ചെയ്തു. മലക്കുകൾ മുഖേന അല്ലാഹു അവിടുത്തേക്ക് ഇക്കാര്യത്തെ കുറിച്ച് അറിയിച്ചു നൽകുകയും, സൂറത്തുൽ ഫലഖും സൂറത്തുന്നാസും അവതരിപ്പിച്ചു നൽകുകയും, ഈ രണ്ട് സൂറത്തുകൾ കൊണ്ട് മന്ത്രിക്കാൻ കൽപ്പിക്കുകയും ചെയ്തു. (അസ്ബാബുന്നുസൂൽ/വാഹിദി: 347)

സൂറ. ഫലഖിന്റെ അവതരണ കാരണമായി ചിലർ ഈ സംഭവം പ്രത്യേകം പറഞ്ഞിട്ടുണ്ടെങ്കിലും ഇതിന് മുൻപ് മക്കയിലും ഈ സൂറത്ത് അവതരിച്ചിട്ടുണ്ട് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു സൂറത്ത് രണ്ട് തവണ അവതരിക്കപ്പെടുക എന്നത് അസംഭവ്യമല്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹു മാത്രമാണ് സ്രഷ്ടാവും ഉടമസ്ഥനും നിയന്താവുമായുള്ള റബ്ബെന്നും, അവൻ മാത്രമാണ് സർവ്വ ആരാധനകൾക്കും അർഹതയുള്ള ഇലാഹെന്നും സ്ഥാപിക്കുന്നു.

* നബി -ﷺ- യെയും അവിടുത്തെ ഉമ്മത്തിനെയും അല്ലാഹുവിൽ അഭയം തേടുവാനും, അല്ലാഹുവിന്റെ സൃഷ്ടികളുടെ ഉപദ്രവങ്ങളിൽ നിന്ന് അവനോട് രക്ഷ ചോദിക്കാനും പഠിപ്പിക്കുകയും, ഈ മാർഗത്തിൽ അവരെ വളർത്തിയെടുക്കുകയും ചെയ്യുന്നു.

* സർവ്വ ഉപദ്രവകാരികളായ വസ്തുക്കളുടെയും ഉപദ്രവങ്ങളിൽ നിന്ന് മനുഷ്യരെ രക്ഷിക്കുന്നവൻ അല്ലാഹു മാത്രമാണെന്നും, എല്ലാ പ്രയാസങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നത് അവനാണെന്നും പഠിപ്പിക്കുന്നു.

ആയത്തുകൾ 1-5

(1) പറയുക: പുലരിയുടെ റബ്ബിനോട് ഞാൻ രക്ഷ തേടുന്നു.	قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ۝١

مِن شَرِّ مَا خَلَقَ ﴿٢﴾

(2) അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്.

وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾

(3) ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും.

وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾

(4) കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും.

وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

(5) അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും.

തഫ്സീർ

(1) അല്ലാഹുവിന്റെ റസൂലേ! പറയുക; പുലരിയുടെ രക്ഷിതാവിനോട് ഞാൻ അഭയം തേടുകയും, അവനോട് ഞാൻ രക്ഷ ചോദിക്കുകയും ചെയ്യുന്നു.

(2) ഉപദ്രവകാരികളായ സൃഷ്ടികളുടെ കെടുതിയിൽ നിന്ന്.

(3) രാത്രിയിൽ പുറത്തു വരുന്ന ഉപദ്രവങ്ങളിൽ നിന്ന് -വിഷജന്തുക്കളിൽ നിന്നും കള്ളന്മാരിൽ നിന്നുമെല്ലാം- ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു.

(4) കെട്ടുകളിൽ ഊതുന്ന മാരണക്കാരികളായ സ്ത്രീകളുടെ കെടുതിയിൽ നിന്നും.

(5) അസൂയക്കാരൻ തന്റെ അസൂയ കാരണത്താൽ ചെയ്യുന്ന ഉപദ്രവങ്ങളിൽ നിന്നും ഞാൻ അല്ലാഹുവിൽ രക്ഷ തേടുന്നു.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

» **(ആയത്ത്: 1-4)** സിഹ്റിന്റെ യാഥാർഥ്യം സ്ഥിരപ്പെട്ട താണ്. അത് ചികിത്സിക്കാനുള്ള മാർഗം ഈ സൂറത്തിലൂടെ പഠിപ്പി ക്കപ്പെട്ടിരിക്കുന്നു.

» **(ആയത്ത്: 5)** മറ്റൊരാളുടെ അനുഗ്രഹങ്ങൾ ഇല്ലാതാകണമെ ന്ന് ആഗ്രഹിക്കുകയും, അതിനായി സാധ്യമായ വഴികളിലൂടെ പരിശ്രമിക്കുകയും ചെയ്യുന്നവനാണ് അസൂയക്കാരൻ. അവ ന്റെ കുതന്ത്രവും ഉപദ്രവങ്ങളും ഇല്ലാതാകാൻ അല്ലാഹുവിനോട് രക്ഷതേടൽ അനിവാര്യമാണ്. (സഅ്ദി: 937)

സൂറത്തുന്നാസ് سُورَةُ النَّاسِ

മക്കയിൽ അവതരിച്ചത്.

ആയത്തുകളുടെ എണ്ണം: 6.

സൂറത്തിന്റെ പേരുകൾ:

1- നാസ് (النَّاس): ജനങ്ങൾ എന്നർത്ഥമുള്ള നാസ് എന്ന പദം സൂറത്തിന്റെ ആരംഭത്തിൽ വന്നിരിക്കുന്നു.

2- മുഅവ്വിദതൈനിയിലെ രണ്ടാമത്തെ സൂറത്: സൂറ. ഫലഖിനോടൊപ്പം 'മുഅവ്വിദതാൻ' എന്ന പേര് പറയപ്പെടാറുണ്ട്. രണ്ട് സൂറത്തിലെയും പ്രധാന ഉള്ളടക്കം അല്ലാഹുവിനോടുള്ള രക്ഷതേടലായതിനാലാണ് ഈ പേര് നൽകപ്പെട്ടത്.

സൂറത്തിന്റെ ശ്രേഷ്ഠത:

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا: أَنَّ رَسُولَ اللَّهِ -ﷺ- كَانَ إِذَا اشْتَكَى يَقْرَأُ عَلَى نَفْسِهِ بِالْمُعَوِّذَاتِ وَيَنْفُثُ، فَلَمَّا اشْتَدَّ وَجَعُهُ كُنْتُ أَقْرَأُ عَلَيْهِ وَأَمْسَحُ بِيَدِهِ رَجَاءَ بَرَكَتِهَا.

ആയിശ -رَضِيَ اللَّهُ عَنْهَا- നിവേദനം: നബി -ﷺ- അസുഖമായാൽ 'മുഅവ്വിദാതുകൾ' പാരായണം ചെയ്ത ശേഷം സ്വന്തം ശരീരത്തിൽ മന്ത്രിക്കുമായിരുന്നു. അവിടുത്തേക്ക് വേദന കഠിനമായപ്പോൾ ഞാൻ അവ പാരായണം ചെയ്യുകയും, അവിടുത്തെ കൈകൾ കൊണ്ട് തടവിക്കൊടുക്കുകയും ചെയ്യുമായിരുന്നു; (നബി -ﷺ- യുടെ കൈകളുടെ) ബറകത്ത് പ്രതീക്ഷിച്ചു കൊണ്ട്." (ബുഖാരി: 4629)

മറ്റനേകം ശ്രേഷ്ഠതകളും സൂറ. നാസിന് ഉള്ളതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

സൂറത്തിന്റെ അവതരണകാരണം:

ലബീദു ബ്നുൽ അഅ്സ്വം എന്ന് പേരുള്ള ഒരു യഹൂദൻ നബി -ﷺ- ക്കെതിരെ സിഹ്ർ (മാരണം) ചെയ്തു. മലക്കുകൾ മുഖേന അല്ലാഹു അവിടുത്തേക്ക് ഇക്കാര്യത്തെ കുറിച്ച് അറിയിച്ചു നൽകുകയും, സൂറത്തുൽ ഫലഖും സൂറത്തുന്നാസും അവതരിപ്പിച്ചു നൽ

കുകയും, ഈ രണ്ട് സൂറത്തുകൾ കൊണ്ട് മന്ത്രിക്കാൻ കൽപ്പിക്കുകയും ചെയ്തു. (അസ്ബാബുന്നുസൂൽ / വാഹിദി: 347)

സൂറ. നാസിന്റെ അവതരണ കാരണമായി ചിലർ ഈ സംഭവം പ്രത്യേകം പറഞ്ഞിട്ടുണ്ടെങ്കിലും ഇതിന് മുൻപ് മക്കയിലും ഈ സൂറത്ത് അവതരിച്ചിട്ടുണ്ട് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു സൂറത്ത് രണ്ട് തവണ അവതരിക്കപ്പെടുക എന്നത് അസംഭവ്യമല്ല.

സൂറത്തിന്റെ അവതരണലക്ഷ്യങ്ങളിൽ ചിലത്:

* അല്ലാഹു മാത്രമാണ് സ്രഷ്ടാവും ഉടമസ്ഥനും നിയന്താവുമായുള്ള റബ്ബെന്നും, അവൻ മാത്രമാണ് സർവ്വ ആരാധനകൾക്കും അർഹതയുള്ള ഇലാഹെന്നും സ്ഥാപിക്കുന്നു.

* നബി -ﷺ- യെയും അവിടുത്തെ ഉമ്മത്തിനെയും അല്ലാഹുവിൽ അഭയം തേടുവാനും, തിന്മയുടെ വഴികൾ അലംകൃതമാക്കി നൽകുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളിൽ നിന്ന് അവനോട് രക്ഷ ചോദിക്കാനും പഠിപ്പിക്കുകയും, ഈ മാർഗത്തിൽ അവരെ വളർത്തിയെടുക്കുകയും ചെയ്യുന്നു.

ആയത്തുകൾ 1-5

(1) പറയുക: മനുഷ്യരുടെ റബ്ബിനോട് ഞാൻ ശരണം തേടുന്നു.	قُلْ أَعُوذُ بِرَبِّ ٱلنَّاسِ ﴿١﴾
(2) മനുഷ്യരുടെ രാജാവിനോട്.	مَلِكِ ٱلنَّاسِ ﴿٢﴾
(3) മനുഷ്യരുടെ ഇലാഹിനോട്.	إِلَٰهِ ٱلنَّاسِ ﴿٣﴾
(4) ദുർബോധനം നടത്തി പിന്മാറിക്കളയുന്നവരെക്കൊണ്ടുള്ള ഉപദ്രവത്തിൽ നിന്ന്.	مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ﴿٤﴾

ٱلَّذِي يُوَسۡوِسُ فِي صُدُورِ ٱلنَّاسِ ۝٥

(5) മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവൻ.

مِنَ ٱلۡجِنَّةِ وَٱلنَّاسِ ۝٦

(6) മനുഷ്യരിലും ജിന്നുകളിലും പെട്ട (പിശാചുക്കൾ).

തഫ്സീർ

(1) പറയുക; -അല്ലാഹുവിന്റെ റസൂലേ!- ജനങ്ങളുടെ രക്ഷിതാവിനെ കൊണ്ട് ഞാൻ അഭയം തേടുകയും, അവനോട് ഞാൻ രക്ഷ ചോദിക്കുകയും ചെയ്യുന്നു.

(2) ജനങ്ങളുടെ കാര്യത്തിൽ താൻ ഉദ്ദേശിക്കുന്നത് പോലെ കൈകാര്യകർതൃത്വം നിർവ്വഹിക്കുന്ന, ജനങ്ങളുടെ രാജാവിനോട്. മനുഷ്യർക്ക് അവനല്ലാതെ മറ്റൊരു സർവ്വാധിനാഥനില്ല.

(3) അവരുടെ യഥാർഥ ആരാധ്യനോട്; ആരാധിക്കപ്പെടാൻ അർഹതയുള്ള മറ്റൊരു ആരാധ്യനും അവർക്കില്ല.

(4) അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയിൽ നിന്ന് അശ്രദ്ധമായാൽ ദുർമന്ത്രണം നടത്തുന്ന പിശാചുക്കളുടെ ഉപദ്രവത്തിൽ നിന്ന്. അല്ലാഹുവിനെ സ്മരിച്ചാൽ അതിൽ നിന്ന് പിന്മാറുന്നവരുമാണവർ.

(5) മനുഷ്യരുടെ ഹൃദയങ്ങളിൽ അവർ തങ്ങളുടെ ദുർബോധനം ഇട്ടുകൊടുക്കുന്നു.

(6) ജിന്നുകളിൽ പിശാച് ഉള്ളതു പോലെ മനുഷ്യരിലും പിശാചുക്കൾ ഉണ്ട്.

ആയത്തുകളിൽ നിന്ന് ചില പാഠങ്ങൾ:

* പിശാചിന്റെ ദുർബോധനങ്ങൾക്കുള്ള മരുന്ന് അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയും, പിശാചിൽ നിന്ന് അല്ലാഹുവിനോട് രക്ഷ തേടലുമാണ്.